കൊറ്റങ്കര ഗ്രാമപഞ്ചായത്ത്

സമഗ്രവികസന രേഖ

അനുബന്ധ നിർദ്ദേശങ്ങൾ ഉൾപ്പെടെ



എന്റെ ജീവിതമാണ് എന്റെ സന്ദേശം

ഒമ്പതാം പദ്ധതി ജനകിയ പദ്ധതി
കൊടുകര ഗ്രാമപഞ്ചായത്ത്

♦

വികസന സെമിനാർ
സമഗ്രവികസന രേഖ

ഉപദേശക സമിതി

കെ. കുഞ്ഞയ്യപ്പൻ
(പഞ്ചായത്ത് പ്രസിഡന്റ്)

പേരൂർ ജി. അപ്പുക്കുട്ടൻപിള്ള
(വൈസ് പ്രസിഡന്റ്)

പി.വി. രണദിവെ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

വി. സുരേന്ദ്രൻ
(സെക്രട്ടറി)

റിസോഴ്സ് പേഴ്സൺസ്

കൺവിനർ
പ്രൊ. തുളസീധരൻപിള്ള

എഡിറ്റർ
ബി. മദനമോഹനൻ
അസിസ്റ്റന്റ് എൻജിനിയർ



കെ. കുഞ്ഞയ്യപ്പൻ
പ്രസിഡന്റ്



പേരൂർ ജി. അപ്പുക്കുട്ടൻപിള്ള
വൈസ് പ്രസിഡന്റ്

കൊറ്റങ്കര ഗ്രാമപഞ്ചായത്ത് ഭരണസമിതി

പി.വി. രണദിവെ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

എൻ. പൊന്നമ്മ
മെമ്പർ
(പേരൂർ സി)

എം. ബഷീർ
മെമ്പർ
(കൊറ്റങ്കര)



ഈ. സെയ്നുലബ്ദീൻ
മെമ്പർ
(ചന്ദനത്തോപ്പ്)

എൽ. ഉഷാകുമാരി
മെമ്പർ
(ആലുംമൂട്)

എൽ. ഗീതാകുമാരി
മെമ്പർ
(പുനുക്കന്നൂർ ബി)

ബി. വിക്രമൻ
മെമ്പർ
(പുനുക്കന്നൂർ എ)



സി.ഡി. മണിയൻപിള്ള
മെമ്പർ
(ഇളമ്പള്ളൂർ)



ഈ.എ. ഖരീം
മെമ്പർ
(കുരീപ്പള്ളി)

ലീലാമ്മ പ്രഭാകരൻ
മെമ്പർ
(പെരുമ്പുഴ എ)

സി. ഷീല
മെമ്പർ
(പെരുമ്പുഴ ബി)

കെ. ജോർജ്ജുകുട്ടി
മെമ്പർ
(കുണ്ടറ എ)



തോമസ് ഇടിക്കുള
മെമ്പർ
(കുണ്ടറ ബി)



ഒന്നാമത്തെ ഭരണസമിതി



ശ്രീ. ആർ. രാഘവനുണ്ണിത്താൻ
(ഒന്നാമത്തെ കമ്മിറ്റി പ്രസിഡന്റ്)

ശ്രീ. കെ.പി. രാഘവൻപിള്ള
(രണ്ടാമത്തെ കമ്മിറ്റി പ്രസിഡന്റ്)

ശ്രീ. വി. കരുണാകരൻപിള്ള
(മൂന്നാമത്തെ കമ്മിറ്റി പ്രസിഡന്റ്)

നാലാമത്തെ കമ്മിറ്റി

ശ്രീ. ജെ. ഗോപിനാഥൻപിള്ള
(ഒന്നാമത്തെ പ്രസിഡന്റ്)

ശ്രീ. കെ. ഗോപിനാഥൻ നായർ
(രണ്ടാമത്തെ പ്രസിഡന്റ്)

ശ്രീ. കെ. ജോർജ്ജുകുട്ടി
(മൂന്നാമത്തെ പ്രസിഡന്റ്)

ഉള്ളടക്കം

ആമുഖം

സാമൂഹ്യസാംസ്കാരിക ചരിത്ര പശ്ചാത്തലം

ഭൂപ്രകൃതിയും വിഭവങ്ങളും

കൃഷിയും ജലസേചനവും

മൃഗസംരക്ഷണവും മത്സ്യബന്ധനവും

വിദ്യാഭ്യാസം

പൊതുജനാരോഗ്യം

കുടിവെള്ളം

വ്യവസായം

ഗതാഗതം

ഊർജ്ജം

മാർക്കറ്റ്

ഭവനനിർമ്മാണം

സാമൂഹ്യക്ഷേമം

സംസ്കാരം

വനിത

സഹകരണസംഘങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗം

വിഭവസമാഹരണം

ഉപസംഹാരം

ആമുഖം

ഭരണഘടനയ്ക്ക് രൂപം നൽകുമ്പോൾ ഉയർത്തിപ്പിടിച്ചിരുന്ന ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തികരിക്കാൻ ജനപ്രതിനിധികൾ കഠിനയത്നം നടത്തണം. ജനാധിപത്യ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വഴികൾ ആരായണം. വെല്ലുവിളികൾ ഏറ്റെടുത്ത് സ്ഥാപനങ്ങളെയും ഭരണസംവിധാനങ്ങളെയും മെച്ചപ്പെടുത്തി ഇവയെ ജനങ്ങളോട് ഉത്തരവാദിത്വമുള്ളവയാക്കണം. ഭരണഘടന പാസാക്കിയ വേളയിൽ അതിന്റെ ശില്പികൾ ഇതു സംബന്ധിച്ച് വ്യക്തമായ അഭിപ്രായം പ്രകടിപ്പിച്ചിരുന്നു. ഭരണഘടന നടപ്പിലാക്കുന്നവരുടെ സ്വഭാവരീതിക്കനുസരിച്ചിരിക്കും ഭരണഘടനയെന്ന് അവർ സൂചിപ്പിച്ചിരുന്നു.

സാമ്പത്തികമായും സാമൂഹികമായും ഒട്ടേറെ പുരോഗതി ഉണ്ടാക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ആവിർഭാവത്തോടെ ജനങ്ങളെ ജനാധിപത്യപ്രക്രിയയിൽ കൂടുതൽ ഭാഗഭാക്കാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇനിയും ഏറെ മുന്നോട്ടുപോകാൻ കഴിയണം.

ഐക്യത്തിന് പ്രാധാന്യം നല്കി സ്വാതന്ത്ര്യത്തിന്റെ മൂല്യം ഉയർത്തിപ്പിടിച്ചുകൊണ്ട് എല്ലാ വിഭാഗങ്ങളോടും നീതിചെയ്യുന്ന ഒരു സാമൂഹ്യക്രമത്തിനുവേണ്ടിയും "പൂർണ്ണസ്വരാജ്ജി"നുവേണ്ടിയും യത്നിക്കണം.

ഇന്ത്യൻ ഭരണഘടനയുടെ അമ്പതാം വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ഒമ്പതാം പദ്ധതി ജനകീയമായി രൂപപ്പെടുത്തുവാനുള്ള അതിബൃഹത്തായ ഒരു പരിപാടി സംസ്ഥാന ആസൂത്രണ ബോർഡ് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 9-ാം പദ്ധതിയുടെ അടങ്കലിന്റെ 35-40% തുകയ്ക്ക് വരുന്ന വികസനപരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനകീയ പങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുന്നതിനുവേണ്ടി രൂപീകരിച്ച പ്രസ്ഥാനമാണ് 'ജനകീയ ആസൂത്രണ പ്രസ്ഥാനം'. ഇന്ത്യയ്ക്ക് മുഴുവനുമായും, ലോക രാഷ്ട്രങ്ങളിൽ പൊതുവേയും മാതൃക ആകാൻ പോകുന്ന ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്, കേരളത്തിലെ മറ്റ് ഗ്രാമപഞ്ചായത്തുകളോടൊപ്പം, കൊറ്റങ്കര ഗ്രാമപഞ്ചായത്തിലും വിജയകരമായ തുടക്കം കുറിച്ചിരിക്കുകയാണ്.

ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികളുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് രൂപീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇന്ന് കേരളത്തിൽ നിലവിലുള്ളത്. രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയുടെ അധികാരവികേന്ദ്രീകരണം വികസനം ഗ്രാമങ്ങളിൽ നിന്ന് എന്ന സ്വപ്നസാക്ഷാത്കാരത്തിന് ഈ ഭരണഘടനാ ഭേദഗതി ഊന്നൽ നൽകുന്നു. ഇതിന്റെ ചുവടുപിടിച്ചു കൊണ്ട് 1994-ൽ കേരളാ നിയമസഭ പാസ്സാക്കിയ കേരളാ പഞ്ചായത്ത്രാജ് നിയമം ജനകീയ ആസൂത്രണത്തിന് ആക്കംകൂട്ടാൻ സഹായിച്ചു. 1994 ഏപ്രിൽ 23-ന് പഞ്ചായത്ത് രാജ് നിയമം ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. പിന്നീട് 46 നിയമഭേദഗതികളോടെ പഞ്ചായത്ത് രാജ് നിയമം കേരളാ നിയമസഭ അംഗീകരിച്ചു. ഇങ്ങനെ നടപ്പിലാക്കിയ കേരളാ

പഞ്ചായത്ത്‌രാജ് നിയമത്തിൽ പഞ്ചായത്തുകളുടെ ഘടന, ചുമതലകൾ, അധികാരങ്ങൾ, സാമ്പത്തിക അധികാരം, അംഗങ്ങളുടെ അവകാശങ്ങൾ, പ്രസിഡന്റ്, വൈസ്പ്രസിഡന്റ് തുടങ്ങിയവരുടെ അവകാശങ്ങൾ, ആസൂത്രണം സംബന്ധിച്ച പഞ്ചായത്തുകളുടെ അധികാരം എന്നിങ്ങനെ ഒട്ടനവധി കാര്യങ്ങൾ നിർവ്വചിച്ചിട്ടുണ്ട്. ഇതിനെയെല്ലാം ആധാരമാക്കി രൂപംകൊടുത്ത പ്രസ്ഥാനമാണ് 'ജനകീയ ആസൂത്രണ പ്രസ്ഥാനം'.

വൈദ്യുതി, വൻകിട വ്യവസായം, വൻകിട ജലസേചനം തുടങ്ങിയവ സംബന്ധിച്ച ആസൂത്രണം സംസ്ഥാന തലത്തിലേ സാദ്ധ്യമാവൂ. എന്നാൽ കൃഷി, ചെറുകിട ജലസേചനം, ചെറുകിട വ്യവസായം, മത്സ്യബന്ധനം, മൃഗപരിപാലനം തുടങ്ങിയ മേഖലകളിലും വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവനതുറകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ശക്തമായ പ്രാദേശിക ഇടപെടലുകൾ ഉണ്ടാവണം. ഇതിനു വേണ്ടിയാണ് ഈ മേഖലകളിലെ ആസൂത്രണത്തേയും പദ്ധതിനടത്തിപ്പിനേയും വികേന്ദ്രീകരിക്കുന്നത്. നിലവിലുള്ള കേന്ദ്രീകൃത ആസൂത്രണത്തിന്റെ പല പോരായ്മകളെയും വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിലൂടെ പരിഹരിക്കുവാൻ കഴിയും. ഒരു പ്രത്യേക പ്രദേശത്തെ ഭൂപ്രകൃതിയെപ്പറ്റിയും, സാദ്ധ്യതകളെപ്പറ്റിയും മനസ്സിലാക്കിക്കൊണ്ട്, ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് പരിപാടികൾ ആവിഷ്കരിക്കുവാൻ പ്രാദേശികമായേ കഴിയൂ. വിവിധ മേഖലകളുടെ പരസ്പരബന്ധങ്ങൾ മനസ്സിലാക്കുന്നതിനും, സംയോജിതമായി വികസന പരിപാടികൾ നടപ്പിലാക്കുന്നതിനും, വികേന്ദ്രീകൃത ആസൂത്രണത്തിലൂടെമാത്രമേ കഴിയൂ. അതുപോലെ സന്നദ്ധ പ്രവർത്തനങ്ങളിലൂടെയോ, സംഭാവനകളിലൂടെയോ പ്രാദേശികവികസനത്തിന് ആവശ്യമായ വിഭവങ്ങൾ സമാഹരിക്കാം. പദ്ധതി രൂപീകരണം മുതൽ അത് നടപ്പിലാക്കുന്നതുവരെ, എല്ലാ ഘട്ടത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ജനകീയ ആസൂത്രണപ്രസ്ഥാനത്തിനു കഴിയും. ജനകീയ ആസൂത്രണപ്രസ്ഥാനവുമായി ബന്ധപ്പെടുത്തി വിപുലമായ പരിശീലനം, പ്രചാരണം, സന്നദ്ധസേവനം തുടങ്ങി പല പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഒരു പുതിയ വികസനസംസ്കാരം വളർത്തിയെടുക്കുക എന്നുള്ളതും ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യമാണ്. ഇന്ന് ജനങ്ങൾക്കിടയിൽ വ്യാപകമായി കാണുന്ന "ഒന്നും ശരിയാവില്ല" എന്ന മനോഭാവം മാറ്റിയെടുത്ത് അവരിൽ പ്രതീക്ഷയും, ശുഭാപ്തി വിശ്വാസവും, ദിശാബോധവും വളർത്തിയെടുക്കുവാനും ഇത് ഉപകരിക്കും.

കേരളാ പഞ്ചായത്ത്‌രാജ് നിയമം പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ ഒരു പ്രധാന കടമയാണ് പഞ്ചായത്തിന്റെ ദീർഘകാല സമഗ്രവികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്നുള്ളത്. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയ്ക്ക് രൂപം നൽകുന്നത് ഈ മാസ്റ്റർ പ്ലാൻ പ്രകാരമായിരിക്കണം. ജനപങ്കാളിത്തത്തോടുകൂടി എങ്ങനെ സ്ഥായിയായ വളർച്ചയിലൂന്നുന്ന മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാമെന്നതു സംബന്ധിച്ച ഒരു പരീക്ഷണം ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി കൊറ്റങ്കര ഗ്രാമപഞ്ചായത്ത് ജനപങ്കാളിത്തത്തോടെ തയ്യാറാക്കിയതാണ് ഈ "കൊറ്റങ്കര ഗ്രാമപഞ്ചായത്ത് വികസന രേഖ".

കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന പദ്ധതിയ്ക്ക് രൂപം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ചിട്ടയായി രൂപീകരിക്കപ്പെട്ടവയായിരുന്നു. പഞ്ചായത്തിൽ നിന്നും നിർദ്ദേശിക്കപ്പെട്ട ജില്ലാ പരിശീലകരുടെ ഒന്നാം ഘട്ട പരിശീലനം, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ നടന്ന പ്രാദേശിക പരിശീലകരുടെ ഒന്നാംഘട്ട പരിശീലനം, പതിനഞ്ച് വാർഡുകളിലും നടന്ന ഗ്രാമസഭകൾ, ഗ്രാമസഭകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും, സാദ്ധ്യതകളും ക്രോഡീകരിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും പരിശീലകരും ചേർന്നുള്ള കൂട്ടായ ചർച്ച, ജില്ലാതലത്തിലുള്ള രണ്ടാം ഘട്ട പരിശീലനം, പ്രാദേശികതലത്തിലുള്ള രണ്ടാംഘട്ട പരിശീലനം, വിവിധ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുമായുള്ള ചർച്ച, ദ്വിതീയ വിവരശേഖരണം, വിഭവ ഭൂപട പഠനം, പഠനപര്യടനങ്ങൾ, കാരണവന്മാരുടെ സമ്മേളനം, വിവിധ വിഭാഗം ജനങ്ങളുമായുള്ള നിരന്തരമായ ചർച്ചകൾ തുടങ്ങിയ ഒട്ടനവധി പ്രക്രിയയിലൂടെ ഉരുത്തിരിഞ്ഞുവന്നതാണ് 'കൊറ്റങ്കര ഗ്രാമ പഞ്ചായത്ത് വികസന രേഖ'

കശുവണ്ടി തൊഴിലാളികൾ, കർഷക തൊഴിലാളികൾ, ചെറുകിട കർഷകർ തുടങ്ങിയ സാധാരണ

ക്കാരായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ് കൊറ്റങ്കര ഗ്രാമപഞ്ചായത്ത്. പുത്തൻ വികസന രാഷ്ട്രീയത്തിന്റെ പരീക്ഷണവേദിയായി മാറിയ ഗ്രാമസഭകൾ ഇവിടത്തെ ഗ്രാമവാസികൾക്ക്, പുതിയ അനുഭവവും, തന്മൂലം പുതിയ ആവേശവുമായിരുന്നു. 'പദ്ധതി ആസൂത്രണം' എന്ന ഒറ്റ അജണ്ട വെച്ചുകൊണ്ട് ചേർന്ന ഈ ഗ്രാമസഭകൾ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ വേദികളായി മാറി. ചില വാർഡുകൾ പങ്കാളിത്തംകൊണ്ട് ശ്രദ്ധിക്കപ്പെട്ടു. പൊതുവേ സ്ത്രീകളുടെ പങ്കാളിത്തം മോശമല്ലായിരുന്നു. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം ചില വാർഡുകളിൽ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നില്ല. ആവശ്യങ്ങൾ ഉന്നയിക്കുന്നതിനുള്ള വേദിയായി ഗ്രാമസഭകളെ ഉപയോഗിക്കുവാൻ ജനങ്ങൾ കൂടുതൽ ഉത്സാഹം കാണിച്ചു. എങ്കിലും പ്രശ്നങ്ങളുടെ കാരണങ്ങളെ തങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നതിനും, തങ്ങൾക്ക് എന്തുചെയ്യുവാൻ കഴിയും എന്ന് ആലോചിക്കുന്നതിനുകൂടി ഗ്രാമസഭകളെ ഉപയോഗിക്കുവാൻ പഞ്ചായത്ത് അംഗങ്ങളുടെയും പരിശീലകരുടെയും ഫലപ്രദമായ ഇടപെടൽ ഒരു പരിധിവരെ സഹായിച്ചു. സന്നദ്ധ പ്രവർത്തനങ്ങളിലൂടെ റോഡ്വെട്ടുക മാത്രമല്ല, മറ്റ് വികസന മേഖലകളിലും കൂടി സന്നദ്ധാടിസ്ഥാനത്തിലുള്ള ഇടപെടൽ ആവശ്യമാണ് എന്ന അവബോധം വളർത്തിയെടുക്കുവാൻ ഗ്രാമസഭകൾക്ക് കഴിഞ്ഞു. ഗ്രാമസഭകളിൽ ഉയർത്തപ്പെട്ട ചില പ്രശ്നങ്ങൾ സന്നദ്ധപ്രവർത്തനാടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ട് ജനങ്ങളുടെ പ്രതീക്ഷകളെയും ആവേശത്തെയും ക്രിയാത്മകമായ പന്ഥാവിലൂടെ തിരിച്ചുവിടാൻ നവംബർ 1 – ന് (പുനരർപ്പണദിനം) പഞ്ചായത്ത് സമിതിയ്ക്കു കഴിഞ്ഞു.

കൊറ്റങ്കര ഗ്രാമപഞ്ചായത്ത് വികസനസെമിനാറിന്റെ പരിഗണനയ്ക്കും, ആഴമേറിയ പഠനത്തിനും, വിശകലനത്തിനും ഈ റിപ്പോർട്ട് വിധേയമാകണം. ഈ ഗ്രാമപഞ്ചായത്തിലെ സ്ഥായിയായതും, നീതിപൂർവ്വകവുമായതും ദ്രുതഗതിയിലുള്ളതുമായ സാമ്പത്തിക വളർച്ചയ്ക്കും, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സഹായകമായ സ്ക്കീമുകൾ ഈ റിപ്പോർട്ടിൽക്കൂടി ഉരുത്തിരിഞ്ഞ് വരുമെന്ന് ആശിക്കുന്നു. കേരള സമൂഹത്തിലെ ആദ്യകാല കാർഷിക നേതാവും, സ്വാതന്ത്ര്യസമര പോരാളിയുമായ വേലുത്തമ്പിയുടെ കുണ്ടറവിളംബരംകൊണ്ട് ധന്യമായ കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ കർഷകർക്കും, തൊഴിലാളികൾക്കും, മറ്റു സാധാരണക്കാർക്കും എല്ലാം ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ സജീവമായി പങ്കാളികളാകാനുള്ള ആവേശം പകരട്ടെ എന്നാശിച്ചുകൊണ്ട് ഈ സമഗ്രവികസനരേഖ സമർപ്പിച്ചുകൊള്ളുന്നു.



കൊറ്റങ്കരയുടെ സാമൂഹിക സാംസ്കാരിക ചരിത്രം - ഒരു എത്തിനോട്ടം



1809 ജനുവരി 14-ാം തീയതി ഇളമ്പള്ളൂർ ക്ഷേത്രത്തിനുമുമ്പിൽ വച്ച് വേലുത്തമ്പി ദളവ കുണ്ടറവിളംബരത്തിലൂടെ നടത്തിയ ആദ്യത്തെ സ്വാതന്ത്ര്യസമര പ്രഖ്യാപനത്തിന്റെ കോരിത്തരിപ്പിക്കുന്ന ഓർമ്മകൾ തുടങ്ങി അനവധി ചരിത്രസ്മരണകൾ കാരണവന്മാരുടെ സംവാദത്തിലൂടെയും പല പ്രസിദ്ധീകരണങ്ങളിലൂടെയും ശേഖരിച്ചത് പൊടിപ്പും തൊങ്ങലും കൂടാതെ ഇവിടെ കുറിക്കട്ടെ! ഇവിടെ നടക്കുന്ന എല്ലാ പൊതുപ്രവർത്തനങ്ങളുടെയും അന്തർധാരയിൽ ഇതിന് വലിയ സ്വാധീനം ഉണ്ട്. ഓരോ പ്രദേശത്തിന്റെയും വികസന പ്രശ്നങ്ങൾ മനസ്സിലാക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിശ്ചയിക്കുകയും ചെയ്യുന്നതിന് ഈ പശ്ചാത്തലം മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

പഴമക്കാരുടെ പഴം പുരാണങ്ങളിൽ കൊറ്റങ്കര എന്ന നാമത്തിന് പല അർത്ഥങ്ങൾ കല്പിച്ചിരിക്കുന്നതായി കാണാം. ഒരുകാലത്ത് കൃഷിക്കാരുടെ മാത്രം പ്രദേശമായിരുന്നു ഇവിടം. ആഹാരത്തിനു ദാരിദ്ര്യമില്ലാത്ത സ്ഥലം ആയിരുന്നു. വയറു നിറയെ ആഹാരം കഴിക്കാൻ ഉള്ളവരുടെ കര - കൊറ്റ് ഉള്ളവരുടെ കര - കൊറ്റങ്കര ആയതാണെന്ന് ചിലർ! വലിയ കര എന്ന അർത്ഥത്തിലാണ് കൊറ്റങ്കര വന്നതെന്ന് മറ്റ് ചിലർ! ആധികാരികമായി ഒന്നുംതന്നെയില്ല.

ഇന്ത്യയുടെ ചരിത്രത്തിലേക്ക് കൊറ്റങ്കരയെ ബന്ധിപ്പിക്കുന്ന പ്രമുഖ കണ്ണിയാണ് വേലുത്തമ്പി ദളവയുടെ ചരിത്രപ്രസിദ്ധമായ 'കുണ്ടറ വിളംബരം'. കുണ്ടറ വിളംബരത്തിലെ ഓരോ വാക്കും ദേശീയാഭിമാനം വളർത്തുവാനും, സ്വാതന്ത്ര്യസമ്പാദനത്തിന് ജനങ്ങളെ കച്ചകെട്ടിക്കാനും വേണ്ടി കരുതിക്കൂട്ടി രൂപംകൊണ്ടിട്ടുള്ളതാണ്. (വിശദമായി ഇതിന് അനുബന്ധമായി കൊടുത്തിട്ടുണ്ട്).

ജാതിക്കും അനാചാരങ്ങൾക്കും എതിരായി കേരളത്തിൽ രൂപംകൊണ്ട സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ അലയൊലി ഈ പ്രദേശത്തും മുഴങ്ങിക്കേട്ടു. സ്വകാര്യ മേഖലയിലുള്ള പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും താഴ്ന്ന ജാതിയിൽപെട്ടവർക്ക് പ്രവേശനം നൽകിയിരുന്നില്ല. ആ സമയത്ത് കുണ്ടറ

എൽ. എം. എസ്. ആശുപത്രിയിലെ ഡോക്ടർ ഭാനു, പട്ടികജാതി പട്ടിഗവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠിക്കുവാൻ ഒരു സ്ക്കൂൾ ആരംഭിച്ചു. അതാണ് ഇന്ന് L.M.S. ആശുപത്രിക്ക് എതിർവശത്തുള്ള S.K.V.L.P.S. (ആദ്യത്തെ കെട്ടിടം ആശുപത്രിക്ക് തെക്ക് മാറിയായിരുന്നു).

സ്വാതന്ത്ര്യാനന്തരകാലത്തും, കേരളം രൂപം കൊണ്ടതിനുശേഷവും ബഹുജനപ്രസ്ഥാനങ്ങളുടെ മുഖ്യധാര ഭൂമിയ്ക്കുവേണ്ടിയുള്ള സമരങ്ങൾ തന്നെയായിരുന്നു. നിരവധി പ്രക്ഷോഭങ്ങളുടെ ഫലമായി 1957 മുതൽ 1971 വരെയുള്ള കാലഘട്ടത്തിൽ വിവിധ ഭൂപരിഷ്കരണ നിയമങ്ങൾ രൂപം കൊണ്ടു. വൻകിട ഇന്മിമാർ കൊറ്റങ്കരയിൽ അധികം ഉണ്ടായിരുന്നില്ല. എങ്കിലും ഭൂമിയ്ക്കുവേണ്ടിയുള്ള സമരങ്ങളിൽ കൊറ്റങ്കരയും പങ്കെടുത്തു. അവയിൽ പ്രധാനപ്പെട്ടതാണ് '1957 –ലെ ഞെട്ടേൽ കൈവശഭൂമി സമരവും' '1965 –ലെ തരിശുഭൂമി വളഞ്ഞുകെട്ടു സമരവും' (മാമ്പുഴ നമ്പ്യാദികളുടെ ഭൂമി), '1964 ലെ കൈവശഭൂമി സമരവും'.

സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ നിരന്തരമായ സമരങ്ങളുടെ ഫലമാണ് തൊഴിലാളിവർഗ്ഗത്തിന് പൊതുവെ മാന്യത നല്കിയത്. ഈ നൂറ്റാണ്ടിലെ ആദ്യപകുതിയിൽ ബഹുജനപ്രസ്ഥാനങ്ങളുടെ മുഖ്യധാര ഭൂമിക്കുവേണ്ടിയുള്ള സമരങ്ങൾ ഒരുവശത്ത് നടത്തുമ്പോൾ ഒരു വശത്ത് തൊഴിലാളിവർഗ്ഗത്തിന്റെ സേവനവ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും, അവരെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിനും വേണ്ടിയുള്ള പോരാട്ടമായിരുന്നു. അത്തരത്തിലുള്ള ഐതിഹാസിക പോരാട്ടങ്ങളുടെ മുൻനിരയിൽ കൊറ്റങ്കരയും ഉണ്ടായിരുന്നു.

പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായത്തിന്റെ ഈറ്റില്ലമാണല്ലോ കൊല്ലംജില്ല. ധാരാളം കശുവണ്ടിഫാക്ടറികൾ കൊറ്റങ്കര ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്നു. സ്ത്രീ തൊഴിലാളികളെ കുറഞ്ഞ കൂലിയ്ക്ക് ലഭിച്ചിരുന്നത് കശുവണ്ടി മുതലാളിമാരെ കൂടുതൽ ആകർഷിച്ചു. അവരിൽ ബഹുഭൂരിപക്ഷവും പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. വിദേശ കമ്പനിയായ പിയേർലസ്ലി പോലും പെരുമ്പുഴയിൽ കശുവണ്ടി ഫാക്ടറി നടത്തിയിരുന്നു. കേരളത്തിലെ കശുവണ്ടി മേഖലയിലെ മുഴുവൻ തൊഴിലാളികളെയും സംഘടിപ്പിച്ചുകൊണ്ട് നടത്തിയ ബഹുജന പ്രക്ഷോഭണത്തിന്റെ സിരാകേന്ദ്രം പെരുമ്പുഴയായിരുന്നു.

കുണ്ടറയിലെ ആദ്യത്തെ ട്രേഡ്യൂണിയൻ സിറാമിക്സിലെ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചിരുന്ന 'ഫാക്ടറി വർക്കേഴ്സ് യൂണിയൻ' ആണ്. കണ്ണന്തോട്ടത്തു ജനാർദ്ദനൻനായർ പ്രസിഡന്റും, ശ്രീ ജനാർദ്ദനൻ പിള്ള (ചെറുമൂട്) സെക്രട്ടറിയുമായിരുന്നു. സമീപ പ്രദേശത്തെ എല്ലാ ഫാക്ടറികളിലെയും തൊഴിലാളികൾ ഈ യൂണിയനിൽ അംഗത്വമെടുത്ത് പ്രവർത്തനം നടത്തി. പിന്നീട് പെരുമ്പുഴ കേന്ദ്രീകരിച്ചു കശുവണ്ടി തൊഴിലാളികളെ സംഘടിപ്പിച്ചു കൊണ്ട് കെ. എസ്. പി. എന്ന രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വത്തിൽ ശ്രീ. എൻ. ശ്രീകണ്ഠൻ നായർ പ്രസിഡന്റായി കുണ്ടറ കശുവണ്ടി തൊഴിലാളി യൂണിയൻ ഉടലെടുത്തു. അതേ കാലഘട്ടത്തിൽ തന്നെ കേരളത്തിന്റെ പല ഭാഗങ്ങളിലും ഇതുപോലുള്ള കശുവണ്ടി തൊഴിലാളി സംഘടനകൾ ഉണ്ടായി. സംഘടിത വർഗ്ഗ സമരങ്ങളിലൂടെ മാത്രമേ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയൂ എന്ന് ബോദ്ധ്യമായ കേരളത്തിലെ കശുവണ്ടി തൊഴിലാളികൾ സംഘടിച്ച് വിവിധ യൂണിയനുകൾ ഒന്നിച്ച് All Kerala Cashew Workers Federation രൂപീകരിച്ചു. ശ്രീ. എൻ. ശ്രീകണ്ഠൻനായർ പ്രസിഡന്റും ശ്രീ. റ്റി. കെ. ദിവാകരൻ സെക്രട്ടറിയുമായിരുന്നു. അതിന്റെ ഓഫീസും മറ്റും ഇപ്പോഴും പെരുമ്പുഴയിൽ പ്രവർത്തിക്കുന്നു.

ശ്രീ. സി. കേശവൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലത്ത് രണ്ടാഴ്ചയിലധികം നീണ്ടുനിന്ന ജോലി ബഹിഷ്കരണം ഉൾപ്പെടെയുള്ള സമരങ്ങൾ All Kerala Cashew Workers Federation -ന്റെ നേതൃത്വത്തിൽ കേരളം മുഴുവൻ നടന്നു. മർദ്ദനങ്ങൾ ഏറ്റും യാതനകൾ സഹിച്ചും വിജയത്തിലെത്തിച്ച കഥ പഴമക്കാർ ആവേശത്തോടെ ഓർക്കുന്നു. കശുവണ്ടി തൊഴിലാളികളെ വ്യവസായ തൊഴിലാളികളായി അംഗീകരിച്ചു. സ്ത്രീകൾക്ക് പ്രസവവേദനം ഉൾപ്പെടെയുള്ള ഏതാനും ആനുകൂല്യങ്ങൾ അനുവദിച്ചു.

ഈ കാലഘട്ടത്തിൽ തന്നെ കിളികൊല്ലൂർ കേന്ദ്രീകരിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ പേരൂർ, കൊറ്റങ്കര, ചന്ദനത്തോപ്പ് കശുവണ്ടി മേഖലയിൽ അവകാശ സമരങ്ങൾ ഊർജ്ജിതമായി നടന്നിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചിരുന്ന കാലമായിരുന്നതിനാൽ പ്രവർത്തനങ്ങൾക്ക് പരിധി

യുണ്ടായിരുന്നതും ഓർക്കുന്നു. കിളികൊല്ലൂരിനു സമീപത്തുള്ള കൊറ്റങ്കരയുടെ ഭാഗമായ പേരൂർ തുടങ്ങിയ സ്ഥലങ്ങളിൽ ശ്രീ. എം.എൻ. ഗോവിന്ദൻ നായർ ഒളിവിൽ കഴിഞ്ഞിട്ടുണ്ട്.

രാഷ്ട്രീയരംഗത്തെ പ്രഗൽഭരുടെ കൂട്ടത്തിൽ സ്വാതന്ത്ര്യസമരസേനാനിയും പിന്നീട് എ.ഐ.സി.സി. അംഗവുമായ ശ്രീ. വെള്ളാവിൽ മാധവക്കുറുപ്പിന്റെ പേര് പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു.

കലാസാഹിത്യരംഗങ്ങളിലും കൊറ്റങ്കരയ്ക്ക് ശ്രദ്ധേയമായ സംഭാവനകൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. പണ്ഡിതനും സാഹിത്യകാരനുമായിരുന്ന കാവുങ്കൽ നീലകണ്ഠപിള്ള തർജ്ജിമചെയ്ത മഹാഭാരതം ഉൾപ്പെടെയുള്ള പല പുരാണഗ്രന്ഥങ്ങളും ഇന്നും പ്രസിദ്ധമാണ്. ശിരോമണി എം.കെ. ഗോവിന്ദൻ 1954 -ൽ സംസ്ഥാന നിഘണ്ടു നിർമ്മാണസമിതിയിൽ സജീവമായി പ്രവർത്തിച്ചിരുന്ന പണ്ഡിതനായിരുന്നു. കൊറ്റങ്കര പഞ്ചായത്തിലെ ആദ്യത്തെ ഭരണസമിതിയിൽ അംഗമായിരുന്ന അദ്ദേഹം അംഗത്വം രാജിവച്ചിട്ട് നിഘണ്ടു നിർമ്മാണ സമതിയിൽ ചേർന്നു. ഐരൂർ മാധവൻ പിള്ള, ജി.പി. പിള്ള, പി.എസ്. പ്രഭാകരൻ, പെരുമ്പുഴ ഗോപാലകൃഷ്ണൻ, പൊന്നറ സരസമ്മ, പെരുമ്പുഴ ഗോപാലകൃഷ്ണപിള്ള എന്നിവർ കൊറ്റംകരയുടെ അഭിമാനങ്ങളാണ്.

ശ്രീ. കെ.ആർ.വി. ധരൻ ചിത്രകലാരംഗത്ത് ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. 1952 -ൽ ബാലസാഹിത്യപരിപോഷണത്തിന് വേണ്ടി ചിത്രം വരച്ച് കഥയെഴുതിയതിന് ഇന്ത്യൻ പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി. ബാലൻ പബ്ലിക്കേഷന്റെ പാഠപുസ്തകങ്ങൾക്ക് ആദ്യകാലങ്ങളിൽ ചിത്രങ്ങൾ വരച്ച ആദ്ദേഹം മാത്യുകുഴിവേലിയുടെ നേതൃത്വത്തിൽ പുറത്തിറക്കിയ വിശ്വവിജ്ഞാനകോശത്തിന്റെ ആദ്യഭാഗങ്ങളിലെ ചിത്രങ്ങളും വരച്ചിരിക്കുന്നു.

ഇന്ന് പെരുമ്പുഴ ജംഗ്ഷനിലുള്ള അപ്പർ പ്രൈമറി സ്ക്കൂളിന്റെ സ്ഥാനത്ത് ഉണ്ടായിരുന്ന സംസ്കൃത ഹൈസ്ക്കൂളിൽ (കൊറ്റങ്കരയിലെ ആദ്യത്തെ സ്ക്കൂളുകളിൽ ഒന്ന്) ശ്രീ. തിരുനല്ലൂർ കരുണാകരൻ തുടങ്ങിയ പ്രശസ്തർ പഠിച്ചിരുന്നത് പഴമക്കാർ സ്മരിക്കുന്നു.

രാജഭരണകാലത്തും, ഭരണനിർവ്വഹണത്തിൽ പങ്കുചേരാൻ കൊറ്റങ്കരയ്ക്കു സാധിച്ചിട്ടുണ്ട്. കുരണ്ടിപ്പള്ളിൽ ശ്രീ. ആർ രാമൻപിള്ള, ശ്രീമൂലം അസംബ്ലിയിൽ പ്രവർത്തിച്ചിരുന്നു.

മലയാളരാജ്യം പത്രത്തിന്റെ എഡിറ്റർ ശ്രീ. ഐരൂർ മാധവൻപിള്ള ഒരു എഴുത്തുകാരൻ എന്ന നിലയിലും അറിയപ്പെട്ടിരുന്നു.

പ്രസിദ്ധനായ ഹൃദ്രോഗവിദഗ്ദ്ധൻ ഡോ. വിജയരാഘവൻ, സംസ്കൃത പണ്ഡിതൻ ശിരോമണി എം.കെ. ഗോവിന്ദന്റെ മകനാണ്.

ആദ്യകാലങ്ങളിൽ വില്ലേജ് ജീവനക്കാരെ സംഘടിപ്പിക്കുകയും, അവരുടെ ആദ്യകാല ജില്ലാ പ്രസിഡന്റുമായിരുന്ന ചാങ്ങയിൽ ശ്രീ. കെ. ഗോപാലപിള്ളയ്ക്ക് ഏറ്റവും നല്ല വില്ലേജ് ഓഫീസർക്കുള്ള അവാർഡ് ലഭിച്ചതും ശ്രദ്ധേയമാണ്.

വിവിധ വിഭാഗം ജനങ്ങളുടെ ആരാധനാലയങ്ങൾ വളരെയധികം ഉള്ള ഒരു പ്രദേശമാണ് കൊറ്റങ്കര. ക്ഷേത്രങ്ങളോട് ചേർന്ന് വൃക്ഷനിബിഡമായ കാടുകൾ (കാവുകൾ) പലയിടത്തും ഉണ്ടായിരുന്നു. അതിൽ പലതും മനുഷ്യന്റെ ബോധപൂർവ്വമായ ഇടപെടൽ മൂലം ഇല്ലാതായിട്ടുണ്ട്. പാരമ്പര്യമായി മതസൗഹാർദ്ദത്തിന് പ്രകീർത്തിക്കപ്പെട്ട കൊറ്റങ്കരയിലെ ദേവാലയങ്ങളോടനുബന്ധിച്ചുള്ള ആഘോഷങ്ങളിൽ പരസ്പരം സഹകരിച്ചും സഹായിച്ചും മാതൃകയായി നിലകൊള്ളുന്നു.

പുരാതനം കൊണ്ടും പരിപാവനത്വം കൊണ്ടും കേരളത്തിലെ ക്രൈസ്തവദേവാലയങ്ങളിൽ അതിപ്രധാനമായ ഒരു സ്ഥാനത്തിനർഹമാണ് കുണ്ടറ വലിയപള്ളി എന്ന് അറിയപ്പെടുന്ന 'സെന്റ് തോമസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്'. ഇന്ത്യയുടെ അപ്പോസ്തലനായ സെന്റ് തോമസിന്റെ നാമത്തിൽ പ്രതിഷ്ഠാപിതവും 'കുണ്ടറ വലിയപ്പൂപ്പൻ' എന്ന അഭിധാനത്താൽ അറിയപ്പെടുന്ന മാർ അന്ത്രയോസ് ബാവായുടെ സാന്നിദ്ധ്യത്താൽ പരിപൂരിതവുമാക്കപ്പെട്ട ഈ ദേവാലയം ദക്ഷിണ കേരളത്തിന് ഒരു ദീപസ്തംഭമെന്നോണം കൊല്ലം - ചെങ്കോട്ട റോഡിന്റെ കിഴക്കു ഭാഗത്തായി, കുണ്ടറ. ബി. വാർഡിൽ തലയുയർത്തി നിൽക്കുന്നു. 1100 -ൽ പരം കൊല്ലത്തെ പവിത്രമായ ചരിത്രവും പരിപാവനമായ പാരമ്പര്യവും വിളിച്ചറിയിച്ചു കൊണ്ട് ഒരു മുത്തശ്ശിയുടെ ഗാംഭീര്യത്തോടെ നിലകൊണ്ടിരുന്ന പഴയപള്ളിയുടെ സ്ഥാനത്ത് തന്നെയാണ് പുതിയപള്ളി പണിയപ്പെട്ടിരിക്കുന്നത്. ആദ്യത്തെ പള്ളി ഒരു ചെറിയ കോവിൽ രൂപത്തിൽ ആയിരുന്നുവെന്ന് കരുതേണ്ടിയിരിക്കുന്നു. എല്ലാ വിഭാഗത്തിലും പെട്ടവർ ആരാധനയ്ക്കായി വന്നിരുന്ന സ്ഥലമായിരുന്നു എന്ന് വിശ്വസിക്കുന്നവരും ഉണ്ട്. 'ഇളയിടത്ത് സ്വരൂപത്തിന്റെ' രാജ്യാതിർത്തിക്കുള്ളിൽ

കുണ്ടറ വിളംബരം

ഒരു പഠനം

കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം നടത്തുമ്പോൾ വേലുത്തമ്പിദളവയുടെ ചരിത്രപ്രസിദ്ധമായ കുണ്ടറ വിളംബരത്തെക്കുറിച്ചു മാത്രമേ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ഒരു പ്രത്യേക വിഭാഗമായി [illegible] ബഹുമതിപ്പുറത്ത് ഈ വികസന റിപ്പോർട്ടിൽ പ്രതിപാദിക്കുന്നത്.

1857 -ലെ ദേശീയകലാപത്തോടെയാണ് ഇന്ത്യൻ ചരിത്രകാരന്മാർ ഇന്ത്യയിലെ ഒന്നാം സ്വാതന്ത്ര്യസമരമായി അംഗീകരിച്ചിട്ടുള്ളത്. എന്നാൽ [illegible] അരനൂറ്റാണ്ട് മുമ്പ് വൈദേശികാധിപത്യത്തിൽ നിന്നും [illegible] സ്വാതന്ത്ര്യത്തിന്റെ [illegible] തെക്കേ [illegible] പ്രദേശത്തുള്ള [illegible] കൊറ്റങ്കര [illegible] ക്ഷേത്രമുറ്റത്തിൽ [illegible] ക്ഷേത്ര [illegible] കൂടിച്ചേരുകയും [illegible] വരി [illegible] മാസം [illegible] നടന്ന [illegible] ത്യസമരത്തിന്റെ [illegible] പോരാട്ടത്തിന്റെ [illegible]

ആയിരുന്ന ഈ പ്രദേശത്ത് ചില പ്രത്യേക തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരെ കുടിപാർപ്പിക്കുകയും ചില സാമൂഹ്യ പദവികൾ അനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടുള്ളതാണ്. പള്ളിയുടെ കണക്കുകൾ എഴുതുന്നതിനായി പിള്ളമാരെയും നിയമിച്ചുകൊടുക്കുകയുണ്ടായി. അവരുടെ കുടുംബത്തെ 'പിള്ള' എന്ന പേരിൽ ഇന്നും അറിയപ്പെടുന്നു.

[illegible] എശ്വ [illegible] വയായി [illegible] ത്തിന്റെ [illegible] നിർദ്ദാ

ക്ഷണ്യം തകർത്തു. ഈസ്റ്റിന്ത്യാക്കമ്പനിക്കാരുടെ ആത്യന്തിക ലക്ഷ്യം തിരുവിതാംകൂറിന്റെ പരമാധികാരം നഷ്ടപ്പെടുത്തലാണെന്ന ബോധ്യം വന്ന നിമിഷം മുതൽ, അവർക്കെതിരെ ഒരു തുറന്ന യുദ്ധത്തിന് അദ്ദേഹം തയ്യാറായി. തന്റെ ദളവാപദം ഉപയോഗിച്ച് നഷ്ടപ്പെട്ടുപോയ നാടിന്റെ അഭിമാനം വീണ്ടെടുക്കുവാനായി നടത്തിയ ധർമ്മസമരത്തിന്റെ ശംഖനാദമാണ് കുണ്ടറവിളംബരം. ബ്രിട്ടീഷ് സാമ്രാജ്യാധിപത്യത്തിനെതിരായ ദേശീയസമരത്തിന്റെ കേരളത്തിലെ തുടക്കം വേലുത്തമ്പി ദളവയുടെ കുണ്ടറവിളമ്പരത്തോടുകൂടിയാണ്. അതിന് സമാന്തരമായി കൊച്ചിയിലെ പാലിയത്തച്ചൻ, മലബാറിലെ പഴശ്ശിരാജാവ് എന്നിവർ ഉയർത്തിയ കലാപങ്ങളും ചേർന്നാണ് ബ്രിട്ടീഷുകാർക്കെതിരായ കേരളജനതയുടെ സമരം തുടങ്ങുന്നത്.

റസിഡന്റിന്റെ തിരുവിതാംകൂറിലെ ആസ്ഥാനം അന്ന് കൊല്ലത്ത് ആയിരുന്നു. അതുപോലെതന്നെ ഈസ്റ്റിന്ത്യാക്കമ്പനിയുടെ പടപ്പാളയവും കൊല്ലത്തായിരുന്നു. കൊല്ലത്തെ ബ്രിട്ടീഷ് പടപ്പാളയത്തെ ആക്രമിക്കാൻ ഭൂമിശാസ്ത്രപരമായി തന്ത്രപ്രധാനമായ ഒരു സ്ഥലം എന്ന നിലയ്ക്കാണ് വേലുത്തമ്പി കുണ്ടറയെത്തന്നെ സമരതസസ്ഥാനമായി തിരഞ്ഞെടുത്തത്. കൊട്ടാരക്കര താലൂക്കിലെയും, കൊല്ലം താലൂക്കിലെയും വിവിധ സ്ഥലങ്ങളിൽ വേലുത്തമ്പി സൈന്യത്തെ വിന്യസിച്ചിരുന്നു. ഇളമ്പള്ളൂർ ക്ഷേത്രപരിസരം വൃക്ഷനിബിഡമായ ഒരു വലിയ കാവ് (വൻകാട്) ആയിരുന്നുവെന്ന് പഴമക്കാർ ചൂണ്ടിക്കാണിക്കുന്നു. (ഇപ്പോഴും ക്ഷേത്രപരിസരത്ത് ഒരു കാവ് നിലനിൽക്കുന്നു.) ഈ കാവിൽ വച്ചാണ് ശ്രീ തലക്കുളത്ത് വേലുത്തമ്പി ദളവ 'കുണ്ടറ വിളമ്പരം' നടത്തിയത്. കുണ്ടറവിളമ്പരം പ്രഖ്യാപിക്കുന്ന സമയത്ത് വേലുത്തമ്പി ദളവയോടൊപ്പം കളരി അഭ്യാസികളായ ഊത്താംപള്ളി നീലമ്പി, ആരൂർ ചന്ത്രക്കാരൻ, എലിഞ്ഞേലി മില്ലാകാരൻ എന്നിവർ ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു. കുണ്ടറയിൽ വച്ച് നടത്തിയ പ്രഖ്യാപനം എന്ന അർത്ഥത്തിലാണ് പ്രസ്തുത പ്രഖ്യാപനം കുണ്ടറവിളമ്പരം എന്ന പേരിൽ പ്രസിദ്ധമായത്. ഈ സ്ഥലം ഇന്ന് കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡായ കുണ്ടറ ബി. യിൽ സ്ഥിതിചെയ്യുന്നു. ഇളമ്പള്ളൂർ ക്ഷേത്രപരിസരത്ത് അവഗണിക്കപ്പെട്ട ഒരു കൽമണ്ഡപം കുണ്ടറ വിളംബരത്തിന്റെ ഒരു സ്മാരകമായി ഇപ്പോഴും നിലവിലുണ്ട്.

കുണ്ടറ വിളംബരത്തെക്കുറിച്ച് ഇന്ത്യൻ കാർഷിക സമരത്തിന്റെ അനിഷേദ്ധ്യ നേതാവായിരുന്ന സ. എ.കെ. ഗോപാലൻ തന്റെ ''ഇന്ത്യൻ കർഷക പ്രസ്ഥാനത്തിന്റെ ചരിത്രം'' എന്ന ലഘു ഗ്രന്ഥത്തിൽ ഇങ്ങനെ വിവരിക്കുന്നു. ''19-ാം നൂറ്റാണ്ടിന്റെ രണ്ടാമർധത്തിൽ നടന്ന കർഷക കലാപങ്ങളാരംഭിക്കുന്നതിന് മുന്ന് വ്യാഴവട്ടക്കാലം മുമ്പ് തിരുവിതാംകൂറിൽ നടന്ന കർഷക കലാപങ്ങളെ ഇവിടെ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. രാജാവിന്റെ കീഴിൽ സർവാധികാര്യക്കാരായ നമ്പൂതിരി പ്രഭുക്കന്മാരുടെ കർഷകദ്രോഹങ്ങൾക്കും അക്രമപിരുവുകൾക്കും എതിരായി തെക്കൻ തിരുവിതാംകൂറിലെ കൃഷിക്കാർ ഉയിർത്തെഴുന്നേറ്റു. ഈ സമരം അതിവേഗത്തിൽ രാജ്യം വെട്ടിപ്പിടിക്കുവാൻ വന്ന വെള്ളക്കാർക്കെതിരായ ഒരു വിമോചന സമരമായി രൂപാന്തരപ്പെട്ടു. 1801 മുതൽ 1804 വരെ തിരുവിതാംകൂറിലെ ദളവയായിരുന്ന വേലുത്തമ്പിയാണ് ഈ കർഷക കലാപങ്ങളുടെ നേതൃത്വം വഹിച്ചത്. സർവാധികാര്യക്കാരനായ ജയന്തൻ നമ്പൂതിരിയുടെ ഫ്യൂഡൽ തട്ടിപ്പറികൾക്കെതിരായി രാജസന്നിധിയിൽ എത്രതന്നെ നിവേദനം നടത്തിയിട്ടും ഫലമുണ്ടായില്ല. കൃഷിക്കാർക്ക് ലഹളയ്ക്കൊരുമ്പെടുകയല്ലാതെ മറ്റു ഗത്യന്തരമില്ലാതായി. തുടർന്ന് വെള്ളക്കാരുടെ ആക്രമണവും ഇത് രണ്ടിനെയും എതിർക്കുവാനുള്ള സമരപ്രഖ്യാപനമാണ് കുണ്ടറ വിളംബരം. ഈ വിളംബരം പഴയ മലയാളത്തിലാണെങ്കിലും അതിലെ ഓരൊ വാക്കും സാമ്രാജ്യവിരുദ്ധ – നാടുവാഴി ചൂഷണവിരുദ്ധ ധീരതയും രോമാഞ്ചവുമാകുന്നു. വേലുത്തമ്പി ഈ വിളംബരത്തിനുപിന്നിൽ ആയിരക്കണക്കിൽ കൃഷിക്കാരെ ആയുധം ധരിപ്പിച്ചണിനിരത്തി. അദ്ദേഹത്തിന്റെ ധീരനേതൃത്വത്തിൽ കൃഷിക്കാർ ബ്രിട്ടീഷ് പട്ടാളത്തോട് യുദ്ധംചെയ്തു. 150 വർഷങ്ങൾക്കു മുമ്പ് ബ്രിട്ടീഷ് സാമ്രാജ്യത്തോടും തിരുവിതാംകൂർ നാടുവാഴികളോടും യുദ്ധം ചെയ്ത വേലുത്തമ്പി ഒരു സാധാരണ കർഷക കുടുംബത്തിൽ കന്യാകുമാരി ജില്ലയിൽ ഇരണിയിൽ താലൂക്കിൽ തലക്കുളം വലിയവീട്ടിൽ പിറന്നുയർന്ന ഒരു യോദ്ധാവാണ്''.

കുണ്ടറ വിളംബരത്തിലെ ഓരോ വാക്കും ദേശീയാഭിമാനം വളർത്തുവാനും സ്വാതന്ത്ര്യ സമ്പാദനത്തിന് ജനങ്ങളെ കച്ചകെട്ടിക്കാനും വേണ്ടി കരുതിക്കൂട്ടി രൂപംകൊണ്ടിട്ടുള്ളതാണ്. ഇംഗ്ലീഷുകാർ ഇന്ത്യവിട്ട് പോകുക എന്ന് ബ്രിട്ടീഷുകാർക്കെതിരെ കുണ്ടറ

വച്ചു നടത്തിയ വിളംബരം സായിപ്പന്മാരെ അരിശം കൊള്ളിച്ചു. ജനദ്രോഹികളായ സായിപ്പന്മാർ മര്യാദയ്ക്ക് ഇവിടം വിട്ടുപോകുന്നതാണ് നല്ലതെന്നും കച്ചവടത്തിനായി വന്ന ഇംഗ്ലീഷുകാർ ഇന്ത്യവിട്ടുപോകുക എന്നും ഉച്ചൈസ്വരം കുണ്ടറ വിളംബരത്തിലൂടെ ഉത്ഘോഷിക്കുകയുണ്ടായി. മഹാത്മാഗാന്ധിയുടെ 'ക്വിറ്റ് ഇന്ത്യാ' പ്രസ്ഥാനത്തിന്റെ ആധാരം വേലുത്തമ്പി ദളവായുടെ കുണ്ടറവിളംബരമായിരുന്നു. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം വേലുത്തമ്പിയെക്കുറിച്ചോ, ആ വീരപുരുഷൻ ചെയ്തിട്ടുള്ള രാജ്യനന്മയെക്കുറിച്ചോ ആരുംതന്നെ സ്മരിക്കുന്നില്ല. സുബാഷ് ചന്ദ്രബോസ് ഒരിക്കൽ ജപ്പാനിൽ വച്ച് വേലുത്തമ്പിയുടെ ധീരതയെക്കുറിച്ചും അദ്ദേഹം പ്രഖ്യാപിച്ച വിശ്വവിഖ്യാതമായ കുണ്ടറ വിളംബരത്തെക്കുറിച്ചും ഒന്നരമണിക്കൂറോളം പ്രസംഗിച്ചത് ഇവിടെ സ്മരണീയമാണ്. ഇന്ത്യയുടെ പ്രസിഡന്റായിരുന്ന ഡോ. രാജേന്ദ്രപ്രസാദ് കേരളം സന്ദർശിച്ച അവസരത്തിൽ കിളിമാനൂർ കൊട്ടാരത്തിൽ സൂക്ഷിച്ചിരുന്ന വേലുത്തമ്പിയുടെ പടവാൾ കൊണ്ടുപോയി ഡൽഹി മ്യൂസിയത്തിൽ കാഴ്ചവസ്തുവായി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഈ പടവാൾ അടുത്തകാലത്ത് തിരുവനന്തപുരം മ്യൂസിയത്തിലേക്കു കൊണ്ടുവന്നു എന്നാണ് അറിയുന്നത്.

വേലുത്തമ്പിയ്ക്കും ഉചിതമായ ഒരു സ്മാരകം ഇന്നില്ലെന്നുള്ളത് വാസ്തവമാണ്. അദ്ദേഹത്തിന്റെ ജീവചരിത്രം വളരുന്ന തലമുറ മനസ്സിലാക്കണമെങ്കിൽ, ഗവേഷണപ്രാധാന്യത്തോടുകൂടിയ ഒരു പബ്ലിക്ക് ലൈബ്രറിയും അതിനോടനുബന്ധിച്ചുള്ള മറ്റ് സൗകര്യങ്ങളും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. വിദേശികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾക്കും, ഗവേഷണവിദ്യാർത്ഥികൾക്കും നീതിയുടെ ഉറവിടമായ വേലുത്തമ്പിയെ മനസ്സിലാക്കാനും പഠിക്കാനും സാധിക്കണം.

കൊറ്റങ്കര ഗ്രാമപഞ്ചായത്ത് ആഫീസിനു മുമ്പിൽ വേലുത്തമ്പിയുടെ നാമധേയത്തിൽ ഒരു ആഡിറ്റോറിയത്തിന്റെ പ്ലാറ്റ്ഫോം മാത്രമാണ് ഇന്നുള്ള ഏക സ്മാരകം. കുണ്ടറ വിളംബരം നടത്തിയ ഇളമ്പള്ളൂർ ക്ഷേത്രത്തിനും, കൊറ്റങ്കര ഗ്രാമപഞ്ചായത്ത് ആഫീസിനും ഇടയിലുള്ള ഈ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സാംസ്കാരിക നിലയം വേലുത്തമ്പിയുടെ നാമധേയത്തിൽ ഉണ്ടാകണം. ഒരു മിനി കോൺഫറൻസ് ഹാൾ, ഗവേഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ, വേലുത്തമ്പിയുടെ ജീവചരിത്രമായി ബന്ധപ്പെടുത്തിയ ഒരു മ്യൂസിയം എന്നിവയും ലൈബ്രറിയോട് അനുബന്ധിച്ച് സ്ഥാപിക്കണം. ഇന്ത്യയുടെ പ്രഥമ സ്വാതന്ത്ര്യസമര നായകൻ വേലുത്തമ്പി ദളവയുടെ പൂർണ്ണകായക പ്രതിമ ഇവിടെ സ്ഥാപിക്കണം. ഇതിനായി കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സഹായം ഉണ്ടാകണം. വമ്പിച്ച ജനകീയ പങ്കാളിത്തത്തോടെ, വളരുന്ന തലമുറയ്ക്ക് കുണ്ടറ വിളംബരത്തിലൂടെ ദേശസ്നേഹം വളർത്തുന്നതിന് പ്രചോദനം നൽകുവാൻ, വേലുത്തമ്പി ദളവയുടെ സ്മാരകം കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ ഉയരട്ടെ എന്ന് ആശംസിക്കുന്നു.


കടപ്പാട് : ബാലുജോക്കബ്
(സെസ്സ് സയന്റിസ്റ്റ്)

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്
ഭരണപരമായ വിവരങ്ങൾ - ഒറ്റനോട്ടത്തിൽ

പഞ്ചായത്തിന്റെ പേര്	: കൊറ്റങ്കര ഗ്രാമ പഞ്ചായത്ത്
ഗ്രേഡ്	: സ്പെഷ്യൽ ഗ്രേഡ്
വിസ്തീർണ്ണം	: 25.43 ച്. കി. മീ.
ജനസംഖ്യ	: 62212 (1991 കാനേഷുമാരി)
പുരുഷന്മാർ	: 31049
സ്ത്രീകൾ	: 31163
റവന്യൂ വില്ലേജുകൾ	: കൊറ്റങ്കര വില്ലേജ്, ഇളമ്പള്ളൂർ വില്ലേജ്
താലൂക്ക്	: കൊല്ലം ജില്ല
ജില്ല	: കൊല്ലം
പഞ്ചായത്ത് പ്രസിഡന്റ്	: ശ്രീ. കെ. കുഞ്ഞയ്യപ്പൻ
വൈസ് പ്രസിഡന്റ്	: ശ്രീ. പേരൂർ ജി. അപ്പുക്കുട്ടൻപിള്ള
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	: ശ്രീ. പി.വി. രണദിവെ
സെക്രട്ടറി	: ശ്രീ. വി. സുരേന്ദ്രൻ
ഉൾക്കൊള്ളുന്ന പാർലമെന്റ് മണ്ഡലം	: 18. കൊല്ലം (M.P)
പ്രതിനിധീകരിക്കുന്നത്	: ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ എം.പി.
അസംബ്ലി നിയോജകമണ്ഡലം	: 125. ഇരവിപുരം (L.A)
പ്രതിനിധീകരിക്കുന്നത്	: ശ്രീ. വി.പി. രാമകൃഷ്ണപിള്ള എം.എൽ.എ.
കൊല്ലം പഞ്ചായത്ത് നിയോജകമണ്ഡലം	: കൊറ്റങ്കര
പ്രതിനിധീകരിക്കുന്നത്	: ശ്രീ. ഏ.ഏ. അസീസ് (കൊല്ലം ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ & കേരളാ കാഷ്യു വർക്കേഴ്സ് റിലീഫ് & വെൽഫയർ ബോർഡ് ചെയർമാൻ

ബ്ലോക്ക് മണ്ഡലങ്ങൾ (മുഖത്തല ബ്ലോക്ക് പഞ്ചായത്തിലെ)

മണ്ഡലം:	കൊറ്റങ്കര എ
ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് വാർഡുകൾ	: കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ 3,4,5,6 വാർഡുകൾ
പ്രതിനിധീകരിക്കുന്നത്	: ശ്രീമതി ഡി. ഓമന അമ്മ
മണ്ഡലം:	കൊറ്റങ്കര ബി
ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് വാർഡുകൾ	: കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ 8,9,10,14,15 വാർഡുകൾ
പ്രതിനിധീകരിക്കുന്നത്	: ശ്രീ. കുണ്ടറ ലത്തീഫ്
മണ്ഡലം	: കൊറ്റങ്കര സി
ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് വാർഡുകൾ	: കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ 7,11,12,13 വാർഡുകൾ
പ്രതിനിധീകരിക്കുന്നത്	: ശ്രീ. ഇഗദീശൻ (മുഖത്തല ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)
മണ്ഡലം	: തൃക്കോവിൽവട്ടം എ (വനിത)
ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് വാർഡുകൾ	: കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ 1,2 വാർഡുകളും തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ 3,4,5 വാർഡുകളും
പ്രതിനിധീകരിക്കുന്നത്	: ശ്രീമതി. ഡി. രാധാമണി

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്
1991 – ലെ കാനേഷുമാരി കണക്കുകളുടെ ചുരുക്ക വിവരങ്ങൾ

വാർഡ് നമ്പർ	വാർഡിന്റെ പേര്	വിസ്തീർണ്ണം (ച. കി. മീ.)	ആകെ ജനസംഖ്യ	സ്ത്രീകളുടെ എണ്ണം	ആകെ കുടുംബങ്ങൾ	പുരുഷന്മാരുടെ എണ്ണം	സ്ത്രീകളുടെ എണ്ണം	പട്ടികജാതിക്കാരുടെ ജനസംഖ്യ	പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ
1	2	3	4	5	6	7	8	9	10
	കൊറ്റങ്കര പഞ്ചായത്ത്	25.43	12067	12125	62212	31049	31163	7828	4003
I	പേരൂർ.എ	–	891	894	4618	2319	2299	629	325
II	പേരൂർ ബി	–	865	869	4795	2562	2233	573	296
III	പേരൂർ സി	–	662	667	3343	1689	1654	431	219
IV	കൊറ്റങ്കര	–	898	920	4980	2541	2439	649	320
V	ചന്ദനത്തോപ്പ്	–	925	930	4829	2417	2412	604	322
VI	മാമ്പുഴ	–	1057	1062	5466	2703	2763	704	348
VII	ആലുംമൂട്	–	1019	1020	5226	2555	2671	727	361
VIII	പുനുക്കന്നൂർ ബി	–	605	608	3124	1531	1593	403	205
IX	പുനുക്കന്നൂർ എ	–	886	886	4430	2182	2248	557	283
X	ഇളമ്പള്ളൂർ	–	760	761	3791	1873	1918	424	241
XI	കുരീപ്പള്ളി	–	871	877	4609	2335	2274	620	304
XII	പെരുമ്പുഴ എ	–	813	814	3395	1946	2049	479	255
XIII	പെരുമ്പുഴ ബി	–	869	870	4276	2102	2174	468	241
XIV	കുണ്ടറ എ	–	478	478	2442	1175	1267	267	118
XV	കുണ്ടറ ബി	–	468	469	2288	1119	1169	293	165

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്
1991 – ലെ കാനേഷുമാരി കണക്കുകളുടെ ചുരുക്ക വിവരങ്ങൾ

പട്ടികജാതിയിൽ പെട്ട പുരുഷന്മാരുടെ എണ്ണം.	പട്ടികജാതിയിൽ പെട്ട സ്ത്രീകളുടെ എണ്ണം.	പട്ടികവർഗ്ഗത്തിൽ പെട്ട പുരുഷന്മാരുടെ എണ്ണം.	വിദ്യാഭ്യാസം ലഭിച്ച പുരുഷന്മാരുടെ എണ്ണം.	വിദ്യാഭ്യാസം ലഭിച്ച സ്ത്രീകളുടെ എണ്ണം.	ആകെ ജോലിചെയ്യുന്ന പുരുഷന്മാരുടെ എണ്ണം.	ആകെ ജോലിചെയ്യുന്ന സ്ത്രീകളുടെ എണ്ണം.	കൃഷിക്കാരായ പുരുഷന്മാർ	കൃഷിക്കാരായ സ്ത്രീകൾ	ആകെ ഇന്നസംഖ്യ	കൃഷി തൊഴിലാളികൾ സ്ത്രീകൾ
12	13	14	15	16	17	18	19	20	21	22
4849	4979	8	10	25600	23630	12219	4120	1515	37	3135
311	293	1	–	1862	1672	899	334	53	1	339
198	172	–	–	2160	1676	818	258	40	2	185
266	265	–	–	1398	1235	608	224	14	12	121
350	336	6	8	2118	1826	1129	208	169	2	223
188	203	–	–	1976	1850	992	443	90	1	276
531	584	–	–	2205	1974	1198	446	97	–	459
362	388	–	–	2050	1942	1052	388	187	1	293
115	124	–	–	1279	1245	580	152	105	3	128
856	856	–	–	1748	1617	1002	554	115	6	414
385	438	1	2	1574	1558	700	214	62	1	147
353	372	–	–	1896	1665	872	291	175	3	190
294	286	–	–	1600	1673	800	165	174	1	200
414	417	–	–	1766	1697	635	179	88	2	78
88	88	–	–	1028	1028	451	112	130	2	41
138	157	–	–	940	972	483	152	116	–	41

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്

1991 - ലെ കാനേഷുമാരി കണക്കുകളുടെ ചുരുക്ക വിവരങ്ങൾ

കൃഷിയെടുക്കുന്ന ഭൂമിയുടെ വിസ്തൃതി ഹെക്ടറിൽ	കൃഷിയെടുക്കുന്ന ഭൂമിയുടെ വിസ്തൃതി ഹെക്ടറിൽ	കൃഷിയെടുക്കുന്ന ഭൂമിയുടെ വിസ്തൃതി ഹെക്ടറിൽ	ഖനനം നടക്കുന്ന ഭൂമിയുടെ വിസ്തൃതി ഹെക്ടറിൽ	ഖനനം നടക്കുന്ന ഭൂമിയുടെ വിസ്തൃതി ഹെക്ടറിൽ	കുടിൽ വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ എണ്ണം	കുടിൽ വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികൾ സ്ത്രീകൾ	ഗാർഹിക വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ എണ്ണം (തൊഴിലില്ലാത്തവർ ഉൾപ്പെടെ)	ഗാർഹിക വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികൾ (തൊഴിലില്ലാത്തവർ ഉൾപ്പെടെ) സ്ത്രീകൾ	നിർമ്മാണത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ	നിർമ്മാണത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ
23	24	25	26	27	28	29	30	31	32	33
265	217	28	103	1	98	25	2172	2818	469	9
96	15	–	1	–	4	6	153	193	40	1
2	19	3	–	–	10	–	181	176	29	–
25	9	1	1	–	1	–	127	108	51	–
12	30	2	–	–	10	2	184	145	49	–
10	12	1	9	–	12	2	235	375	27	–
10	14	1	23	–	13	2	191	394	73	2
8	16	–	11	–	16	7	180	312	17	–
9	4	3	–	–	–	–	129	102	15	–
72	16	1	23	1	14	3	145	408	44	1
5	12	6	7	–	7	1	184	133	24	1
3	12	–	20	–	4	–	101	241	25	–
8	18	2	1	–	–	–	101	82	24	–
4	23	4	4	–	4	2	130	79	32	4
–	9	1	2	–	1	–	55	27	9	–
1	8	3	1	–	2	–	76	43	10	–

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്

1991 – ലെ കാനേഷുമാരി കണക്കുകളുടെ ചുരുക്ക വിവരങ്ങൾ

പട്ടികജാതി സ്ത്രീകൾ	പട്ടികജാതി പുരുഷന്മാർ	പട്ടികവർഗ്ഗ സ്ത്രീകൾ	പട്ടികവർഗ്ഗ പുരുഷന്മാർ	മൊത്തം സ്ത്രീകൾ	മൊത്തം പുരുഷന്മാർ	സാക്ഷരതയുള്ള സ്ത്രീകൾ	സാക്ഷരതയുള്ള പുരുഷന്മാർ	ഗ്രാമങ്ങൾ	ജനസംഖ്യ
34	35	36	37	38	39	40	41	42	43
1627	92	964	32	1819	813	1325	2236	17505	24807
108	4	74	1	112	32	94	171	1326	1794
128	9	74	5	152	61	175	210	1569	1765
115	15	65	1	104	62	108	183	973	1247
162	6	94	1	208	38	160	284	1252	1947
131	10	82	3	118	41	15	40	1410	1929
153	3	78	5	97	29	113	379	1392	1938
129	4	72	1	131	55	80	150	1423	2133
66	–	68	–	65	35	92	59	859	1382
74	9	59	3	98	50	11	6	1169	1688
99	3	51	4	107	60	31	99	1142	1605
125	4	39	1	181	39	145	200	1318	1783
109	5	55	2	118	65	65	174	1081	1710
71	3	78	3	127	78	161	206	1306	1789
66	3	31	2	107	77	39	59	685	1096
91	14	44	–	94	91	36	16	600	1001

പഞ്ചായത്ത് രാജ് സംവിധാനത്തിൽ രൂപീകരിക്കപ്പെട്ട കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ വിവിധ നിയോജകമണ്ഡലങ്ങളും അവയെ പ്രതിനിധീകരിക്കുന്ന അംഗങ്ങളും.

നിയോജക മണ്ഡലം നമ്പർ	നിയോജക മണ്ഡലത്തിന്റെ പേര്	പ്രതിനിധീകരിക്കുന്ന അംഗത്തിന്റെ പേര്	രാഷ്ട്രീയ കക്ഷി
I	പേരൂർ എ	പേരൂർ ജി. അപ്പുക്കുട്ടൻപിള്ള (വൈസ് പ്രസിഡന്റ്)	കേരളാകോൺഗ്രസ് (ജെ)
II	പേരൂർ ബി	പി.വി. രണദിവെ (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)	സി.പി.ഐ. (എം)
III	പേരൂർ സി (വനിതാ സംവരണം)	എൻ. പൊന്നമ്മ	സി.പി.ഐ. (എം)
IV	കൊറ്റങ്കര	എം. ബഷീർ	കോൺഗ്രസ് (ഐ)
V	ചന്ദനത്തോപ്പ്	ഈ. സെയ്നുലബ്ദീൻ	സി.പി.ഐ. (എം)
VI	മാമ്പുഴ (പട്ടികജാതി സംവരണം)	കെ. കുഞ്ഞയ്യപ്പൻ (പ്രസിഡന്റ്)	സി.പി.ഐ. (എം)
VII	ആലുംമൂട് (വനിതാ സംവരണം)	എൽ. ഉഷാകുമാരി	സി.പി.ഐ.
VIII	പുനുക്കന്നൂർ ബി (വനിതാ സംവരണം)	എൽ. ഗീതാകുമാരി	കോൺഗ്രസ് (ഐ)
IX	പുനുക്കന്നൂർ എ	ബി. വിക്രമൻ	സ്വതന്ത്രൻ
X	ഇളമ്പള്ളൂർ	സി. മണിയൻ പിള്ള	കോൺഗ്രസ് (ഐ)
XI	കുരീപ്പള്ളി	ഈ.എ. ഖരീം	കോൺഗ്രസ് (ഐ)
XII	പെരുമ്പുഴ എ (വനിതാ സംവരണം)	ലീലാമ്മ പ്രഭാകരൻ	കോൺഗ്രസ് (ഐ)
XIII	പെരുമ്പുഴ ബി (പട്ടിക ജാതി വനിതാ സംവരണം)	സി. ഷീല	ആർ.എസ്.പി.
XIV	കുണ്ടറ എ	കെ. ജോർജ്ജുകുട്ടി	കോൺഗ്രസ് (ഐ)
XV	കുണ്ടറ ബി	തോമസ് ഇടിക്കുള	സി.പി.ഐ. (എം)

കൊറ്റങ്കര പഞ്ചായത്തിലെ ഒന്നാമത്തെ ഭരണസമിതി

നിയോജക മണ്ഡലം നമ്പർ	നിയോജക മണ്ഡലത്തിന്റെ പേര്	പ്രതിനിധീകരിക്കുന്ന അംഗത്തിന്റെ പേര്	രാഷ്ട്രീയ കക്ഷി
I	പേരൂർ എ	പി.എസ്. രഘുനാഥൻ	സി.പി.ഐ.
II	പേരൂർ ബി	കെ.സി. ഗോപാലൻ	സി.പി.ഐ.
III	കൊറ്റങ്കര	മുടപ്പിലാങ്ങിൽ ആർ. കുഞ്ഞൻപിള്ള	ആർ.എസ്.പി.
IV	പുനുക്കന്നൂർ എ	എം. ദാമോദരൻപിള്ള	ആർ.എസ്.പി.
V	പുനുക്കന്നൂർ ബി (ദ്വയാംഗ മണ്ഡലം)	ആർ. രാഘവനുണ്ണിത്താൻ (പ്രസിഡന്റ്) കെ. അയ്യൻ (സംവരണം)	ആർ.എസ്.പി.
VI	പുനുക്കന്നൂർ സി	എം. അസനാരുകുഞ്ഞ്	ആർ.എസ്.പി.
VII	പെരുമ്പുഴ എ	കെ. നാരായണപിള്ള	ആർ.എസ്.പി.
VIII	പെരുമ്പുഴ ബി	ശിരോമണി എം.കെ. ഗോവിന്ദൻ	ആർ.എസ്.പി.
IX	കുണ്ടറ	പി.കെ. കോശി	ആർ.എസ്.പി.

ആദ്യകാല കൊറ്റങ്കര എന്ന റവന്യൂ വില്ലേജിന്റെ പരിധിയിൽ പെടുന്ന ഭൂപ്രദേശങ്ങളെയാണ് കൊറ്റങ്കര പഞ്ചായത്തായി 1953-ൽ രൂപീകരിച്ചത്. തുടക്കത്തിൽ ഈ പഞ്ചായത്തിനെ 9 വാർഡുകളായി മാത്രമാണ് വിഭജിച്ചിരുന്നത്. ഒന്നാമത്തെ കമ്മിറ്റിയിൽ പെരുമ്പുഴ ബി വാർഡിൽ നിന്നും വിജയിച്ച ശ്രീ. ശിരോമണി എം.കെ. ഗോവിന്ദനെ സംസ്ഥാന നിഘണ്ടു നിർമ്മാണസമിതിയിലേക്ക് നിയമിക്കപ്പെട്ടതിനെത്തുടർന്ന് പഞ്ചായത്ത് ഭരണസമിതിയിൽ നിന്നും രാജിവച്ചു. 1954 -ൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ. എസ്. ചെല്ലപ്പൻപിള്ളയെ പെരുമ്പുഴ ബി വാർഡിൽ നിന്ന് എതിരില്ലാതെ തെരഞ്ഞെടുക്കുകയും ചെയ്തു. അന്നത്തെ ഭരണസമിതിയിലെ പി.എസ്. രഘിനാഥൻ, എം. ദാമോദരൻപിള്ള, എസ്. ചെല്ലപ്പൻപിള്ള, പി.കെ. കോശി എന്നിവർ ഇന്നും ജീവിച്ചിരിക്കുകയും പൊതുരംഗത്ത് ഊർജ്ജസ്വലരായി പ്രവർത്തിക്കുകയും ചെയ്തുവരുന്നു.

അന്ന് പഞ്ചായത്തിന് സ്വന്തമായി ഒരു കെട്ടിടമോ, മറ്റ് ആഫീസ് സൗകര്യങ്ങളോ ഇല്ലായിരുന്നു. പലപ്പോഴും പ്രസിഡന്റിന്റെ വസതിയിൽ വച്ചായിരുന്നു യോഗങ്ങൾ നടത്തിയിരുന്നത്. ആഹാരവും മറ്റും അദ്ദേഹത്തിന്റെ വസതിയിൽ നിന്നും നൽകിയിരുന്നു. പഞ്ചായത്തിന്റെ സമഗ്രവികസനത്തിനും ജനങ്ങളുടെ നന്മയ്ക്കും വേണ്ടി മാത്രം തന്റെ പൊതുരംഗത്തെ പ്രവർത്തനം ഉഴിഞ്ഞുവച്ചിരുന്ന കൊറ്റങ്കര പഞ്ചായത്തിന്റെ ഒന്നാമത്തെ പ്രസിഡന്റായിരുന്ന ശ്രീ. ആർ. രാഘവനുണ്ണിത്താനെ ജനങ്ങൾ ഇന്നും കൃതജ്ഞതയോടെ സ്മരിക്കുന്നു. പൊതുജനസേവനം കുടുംബത്തിന്റെ ഉയർച്ചയ്ക്കല്ല മറിച്ച് നാടിന്റെ ഉയർച്ചയ്ക്കാണ് എന്ന് അദ്ദേഹം ഉറച്ചുവിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നു. തന്റെ കുടുംബത്തിന്റെ ഇപ്പോഴത്തെ അവസ്ഥ അത് തെളിയിക്കുന്നു.

അന്ന് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്ക് സിറ്റിംഗ് ഫീസോ മറ്റ് ആനുകൂല്യങ്ങളോ ഉണ്ടായിരുന്നില്ല. ഇളമ്പള്ളൂർ ക്ഷേത്രത്തിന് തെക്കുമാറി കൊല്ലം - ചെങ്കോട്ട റോഡ് സൈഡിൽ ഉണ്ടായിരുന്ന പുന്നവിള കാളച്ചന്തയിൽ കുണ്ടറ പോലീസ് കാർട്ടേഴ്സി

ന് തെക്കുവശത്തായുള്ള ആ പുരയിടത്തിൽ ഇന്ന് ഒരു മുസ്ലീം പള്ളി പ്രവർത്തിക്കുന്നു) ഒരു വാടക കെട്ടിടത്തിൽ കുറേക്കാലം പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചു. പിന്നീട് കുണ്ടറ മുക്കടയിൽ മാട്ടേലിന്റെ കടയുടെ (അന്നത്തെ ശ്രീനാരായണ സ്റ്റോർ) മുകളിലത്തെ നിലയിലേക്ക് ഓഫീസ് മാറ്റിസ്ഥാപിച്ചു. ഈ അവസരത്തിലാണ് ഇളമ്പള്ളൂർ ക്ഷേത്രത്തിന് കിഴക്കുവശത്തായി, കൊല്ലം ചെങ്കോട്ട റോഡിന് തെക്കു കിഴക്കുമാറി പഞ്ചായത്തിന് സ്വന്തമായി ഓഫീസ് കെട്ടിടം പണിയുന്നത്. അതിന്റെ ഉദ്ഘാടനം അന്നത്തെ കൊല്ലം ജില്ലാ കളക്ടർ ആണ് നിർവ്വഹിച്ചത്.

കൊറ്റങ്കര പഞ്ചായത്തിന്റെ ആദ്യത്തെ എക്സ്ക്യൂട്ടീവ് ഓഫീസറായി തട്ടാർകോണം ശ്രീമാൻ തങ്കപ്പൻ പിള്ളയും പ്രസിഡന്റിന്റെ സഹോദരൻ ശ്രീ വലിയത്താൻ ക്ലാർക്കായും, പുത്തൻവീട്ടിൽ ചെല്ലപ്പൻപിള്ള ശിപായിയായും ജോലിനോക്കിയിരുന്നതായി കാണുന്നു. കുണ്ടറ കാഞ്ഞിരകോട് സ്വദേശി ശ്രീ. ആന്റണിയും ആദ്യ ഭരണസമിതിയുടെ കാലത്ത് കൊറ്റങ്കര പഞ്ചായത്തിൽ എക്സ്ക്യൂട്ടീവ് ആഫീസറായി പ്രവർത്തിച്ചിട്ടുണ്ട്.

കൊറ്റങ്കര പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ജനകീയ പങ്കാളിത്തത്തോടെ പല പരിപാടികളും ആസൂത്രണം ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനും ഈ ഭരണസമിതിക്കു കഴിഞ്ഞിരുന്നു. അതാത് പ്രദേശത്ത് ജനങ്ങൾ, ഒരു പ്രധാനിയുടെ നേതൃത്വത്തിൽ സംഘടിക്കുകയും, സന്നദ്ധ പ്രവർത്തനത്തിലൂടെ വികസനപ്രവർത്തനങ്ങൾ, പ്രധാനമായും റോഡ് നിർമ്മിക്കൽ, കുളംകുഴിക്കൽ, തോട് നിർമ്മിക്കൽ മുതലായ സേവനങ്ങൾ നടത്തിയിരുന്നത് ജനകീയ ആസൂത്രണത്തിന്റെ പഴയകാല ചരിത്രത്തെ കാണിക്കുന്നു. പ്രത്യേക വികസനറിപ്പോർട്ടോ, പദ്ധതി ആസൂത്രണമോ, ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും ഉത്സവ അന്തരീക്ഷത്തിൽ, സൗഹൃദത്തിന്റെയും, സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും ഉത്തമ ഉദാഹരണങ്ങളായി ആദ്യകാല പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ നടത്തിയ ശ്രമദാനപരിപാടികൾ വികസനപ്രക്രിയയുടെ സ്മാരക ങ്ങളായി ഇന്നും നിലനിൽക്കുന്നു. ഗ്രാമീണരുടെ ഒത്തുചേരൽ (ഇന്നത്തെ ഗ്രാമസഭയ്ക്കു തുല്യം) പലപ്പോഴും വികസനപദ്ധതികളുടെ നടത്തിപ്പിൽ ചെറുപ്പക്കാർക്ക് ആവേശം പകർന്നുകൊണ്ട് കൂടിയിരുന്നു. വിത്തും വളവും കൃഷിയിറക്കുന്ന തീയതിയും രീതിയും ഓരോ പ്രദേശത്തും മുൻകൂട്ടി തീരുമാനിക്കപ്പെട്ടിരുന്നു.

ഗ്രാമങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിനായുള്ള സർക്കാരിന്റെ പരിപാടിയുടെ ഭാഗമായി ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് (റൂറൽ വാട്ടർ സപ്ലൈ സ്കീം പ്രകാരം) കൊല്ലം ജില്ലയിൽ ആദ്യമായി അനുവദിച്ചത് കൊറ്റങ്കര പഞ്ചായത്തിനായിരുന്നു. അതാണ് ഇളമ്പള്ളൂർ ക്ഷേത്രത്തിന് വടക്കുവശം കാണുന്ന വാട്ടർ ടാങ്ക്. ആ പദ്ധതി പ്രകാരം 13 (പതിമൂന്ന്) ടാപ്പുകൾ സ്ഥാപിച്ചത് പഴമക്കാർ ഒരു വലിയ സംഭവമായി ഇന്നും കാണുന്നു. പുനുക്കന്നൂർ പബ്ലിക്ക് ഹെൽത്ത് സെന്റർ, പുനുക്കന്നൂർ സെറ്റിൽമെന്റ് കോളനി തുടങ്ങിയവ അന്നത്തെ ഭരണസമിതിയുടെ നേട്ടങ്ങളുടെ പട്ടികയിൽ ചിലതുമാത്രമാണ്. ശ്രീ. ആർ. രാഘവനുണ്ണിത്താൻ പ്രസിഡന്റായുള്ള ഭരണസമിതി 13 വർഷക്കാലം കൊറ്റങ്കര പഞ്ചായത്ത് ഭരിച്ചു.

രണ്ടാമത്തെ ഭരണസമിതി

കേരളത്തിലെ ഇതര പഞ്ചായത്തുകളോടൊപ്പം പല പ്രാവശ്യം ആയുസ്സ് നീട്ടിക്കിട്ടിയ ഒരു ഭരണസമിതിയാണ് കൊറ്റങ്കര പഞ്ചായത്തിന്റെ രണ്ടാമത്തെ ഭരണസമിതി. ഈ ഭരണസമിതി 16 വർഷക്കാലം പഞ്ചായത്തിൽ ഭരണം നടത്തി. ഭരണസമിതിയുടെ തെരഞ്ഞെടുപ്പിനു മുമ്പുതന്നെ സർക്കാർ വിജ്ഞാപനപ്രകാരം കൊറ്റങ്കര പഞ്ചായത്തിനെ 12 വാർഡുകളായി പുനർ വിഭജിച്ചു. കൂടാതെ ഒരു വനിതയെ ഭരണസമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യുവാനും സർക്കാർ ഉത്തരവ് ഉണ്ടായി. അങ്ങനെ രണ്ടാമത് ഭരണസമിതിയിൽ 13 അംഗങ്ങൾ ഉണ്ടായിരുന്നു.

രണ്ടാമത്തെ ഭരണസമിതിയുടെ തെരഞ്ഞെടുപ്പു കാലത്തുണ്ടായിരുന്ന വ്യക്തമായ കാഴ്ചപ്പാടുകളോ, ആസൂത്രണമോ ഒന്നും തന്നെ പിന്നീട് കാണാൻകഴിഞ്ഞില്ല. കേരളത്തിന്റെ മൊത്തം രാഷ്ട്രീയത്തിലും, തന്മൂലം സംസ്ഥാന ഭരണസംവിധാനത്തിലും പലമാറ്റങ്ങൾ ഈ ദീർഘമായ 16 വർഷത്തിനുള്ളിൽ ഉണ്ടായി. മുന്നണിഭരണത്തിന്റെ പരീക്ഷണകാലഘട്ടമായിരുന്നു അത്. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണസമിതികൾ നിഷ്ക്രിയമായി. ഡിപ്പാർട്ട്മെന്റൽ ഭരണത്തിന്റെ ഭാഗമായി പഞ്ചായത്ത് സമിതികളും നിലനിന്നുവെന്നുമാത്രം. ശ്രീ. ഒ. വർഗ്ഗീസ് പണിക്കരെ

കൊറ്റങ്കര പഞ്ചായത്തിലെ രണ്ടാമത്തെ ഭരണസമിതി

നിയോജക മണ്ഡലം നമ്പർ	നിയോജക മണ്ഡലത്തിന്റെ പേര്	പ്രതിനിധീകരിക്കുന്ന അംഗത്തിന്റെ പേര്	രാഷ്ട്രീയ കക്ഷി
I	പേരൂർ എ	തടവിള എം. മുഹമ്മദ് കുഞ്ഞ്	കോൺഗ്രസ്
II	പേരൂർ ബി	കെ.സി. ഗോപാലൻ	സി.പി.ഐ.
III	കൊറ്റങ്കര	കെ.പി. രാഘവൻ പിള്ള (പ്രസിഡന്റ്)	ആർ.എസ്.പി.
IV	പുനുക്കന്നൂർ എ	ജി. കൃഷ്ണപിള്ള	കോൺഗ്രസ്
V	പുനുക്കന്നൂർ ബി	കോട്ടവിള ആർ. പരമേശ്വരൻപിള്ള	ആർ.എസ്.പി.
VI	പുനുക്കന്നൂർ സി (സംവരണം)	കെ. കുഞ്ഞുരാമൻ	ആർ.എസ്.പി.
VII	പുനുക്കന്നൂർ ഡി	പി. ഗോപാലകൃഷ്ണപിള്ള	സി.പി.ഐ.
VIII	കുരീപ്പള്ളി	റ്റി.പി. കൃഷ്ണകുമാർ	ആർ.എസ്.പി.
IX	പെരുമ്പുഴ എ	കെ.എം. ചെറിയാൻ (മരണപ്പെട്ട ശേഷം) അയ്യപ്പൻപിള്ള തെരഞ്ഞെടുത്തു	ആർ.എസ്.പി.
X	പെരുമ്പുഴ ബി	എൻ. സുകുമാരൻ നായർ	ആർ.എസ്.പി.
XI	കുണ്ടറ എ	കെ. ചെറിയാൻ	കോൺഗ്രസ്
XII	കുണ്ടറ ബി	ഒ. വർഗ്ഗീസ് പണിക്കർ	സ്വതന്ത്രൻ
നാമനിർദ്ദേശം ചെയ്യപ്പെട്ട വനിതാ അംഗം		പുത്തൻകട കെ. സാലിഹാ ബീവി	ആർ.എസ്.പി.

ആദ്യം പഞ്ചായത്തിന്റെ വൈസ് പ്രസിഡന്റായി തെരഞ്ഞെടുത്തിരുന്നു. എന്നാൽ പിന്നീടദ്ദേഹത്തിന്റെ രാഷ്ട്രീയ അംഗത്വത്തിലുള്ള വ്യതിയാനം മൂലം വൈസ് പ്രസിഡന്റ് സ്ഥാനം നഷ്ടപ്പെട്ടു. തുടർന്നുള്ള കാലയളവിൽ വൈസ് പ്രസിഡന്റ് ഇല്ലായിരുന്നു.

മൂന്നാമത്തെ ഭരണസമിതി

മൂന്നാമത്തെ ഭരണസമിതിയുടെ തെരഞ്ഞെടുപ്പിനു മുമ്പായി കൊറ്റങ്കര പഞ്ചായത്തിനെ 15 വാർഡുകളായി വിഭജിച്ചു (ഇന്നും ഈ പഞ്ചായത്തിന് 15 വാർഡുകളാണ് ഉള്ളത്). പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കൊറ്റങ്കര പഞ്ചായത്തിനെ കേരളം മുഴുവനും ശ്രദ്ധിക്കപ്പെട്ട സംഭവത്തിന് സാക്ഷിയാകേണ്ടിവന്നത് ഇന്നും ചെറുപുഞ്ചിരിയോടെ ഇവിടുത്തെ ജനങ്ങൾ ഓർക്കുന്നു. 6-ാം വാർഡായ മാമ്പുഴ അന്നത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ മത്സരിച്ച മണ്ഡലമായിരുന്നു (13 പേർ). പ്രസ്തുത മത്സരത്തിൽ സ്വതന്ത്രസ്ഥാനാർത്ഥി ശ്രീ. കെ. ഗോപാലൻ വിജയിച്ചു. കലാ-സാംസ്കാരിക രംഗത്തും മറ്റ് ജനകീയ പ്രസ്ഥാനങ്ങളുടെ വളർച്ച

കൊറ്റങ്കര പഞ്ചായത്തിലെ മൂന്നാമത്തെ ഭരണസമിതി

നിയോജക മണ്ഡലം നമ്പർ	നിയോജക മണ്ഡലത്തിന്റെ പേര്	പ്രതിനിധീകരിക്കുന്ന അംഗത്തിന്റെ പേര്	രാഷ്ട്രീയ കക്ഷി
I	പേരൂർ എ	തടവിള എം. മുഹമ്മദ് കുഞ്ഞ്	കോൺഗ്രസ്
II	പേരൂർ ബി	എൻ. പൊന്നമ്മ	സി.പി.ഐ. (എം)
III	പേരൂർ സി	ജി. ബലഭദ്രൻ	സി.പി.ഐ. (എം)
IV	കൊറ്റങ്കര	പി.എസ്. ശ്രീധരൻ	സ്വതന്ത്രൻ
V	ചന്ദനത്തോപ്പ്	കെ. ഗോപിനാഥൻ നായർ	കോൺഗ്രസ്
VI	മാമ്പുഴ	കെ. ഗോപാലൻ	സ്വതന്ത്രൻ
VII	ആലുംമൂട്	എം. കരുണാകരൻ പിള്ള	സി.പി.ഐ. (എം).
VIII	പുനുക്കന്നൂർ എ (സംവരണം)	കെ. കുഞ്ഞുരാമൻ	ആർ.എസ്.പി.
IX	പുനുക്കന്നൂർ ബി	പി. ജനാർദ്ദനൻപിള്ള (മെമ്പറായിരിക്കെ മരിച്ചു)	ആർ.എസ്.പി.
X	ഇളമ്പള്ളൂർ	ജെ. ഗോപിനാഥൻ പിള്ള	കോൺഗ്രസ്
XI	കുരീപ്പള്ളി	എം. അസനാരുകുഞ്ഞ് (വൈസ്. പ്രസിഡന്റ്)	ആർ.എസ്.പി.
XII	പെരുമ്പുഴ എ	വി. കരുണാകരൻപിള്ള (പ്രസിഡന്റ്)	സി.പി.ഐ. (എം).
XIII	പെരുമ്പുഴ ബി	സുകുമാരപിള്ള	സ്വതന്ത്രൻ
XIV	കുണ്ടറ എ	കെ. ജോർജ്ജ്കുട്ടി	കോൺഗ്രസ്
XV	കുണ്ടറ ബി	ഒ. വർഗ്ഗീസ് പണിക്കർ	സ്വതന്ത്രൻ

യെ ലക്ഷ്യം വച്ചുകൊണ്ടും അന്നത്തെ കേരളസർക്കാർ നടപ്പിലാക്കിയ ഏഴിനപരിപാടിയിൽ 'എ' ടെപ്പ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ കൊറ്റങ്കരപഞ്ചായത്തിൽ നിർമ്മിക്കാൻ ഈ ഭരണസമിതിക്കു കഴിഞ്ഞു. പഞ്ചായത്ത് ഓഫീസിന് കിഴക്ക് പനംകുറ്റി ഏലായുടെ പടിഞ്ഞാറേകരയ്ക്കായി ഇളമ്പള്ളൂർ – പുന്നമുക്ക് റോഡിന്റെ പാർശ്വഭാഗത്തായി സ്ഥിതിചെയ്യുന്ന കമ്മ്യൂണിറ്റിഹാൾ കൊറ്റങ്കരപഞ്ചായത്തിന് ഒരു അഭിമാനമാണ്.

മുൻ ഭരണസമിതികൾക്ക് കാലാവധി നീട്ടിക്കിട്ടിയതുപോലെ മൂന്നാമത്തെ ഭരണസമിതിക്ക് കാലാവധി നീട്ടിക്കിട്ടിയില്ല. നിയമാനുസൃതമായ അഞ്ചുവർഷത്തെ ഭരണം കൊണ്ട് നേട്ടങ്ങളുടെ പട്ടികയിൽ പലതും ചേർക്കാൻ കഴിഞ്ഞു. എങ്കിലും കാർഷികരംഗത്തെ ഉല്പാദനക്ഷമത കൊറ്റങ്കര പഞ്ചായത്തിനെയും ഗ്രസിച്ചുതുടങ്ങിയിരുന്നു. കാർഷിക വികസനത്തിന് ഊന്നൽ നൽകുന്ന സമഗ്രവികസന പരിപാടികൾ ആവിഷ്കരിക്കുവാൻ മുൻകാല പഞ്ചായത്ത് ഭരണ

സമിതികൾക്ക് കഴിഞ്ഞിരുന്നില്ല. കുടിവെള്ളത്തിന്റെ ക്ഷാമം രൂക്ഷമായ ഒരു പ്രദേശമാണ് കൊറ്റങ്കര. കുറെ അധികം പ്രവർത്തികൾ ഈ മേഖലയിൽ മൂന്നാമത്തെ ഭരണസമിതി ഏറ്റെടുത്തിരുന്നു. 1983 –ലെ രൂക്ഷമായ വരൾച്ചയിൽ കുടിവെള്ളം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും രാവിലെ മുതൽ രാത്രിവരെ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിൽ ഈ പഞ്ചായത്തുസമിതി അംഗങ്ങൾ നടത്തിയ സേവനം ജനങ്ങൾ എന്നും കൃതജ്ഞതയോടെ സ്മരിക്കും. ഈ സമയത്ത് പഞ്ചായത്തിൽ 45 പൊതുകിണറുകൾ കുഴിപ്പിച്ചു.

നാലാമത്തെ ഭരണസമിതി

നാലാമത്തെ ഭരണസമിതിയും ശ്രദ്ധിക്കപ്പെട്ടതായിരുന്നു. മൂന്നു ഭരണസമിതി അംഗങ്ങൾ പ്രസിഡന്റുമാരായി ഭരണം നടത്തിയ ഒരു പഞ്ചായത്ത് സമിതിയായിരുന്നു ഇത്. ഒരു രാഷ്ട്രീയപ്പാർട്ടിയുടെ 3 പേർ വിവിധകാലയളവിൽ പഞ്ചായത്തിന്റെ സാരഥ്യം വഹിച്ചിരുന്നു. റോഡുകളുടെയും തോടുകളുടെയും നിർമ്മാണം, അറ്റകുറ്റപ്പണികൾ, കുടിവെള്ളക്ഷാമത്തിന്റെ പരിഹാരാർത്ഥം കിണറുകൾ കുഴിക്കുക, മാമ്പുഴ

കൊറ്റങ്കര പഞ്ചായത്തിലെ നാലാമത്തെ ഭരണസമിതി

നിയോജക മണ്ഡലം നമ്പർ	നിയോജക മണ്ഡലത്തിന്റെ പേര്	പ്രതിനിധീകരിക്കുന്ന അംഗത്തിന്റെ പേര്	രാഷ്ട്രീയ കക്ഷി
I	പേരൂർ എ	എം. ഇബ്രാഹിം കുട്ടി	കോൺഗ്രസ്
II	പേരൂർ ബി (വനിതാ സംവരണം)	കെ. വിലാസിനി	സി.പി.ഐ. (എം)
III	പേരൂർ സി	ജി. ബലഭദ്രൻ	സി.പി.ഐ. (എം)
IV	കൊറ്റങ്കര	എം. ബഷീർ	കോൺഗ്രസ് (ഐ)
V	ചന്ദനത്തോപ്പ്	കെ. ഗോപിനാഥൻ നായർ	കോൺഗ്രസ് (ഐ)
VI	മാമ്പുഴ	എം.എ. മജീദ്	കോൺഗ്രസ് (ഐ)
VII	ആലുംമൂട്	പി. ഗോപാലകൃഷ്ണ പിള്ള	സ്വതന്ത്രൻ
VIII	പുനുക്കന്നൂർ ബി	പുത്തൻകട നജീം (ഗൾഫിൽ ജോലിലഭിച്ചതിനാൽ ഒഴിഞ്ഞുകിടന്നു)	കോൺഗ്രസ് (ഐ)
IX	പുനുക്കന്നൂർ എ (പട്ടികജാതി സംവരണം)	കെ. ജയചന്ദൻ	കോൺഗ്രസ് (ഐ)
X	ഇളമ്പള്ളൂർ	ജെ. ഗോപിനാഥൻ പിള്ള	കോൺഗ്രസ് (ഐ)
XI	കുരീപ്പള്ളി	ഈ.എ. ഖരീം	കോൺഗ്രസ് (ഐ)
XII	പെരുമ്പുഴ എ	ഒ. മത്തായി	കോൺഗ്രസ് (ഐ)
XIII	പെരുമ്പുഴ ബി	കെ. മുരളീധരൻ പിള്ള	കോൺഗ്രസ് (ഐ)
XIV	കുണ്ടറ എ	കെ. ജോർജ്ജ്കുട്ടി	കോൺഗ്രസ് (ഐ)
XV	കുണ്ടറ ബി	അഡ്വ. ബേബി തോമസ്	കോൺഗ്രസ് (ഐ)

യിലും പെരുമ്പുഴയിലും രണ്ട് വാട്ടർടാങ്കുകൾ നിർമ്മിക്കൽ, വഴിവിളക്കുകൾ സ്ഥാപിക്കൽ തുടങ്ങിയ നിരവധി ക്ഷേമപ്രവർത്തനങ്ങൾ നടത്തിയിരുന്നു. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി ചില പരിപാടികൾ ആവിഷ്കരിച്ചിരുന്നു. എന്നാൽ സ്ഥായിയായ ഉല്പാദനക്ഷമതാ വർദ്ധനവിനോ, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള മനപൂർവ്വമായ ഇടപെടലിനോ, കാർഷികരംഗത്തെ മുരടിപ്പ് മാറ്റുന്നതിനോ ആസൂത്രിതമായ ഒരു ഇടപെടൽ മുൻ ഭരണസമിതികളെപോലെ ഇതിനു സാധിച്ചിരുന്നില്ല. ജവഹർ റോസ്കാർ യോജന ഈ ഭരണസമിതിയുടെ കാലത്താണ് ആരംഭിച്ചത്.

അഞ്ചാമത്തെ ഭരണസമിതി

(കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ ഒന്നാമത്തെ ഭരണസമിതി – നിലവിൽ ഭരണം നടത്തുന്നു).

നിലവിലുള്ള ഭരണസമിതി അംഗങ്ങളുടെ പേരു വിവരം ഇതിന്റെ ആദ്യഭാഗത്ത് ചേർത്തിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ 73,74 –ാം ഭേദഗതികളുടെ ചുവടുപിടിച്ചുകൊണ്ട് 1994 –ൽ കേരളനിയമസഭ പാസാക്കിയ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ചുള്ള പഞ്ചായത്ത് ഭരണസമിതിയാണ് ഇന്ന് നിലവിലുള്ളത്. ത്രിതല പഞ്ചായത്തുകളുടെ രൂപീകരണത്തോടെ 1994 –ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ മൂന്നാം അദ്ധ്യായത്തിലെ വകുപ്പ് 7 പ്രകാരം മുൻ പഞ്ചായത്തുകളെ ഗ്രാമപഞ്ചായത്ത് എന്ന നാമകരണം ചെയ്തിരിക്കുന്നു. അങ്ങനെ കൊറ്റങ്കര പഞ്ചായത്ത്, കൊറ്റങ്കര ഗ്രാമപഞ്ചായത്തായി നിലവിൽ വന്നു. 15 അംഗ പഞ്ചായത്ത് സമിതിയിൽ അതിന്റെ മൂന്നിലൊന്നായ 5 അംഗങ്ങൾ വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു. അതിൽ ഒരെണ്ണം പട്ടികജാതിക്കാർക്കും. ഒരു വാർഡ് പട്ടികജാതിക്കാർക്കായി മാറ്റിയിരിക്കുന്നു. കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് പദവും പട്ടികജാതിയിൽ പെട്ട അംഗത്തിനായി സംവരണം ചെയ്തിരിക്കുന്നു.

ഒമ്പതാം പഞ്ചവത്സരപദ്ധതിയെ ഒരു ജനകീയാസൂത്രണ പദ്ധതിയായി കേരളാ സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ? ഏതാണ്ട് 35–40% വരുന്ന തുക പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഇപ്പോഴത്തെ ഭരണസമിതിക്ക് അവസരം ലഭിച്ചിരിക്കുന്നു. ശരിയായ ആസൂത്രണത്തിലൂടെയും, നടത്തിപ്പിലൂടെയും, കൊറ്റങ്കര പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ആക്കം കൂട്ടാൻ ഈ സമിതിക്ക് കഴിയണം. ജനകീയ പങ്കാളിത്തം ഉറപ്പാക്കണം. നെൽകൃഷി, തെങ്ങുകൃഷി, കശുമാവ് കൃഷി, പച്ചക്കറി, കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ പ്രാഥമിക മേഖലയായ കൃഷിക്കും ജലസേചനത്തിനും, മൃഗസംരക്ഷണത്തിനും മുഖ്യ പ്രാധാന്യം നൽകിയും, ദ്വിതീയമേഖലയിലും തൃതീയമേഖലയിലും കാര്യമായ ഊന്നൽ നൽകിയും 9–ാം പഞ്ചവത്സരപദ്ധതിക്ക് ജനകീയാസൂത്രണം വഴി നേതൃത്വം നൽകി പദ്ധതികൾ നടപ്പിലാക്കാനുള്ള ഒരു സുവർണ്ണാവസരം ഇന്നത്തെ ഭരണസമിതിക്ക് കൈവന്നിരിക്കുകയാണ്.

ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂവിഭവങ്ങളുടെ പരിരക്ഷണത്തിന്റെ പ്രാധാന്യവും അർത്ഥവ്യാപ്തിയും വളരെ പ്രസക്തമായിരിക്കുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയും കാലാവസ്ഥയും കാരണം മണ്ണ് - ജല സംരക്ഷണത്തിന് വികസന പ്രവർത്തനങ്ങളിൽ അതിപ്രധാനമായ സ്ഥാനമുണ്ട്. 3000 മില്ലീമീറ്റർ മഴ ലഭിക്കുന്ന കേരളത്തിൽ കേവലം നാലഞ്ച് മാസത്തെ ഇടവേളയിൽ വെള്ളപ്പൊക്കവും വരൾച്ചയും അനുഭവപ്പെടുന്നു എന്നത് മണ്ണ് - ജല സംരക്ഷണത്തിന്റെ പ്രാധാന്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. പരിസ്ഥിതിയ്ക്കനുയോജ്യമല്ലാത്ത ഭൂവിനിയോഗരീതികൾ ഭൂ ജല വിഭവങ്ങളുടെ ഗുരുതരമായ നാശത്തിലേക്ക് വഴി തെളിക്കുന്നു. തത്ഫലമായി ഭൂമിയുടെ ഉല്പാദനക്ഷമത ഇടിയുകയും കാർഷിക സാമ്പത്തിക മേഖലകളെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഇക്കാരണങ്ങളാൽ പ്രകൃതി സംരക്ഷണം ഉറപ്പാക്കിക്കൊണ്ടും ഉല്പാദനക്ഷമതയെ വർദ്ധിപ്പിച്ചുകൊണ്ടും പ്രകൃതിവിഭവങ്ങളുടെ പരിപാലനം നടത്തുക എന്നത് അത്യന്താപേക്ഷിതമാകുന്നു.

കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയനുസരിച്ച് മൂന്നായി തരം തിരിക്കാം. മലനാട്, ഇടനാട്, തീരപ്രദേശം. കൊറ്റങ്കര പഞ്ചായത്ത് ഇതിലെ രണ്ടാമത്തെ വിഭാഗത്തിൽ പെടുന്നു. കൊല്ലം പട്ടണത്തിന് 12 കിലോമീറ്റർ കിഴക്കുമാറി, കൊല്ലം ചെങ്കോട്ട റോഡിന്റെ തെക്കുവശത്തായി സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 25.43 ചതുരശ്ര കിലോമീറ്ററാണ്. ജനസാന്ദ്രതയുടെ കാര്യത്തിൽ മുന്നിൽ നിൽക്കുന്ന ഈ പഞ്ചായത്തിന് പരമാവധി ആകാവുന്ന 15 വാർഡുകളായി തിരിച്ചിരിക്കുന്നു. (പട്ടിക - 1)

പട്ടിക - 1

വാർഡ്	പേര്
1	പേരൂർ എ
2	പേരൂർ ബി
3	പേരൂർ സി
4	കൊറ്റങ്കര
5	ചന്ദനത്തോപ്പ്
6	മാമ്പുഴ
7	ആലുംമൂട്
8	പുനുക്കന്നൂർ ബി
9	പുനുക്കന്നൂർ എ
10	ഇളമ്പള്ളൂർ
11	കുരീപ്പള്ളി
12	പെരുമ്പുഴ എ
13	പെരുമ്പുഴ ബി
14	കുണ്ടറ എ
15	കുണ്ടറ ബി

വടക്ക് കുണ്ടറ പഞ്ചായത്തും തെക്ക് തൃക്കോവിൽ വട്ടം പഞ്ചായത്തും, വടക്കേവിള പഞ്ചായത്തും, കിഴക്ക് കരീപ്ര, നെടുമ്പന പഞ്ചായത്തുകളും പടിഞ്ഞാറ് കിളികൊല്ലൂർ, പെരിനാട് പഞ്ചായത്തുകളുമാണ് ഈ പഞ്ചായത്തിന്റെ അതിരുകൾ.



ഭൂപടം 1 ആധാരം: റവന്യൂ ഭൂപടം, സർവ്വേ.

ഭൂ പ്രകൃതി

കേരളത്തിന്റെ ഇടനാട് വിഭാഗത്തിൽ പെടുന്ന ഭൂപ്രകൃതിയാണ് കൊറ്റങ്കര പഞ്ചായത്തിൽ കാണുവാൻ സാധിക്കുന്നത്. പ്രാദേശികാസൂത്രണം എന്ന ലക്ഷ്യം നടപ്പിലാക്കുവാൻ കേവലം ഇത്തരമൊരു തരം തിരിക്കൽ മാത്രം മതിയാകുകയില്ല. പൊതുവെ നിമ്നോന്നതങ്ങളായി കാണപ്പെടുന്ന ഈ പഞ്ചായത്തിന്റെ വിശദമായ ഭൂപ്രകൃതി വ്യവസ്ഥകൾ, വിവേ ഭൂപട സർവ്വേ, ധരാതലീയ ഭൂപടസർവ്വേ, പഠന പര്യടനങ്ങൾ എന്നിവ വഴി മനസ്സിലാക്കാവുന്നതാണ്.

തെക്കേ അതിർത്തി പ്രദേശമായ കുരീപ്പുള്ളിയ്ക്കടുത്തുള്ള ചില ഭാഗങ്ങൾ താരതമ്യേന ഏറ്റവും ഉയർന്ന സ്ഥലങ്ങളാണെന്ന് മനസ്സിലാക്കാം. പൊതുവെ പറഞ്ഞാൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശവും തെക്കു - പടിഞ്ഞാറ് ദിശയിലേക്കുള്ള ചരിവ് പ്രദർശിപ്പിക്കുന്നു.

നിമ്നോന്നതിയെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ ഇരുപത് മീറ്ററിൽ താഴെ, ഇരുപതിനും നാൽപ്പത് മീറ്ററിനും മദ്ധ്യേ, നാൽപ്പത് മീറ്ററിനു മുകളിൽ എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. ഇവയിലോരോന്നിന്റെയും വിസ്തൃതിയും കിടപ്പും താഴെ കാണിച്ചിരിക്കുന്നു. (ഭൂപടം - 2, പട്ടിക - 2)

പട്ടിക - 2

ആനുപാതിക ഉയരം	വിസ്തീർണ്ണം (ഹെക്ടറിൽ)	%
20 മീറ്ററിനു താഴെ	780	30.67
20 - 40 മീറ്ററിനു ഇടയിൽ	1330	52.30
40 മീറ്ററിനു മുകളിൽ	433	17.03
ആകെ	2543	100

വിവിധ സർവ്വേകളുടെ അടിസ്ഥാനത്തിൽ വെളിവായ വിവരങ്ങൾ വച്ച് കൊറ്റങ്കര പഞ്ചായത്തിന്റെ ഭൂഭാഗങ്ങളെ പ്രധാനമായി രണ്ടായി തരംതിരിക്കാം. (ഭൂപടം - 3)

നിമ്നോന്നതി



ഭൂപ്രകൃതി, നിരൊഴുക്ക്, നീർമറികൾ



1. ഖാദന ഭൂരൂപങ്ങൾ (Erosional Land forms)

മണ്ണൊലിപ്പിന് സാധ്യതയുള്ള ഈ പ്രദേശങ്ങളെ ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ പലതായി തിരിക്കാം.

A. കുന്നിൻ മുകൾഭാഗം (Ridge Crest) ഭൂപടത്തിൽ ഇവയെ T_1 എന്ന ചിഹ്നംകൊണ്ട് രേഖപ്പെടുത്തിയിരിക്കുന്നു.

B. മലമുകൾ/മുകൾപരപ്പ് (Hill Crest) T_2 എന്ന ചിഹ്നംകൊണ്ട് സൂചിപ്പിച്ചിരിക്കുന്നതാണ്. ഇത്തരം ഭൂഭാഗങ്ങൾ.

C. പാർശ്വ ചരിവുകൾ : മണ്ണൊലിപ്പു പ്രക്രിയ പ്രധാനമായും ബാധിക്കുന്ന ഇത്തരം പ്രദേശങ്ങളെ അവയുടെ ചരിവിന്റെ അള വനുസരിച്ച് മിതമായ/ചെറിയ ചരിവ്, (S_2, 5^0 - 10^0) ഇടത്തരം ചരിവ് (S_3, 10^0 - 15^0)എന്നിങ്ങനെ തിരിക്കാവുന്നതാണ്.

നിക്ഷേപ ഭൂരൂപങ്ങൾ (Depositional Land forms)

താഴ്വരകൾ : മണ്ണിടിച്ചിലിന് സാധ്യതയുള്ള ഇത്തരം ഭൂരൂപങ്ങൾ ഏറ്റവും താഴ്ന്ന പ്രദേശങ്ങളാണ്. കുന്നുകൾക്കിടയിൽ കാണപ്പെടുന്ന ഇത്തരം പ്രദേശങ്ങൾക്ക് താരതമ്യേന നിരന്ന പ്രകൃതിയാണുള്ളത്.

ഉപരിതല മണ്ണ്

ഭൂവിഭവങ്ങളിൽ ഏറ്റവും വൈവിധ്യമാർന്ന ഘടകം മണ്ണാണ്. ആഹാരത്തിനും പാർപ്പിടത്തിനും മനുഷ്യന് മണ്ണിനെ ആശ്രയിച്ചേ തീരൂ. അനേകായിരം വർഷത്തെ ജൈവരാസപരിണാമങ്ങൾക്കു വിധേയമായി ഉണ്ടാകുന്ന ഏതാനും ഇഞ്ച് മേൽമണ്ണാണ് ഭൂമിയിൽ ജീവന്റെ ആധാരം. സസ്യജാലങ്ങളെ പരിപോഷിപ്പിക്കുന്ന മേൽ മണ്ണിനെക്കുറിച്ചുള്ള പഠനവും പരിരക്ഷണവും ഇക്കാരണത്താൽ പ്രാധാന്യം അർഹിക്കുന്നു. ജലസംഭരണി എന്ന നിലയിലും ഭൂവിനിയോഗ സംബന്ധമായ കാര്യങ്ങളിലും പ്രധാന പങ്കുവഹിക്കുന്നു എന്നതിനാൽ മണ്ണിനെ ഒരു പ്രധാന വിഭവമായി കണക്കാക്കപ്പെടുന്നു. മണ്ണിന്റെ ഈ കഴിവ്, ചില ഭൗതിക ഗുണങ്ങളേയും മണ്ണിലടങ്ങിയിരിക്കുന്ന ജൈവാംശത്തിന്റെ തോതിനേയും, ഭൂമിയുടെ ചരിവിനെയും ആശ്രയിച്ചിരിക്കുന്നു. മണ്ണിന്റെ ഭൗതിക ഗുണങ്ങൾ, ഘടന, രചന, ചരലിന്റെ അളവ്, ജലസംഭരണശേഷി, അന്തഃസ്രവണ നിരക്ക്, ആഗിരണശേഷി, ആഴം, മണ്ണിലെ സുഷിരങ്ങൾ എന്നിവയാണ്.

കൊറ്റങ്കര പഞ്ചായത്തിലെ ഉപരിതല മണ്ണിന്റെ ഘടനയ്ക്കനുസരിച്ച് (ആഴം ഒഴികെയുള്ള ഭൗതിക ഗുണങ്ങൾ കണക്കിലെടുത്തുകൊണ്ട്) അവയെ ചെമ്മണ്ണ് (Lateritic Soil) ചരൽ കലർന്ന ചെമ്മണ്ണ്, എക്കൽ മണ്ണ് എന്നിങ്ങനെ മൂന്നായി തിരിക്കാം. (K-07 of National Bureau of Soil and Land use Planning) വെട്ടുകല്ലിൽ നിന്നും രൂപാന്തരപ്പെട്ടുണ്ടാകുന്ന ചെമ്മണ്ണ് പ്രധാനമായും കുന്നിന്റെ മുകൾഭാഗത്ത് കാണപ്പെടുന്നു. ഇത്തരം മണ്ണിന് പശിമരാശി കൂടുതലാണ്. പാർശ്വ ചരിവുകളിൽ കാണുന്ന ചെമ്മണ്ണിൽ ചരലിന്റെ സാന്നിദ്ധ്യം വളരെ കൂടുതലാണ്. ഇത്തരം മണ്ണിൽ ജലത്തിന്റെ ആഗിരണശേഷിയും (Infiltration Capacity) ആന്തഃസ്രവണനിരക്കും (Subsoil drainage) വളരെ കൂടുതലാണ്; ജലസംഭരണശേഷി കുറവും. ജൈവാംശത്തിന്റെ അഭാവം ഈ പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നു. ഇത്തരം പ്രദേശങ്ങളിൽ സമ്മിശ്ര കൃഷിയാണ് നടത്തിവരുന്നത്. എക്കൽ മണ്ണ് സാധാരണയായി താഴ്വര പ്രദേശങ്ങളിൽ കാണപ്പെടുന്നു. ഇത്തരം മണ്ണിന് ആഗിരണശേഷിയും അന്തഃസ്രവണനിരക്കും ചെമ്മണ്ണിനേക്കാൾ കുറവാണെങ്കിലും ജലസംഭരണശേഷി കൂടുതലാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗങ്ങളിൽ പഞ്ചസാരപോലുള്ള മണൽ മണ്ണാണ് കൂടുതലായി കാണുന്നത്.

കുന്നിൻ മുകൾ, മലമുകൾ എന്നീ പ്രദേശങ്ങളെ ആവരണം ചെയ്തിരിക്കുന്ന ചെമ്മണ്ണിന്റെ ഘനം വ്യത്യാസപ്പെട്ടിരിക്കുന്നു. എങ്കിലും ശരാശരി ഘനം 30 സെ. മീ. മുതൽ 50 സെ. മീ. വരെ എന്നു പറയാം. താഴ്വര പ്രദേശങ്ങളിൽ എക്കൽ മണ്ണിന് ഒരു മീറ്ററിലധികം ഘനം കാണിക്കുന്നുണ്ട്.

പാർശ്വ ചരിവു പ്രദേശങ്ങളിലെ മേൽമണ്ണിന്റെ ഘനം പല പ്രദേശങ്ങളിലും തുലോം കുറവാണെന്നത് മണ്ണൊലിപ്പ് പ്രക്രിയയുടെ ഗതിവേഗത്തെ സൂചിപ്പിക്കുന്നു. ഇത്തരം സ്ഥലങ്ങളിൽ വെട്ടുകല്ല് പാറ തെളിഞ്ഞ് കാണപ്പെടുന്നു (Duricrest). വെട്ടുകല്ല് പാറ, മാതൃശില മണ്ണായി രൂപാന്തരപ്പെടുന്ന പ്രക്രിയയിലെ ഒരു തലമാണ് (Laterlisation), ഇത്തരം വെട്ടുകൽ പാറ, മണ്ണിന്റെ ആഴം ജലത്തിന്റെ നീർവാഴ്ച എന്നിവയെ ഒരു പരിധിവരെ കുറയ്ക്കുന്നു.

പഞ്ചായത്തിന്റെ വടക്കൻ മേഖലയിലുള്ള കിണറുകളുടെ പഠനത്തിൽ നിന്നും 14 – 15 മീറ്ററോളം താഴ്ചയിൽ വെട്ടുകല്ല് പാറയും അതിനുശേഷം ഇടവിട്ടിടവിട്ട് Sand stone ഉം Clay - യും കാണാൻ സാധി

ക്കുന്നു. ഏകദേശം 30 സെ. മീ. മുതൽ 50 സെ. മീ. വരെ ഘനത്തിൽ കൽക്കരിയുടെ പ്രാഥമിക ദശയായ Peat അടങ്ങിയ കളിമണ്ണും ലഭിക്കുന്നു. (WARKALLI FORMATIONS)

തെക്കൻ ഇടനാട് കാർഷിക മേഖലയിൽ ഉൾപ്പെടുന്നതാണ് കൊറ്റങ്കര പഞ്ചായത്ത്. ഈ പഞ്ചായത്തിലെ ശരാശരി മാസവർഷപാതം ഏറ്റവും കുറവ് ജനുവരിയിലും ഏറ്റവും കൂടുതൽ ജൂലൈയിലുമാണ്. വടക്കുകിഴക്കൻ മൺസൂണിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ഈ പഞ്ചായത്തുകൂടി ഉൾപ്പെടുന്ന കൊല്ലം ജില്ലയിലാണ്. ഏറ്റവും കൂടുതൽ താപനില അനുഭവപ്പെടുന്നത് ഏപ്രിലിലും കുറഞ്ഞ താപനില ജനുവരി മാസത്തിലുമാണ്. (ഗ്രാഫ് 1,2).

3000 മില്ലീ മീറ്റർ വാർഷിക മഴ ലഭിക്കുന്ന കേരളത്തിലെ 44 നദികളിലും മറ്റു ചെറു തോടുകളിലുമുള്ള ജലം വേനൽക്കാലത്തു വറ്റിവരണ്ടുപോകുന്നു. ഏതാണ്ട് 78000 ദശലക്ഷം ഘനമീറ്റർ ജലമാണ് ഇപ്രകാരം നദികളിലൂടെ ഒഴുകിപ്പോകുന്നത്. പക്ഷേ ഇതിൽ 60% മാത്രമെ ലാഭകരമായി സംഭരിച്ച് ഉപയോഗയോഗ്യമാക്കാൻ കഴിയുകയുള്ളൂ. ഇപ്രകാരം ആവശ്യങ്ങൾ മുഴുവനും നേരിടുന്നതിന്റെ മുന്നോടിയായി ഉയർന്ന കൃഷിഭൂമികളിൽ പെയ്തേൽക്കുന്ന മഴവെള്ളം അതാതിടങ്ങളിൽ മണ്ണിനുള്ളിലേക്ക് ഊർന്നിറങ്ങി ഭൂഗർഭജലവിതാനം ഉയർത്തുന്നതിലൂടെ കിണറുകളും തോടുകളും വറ്റാതിരിക്കുവാനുള്ള നീർമറി പരിപാലന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടിയിരിക്കുന്നു. (Watershed Development & Management) വരും നാളുകളിൽ ജലസംരക്ഷണം ലക്ഷ്യമാക്കി സ്ഥലജലപരിപാലന മുറകൾ കൃഷിഭൂമികളിലും പുറമ്പോക്കുകളിലും മറ്റും അനുവർത്തിക്കേണ്ടതാണ്.

കൊറ്റങ്കര പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള വലിയ പുനുക്കന്നൂർ ഏലായിലൂടെയും പെരുമ്പുഴ ഏലായിലൂടെയും തെക്കോട്ട് ഒഴുകുന്ന തോടിന്റെയും മാമ്പുഴ ഏലായിലൂടെയും കൊറ്റങ്കര ഏലായിലൂടെയും മദ്ധ്യത്തിലൂടെ തെക്കോട്ടൊഴുകുന്ന തോടിന്റെയും പേരൂർ ഏലായുടെ മദ്ധ്യത്തുകൂടി തെക്കോട്ടൊഴുകുന്ന തോടിന്റെയും നീളം 18.85 കി. മീ. ആകുന്നു. കല്ലട ജലസേചന പദ്ധതിയുടെ കനാൽ 9.2 കി. മീ. ദൈർഘ്യത്തിലും ഈ പഞ്ചായത്തിൽക്കൂടി കടന്നുപോകുന്നു.



വർഷപാതം



അന്തരീക്ഷ ഊഷ്മാവ്

കിണറുകൾ

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. വിഭവ ഭൂപട സർവ്വേയിൽ നിന്നും മനസ്സിലാകുന്ന ഒരു കാര്യം, ഈ പഞ്ചായത്തിലെ 70–80%ത്തോളമുള്ള കിണറുകളും വേനൽക്കാലത്ത് വറ്റുന്നതാണ്. താഴ്ന്ന പ്രദേശങ്ങളിലെ കിണറുകളിൽ മാത്രമേ വേനൽക്കാലങ്ങളിൽ ജലം ലഭിക്കുന്നുള്ളു. ശരിയായ സ്ഥല – ജല പരിപാലനത്തിലൂടെ ഈ ക്ഷാമം മാറ്റിയെടുക്കാവുന്നതാണ്. വർഷകാലത്തു തന്നെ വരൾച്ചാ നിർമ്മാർജ്ജന പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കണം. പഞ്ചായതത്തിൽ ലഭിക്കുന്ന മഴവെള്ളത്തെ ഏറ്റവും ചെലവുകുറഞ്ഞതും, ലളിതവും, പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കാത്തതുമായ മാർഗ്ഗങ്ങൾ വഴി മണ്ണിൽ ശേഖരിക്കുകയാണെങ്കിൽ ഭൂഗർഭ ജലവിതാനം ഉയർത്തുവാൻ സാധിക്കും. (ഭൂപടം – 4)

കുളങ്ങൾ

കുളങ്ങളാൽ അനുഗ്രഹീതമാണ് ഈ പഞ്ചായത്ത് എന്നുതന്നെ പറയാം. പക്ഷേ ഫലത്തിൽ ഒരു കുറഞ്ഞ ശതമാനത്തിലെങ്കിലും അവ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഒട്ടുമിക്ക തലക്കുളങ്ങളും നികത്തപ്പെട്ടതായി ഭൂപടങ്ങളിൽ നിന്നും മനസ്സിലാക്കാം. തലക്കുളങ്ങളുടെ പുനരുദ്ധാരണവും ശരിയായ ജലവിതരണരീതികളും പ്രാവർത്തികമാക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ കൃഷിമേഖലയെ അത് തീർച്ചയായും പരിപോഷിപ്പിക്കും. പ്രധാനപ്പെട്ട ക്ഷേത്രക്കുളങ്ങളും മറ്റുള്ള കുളങ്ങളും ഭൂഗർഭ ജലസ്രോതസ്സിന്റെ അളവിനെ വർദ്ധിപ്പിക്കുന്നു എന്നത് പ്രത്യക്ഷമായ വസ്തുതയാണ്. ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങളിൽ പ്രധാനമായുള്ളത് കുമിളി കുളമാണ് (വാർഡ് – 5). (0.1 H) മാമ്പുഴ ഏലായുടെ തലക്കുളമായി വർത്തിച്ചിരുന്ന ഈ കുളത്തിന്റെ പുനരുദ്ധാരണം മാമ്പുഴ ഏലായിലെ

ജലലഭ്യത ഭൂപടം



രൂപടം 4

കൃഷിക്ക് എന്തുകൊണ്ടും പ്രയോജനകരമായിരിക്കും. പഞ്ചായത്തിലെ പ്രദേശങ്ങൾക്കു ജലക്ഷേമപരമായി പ്രയോജനപ്പെടുന്ന പദ്ധതികൾ തയ്യാറാക്കുമ്പോൾ ഉപയോഗശൂന്യമായി കിടക്കുന്ന ഇത്തരം കുളങ്ങളെ ഉൾപ്പെടുത്താവുന്നതാണ്. പ്രധാന കുളങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

കുളങ്ങൾ

വാർഡ്	കുളങ്ങളുടെ വിവരം
പേരൂർ എ	1. പേരൂർ പുളിശ്ശേരി കുളം 2. ട്രാൻസ്ഫോർമർ – ആമക്കോട് ഭാഗത്തെ കുളം 3. തെറ്റിച്ചിറ ക്ഷേത്രത്തിനു മുൻവശത്തെ കുളം
പേരൂർ ബി	1. തെക്കടത്തു കുളം 2. പേരൂർ ക്ഷേത്രത്തിനു വടക്കുകിഴക്ക് – ഊറ്റുകുഴി കുളം
പേരൂർ സി	1. പേരൂർ പണ്ടാരകുളം
കൊറ്റങ്കര	1. വെള്ളുച്ചിറകുളം
ചന്ദനത്തോപ്പ്	1. കുമിളികുളം
മാമ്പുഴ	1. മാമ്പുഴ ക്ഷേത്രക്കുളം 2. കോണത്തുകുളം 3. വേലംകോണം പുത്തൻകുളങ്ങര കുളം 4. ഞെട്ടയിൽ മിച്ചഭൂമി കുളം 5. കൈപ്പള്ളി കുളം
ആലുംമൂട്	1. ആലുംമൂട് പാപ്പാകുളങ്ങര വലിയകുളം 2. ഉടയൻകാവ് കുളം 3. ഊറ്റുകുളം
പുനുക്കന്നൂർ ബി	1. കോണത്ത് കുളം
പുനുക്കന്നൂർ എ	1. വടവൂർ കുളം 2. കുളപ്ര ക്ഷേത്രക്കുളം 3. ചിറയടി കുളം
ഇളംപള്ളൂർ	1. പടിയറ്റുവിള കുളം 2. ഊറ്റുകുഴി 3. വെള്ളംകൊള്ളി കുളം
കുരീപ്പള്ളി	1. കുരീപ്പള്ളി ഇറിഗേഷൻ കുളം 2. വില്ലൂർകുളം
പെരുമ്പുഴ എ	1. തൃക്കോയിക്കൽ ക്ഷേത്രക്കുളം
പെരുമ്പുഴ ബി	1. കണ്ണാട്ടുകുളം 2. അഴുകപൊയ്ക കുളം
കുണ്ടറ എ	1. ചെപ്പള്ളി കുളം 2. കുണ്ടറ പിള്ളവീട്ടിൽ കുളം
കുണ്ടറ ബി	1. കണ്ണോലിക്കോണം കുളം

കാവുകൾ

പ്രധാനമായും കുളങ്ങളോടും ക്ഷേത്രങ്ങളോടും അനുബന്ധിച്ച് കാവുകളും കാണപ്പെടുന്നു. ജൈവ വൈവിധ്യരംഗത്ത് അത്യന്താപേക്ഷിതമാണ് കാവുകളുടെ സംരക്ഷണം. ഔന്നത്യത പുലർത്തുന്ന പലതരം സസ്യജാലവൈവിധ്യം (അവയിൽ പലതും ഔഷധ സസ്യങ്ങളും) ഇത്തരം കാവുകളിൽ നമുക്ക് കാണാൻ കഴിയും. ഇവയുടെ സംരക്ഷണത്തിന് പ്രത്യേകം ഊന്നൽ കൊടുക്കേണ്ടതാണ്. ഇളംബള്ളൂർ കാവ്, മാമ്പുഴ കാവ്, ഊത്താംപള്ളി കാവ്, മാടൻ കാവുകൾ എന്ന പേരിൽ ധാരാളം കാവുകൾ, പേരൂർ കാവ്, പേരൂർ കൊച്ചുകാവ്, ഇലഞ്ഞിവേലിൽ കാവ്, കണ്ണങ്കരകാവ്, കുരണ്ടിപ്പള്ളി കാവ്, കളയ്ക്കാട്ട് കാവ്, പാട്ടുപുരയ്ക്കൽ കാവ്, നെടുമൺ കളരി കാവ് എന്നിങ്ങനെ പ്രാധാന്യമേറിയ ധാരാളം കാവുകളുടെ ബാക്കി ഭാഗങ്ങൾ ഇന്നും ഇവിടെ അവശേഷിക്കുന്നുണ്ട്.

ഭൂവിനിയോഗം

ഭൂപടങ്ങളിൽ നിന്നും കൊറ്റങ്കര പഞ്ചായത്തിൽ നടപ്പിലാക്കിയിരിക്കുന്ന കൃഷിരീതികളെക്കുറിച്ച് മനസ്സിലാക്കാം. 2543 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ മുഖ്യമായും സമ്മിശ്രകൃഷിരീതിയാണുള്ളത്. ഏകദേശം 88% പ്രദേശങ്ങളിൽ ഇത് കാണുവാൻ സാധിക്കുന്നു. തെങ്ങ് കൃഷി ഉയർന്ന പ്രദേശങ്ങളിലും മരച്ചീനി മറ്റു പച്ചക്കറികൾ തുടങ്ങിയവ പാർശ്വചരിവുകളിലും കൃഷിചെയ്യുന്നതായി കാണാം. 12%ത്തോളം പ്രദേശത്ത് ഇരുപ്പു നെൽക്കൃഷി ചെയ്യുവരുന്നു. മറ്റു കൃഷികൾക്കും ഗൃഹനിർമ്മാണത്തിനും വേണ്ടി പാടം നികത്തുക എന്ന പ്രവണത ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ കുറവാണ് (0.07%). കൊറ്റങ്കര, മാമ്പുഴ, പുനുക്കന്നൂർ പ്രദേശങ്ങളിൽ വെട്ടുകല്ല്, പാറ (Laterite) ഇവ ഖനനം ചെയ്യുന്നതായി കാണുന്നു. ഇത്തരം രീതിയിലുള്ള വെട്ടുകല്ല് ഖനനം വ്യാവസായികാവശ്യാടിസ്ഥാനത്തിൽ നടത്തുവാൻ യോജിച്ച സ്ഥലങ്ങൾ പഞ്ചായത്തിലുള്ളതായി പഠനപര്യടനങ്ങളിൽ നിന്നും വ്യക്തമായി

(പഠനപര്യടന ചിത്രം, ഗ്രാഫ് – 3, പട്ടിക – 4)

പഠനപര്യടന ചിത്രം



സ്ഥാനം	A, E, H, K, L	B, D	I, G	C, F, J
ഭൂപ്രകൃതി	കുന്നിന്റെ മുകൾഭാഗം	ഇടത്തരം ചരിവ് (5-10°)	ചെറുതായ ചരിവ് (10-15°)	താഴ്വര
മണ്ണ്	ചുവന്ന് അയർന്ന ചരൽ കലർന്ന ചെമ്മണ്ണ് & പശിമരാശി മണ്ണ്	ചരൽ - ചെമ്മണ്ണ്		എക്കൽ മണ്ണ്
ഫലഭൂയിഷ്ഠത	കുറവ്	മിതം	മിതം	നല്ലത്
ഭൂവിനിയോഗം	മിശ്രകൃഷി	മിശ്രം (മരച്ചീനി)	മിശ്രകൃഷി	നെൽകൃഷി (ഇരുപ്പ്)

പഠന പര്യടന ചിത്രം



ഭൂവിനിയോഗം ഗ്രാഫ്

പട്ടിക – 4

ഭൂവിനയോഗം	വിസ്തൃതി (ഹെക്ടറിൽ)	%
മിശ്രിതകൃഷി (MC+MT+CO)	2238	88
നെൽകൃഷി ($P_1 + P_2$)	303	11.93
നികത്തിയ പാടം	2	.07
ആകെ	2543	100

ഭൂവിനിയോഗ ആസൂത്രണത്തിനുള്ള പരിസ്ഥിതി ബന്ധിത അവലോകനം – പരിസ്ഥിതി മേഖലകൾ (ECOZONES)

ഭൂപ്രകൃതി, മണ്ണിന്റെ തരം, ജലലഭ്യത, ഭൂവിനിയോഗം എന്നീ അടിസ്ഥാന ഘടകങ്ങളുടെ സമഗ്രമായ അവലോകനത്തിൽ നിന്നും (വിഭവ ഭൂപടസർവ്വേ, പഠനപര്യടനം, ധരാതലീയ ഭൂപട സർവ്വേ) ശാസ്ത്രീയമായും യുക്തിബോധവുമായ രീതിയിലുള്ള ഭൂവിനിയോഗ ആസൂത്രണം പ്രാദേശീകാടിസ്ഥാനത്തിൽ കൈവരിക്കുന്നതിന് ഈ പഞ്ചായത്തിനെ നാല് പരിസ്ഥിതി മേഖലകളായി തിരിക്കാം. (Landscape Ecological Approach) (ഭൂപടം – 5). ഓരോ പരിസ്ഥിതി മേഖലയുടേയും വിസ്തീർണ്ണവും വിവരണവും പ്രശ്നങ്ങളും, നിർദ്ദേശങ്ങളും, പരിഹാരമാർഗ്ഗങ്ങളും താഴെ വിവരിക്കുന്നു.

പട്ടിക – 5

പരിസ്ഥിതി മേഖലകൾ (ഹെക്ടറിൽ)	വിസ്തൃതി	%
EZ1	6.25	0.02
EZ2	550.00	21.62
EZ3	1477.45	56.91
EZ4	509.3	20.02



പരിസ്ഥിതി മേഖലകൾ

പരിസ്ഥിതി മേഖല 1ഉം 2ഉം (EZ 1 + EZ 2)

പ്രധാനമായും കുന്നിന്റെ മുകൾഭാഗങ്ങളും ഒറ്റപ്പെട്ട മുകൾ പരപ്പ് പ്രദേശങ്ങളും ഉൾപ്പെട്ടതാണ് ഈ മേഖലകൾ. കൊറ്റങ്കര പഞ്ചായത്തിന്റെ 22% വരുന്ന ആ രണ്ടു മേഖലകളേയും ശാസ്ത്രീയമായ വ്യതിയാനങ്ങൾ ഏറെയില്ലാത്തതുകൊണ്ട് ഒരുമിച്ച് പ്രതിപാദിക്കുന്നു. ഇത്തരം മേഖലകളിൽ പ്രധാനമായും പശിമരാശിയുള്ളതും ജൈവാംശം അടങ്ങിയതുമായ ചെമ്മണ്ണ് കാണപ്പെടുന്നു. കൃഷിക്കനുയോജ്യമായ ഇത്തരം മണ്ണുള്ള മേഖലകളിൽ പ്രധാനമായും സമ്മിശ്രകൃഷിരീതികളാണ് നടത്തിപ്പോരുന്നത്. സമുദ്രനിരപ്പിൽ നിന്നും ശരാശരി 40 മീറ്ററിനു മുകളിലായി കാണപ്പെടുന്ന ഈ പ്രദേശങ്ങളിൽ 50 സെ. മീ. വരെ ഘനത്തിൽ മേൽമണ്ണ് ഉണ്ടെന്ന് മനസ്സിലാക്കാം.

ജലക്ഷാമം ഏറ്റവും കൂടുതൽ ഈ മേഖലകളിലാണനുഭവപ്പെടുന്നത്. 60% മുതൽ 70% വരെ തെങ്ങുകൾ രോഗബാധിതമായി കാണപ്പെടുന്നു. ഇക്കാരണങ്ങളാൽ ഓരോ യൂണിറ്റിൽ നിന്നും ലഭിക്കുന്ന വിളവ് താരതമ്യേന കുറവാണെന്ന് കാണുന്നു. മണ്ണൊലിപ്പിന്റെ ആരംഭദശ എന്നു വേണമെങ്കിൽ ഈ മേഖലയെ വിശേഷിപ്പിക്കാം.

ഈ മേഖലയിലെ ജലക്ഷാമം പരിഹരിക്കാൻ തൽ സ്ഥല ജലപരിപാലന പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. ഓരോതുള്ളി വെള്ളവും ഒഴുകിപ്പോകാതെ അവിടവിടെ സംഭരിച്ചു നിർത്തുകയും ഭൂഗർഭ ജലവിതാനത്തെ അങ്ങിനെ പരിപോഷിപ്പിക്കുകയും ചെയ്യാം. മണ്ണിന്റെ ജൈവാംശതോത് വർദ്ധിപ്പിച്ചും ആഗിരണശക്തി കൂട്ടാവുന്നതാണ്. വെള്ളക്കെട്ടനുഭവപ്പെടാത്ത ഇത്തരം മേഖലകളിലെ പറമ്പുകളിൽ മഴ

ക്കാലത്തിനു മുമ്പായി ഒരു മീറ്റർ വരെ ആഴമുള്ള കുഴികൾ നിർമ്മിച്ചാൽ അതിൽ മഴവെള്ളം കെട്ടിനിൽക്കുന്നതിനും തദ്വാര ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും സാധിക്കും. പ്രായോഗികമായ രീതിയിൽ ഇത്തരം കുഴികളുടെ നീളവും വീതിയും നിശ്ചയിക്കാവുന്നതാണ്. ജൈവപുതകൾ, മണ്ണുകൊണ്ടുള്ള പുതകൾ (Mulch), ബഹുനില കൃഷി, വിളപരിവർത്തനം തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതു മൂലം മണ്ണ് – ജല സംരക്ഷണം നടപ്പിലാക്കാം.

പരിസ്ഥിതി മേഖല 3 (EZ 3)

വിസ്തൃതിയിൽ ഒന്നാമതായി നിൽക്കുന്ന ഈ മേഖല ഭൂപ്രകൃതിയിലുള്ള മാറ്റം കൊണ്ടും മണ്ണ്, ഭൂവിനിയോഗം എന്നിവയിലുള്ള വ്യക്തമായ ഭിന്നതകൾ കൊണ്ടും ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നേരിടുന്ന മേഖലയായതിനാൽ സൂക്ഷ്മമായ അപഗ്രഥനവും പരിചരണവും ഈ മേഖലയ്ക്കുണ്ടാകണം. പാർശ്വചരിവുകൾ (ഇടത്തരം ചരിവും മിതമായ ചരിവും) അടങ്ങിയ ഈ മേഖലയിൽ ചരൽ കലർന്ന മണ്ണാണുള്ളത്. മിശ്രിതകൃഷി എന്നു പറയുന്നതിനെക്കാളും മരച്ചീനി കൂടുതലായി കൃഷിചെയ്യുന്നു എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി.

ഈ മേഖലയിലെ പ്രധാന പ്രശ്നം എന്നു പറഞ്ഞാൽ മണ്ണൊലിപ്പ് തന്നെയാണ്. ഒരു സ്ഥലത്തും ശാസ്ത്രീയമായ രീതിയിലുള്ള മണ്ണ് – ജല സംരക്ഷണ മാർഗ്ഗങ്ങളോ, കൃഷി രീതികളോ അവലംബിച്ചിട്ടില്ല. തദ്വാരാ താഴ്ന്ന പ്രദേശങ്ങളിലെ എക്കൽ മണ്ണിൽ ഈ പ്രദേശങ്ങളിൽ നിന്നും അടിയുന്ന അവസാദങ്ങളുടെ അളവ് കൂടിവരുന്നു. ഇത് നെൽക്കൃഷിക്ക് ദോഷപരമായി ഭവിക്കും എന്ന വസ്തുത മനസ്സിലാക്കി, പാർശ്വചരിവുകളിൽ സമോപ്പരേഖകളിലൂടെ ചരിവിന് കുറുകെ ബണ്ടുകൾ നിർമ്മിക്കുകയും, കോണ്ടൂർ ചാലുകൾ കുഴിക്കുകയും സസ്യതിരണകൾ വെച്ചു പിടിപ്പിക്കുകയും അതിലുപരി ചരിവുകളിൽ പ്രധാനമായും കൃഷിചെയ്തുവരുന്ന മരച്ചീനിക്കൃഷിക്കു പകരം അനുയോജ്യമായ മറ്റു കൃഷിരീതികൾ അവലംബിക്കേണ്ടതുമാകുന്നു.

സമോപ്പരേഖാ വേദികകൾ (Contour terracong), Directional ചാലുകൾ നിർമിക്കുന്നതും മണ്ണൊലിപ്പ് തടയാൻ സഹായിക്കുന്നതാണ്.

പരിസ്ഥിതി മേഖല 4 (EZ 4)

പൊതുവെ 20 മീറ്ററിൽ താഴെ മാത്രം ഉയരമുള്ളതും പ്രധാനമായും നെൽക്കൃഷി നടത്തിവരുന്നതുമായ ഈ പ്രദേശങ്ങളിൽ ഇരുപ്പുകൃഷി രീതിയാണ് നടത്തിവരുന്നത്. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും പാടശേഖരങ്ങൾക്ക് തലക്കുളങ്ങൾ നിർമ്മിച്ചും മുന്ന് പൂ കൃഷി ചെയ്യാനുള്ള സംവിധാനം ഉണ്ടായാൽ കാർഷികമേഖലയിലും തദ്വാരാ സാമ്പത്തികമേഖലയിലും അത് ഉണർവ്വുണ്ടാക്കും. പാടശേഖരണർക്കു മദ്ധ്യഭാഗത്തുകൂടി തെക്കോട്ടൊഴുകുന്ന തോടുകളുടെ പരിചരണവും ആവശ്യമാണെന്നു കാണാം.

മണ്ണു-ജല സംരക്ഷണവും നീർമറി വികസനവും (Watershed Development).

സ്ഥല-ജല സംബന്ധിയായ ഏതൊരു വികസന പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള അടിസ്ഥാന ഘടകമാണ് വാട്ടർഷെഡ് അഥവാ നീർമറി. ഒരു വാട്ടർ ഷെഡിൽ പെയ്യുന്ന മഴ ഒരു പൊതു സ്ഥലത്തുകൂടെ നിർഗമിച്ച് അടുത്ത തോട്ടിലോ പുഴയിലോ എത്തുന്നു. മഴയിൽ നിന്നും ലഭിക്കാവുന്ന ജലമെത്രയെന്ന് കണക്കാക്കി വിവിധ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. കൊറ്റങ്കര പഞ്ചായത്തിന്റെ പൊതുവായ ഒരു നീർമറി അവലോകനം താഴെകൊടുക്കുന്നു.

പട്ടിക –6

വിസ്തൃതി ഹെക്ടർ	നദീഭാഗം	എണ്ണം Steam order
2543	1	14
	2	7
	3	2
ആകെ		23

കൊറ്റങ്കര പഞ്ചായത്തിൽ ഒന്നാം ഭാഗമായ (Ist order) 14 തോടുകളും രണ്ടാം ഭാഗമായി (IInd order) 7 തോടുകളും മൂന്നാം ഭാഗമായി (IIIrd order) 2 തോടുകളും ഉണ്ട്. ആകെ നീളം 23 കി. മീറ്ററാണ്. ഇവിടത്തെ അപവാഹ സാന്ദ്രത 0.91 കി. മീ./ച. കി. മീ ആണ്.

പഞ്ചായത്തിലെ മിക്കവാറും സ്ഥലങ്ങൾ ഒരു തോടിന്റെ ഉത്ഭവത്തിന് വഴിയൊരുക്കുന്നില്ല എന്നത് ഇതിൽ നിന്നും മനസ്സിലാക്കാം.

കൊറ്റങ്കര ഗ്രാമപഞ്ചായത്ത് ഇന്ന് അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങൾ

1. കാർഷിക മേഖലയിലാകെ അനുഭവപ്പെടുന്ന ശോചനീയാവസ്ഥയും, നിസഹായതയും, താഴ്ന്ന ഉല്പാദന ക്ഷമതയും, തൊഴിലിന്റെയും വരുമാനത്തിന്റെയും സ്രോതസ്സ് എന്ന നിലയിൽ കൃഷിയുടെ പ്രാധാന്യം നാൾക്കുനാൾ ശോഷിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയും.
2. കൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യങ്ങളില്ലായ്മയും ആയതിന് പദ്ധതികളില്ലായ്മയും.
3. ജനുവരി മാസം മുതൽ മെയ് മാസം വരെ പഞ്ചായത്തു പ്രദേശമാകെ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം.
4. രൂക്ഷമായ തൊഴിലില്ലായ്മ.
5. വിദ്യാഭ്യാസം, ആരോഗ്യം, പൊതുസർവ്വീസ്, വൈദ്യുതി തുടങ്ങിയ പൊതുക്ഷേമ സൗകര്യങ്ങളുടെ ഗുണനിലവാരത്തകർച്ച.
6. സാമ്പത്തിക സാമൂഹ്യ മണ്ഡലങ്ങളിൽ സ്ത്രീകളുടെ അദൃശ്യത.
7. മഴക്കാലത്ത് കുത്തിയൊലിച്ചുപോകുന്നതും വെള്ളം കെട്ടിക്കിടന്നു സഞ്ചാരയോഗ്യമല്ലാതായിത്തീരുന്നതുമായ 121.427 കി. മീ. വരുന്ന ഗ്രാമീണ റോഡുകൾ.
8. പട്ടികജാതി ദുർബല വിഭാഗങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള സാമൂഹ്യക്ഷേമ പദ്ധതികളുടെ പോരായ്മകളും, പാർപ്പിട സൗകര്യങ്ങളും പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും ഇല്ലായ്മ.
9. കലാ-സാംസ്കാരിക-കായിക രംഗത്തെ മുരടിപ്പ്.
10. ജനസംഖ്യയിലും വിസ്തൃതിയിലും രണ്ട് പഞ്ചായത്ത് ആക്കി മാറ്റേണ്ടത് ഒന്നായി കിടക്കുന്നതിനാൽ രണ്ടു പഞ്ചായത്തിന് ലഭിക്കേണ്ട സൗകര്യങ്ങളും സേവനങ്ങളും, സഹായങ്ങളും ഒന്നിനു മാത്രമെ ലഭിക്കുന്നുള്ളു.



കൃഷിയും ജലസേചനവും



കാർഷിക രംഗം

ഒരു വികസ്വര രാജ്യമായ ഇന്ത്യയുടെ സമ്പദ്ഘടനയിൽ കൃഷിക്ക് വമ്പിച്ച പ്രാധാന്യമാണുള്ളത്. കേരളമുൾപ്പെടെയുള്ള എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങൾക്കും ഇത് ബാധകമാണ്. എന്നാൽ കേരളത്തിന്റെ കാർഷിക ,- വ്യാവസായിക രംഗം കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി മുരടിച്ചു നിൽക്കുന്നു. കാർഷിക രംഗത്തെ മുരടിപ്പിന് പല കാരണങ്ങളുണ്ട്. ജനങ്ങൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞതാണ് ഒരു കാരണം. വിദ്യാഭ്യാസം സാർവ്വത്രികമാവുകവഴി സേവനരംഗത്തേക്ക് (തൃദീയമേഖല) അവർ ആകർഷിക്കപ്പെട്ടതുമൂലമാണ് ഇത് സംഭവിച്ചത്. കൂലിയിലും രാസവളത്തിന്റെ വിലയിലുമുണ്ടായ വർദ്ധനവുമൂലം കൃഷി ലാഭകരമല്ലാതായതാണ് മറ്റൊരു കാരണം. 1970-71 -ൽ ഇന്ത്യയിലെ മൊത്തം കാർഷികോല്പാദനത്തിന്റെ 4.47 ശതമാനമായിരുന്നു കേരളത്തിന്റെ സംഭാവനയെങ്കിൽ 91-92 ആയപ്പോഴത്തേക്ക് അത് 3.34 ശതമാനമായി കുറഞ്ഞു. വർഷം പ്രതി നമ്മുടെ കാർഷിക വരുമാനത്തിൽ ഇടിവു സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നാം കാണുന്നത്. കാർഷിക രംഗത്ത് (പ്രാഥമിക മേഖല) ഗുണപരമായ ഒരു മാറ്റം അടിയന്തിരമായി സൃഷ്ടിക്കാൻ കഴിഞ്ഞില്ലെങ്കിൽ സമീപഭാവിയിൽ തന്നെ ഒരു വലിയ സാമ്പത്തിക പ്രതിസന്ധിയിലായിരിക്കും നാം എത്തിച്ചേരുക. ഇത് ഒരു വെല്ലുവിളിയായി കേരളീയർ സ്വീകരിച്ചേ തീരു.

കേരളത്തെ 13 കാർഷിക മേഖലകളായി (Agro Climatic Zones) തിരിച്ചിട്ടുള്ളതിൽ തെക്കേ ഇടനാടിൽ (Southern Midland) പെട്ട ഒരു പ്രദേശമാണ് കൊറ്റങ്കര ഗ്രാമപഞ്ചായത്ത്.

1. കാലാവസ്ഥ

മഴക്കാലം, തണുപ്പുകാലം, വേനൽക്കാലം എന്നീ മൂന്നുതരം കാലാവസ്ഥയാണ് ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്നത്.

മഴക്കാലം : ജൂൺ മുതൽ സെപ്തംബർ വരെ തെക്കുപടിഞ്ഞാറൻ കാറ്റിനെ ആശ്രയിച്ചുള്ള കാലവർഷമാണ് നമുക്കു കിട്ടുന്നത്. ഇതിനെ ഇടവപ്പാതി

യെന്നു പറയുന്നു. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ – ജൂലൈ മാസങ്ങളിലാണ്. ഒക്ടോബർ – നവംബർ മാസങ്ങളിൽ വടക്കുകിഴക്കൻ കാറ്റിനെ ആശ്രയിച്ചുള്ള തുലാവർഷം കിട്ടുന്നു. താരതമ്യേന തുലാവർഷം കുറവാണ്. ഡിസംബർ – ജനുവരി എന്നീ മാസങ്ങളൊഴികെ ഇടമഴയും കിട്ടാറുണ്ട്.

ഇവിടത്തെ ശരാശരി വാർഷിക മഴ 2554 മില്ലീമീറ്ററാണ്.

മാസം	ലഭിക്കുന്നമഴ (മില്ലിമീറ്ററിൽ)
ജനുവരി	24
ഫെബ്രുവരി	31
മാർച്ച്	75
ഏപ്രിൽ	166
മെയ്	242
ജൂൺ	487
ജൂലൈ	428
ആഗസ്റ്റ്	273
സെപ്തംബർ	212
ഒക്ടോബർ	350
നവംബർ	216
ഡിസംബർ	60
വാർഷിക മഴ	2554

കാലവർഷക്കാലത്ത് (South - West Mansoon) ഏറ്റ വും കൂടുതൽ മഴ ലഭിച്ചത് 1981 –ൽ ആയിരുന്നു – 2502 മി, മീ.

തുലാവർഷക്കാലത്ത് (North - Eest Mansoon) എറ്റ വും കൂടുതൽ മഴ ലഭിച്ചത് 1979 –ൽ ആയിരുന്നു – 2053 മി. മീ.

വാർഷിക മഴയുടെ അളവ് ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ളത് 1979 – 1980 ലാണ് – 4780 മി. മീ.

വേനൽക്കാലം : ഡിസംബർ മുതൽ മെയ് വരെയുള്ള കാലമാണ് ഈ പഞ്ചായത്തിൽ വേനൽക്കാലമായി അനുഭവപ്പെടുന്നത്. ഏറ്റവും കൂടുതൽ വേനൽ അനുഭവപ്പെടുന്നത് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ്.

ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെട്ട 1992 –ലെ താപനില (ഡിഗ്രി സെൽഷ്യസിൽ)

മാസം	കൂടിയ താപനില	കുറഞ്ഞ താപനില
ജനുവരി	33.70	19.80
ഫെബ്രുവരി	36.40	21.40
മാർച്ച്	38.50	21.60
ഏപ്രിൽ	37.50	24.20
മെയ്	33.60	23.80
ജൂൺ	30.50	23.30
ജൂലൈ	29.70	22.50
ആഗസ്റ്റ്	30.10	22.90
സെപ്തംബർ	31.30	22.80
ഒക്ടോബർ	31.70	22.50
നവംബർ	31.50	22.10
ഡിസംബർ	32.50	20.60

തണുപ്പുകാലം : നവംബർ, ഡിസംബർ, ജനുവരി മാസങ്ങളാണ് തണുപ്പുകാലമായി അനുഭവപ്പെടുന്നത്. ഉത്തരേന്ത്യയിൽ അനുഭവപ്പെടുന്നതുപോലുള്ള അതിശൈത്യമോ, നമ്മുടെ കേരളത്തിൽ പത്തനംതിട്ട, ഇടുക്കി, ദേവ്വികുളം, പാലക്കാട്, വയനാട് എന്നിവിടങ്ങളിൽ അനുഭവപ്പെടുന്നതുപോലുള്ള ശൈത്യമോ നമ്മൾക്ക് അനുഭവപ്പെടുന്നില്ല

2. ജലലഭ്യതയും നിർമറി പരിപാടിയും

നദികളോ, ആറുകളോ, കായലുകളോ, കൊറ്റങ്കര പഞ്ചായത്തിലില്ല. മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിയാണ്. പ്രധാനപ്പെട്ട വയലുകളായ പുനുക്കന്നൂർ ഏലാ, പെരുമ്പുഴ ഏലാ, കൊറ്റങ്കര ഏലാ, മാമ്പുഴ ഏലാ, പേരൂർ ഏലാ (ഈ ഏലാകളുടെയെല്ലാം

ശാഖകൾക്ക് സ്ഥലകാല നാമങ്ങൾ ധാരാളമുണ്ട്). ഇവയുടെ ഇരു കരകളിലും ഉള്ള ഉയർന്ന സമതല പരപ്രദേശങ്ങൾ സമുദ്രനിരപ്പിൽ നിന്നും 40 മീറ്റർ ഉയരത്തിലുള്ളതാണ്. പഞ്ചായത്തിന്റെ വടക്ക് കിഴക്ക് ഭാഗത്ത് പുനുക്കന്നൂർ ഏലായും പെരുമ്പുഴ ഏലായും മദ്ധ്യഭാഗത്തായി മാമ്പുഴ ഏലായും കൊറ്റങ്കര ഏലായും തെക്കുഭാഗത്ത് പേരൂർ ഏലായും സ്ഥിതിചെയ്യുന്നു. ഏക ജലനിർഗ്ഗമനമാർഗ്ഗം മാത്രമുള്ള നിശ്ചിത ജലശേഖരണ, വ്യാപന മേഖലയെ ഒരു നീർമറി പ്രദേശമായി കണക്കാക്കാവുന്നതാണെങ്കിൽ കൊറ്റങ്കര ഗ്രാമപഞ്ചായത്തിന് പ്രയോജനപ്പെടുന്നവിധം ഈ പഞ്ചായത്തിനെയും സമീപ പഞ്ചായത്തുകളെയും ചേർത്ത് ഭൂപ്രകൃതിയനുസരിച്ച് മൂന്നോ നാലോ നീർമറി പ്രദേശങ്ങൾ നിശ്ചയിച്ച് വാട്ടർഷെഡ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി (WIC) മുഖാന്തിരം നീർമറി പരിപാടികൾ നടപ്പിലാക്കാം.

നീർമറി പ്രദേശ ആസൂത്രണമെന്ന് പറഞ്ഞാൽ കേവല സ്ഥലജലസംരക്ഷണ പ്രവർത്തനങ്ങളല്ല. ഇതിന്റെ ഊന്നൽ ഭൂമിയുടെയും ജലസ്രോതസ്സുകളുടെയും സസ്യസമ്പത്തിന്റെയും സംയോജിതമായ മാനേജുമെന്റിനുള്ള സമീപനം രൂപപ്പെടുത്തുകയാണ്. ഇതിന്റെ അടിസ്ഥാനപരമായ ലക്ഷ്യമാകട്ടെ, വിവിധ വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും മൃഗ - പക്ഷി - മത്സ്യ - കൃഷിമേഖലകൾ ശക്തിപ്പെടുത്തുകയും കാർഷിക വിഭവങ്ങളുടെ സംസ്കരണ വിപണന സംവിധാനങ്ങളിലുടെയുള്ള തൊഴിൽ വർധനയുമാണ്. ഉചിതമായ ജൈവവള വിനിയോഗത്തിന്റെ വർധന, കീടങ്ങളുടെ ജൈവനിയന്ത്രണത്തിലുള്ള ഊന്നൽ, ഒറ്റവിളയ്ക്കു പകരം തമ്മിലിണങ്ങുന്ന പല വിളകളുടെ ചേരുവയ്ക്കുള്ള പ്രോത്സാഹനം തുടങ്ങിയ ഉചിതമായ സാങ്കേതിക സമീപനങ്ങളും പ്രധാനമാണ്. വാട്ടർഷെഡ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി (WIC) യുടെ പ്രവർത്തനം സംഘടിപ്പിക്കുമ്പോൾ മേല്പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിനായി ഏറ്റവും പ്രധാനപ്പെട്ട ഘടകമായി കാർഷിക മാനേജ്മെന്റ് സഹായ സർവ്വീസ് സംഘം (AMSS) ഭൂരഹിത കാർഷിക തൊഴിലാളികൾ, തൊഴിലില്ലാത്ത യുവാക്കൾ, സ്ത്രീകൾ എന്നിവരെ ചേർത്ത് ഒരു സഹകരണ സംരംഭമായി തുടങ്ങുന്നു. ജല സംരക്ഷണ സംഭരണ പ്രവർത്തനം, മണ്ണ് സംരക്ഷണവും പാകപ്പെടുത്തലും, മത്സ്യക്കൃഷി, കന്നുകാലി പരിപാലനം എന്നീ ജോലികൾ ഏറ്റെടുക്കുവാൻ അത്യാവശ്യം പരിശീലനം നൽകുന്നു.

വ്യക്തികളായ കൃഷിക്കാരെ (നിലം ഉടമസ്ഥരെ) വിളവും ഉടമസ്ഥതയും അവരിൽ തന്നെ നിലനിർത്തുവാൻ അനുവദിച്ചുകൊണ്ട് സംയുക്ത വിഭവമാനേജ്മെന്റ് ഗ്രൂപ്പുകൾ പൊതുഭൂമിയിലെയും സ്വകാര്യഭൂമിയിലെയും കാർഷികവും അനുബന്ധവുമായ പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ ഏറ്റെടുക്കും. കാർഷിക പ്രവൃത്തികൾ, വിത്ത്, വളം മുതലായവ വാങ്ങൽ, ജലപരിപാലനം, സസ്യസംരക്ഷണം മുതലായവ ഈ ഗ്രൂപ്പുകൾ കൂട്ടായി ഏറ്റെടുക്കുന്നു. ഈ പരിപാടി അനുയോജ്യമായ പാട്ടവ്യവസ്ഥ അടിസ്ഥാനമാക്കിയായിരിക്കും.

നീർമറി സംഘാടനത്തിന്റെ മൂന്നാമത്തെ ഘടകം സംയോജിത പുരയിട മാനേജ്മെന്റ് കമ്മിറ്റിയാണ്. പുരയിട വികസനം ഏറ്റെടുക്കുന്ന കർഷക കുടുംബങ്ങളിലെ സ്ത്രീകളുടെ ഒരു ശൃംഖലയായിരിക്കും പ്രധാനമായും ഇത്. 'സ്ത്രീയെ പുരയിട കൃഷിക്കാരിയാക്കുക' എന്ന ലക്ഷ്യത്തോടെ പുരയിട മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗത്വം മുഖ്യമായും സ്ത്രീകൾക്കായിരിക്കേണ്ടതാണ്. സ്ത്രീകളെ ആകർഷിക്കുന്നതരത്തിലുള്ള ധാരാളം സേവന സൗകര്യങ്ങളും, വിപണന സൗകര്യങ്ങളും ഏർപ്പെടുത്തിയാൽ മാത്രമേ ഈ മാറ്റം സാധ്യമാകൂ.

ശാശ്വതവും സംയോജിതവുമായ നീർമറി മാനേജ്മെന്റ് പദ്ധതിഭൂമി, വെള്ളം, ജൈവസമ്പത്ത് എന്നിവയുടെ പ്രശ്നങ്ങൾ ഒറ്റയ്ക്കൊറ്റയ്ക്കെടുത്ത് പരിശോധിക്കുന്നതിനു പകരം 13 ഉപ വിഭാഗങ്ങളെയും യോജിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര പ്രവർത്തനപദ്ധതി രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

I. ഇക്കോസിസ്റ്റംസ് ഗ്രൂപ്പ് പ്രവർത്തന പദ്ധതി

1. നെൽക്കൃഷിയിലെ സംഘപ്രവർത്തനം
2. നാളികേരത്തിൽ ഗ്രൂപ്പ് ഇടപെടൽ
3. മത്സ്യക്കൃഷി വികസന പദ്ധതി
4. തരിശുഭൂമിയിൽ സമൂഹ ഇടപെടൽ

II. ഇക്കോസിസ്റ്റംസ് മൊഡ്യൂൾസ് പ്രവർത്തന പദ്ധതി

5. കന്നുകാലി, കോഴി വികസന പദ്ധതി
6. കുൺകൃഷി വികസന പദ്ധതി

7. പച്ചക്കറി കൃഷി വികസന പരിപാടി
8. പുഷ്പ കൃഷി വികസന പരിപാടി
9. ഫലവൃക്ഷ കൃഷിയും തേനീച്ചവളർത്തലും
10. ഔഷധ സസ്യ പരിപാടി

III. സിസ്റ്റംസ് ഇന്റഗ്രേഷൻ പ്രവർത്തന പരിപാടി

11. പച്ചിലവളം, മൻപ്, വൈക്കോൽ പരിപാടി
12. മലിനവസ്തു പുനരുപയോഗയോഗ്യമാക്കൽ പരിപാടി
13. ജൈവവള – ജൈവ കീടനാശിനി പരിപാടി
14. ഫലങ്ങൾ, പച്ചക്കറികൾ, പാലുല്പന്നങ്ങൾ, മാംസോല്പന്നങ്ങൾ എന്നിവയ്ക്കുള്ള പരിപാടി

3. കാർഷിക ചരിത്രം

ഒരു വർഷം രണ്ടു വിളകളാണ് ഇവിടെ നിലനിന്നിരുന്നത്. നെൽകൃഷിക്ക് പരമ്പരാഗതമായ വിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഒന്നാം വിളയ്ക്കു മൂപ്പു കുറഞ്ഞ വിത്തിനങ്ങളായ ഇളവിത്ത്, വൻവിത്ത് എന്നിവ ഉപയോഗിച്ചിരുന്നു. രണ്ടാം വിളയ്ക്ക് മൂപ്പു കൂടിയ ഇനങ്ങളായ മുണ്ടകൻ, അനിക്കിരാഴി, കൂറി ചെമ്പാവ്, ചേറാടി മുതലായ വിത്തുകളാണ് ഉപയോഗിച്ചിരുന്നത്. 1970 – ന് ശേഷമാണ് അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും രാസവളങ്ങളും കൂടുതലായി ഉപയോഗിക്കുവാൻ തുടങ്ങിയത്. അതിനു മുമ്പ് ജൈവവളങ്ങൾ മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്.

പാടശേഖരാടിസ്ഥാനത്തിൽ മിക്കവാറും ഒരേ ഇനം വിത്തുകളായിരുന്നു ഉപയോഗിച്ചിരുന്നത്. കൃഷിക്കാർ നിലം ഉഴുന്നതിന് സ്വന്തമായി കാളകളെ ഉപയോഗിച്ചിരുന്നു. കൃഷിചെയ്യുന്നതിലും, വളം ചെയ്യുന്നതിലും, ജലസേചനം നടത്തുന്നതിലും വിളവെടുക്കുന്നതിലും പരസ്പരം സഹകരിച്ചിരുന്നു. സർക്കാർ സഹായം ഒന്നും തന്നെ അക്കാലത്ത് കർഷകർക്ക് ലഭിച്ചിരുന്നില്ല. കർഷക തൊഴിലാളികളും കൃഷിക്കാരും ഒത്തിണങ്ങി കൃഷിഭൂമിയിൽ ജോലി ചെയ്തിരുന്നു. തൊഴിലാളികളുടെ ലഭ്യത വളരെ കൂടുതലായിരുന്നു. സ്ത്രീതൊഴിലാളികൾ ധാരാളമായി പാടങ്ങളിൽ പണിയെടുത്തിരുന്നു. കൂലിയായി ധാന്യങ്ങളായിരുന്നു കൊടുത്തിരുന്നത്. അന്ന് പകുതിവാരം, പാട്ടം എന്നീ വ്യവസ്ഥകൾ നിലവിലുണ്ടായിരുന്നു.

ഇന്ന് ഭൂ ഉടമസ്ഥരിൽ നല്ലപങ്കും ഭൂമിയിൽ പണിയെടുക്കുന്നവരല്ല. കൃഷിപ്പണിക്ക് വേണ്ടത്ര ആളില്ല. കൃഷിഭൂമികൾ തുണ്ടുതുണ്ടുകളായി മാറുന്നു. ധാരാളം കെട്ടിടങ്ങൾ ഉണ്ടാകുന്നു. തൊഴിൽ മേഖലയിൽ കൃഷിയുടെ പ്രാധാന്യം കുറഞ്ഞുകൊണ്ടിരിക്കുന്നു. നിത്യോപയോഗസാധനങ്ങളുടെ വില കുതിച്ചുകയറുന്നതനുസരിച്ചുള്ള കൂലിക്കൂടുതലും മണ്ണൊലിപ്പും, വെള്ളപ്പൊക്കവും, വരൾച്ചയും കർഷകരെ കൃഷി ചെയ്യുന്നതിൽ നിന്നും മനസ്സു മടിപ്പിച്ച് അകറ്റുന്നു.

കാർഷിക മേഖലയിലെ ഇന്നത്തെ ഇടപെടലുകളുടെ ഒരു അടിസ്ഥാന പോരായ്മ ഡിപ്പാർട്ടുമെന്റലിസമാണ്. പരസ്പരം ബന്ധപ്പെടാതെയാണ് കൃഷിയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ പ്രവർത്തിക്കുന്നത്. ഈ നില മാറി സമഗ്രമായ രീതിയിൽ കാർഷിക മേഖലയിൽ ഇടപെടണമെങ്കിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ പ്രാദേശികമായി സംയോജിപ്പിച്ച് കൃഷിക്കും കർഷകനും ഗ്രാമത്തിനും പ്രയോജനപ്പെടുത്തുന്നതിനുള്ള അധികാരം താഴെ തട്ടുകൾക്ക് ഉണ്ടാകണം.

നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, വാഴ, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, പയർ തുടങ്ങിയവയാണ് ഈ പഞ്ചായത്തിലെ മുഖ്യ കൃഷിയിനങ്ങൾ.

നെല്ല്

ഈ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ 320 ഹെക്ടർ ഭാഗത്ത് നെല്ല് കൃഷിചെയ്യുന്നു. നാം പിന്നിട്ട പഞ്ചവത്സരപദ്ധതികളിലൂടെ ജലസേചനത്തിനുവേണ്ടി ചിലവിട്ട വൻതുകകൾകൊണ്ട് കാര്യമായ, പ്രയോജനം കേരളത്തിന് ഉണ്ടായിട്ടില്ലെന്നതാണ് അനുഭവം. കൊറ്റങ്കര പഞ്ചായത്തിൽ നെൽക്കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നവും ജലദൗർലഭ്യം തന്നെ. വേണ്ടത്ര കർഷകത്തൊഴിലാളികളെ ലഭിക്കാത്തതാണ് മറ്റൊരു പ്രധാന പ്രശ്നം. പാടങ്ങൾ നികത്തി തെങ്ങുവയ്ക്കുകയും പാർപ്പിടം നിർമ്മിക്കുകയും ചെയ്യുന്നത് നെൽക്കൃഷിക്ക് ഒരു പ്രധാന ഭീഷണിയായി ഉയർന്നുവന്നിരിക്കുന്നു. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഏലാകളെല്ലാം ഇരുപ്പൂനിലങ്ങളാണ്. ജലദൗർലഭ്യമാണ് ഒരു കൃഷികൂടി ചെയ്യാൻ തടസ്സമായി നിൽക്കുന്നത്. പണ്ടുണ്ടായിരുന്ന തലക്കുളങ്ങളിൽ പലതും ഇന്ന് ജീർണ്ണിച്ച് ഉപയോഗ

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്
വിള വിസ്തീർണ്ണവും ഉല്പാദനവും

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	320 ഹെക്ടർ	800 മെ.ടൺ.	1120 മെ. ടൺ
നെല്ല് (രണ്ടാം വിള)	320 ഹെക്ടർ	750 മെ.ടൺ.	1020 മെ.ടൺ.
പയർ	50 ഹെക്ടർ	7.5 മെ.ടൺ.	9.5 മെ.ടൺ.
എള്ള്	8 ഹെക്ടർ	1600 കി. ഗ്രാം	2000 കി. ഗ്രാം
പച്ചക്കറികൾ	15 ഹെക്ടർ	30 മെ.ടൺ.	40 മെ.ടൺ.
തെങ്ങ്	900 ഹെക്ടർ	35 ലക്ഷം	45 ലക്ഷം
വാഴ	50 ഹെക്ടർ	875 മെ.ടൺ.	1000 മെ.ടൺ.
മരച്ചീനി	40 ഹെക്ടർ	120 മെ.ടൺ.	170 മെ.ടൺ.
കുരുമുളക്	35 ഹെക്ടർ	348 മെ.ടൺ.	500 മെ.ടൺ.
പ്ലാവ്, ഗുവ, പപ്പായ പൈനാപ്പിൾ	209 ഹെക്ടർ	836 മെ.ടൺ.	1000 മെ.ടൺ.
കശുമാവ്	32 ഹെക്ടർ	8320 കി. ഗ്രാം	10000 കി. ഗ്രാം
മാവ്	5 ഹെക്ടർ	12.5 മെ.ടൺ.	15 മെ.ടൺ.
റബ്ബർ	10 ഹെക്ടർ	21 മെ.ടൺ.	25 മെ.ടൺ.
കവുങ്ങ്	10 ഹെക്ടർ	30 മെ.ടൺ.	35 മെ.ടൺ.
ഇഞ്ചി	10 ഹെക്ടർ	9 മെ.ടൺ.	12 മെ.ടൺ.
ചേന, ചേമ്പ്	15 ഹെക്ടർ	16 മെ.ടൺ.	22 മെ.ടൺ.
പുല്ല്	4 ഹെക്ടർ	-	
വെറ്റില	1 ഹെക്ടർ	1250 കി. ഗ്രാം	1500 കി. ഗ്രാം

ശൂന്യമായി കിടക്കുന്നു. പഴയ തലക്കുളങ്ങൾ പുനരുദ്ധരിക്കുകയും ഏലായുടെ വശങ്ങളിലും മദ്ധ്യഭാഗത്തുമുള്ള തോടുകൾക്ക് പാർശ്വഭിത്തി കെട്ടി സംരക്ഷിച്ച് ജലസേചനയോഗ്യമാക്കുന്നത് നെൽക്കൃഷിവികസനത്തിന് സഹായകമാകും. തോടുകളിൽ ആവശ്യമുള്ളിടത്ത് തടയണകൾ കെട്ടി ജലസേചനസൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്. മൂന്നാം വിളയായി നെല്ല് ഉപയോഗിക്കാൻ കഴിഞ്ഞില്ലെങ്കിൽ പയറ്, ഉഴുന്ന്, എള്ള് എന്നിവയിൽ ഏതെങ്കിലും ഒന്ന് കൃഷിചെയ്യാവുന്നതാണ്.

സംസ്ഥാനത്തിന്റെ സ്വാശ്രയത്തിന്റെ തോത് ഉയർത്തണമെങ്കിൽ നെൽക്കൃഷി വികസനത്തിന് ഊന്നൽ നൽകിയേതീരൂ. നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ കർഷകരുടെ കൂട്ടായ്മ ഏറെ സഹായിക്കും. കൃഷിച്ചെലവ് കുറയ്ക്കുന്നതിനും ഫലപ്രദമായ വളപ്രയോഗവും കീടനാശിനിപ്രയോഗവും നടത്തുന്നതിനും ഇതുമൂലം കഴിയും. എൺപതുകളുടെ അവസാനംവരെ നെൽക്കൃഷിയുടെ വിസ്തീർണ്ണം കുത്തനെ താണുകൊണ്ടിരുന്നുവെങ്കിലും 89–90–ൽ ആരംഭിച്ച ഗ്രൂപ്പ് ഫാമിംഗ് പദ്ധതി കൃഷിക്കാരിൽ ആവേശം ഉണർത്തുകയും അവരിൽ നല്ലൊരുവിഭാഗത്തെ ആ രംഗത്ത് ഉറപ്പിച്ചുനിർത്തുകയും ചെയ്തു. നിർഭാഗ്യവശാൽ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി ആശിച്ചതോതിൽ വിജയിപ്പിക്കാൻ പിന്നീട് കഴിഞ്ഞില്ല. കൂടുതൽ ജനപങ്കാളിത്തത്തോടെ ഗ്രൂപ്പ്ഫാമിംഗ് സമിതികൾ പുനരുദ്ധരിക്കുകയും യന്ത്രവൽക്കരണംവഴി കൂട്ടായ കർഷകപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും കീടനിരീക്ഷണവും സസ്യസംരക്ഷണവും ഗ്രൂപ്പ്ഫാമിംഗ് പ്രവർത്തനത്തിന്റെ ഭാഗമാക്കുകയും ചെയ്താൽ ഈ സമ്പ്രദായം വിജയിപ്പിക്കാൻ സാദ്ധ്യതയുണ്ട്.

തെങ്ങ്

തെങ്ങുകൃഷി ഇന്ന് രൂക്ഷമായ ഒരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്നു. വ്യാപകമായിത്തീർന്ന തെങ്ങുരോഗങ്ങളും തെങ്ങിനോടുള്ള നമ്മുടെ സമീപനത്തിൽ വന്ന മാറ്റങ്ങളും മറ്റുചില പരിസ്ഥിതി പ്രശ്നങ്ങളുമാണ് ഇതിനുകാരണം. 1951–56 –ൽ ഇന്ത്യയിലെ മൊത്തം തേങ്ങയുല്പാദനത്തിന്റെ 69.88% കേരളമാണ് ഉല്പാദിപ്പിച്ചിരുന്നത്. എന്നാൽ 90–91 ആയപ്പോഴേക്ക് ഇത് 43.63 ആയി കുറഞ്ഞു. ഇപ്പോഴും തേങ്ങയുല്പാദനം കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നുവേണം കരുതാൻ. ഒരു കാലത്ത് കേരളത്തിന്റെ കുത്തകയായിരുന്ന നാളികേരം ഇന്ന് നമുക്ക് കൈമോശം വന്ന സ്ഥിതിയിൽ എത്തിയിരിക്കുന്നു. ഉല്പാദനം കുറയുകയും തെങ്ങുകൾക്ക് വ്യാപകമായി രോഗം പിടിപെടുകയും ചെയ്തതിൽ കേരകർഷകർ ഇന്ന് നിരാശരും ദുഃഖിതരുമാണ്. കൊറ്റങ്കര പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ തെങ്ങിൻ തോപ്പുകളിൽ തെങ്ങുകൾക്കിടയ്ക്ക് റബ്ബർ നട്ടുവളർത്തിയിരിക്കുന്നത് കാണാം. കേരരോഗങ്ങൾക്ക് ഫലപ്രദമായ പ്രതിവിധി കണ്ടെത്താൻ കഴിഞ്ഞ രണ്ടു ദശാബ്ദത്തിലേറെക്കാലം നാം നടത്തിയ ശ്രമം ഫലപ്രാപ്തിയിലെത്തിയിട്ടില്ല. രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റാൻ സാമ്പത്തികസഹായം നൽകണമെന്നും രോഗപ്രതിരോധശക്തിയുള്ളതും അത്യുല്പാദനശേഷിയുള്ളതുമായ തെങ്ങിൻതൈകൾ വിതരണംചെയ്യണമെന്നുമുള്ള ആവശ്യം ഈ പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. തെങ്ങുരോഗനിയന്ത്രണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതോടൊപ്പം കൃഷിക്കാർ തെങ്ങിന്റെ പരിചരണത്തിൽ കൂടുതൽ ശ്രദ്ധിക്കുകയും വയൽനികത്തി തെങ്ങുവയ്ക്കുക എന്ന പ്രയോജനരഹിതമായ പരിപാടി അവസാനിപ്പിക്കുകയും വേണം.

മരച്ചീനി

നമ്മുടെ നാട്ടിൽ നിന്നും കുറേശ്ശേ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു വിളയാണ് മരച്ചീനി. ഏതാണ്ട് 25 വർഷംമുമ്പുവരെ മുഖ്യ ആഹാരങ്ങളിൽ ഒന്നായി കേരളീയർ കരുതിപ്പോന്ന മരച്ചീനി പിന്തള്ളപ്പെട്ടുപോയതിന് പ്രധാനകാരണം ഗൾഫ് പണംമൂലം ജനങ്ങൾക്കുണ്ടായ ക്രയശക്തിയാകണം. പരമ്പരാഗതമായി നാം നടത്തിപ്പോന്ന ഈ കൃഷി സംരക്ഷിച്ച് നിലനിർത്തേണ്ടത് ഇന്ന് ഒരാവശ്യമായിത്തീർന്നിരിക്കുന്നു. കുത്തനെ ചരിവുള്ള പ്രദേശങ്ങളിൽ മരച്ചീനികൃഷി നടത്താതിരിക്കുന്നതാണ് ഉത്തമം. കാരണം അത് മണ്ണൊലിപ്പ് വർദ്ധിപ്പിക്കും. കേരളത്തിൽ 14.6 ലക്ഷം ഹെക്ടർ സ്ഥലത്ത് ഇന്ന് മരച്ചീനി കൃഷിചെയ്യുന്നു. ഉല്പാദനം 28 ലക്ഷം ടൺ. ഒരു ഹെക്ടർ പ്രദേശത്തെ ശരാശരി ഉല്പാദനം കേരളത്തിൽ 19 ടൺ. എന്നാൽ സേലത്തെ ഉല്പാദനം 35 ടൺ ആണ്. ഈ കൃഷിയുടെ വികസനത്തിന് എലിനശീകരണം അവശ്യോപാധിയത്രെ. എലിനശീകരണത്തിനായി ഒരു സമഗ്രപദ്ധതി തന്നെ നടപ്പാക്കി പഞ്ചായത്തു പ്രദേശമാകെ ഒന്നിച്ചു നടപ്പിലാക്കണം.

കശുമാവ്

കശുവണ്ടി ഫാക്ടറികളുടെ നാടാണ് ഈ പഞ്ചായത്ത്. എന്നാൽ വർഷത്തിൽ മൂന്നുമാസത്തോളം തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ തോട്ടണ്ടിപോലും ഇന്ന് കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നില്ല. ഇതിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ വേണ്ടി നടപ്പിലാക്കിയ പദ്ധതികളൊന്നും ആശിച്ച ഫലം ചെയ്തിട്ടില്ല. കുത്തനെ ചരിവുള്ള പ്രദേശങ്ങളിൽ ഇത് നട്ടുവളർത്തിയാൽ മണ്ണൊലിപ്പ് തടയാൻ സാധിക്കുന്നതിനോടൊപ്പം നല്ല വരുമാനം ലഭിക്കുകയും ചെയ്യും. ഒരു വീട്ടിൽ ഒരു കശുമാവ് എന്നതോതിലെങ്കിലും ഇത് നട്ടുവളർത്താൻ കഴിഞ്ഞാൽ അത്രയും നന്ന്.

ഈ പഞ്ചായത്ത് പ്രദേശത്ത് K.I.P. യുടെ കനാൽ പോകുന്ന ഭാഗങ്ങളിൽ കട്ട് ആന്റ് കവർ ആയുള്ള ഭാഗത്ത് ഗ്രൗണ്ട് പോലെ ഭൂമി തരിശ്ശായി കിടക്കുകയാണ്. ഇതെല്ലാം കൂടി 15 ഹെക്ടറോളം വസ്തുകാണും. ഇവിടങ്ങളിൽ കശുമാവിൻതോട്ടം വച്ചുപിടിപ്പിക്കുന്നതിന് പഞ്ചായത്തിന് പാട്ടത്തിന് നൽകുകയോ അനുവദിക്കുകയോ ചെയ്യണം.

പച്ചക്കറി കൃഷി

പച്ചക്കറിയുടെ കാര്യത്തിൽ സമ്പൂർണ്ണ സ്വയംപര്യാപ്തതയ്ക്ക് പരിമിതികളുണ്ട്. എന്നാലും പയർ, പടവലം, പാവൽ, വെള്ളരി, തടിയൻകായ്, ചീര, ചേമ്പ്, ചേന, കാച്ചിൽ, ചീവക്കിഴങ്ങ്, പച്ചമുളക് തുടങ്ങി ഒട്ടേറെ ഇനങ്ങൾ നമ്മുടെ ചുറ്റുപാടുകളിൽ നന്നായി വളരുന്നവയാണ്. മണ്ണിന്റെ സ്വഭാവവും ജലലഭ്യതയും കണക്കിലെടുത്ത് അനുയോജ്യമായവ തെരഞ്ഞെടുക്കണം. പച്ചക്കറികൃഷിക്കാർക്ക് വേണ്ട പരിശീലനം നൽകി സ്വയംസേവന സംഘങ്ങളാക്കി സംഘടിപ്പിക്കുന്നത് നന്ന്. ഇത്തരം സംഘങ്ങളെ ജില്ലാ സംഘങ്ങളുമായി ബന്ധപ്പെടുത്തി വിപണന സംരംഭങ്ങൾക്ക് രൂപം നൽകണം. കർഷകർക്ക് മേൽത്തരം വിത്തും വളവും ലഭ്യമാക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കാവുന്നതാണ്. പച്ചക്കറിയുടെ കാര്യത്തിൽ അന്യ സംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കുക എന്ന ഇന്നത്തെ സ്ഥിതിയിൽ മാറ്റമുണ്ടാകേണ്ടത് നമ്മുടെ അടിയന്തിരാവശ്യങ്ങളിൽ ഒന്നായി കാണണം. ജനുവരി മുതൽ ഏപ്രിൽ വരെ വയലുകളിലും ജൂൺ മുതൽ ആഗസ്റ്റുവരെ പുരയിടങ്ങളിലുമുള്ള പച്ചക്കറി കൃഷിക്ക് ഊന്നൽ നൽകാം. ഓരോ ഗ്രാമപഞ്ചായത്ത് വാർഡിലും ചുരുങ്ങിയത് ഒരു ഹെക്ടർ ഭൂമിയിലെങ്കിലും പുതുതായി പച്ചക്കറിക്കൃഷി ചെയ്യുക എന്നതാകാം ലക്ഷ്യം.

റബ്ബർ കൃഷി

കേരളത്തിൽ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒന്നാണ് റബ്ബർ കൃഷി. അനുകൂലമായ കാലാവസ്ഥ, ഭൂപ്രകൃതി, ശക്തമായ ആഭ്യന്തരവിപണി എന്നീ ഘടകങ്ങളാണ് റബ്ബർകൃഷിയുടെ വളർച്ചയ്ക്കു നിദാനം. റബ്ബറുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വച്ച് കഴിയുന്നിടത്തോളം റബ്ബർകൃഷി വ്യാപിപ്പിക്കുക എന്ന നയമാണ് റബ്ബർബോർഡ് സ്വീകരിച്ചിരിക്കുന്നത്. ഇതിന്റെ ഫലമായി ഭക്ഷ്യവിളകളുടെ കൃഷിയിടങ്ങളിലേക്ക് റബ്ബർ കടന്നുകയറാൻ തുടങ്ങിയിരിക്കുന്നു, നാളീകേരത്തിന്റെ ഉല്പാദനം കുറയുകയും തെങ്ങുരോഗം വ്യാപകമാകുകയും ചെയ്തതോടെ തെങ്ങിൻ തോപ്പുകൾ റബ്ബർ തോട്ടങ്ങളായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇത് കേരളത്തിന്റെ ഭക്ഷ്യക്കമ്മി അപകടകരമായ വിധത്തിൽ വർദ്ധിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഭക്ഷ്യവിളകൾക്ക് യോഗ്യമല്ലാത്ത ഭൂമിയിൽ റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്ന ഒരു നയം ബന്ധപ്പെട്ടവർ സ്വീകരിക്കുന്നതാണ് ഉത്തമം.

നൂതന കൃഷിസംരംഭങ്ങൾ

കൂൺകൃഷി, തേനീച്ച വളർത്തൽ, ഔഷധസസ്യകൃഷി, പൂ കൃഷി തുടങ്ങിയ നൂതന കൃഷിസമ്പ്രദായങ്ങൾ വിപുലമായ തോതിൽ സംഘടിപ്പിക്കാവുന്നതാണ്. ഇത്തരം സംരംഭങ്ങളുടെ തുടക്കം വ്യക്തമായ വിപണികൾ കണ്ടെത്തിയതിനുശേഷമായിരിക്കണം യുവതീയുവാക്കൾക്ക് വേണ്ട പരിശീലനവും വിത്തും നൽകിയാൽ വമ്പിച്ച സാദ്ധ്യതകളുള്ളതാണ് കൂൺ കൃഷി.

വിളസാന്ദ്രത വർദ്ധിപ്പിക്കൽ

ഒരുപ്പൂനിലങ്ങൾ ഇരുപ്പൂനിലങ്ങളാക്കുന്നതിനും ഇരുപ്പൂനിലങ്ങളിൽ പച്ചക്കറി, മധുരക്കിഴങ്ങ്, പയറുവർഗ്ഗങ്ങൾ, തണ്ണീർമത്തൻ, പച്ചിലവിളകൾ തുടങ്ങിയവ മൂന്നാം വിളയായി കൃഷിയിറക്കാനുമുള്ള സാധ്യത ആരായാവുന്നതാണ്. അതുപോലെ തെങ്ങ്, കമുക്, കുരുമുളക് തുടങ്ങിയ വിളകളുടെ കാര്യത്തിൽ വേണ്ട സാന്ദ്രതയില്ലാത്ത പ്രദേശങ്ങളിൽ കൂടുതൽ

തൈകൾ വച്ചുപിടിപ്പിക്കുന്നതിനും അനുയോജ്യമായ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സാദ്ധ്യതകളുണ്ട്. നെൽവയലുകളിൽ ആവർത്തനവിളകളും പുരയിടങ്ങളിൽ ഇടവിളകളും തെരഞ്ഞെടുക്കുമ്പോൾ കുടുംബ പങ്കാളിത്തത്തോടെ കൃഷി സംഘടിപ്പിക്കാവുന്ന വിളകൾക്ക് മുൻതൂക്കം നൽകണം.

കൃഷിയുക്തമാക്കാവുന്ന തരിശുഭൂമികൾ

വെള്ളക്കെട്ടുള്ള പ്രദേശങ്ങളും വിളയിറക്കാൻ പ്രയാസകരമായ വെട്ടുകൽ പ്രദേശവുമാണ്. സാധാരണ തരിശിട്ടുകാണാറ്. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ മത്സ്യം വളർത്തൽ സംരംഭങ്ങൾ ആകാവുന്നതാണ്. കര പ്രദേശത്ത് പ്രാദേശികാവശ്യങ്ങൾ കണക്കിലെടുത്ത് വിറകിനുള്ള വൃക്ഷങ്ങൾ, കാലിത്തീറ്റയായി ഉപയോഗിക്കാവുന്ന വൃക്ഷങ്ങൾ, തടി വേണ്ടിടത്ത് അതിനുള്ള വൃക്ഷങ്ങൾ എന്നിവ വച്ചുപിടിപ്പിക്കാവുന്നതാണ്.

ജലസേചന സൗകര്യങ്ങൾ

ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ ഉല്പാദനക്ഷമതയും വർദ്ധിക്കും. സ്വകാര്യ സംരംഭങ്ങളായും കൂട്ടായ സംരംഭങ്ങളായും പഞ്ചായത്ത് സംരംഭമായും ജലസേചന സൗകര്യങ്ങൾ വിപുലികരിക്കുന്നതിനുള്ള പരിപാടികൾക്ക് രൂപം നൽകാം. ഈ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഇന്ന് ജലസേചന സൗകര്യം പരിമിതമാണ്. ഈ കുറവ് അടിയന്തിരമായി പരിഹരിക്കേണ്ടിയിരിക്കുന്നു.

ജൈവവളം

കൃഷിചെയ്തുണ്ടാക്കുന്ന ഫലവർഗ്ഗാദികൾ വിഷവിമുക്തമാകണമെങ്കിൽ ജൈവവളം തന്നെ വേണം. 'ടോപ്ബാട്രിൻ' എന്ന പേരിൽ ഒരു ജീവാണു വളം ഉണ്ടാക്കാനുള്ള സാങ്കേതികവിദ്യശാസ്ത്രജ്ഞന്മാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഫലപ്രദമായ ഈ വളം ചിലവുകുറഞ്ഞ രീതിയിൽ കൃഷിയിടങ്ങളിൽ പ്രയോഗിക്കാൻ കർഷകർക്ക് വേണ്ട പരിശീലനം നൽകുവാൻ കഴിയും.

രാസവളത്തെക്കാൾ ഫലപ്രദമായ ഒരു ജൈവവളമാണ് മണ്ണിര കമ്പോസ്റ്റ്. നമ്മുടെ ആഹാരത്തിന്റെ അവശിഷ്ടങ്ങളും പച്ചക്കറിയുടെ അവശിഷ്ടങ്ങളും മറ്റും ചാണകവും ചേർത്ത് മണ്ണിരയുടെ സഹായത്തോടെ കമ്പോസ്റ്റായി മാറ്റുന്നതാണ് മണ്ണിര കമ്പോസ്റ്റ്. സാധാരണ ഉപയോഗിക്കുന്ന രാസവളത്തിന്റെ മൂന്നിൽ ഒന്ന് മാത്രം മതിയാകും.

ജലസംരക്ഷണം

നിമ്നോന്നതങ്ങളായ പ്രദേശങ്ങൾ കൂടുതലുള്ള ഒരു പഞ്ചായത്താണ് കൊറ്റങ്കര. അതുകൊണ്ട് മഴവെള്ളം മുഴുവൻ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. മഴവെള്ളത്തിന്റെ ഏതാണ്ട് 20% മാത്രമേ പ്രയോജനപ്പെടുത്താൻ കഴിയുന്നുള്ളു. ഇതുമൂലം വരൾച്ച പഞ്ചായത്തിനെ സാരമായി ബാധിക്കുന്നു. ഈ സ്ഥിതിക്ക് ഒരു മാറ്റമുണ്ടാകണമെങ്കിൽ കുത്തനെ ചരിഞ്ഞ പ്രദേശങ്ങൾ തട്ടുതട്ടായി ഒരുക്കി മഴവെള്ളത്തിന്റെ കുത്തിയൊഴുക്ക് തടഞ്ഞ് ജലസംരക്ഷണവും മണ്ണിലേക്കുള്ള നിർഗ്ഗമനവും ഉറപ്പുവരുത്തണം. തെങ്ങിൻ തോപ്പുകളിലും മറ്റു വിളഭൂമികളിലും കുളം നിർമ്മിച്ച് മഴവെള്ളം സംഭരിച്ച് നിർത്തുന്നതും അഭികാമ്യമാണ്.

കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ എല്ലാ ഏലാകളുടെയും തലച്ചിറഭാഗത്ത് കുളങ്ങൾ ഉണ്ടായിരുന്നതായും ഏലാകളുടെ നടുവിൽ കൂടി നടുതോടുകൾ ഉണ്ടായിരുന്നതായും ഇരുകരകളിലും കരതോടുകൾ ഉണ്ടായിരുന്നതായും 40 വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച വിഭവഭൂപടത്തിൽ രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ മണ്ണൊലിച്ച് നികന്നതിന്റെയോ, നികത്തിയതിന്റെയോ അനുയോജ്യമല്ലാത്ത പരിഷ്കാരങ്ങളും പരിവർത്തനങ്ങളും വരുത്തിയതിന്റെയോ ഭാഗമായി തലച്ചിറ കുളങ്ങളും തോടുകളും ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. കൃഷിക്ക് ശാപമായി മാറിയിരിക്കുന്ന മണ്ണൊലിപ്പും വെള്ളക്കെട്ടും വരൾച്ചയും ഒഴിവാക്കണമെങ്കിൽ ശാസ്ത്രീയമായ സ്ഥല-ജല-മാനേജ്മെന്റ് കൂടിയേ കഴിയൂ. വൻകിട ജലസേചനപദ്ധതികൾ മാത്രം ശ്രദ്ധിച്ചുകൊണ്ട് (K.I.P ഇന്ന് ഈ പഞ്ചായത്തിൽ എങ്ങുമെങ്ങും ചെന്നെത്താതെ ജലസേചന പദ്ധതിയുടെ ഒരു ശവപ്പറമ്പായി നിൽക്കുന്നു). നാം പ്രാദേശിക സ്ഥലജലമാനേജ്മെന്റിനെ അവഗണിച്ചു. ഇതു തിരുത്തുന്നതിനുള്ള ശാസ്ത്രീയമായ സമീപനം സ്വീകരിക്കേണ്ടിയിരിക്കുന്നു. എല്ലാ ഏലാകൾക്കും തലച്ചിറ കുളങ്ങളും നടുത്തോടുകളും, കരതോടുകളും ഉണ്ടാകണം. ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കണം.

പ്രശ്നങ്ങൾ

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം താഴെപറയുന്ന പ്രശ്നങ്ങളാണ് കാർഷികരംഗത്ത് ഉയർന്നു വന്നിട്ടുള്ളത്.

- വയലേലകളുടെ പാർശ്വങ്ങളിലും മദ്ധ്യഭാഗത്തുമുള്ള തോടുകൾ ശാസ്ത്രീയമായ രീതിയിൽ പാർശ്വഭിത്തി കെട്ടാത്തതുമൂലം ജലസേചനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
- ഏലായുടെ വശങ്ങളിലുള്ള കുളങ്ങൾ ആഴംകൂട്ടി പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കാത്തതിനാൽ ഉപയോഗയോഗ്യമല്ല.
- വയലിൽ വേനൽക്കാല കൃഷിനടത്തുന്നതിന് എള്ള്, പയർ, ഉഴുന്ന്, പച്ചക്കറികൾ എന്നിവയുടെ നല്ലയിനം വിത്തുകൾ ലഭ്യമാക്കപ്പെടുന്നില്ല.
- മണ്ണുപരിശോധന നടത്തി വിളയും വളവും നിർദ്ദേശിക്കപ്പെടുന്നില്ല.
- തെങ്ങുരോഗത്തിന് കാര്യമായ പ്രതിവിധി ഇല്ല
- രോഗം ബാധിച്ച് തെങ്ങുകൾ നഷ്ടപ്പെട്ടാൽ പുതിയ തെങ്ങുകൾ നടാൻ നടപടിയില്ല.
- ജലസേചന കുളങ്ങളിൽ പമ്പ്സെറ്റ് സ്ഥാപിച്ചിട്ടില്ല.
- കിണറ്, പമ്പുസെറ്റ് എന്നിവയ്ക്ക് സബ്സിഡി അനുവദിക്കുന്നില്ല.
- ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായം നിലവിലില്ല.
- നിലം നികത്തി തെങ്ങുനടുകയും വീട് വയ്ക്കുകയും ചെയ്യുന്നത് കർശനമായി തടയപ്പെടുന്നില്ല.
- നടുത്തോട് ഇല്ലാത്ത ഏലാകളിൽ അത് നിർമ്മിക്കപ്പെടുന്നില്ല.
- രാസവളവും കീടനാശിനിയും ലഭ്യമാക്കപ്പെടുന്നില്ല.
- സെന്റിനു നൂറുരൂപ നിരക്കിലുള്ള കാർഷിക വായ്പ തീരെ അപര്യാപ്തമാണ്.
- കൃഷിക്കാർക്ക് വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കപ്പെടുന്നില്ല.
- കർഷക തൊഴിലാളികളെ കിട്ടാൻ പ്രയാസമുള്ള സാഹചര്യത്തിൽ കൃഷിക്കാർക്ക് പവർ ട്രില്ലർ, കൊയ്ത്ത് യന്ത്രം, മെതിയെന്ത്രം എന്നിവ ലഭ്യമാക്കുന്നില്ല.
- ചില വാർഡുകളിൽ റോഡുസൗകര്യം ഇല്ലാത്തതുകൊണ്ട് ട്രാക്ടർ, ട്രില്ലർ തുടങ്ങിയവ വയലിൽ ഇറക്കാൻ സാധിക്കുന്നില്ല.
- വലിയ വിസ്തീർണ്ണമുള്ള ഏലാകളിൽ ആവശ്യമുള്ളിടത്ത് റീട്ടെയിനിംഗ് വാൾ, ക്രോസ് ബാർ, തോട് ക്രോസ് ചെയ്യുന്നതിനുള്ള പാലങ്ങൾ എന്നിവ ഇല്ല.
- കശുമാവ് കൃഷി പ്രോത്സാഹിക്കപ്പെടുന്നില്ല
- മണ്ണൊലിപ്പ് തടയാൻ നടപടിയില്ല
- എലി നശീകരണം നടക്കുന്നില്ല
- നെൽകൃഷി ഉല്പാദനബോണസ് ലഭ്യമല്ല
- ഈ പഞ്ചായത്തിന് ഏറെ വിസ്തീർണ്ണമുള്ളതിനാൽ ഒരു കൃഷിഭവൻ പര്യാപ്തമല്ല.
- ഏലായിലേക്കുള്ള റോഡുകളിലെ മണ്ണൊലിപ്പ് തടയുന്നില്ല.
- നാമമാത്ര കർഷകർക്ക് ക്ഷേമനിധിയോ പെൻഷനോ അനുവദിക്കപ്പെടുന്നില്ല.
- വളത്തിന് സബ്സിഡി അനുവദിക്കപ്പെടുന്നില്ല
- പുല്ല് കൃഷി ചെയ്യുന്നതിന് വിത്തും വളവും ലഭ്യമല്ല.
- തോടുകളിൽ ആവശ്യമുള്ളിടത്ത് ക്രോസ്ബാർ ഇപ്പോഴില്ല.
- ജലസേചനസൗകര്യം ആവശ്യാനുസരണം വിപുലമാക്കപ്പെടുന്നില്ല,
- ആവശ്യമുള്ളിടത്ത് ജലസേചന കുളങ്ങൾ നിർമ്മിക്കപ്പെടുന്നില്ല.
- നിലവിലുള്ള കൃഷിഭവൻ പഞ്ചായത്തിന്റെ ഒഴിഞ്ഞ ഒരു ഭാഗത്ത് കർഷകർക്ക് ചെന്നെത്താൻ പ്രയാസമുള്ള ഒരു സ്ഥലത്ത് സ്ഥിതിചെയ്യുന്നു. കൃഷിഭവന്റെ പ്രവർത്തനങ്ങൾ കൃഷിയേയും കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമല്ല.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന സാദ്ധ്യതകൾ

പേരൂർ എ വാർഡ്

- പേരൂർ പുളിശേരി കുളം ചേറും മണ്ണും നീക്കി ആഴം കൂട്ടി സംരക്ഷണപണികൾ നടത്തി ജല സേചനത്തിന് ഉപയോഗയോഗ്യമാക്കണം
- ട്രാൻസ്ഫോർമർ മുക്കിന് വടക്കുവശത്തെ (ആമക്കോട് ഭാഗം) കുളം ചേറും മണ്ണും നീക്കി ആഴം കൂട്ടി ജലസേചനത്തിന് ഉപയോഗയോഗ്യ മാക്കുക
- തെറ്റിച്ചിറ ഏലായുടെ തെക്കുവശത്തുള്ള കുളം ആഴംകൂട്ടി സംരക്ഷണപണികൾ നടത്തി ജല സേചനത്തിന് ഉപകരിക്കത്തക്കതാക്കുക
- കല്ലുംതാഴം കുരീപ്പള്ളി റോഡിൽ കുറ്റിച്ചിറയ്ക്കു കിഴക്കുവശത്തുനിന്നും തെക്കോട്ട് പോകുന്ന തോട് (പെരുങ്കുളം ഏലാ തോടിന്റെഭാഗം) ശാസ്ത്രീയമായി ജലസേചനത്തിന് ഉപകരിക്കും വിധം സംരക്ഷണപണികൾ നടത്തുക.

പേരൂർ ബി വാർഡ്

- ഉപ്പൂട്ടിൽ ഭാഗത്തെ തെക്കടത്തുകുളം ആഴംകൂട്ടി സംരക്ഷണപണികൾ ചെയ്യുക.
- പേരൂർ ക്ഷേത്രത്തിന് വടക്കുവശമുള്ള കൊച്ചു കുളം (ഊറ്റുകുളം) വിസ്തൃതിയും ആഴവും കൂട്ടി സംരക്ഷണപണികൾ നടത്തുക.
- പേരൂർ ഏലാ നടുതോടിന്റെ ഇപ്പോഴുള്ള സൈഡു വാൾ റിപ്പയർ ചെയ്യും കെട്ടാനുള്ള ഭാഗത്ത് സൈഡ്വാൾ കെട്ടിയും ജലസേചന ത്തിന് ഉപയുക്തമാക്കുക.
- പേരൂർ ക്ഷേത്രത്തിന് തെക്കുവശത്തുനിന്നും ഏലായുടെ പടിഞ്ഞാറേ കരയ്ക്കുകൂടി ഒരു കര ത്തോട് നിർമ്മിച്ച് സംരക്ഷണ വേലകൾ ചെയ്യുക.

പേരൂർ സി വാർഡിൽ

- പണ്ടാര കുളത്തിന് ആഴം കൂട്ടി സംരക്ഷണ പണി കൾ നടത്തി പമ്പ്സെറ്റ് സ്ഥാപിച്ച് ജലസേചന ത്തിന് ഉപയുക്തമാക്കുക
- ശിവറാം ഹൈസ്ക്കൂളിന് തെക്കുവശമുള്ള തോട് പണ്ടാരകുളം വരെ സൈഡ്വാൾ കെട്ടി ജലസേച നത്തിന് ഉപയുക്തമാക്കണം
- പൊയ്കയിൽ ഭാഗത്തുനിന്നും ഇലിപ്പിക്കോണം തേമ്പ്രവയൽ പണ്ടാരകുളം തോട് സംരക്ഷണ പണികൾ നടത്തി ജലസേചനത്തിന് ഉപയോഗ യോഗ്യമാക്കണം.

കൊറ്റങ്കര വാർഡിൽ

- മേക്കോൺ ഏലാമുതൽ മാടൻകാവുവഴി മനയ്ക്ക രവരെയുള്ള ഏലായിൽ ഒരു നടുതോട് നിർമ്മിച്ച് ജലനിർഗ്ഗമനത്തിനും ജലസേചനത്തിനും സൗകര്യ മുണ്ടാക്കണം.
- കൊറ്റങ്കര വാർഡിൽക്കൂടി കടന്നുപോകുന്ന ഏക ജലസേചന പദ്ധതിയായ കെ.ഐ.പി. യുടെ വെട്ടിലത്താഴം ഡിസ്ട്രിബ്യൂട്ടറി കനാലിനുവേണ്ടി കല്ലിട്ടിട്ടുള്ള ജലസേചനപദ്ധതി പൂർണ്ണമായി നടപ്പിലാക്കണം.
- വെള്ളുച്ചിറ കുളത്തിന്റെ വിസ്തൃതിയും ആഴവും കൂട്ടി ശാസ്ത്രീയമായി സംരക്ഷിച്ച് അതിൽ നിന്നും തോട് നിർമ്മിച്ച് ജലസേചനത്തിനായി ഉപയോഗ യോഗ്യമാക്കണം.

ചന്ദനത്തോപ്പ് വാർഡിൽ

- മാമ്പുഴ, കൊറ്റങ്കര ഏലാകളുടെ പ്രധാന തലച്ചിറ കുളമായ കുമളി കുളം കാലാകാലങ്ങളിൽ അശാ സ്ത്രീയമായി കെട്ടി കരിങ്കൽ കൂമ്പാരമാക്കിമാറ്റിയും, അതിനകത്തും വടക്കേകരയ്ക്കും ആയി തികച്ചും നിരുത്തരവാദിത്വത്തോടെ നിർമ്മിച്ച് ഉപയോഗി ക്കാനാവാതെ കിടക്കുന്ന രണ്ട് കിണറുകൾ കൂഴിച്ചും ചെളിയും മണ്ണും നിറഞ്ഞു മൂടിക്കിടക്കുക യാണ്. കുമളികുളത്തിൽ ഇപ്പോഴത്തെ എല്ലാ അസൗകര്യങ്ങളും നീക്കം ചെയ്ത് ആഴവും വിസ്തൃതി യും കൂട്ടി ശാസ്ത്രീയമായി സംരക്ഷണപണികൾ നടത്തിയും തോട് നിർമ്മിച്ചും പമ്പുസെറ്റ് സ്ഥാപി ച്ച് മേൽപ്പറഞ്ഞ ഏലാകളിലേക്ക് ലിഫ്റ്റ് ഇറിഗേ ഷൻ നടത്തണം.

മാമ്പുഴ വാർഡിൽ

- മാമ്പുഴ നിലത്തിന് ജലസേചനത്തിന് ഉപയോഗി ക്കാവുന്നവിധം മാമ്പുഴ ക്ഷേത്രക്കുളം ആഴംകൂട്ടി സംരക്ഷണ പണികൾ നടത്തി പമ്പ്സെറ്റ് സ്ഥാപി ക്കുക.

- മാമ്പുഴ ഏലായുടെ നടുത്തോടായ മുഴിതോട് ഇന്നു നികന്നുപോയിരിക്കുകയാണ്. ഈ തോട് നിർമ്മിച്ച് സംരക്ഷണ പണികൾ നടത്തണം.
- മാമ്പുഴ ഏലായുടെ കരകളിലായി സ്ഥിതിചെയ്യുന്നതും ജലസേചനത്തിനു ഉപകരിക്കുന്നതുമായ മുമ്പിലഴികത്തു കുളം, വേലംകോണം കുളം, ഞെട്ടയിൽ കുളം, കോണത്ത് കുളം എന്നിവ ആഴവും വിസ്തൃതിയും കൂട്ടി സംരക്ഷണ പണികൾ നടത്തുക.

ആലുംമൂട് വാർഡിൽ

- വാട്ടർഷെഡ് ഏരിയായിൽ പെടുന്ന തലപ്പറമ്പിൽ ഏലായ്ക്ക് ഏകദേശം 200 ഹെക്ടർ വിസ്തീർണ്ണം വരും. നെല്ലാണ് പ്രധാന കൃഷി. കാലാവസ്ഥ അനുകൂലമായാൽ ഏകദേശം 10 വിളവ് നെല്ല് കിട്ടും. എന്നാൽ ഏലായിൽ ഇറങ്ങുന്നതിന് റോഡ് സൗകര്യം ഇല്ലാത്തതുകൊണ്ട് കർഷകർ ബുദ്ധിമുട്ടുന്നു. അതുകൊണ്ട് ആശാരിയഴികത്തു ഇറയിലും, മാടൻകാവിന്റടുത്തുകൂടിയും രണ്ടു റോഡുകൾ നിർമ്മിച്ച് ഏലായിൽ ഇറങ്ങുവാൻ സൗകര്യമുണ്ടാക്കണം.
- തലപ്പറമ്പിൽ ഏലായുടെ തോടിന് വീതികൂട്ടി സൈഡ്‌വാളും ക്രോസ് ബാറും നിർമ്മിച്ച് ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും ഉപയുക്തമാക്കണം.
- വാട്ടർഷെഡിൽ പെട്ട പെരുംകുളം സ്ക്കീമിൽ വരുന്ന പുനുക്കന്നൂർ ഏലായ്ക്ക് ഏതാണ്ട് 350 ഹെക്ടർ വിസ്തീർണ്ണമുണ്ട്. ഇവിടെ നെല്ലാണ് കൃഷി. ഈ നിലങ്ങളുടെ സംരക്ഷണത്തിന് നടത്തോട്ടിൽ ആവശ്യമുള്ള സ്ഥലത്തെല്ലാം റീട്ടെയിനിംഗ് വാൾ, ക്രോസ് ബാറുകൾ, തോട് ക്രോസ് ചെയ്യുന്നിടത്തെല്ലാം പാലങ്ങൾ എന്നിവ നിർമ്മിച്ച് കർഷകരെയും കൃഷിയേയും പ്രോത്സാഹിപ്പിക്കുക.
- ജലസേചനത്തിന് അങ്ങേയറ്റം ഉപയോഗയോഗ്യമായ വലിയകുളവും ഉടയൻകാവ് കുളവും ഊറ്റുകുളവും ഇന്ന് ചെളിയും മണ്ണും ആഫ്രിക്കൻ പായവും കയറി ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇവയിലെ ചെളിയും മണ്ണും പൂർണ്ണമായി നീക്കം ചെയ്ത് ആഴം കൂട്ടി സംരക്ഷണപണികൾ നടത്തി പമ്പ് സെറ്റുകൾ സ്ഥാപിച്ച് ജലസേചനത്തിന് ഉപയുക്തമാക്കുക.
- മൃഗാശുപത്രിമുക്ക് – കേരളപുരം കെ.പി.പി. കമ്പനി മുക്ക് റോഡിൽ പഴവിള ജംഗ്ഷനിലുള്ള കലങ്കുകളിൽകൂടിയുള്ള ഒഴുക്കുവെള്ളം മൂലമുണ്ടാകുന്ന മണ്ണൊലിപ്പ് തടയുന്നതിന് പദ്ധതി ആവിഷ്കരിക്കുക.
- നെടുമൺ കളരി, ലക്ഷംവീട്, കോളനി, മാവച്ചൻകാവ് ക്ഷേത്രം എന്നീ പ്രദേശങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിന് പദ്ധതി ആവിഷ്കരിക്കണം.

പുനുക്കന്നൂർ ബി വാർഡിൽ

- പുനുക്കന്നൂർ ഏലായുടെ നടുത്തോടും കരത്തോടും സംരക്ഷിക്കണം.
- പുനുക്കന്നൂർ ഏലായിലേക്ക് ട്രില്ലർ ഇറക്കുന്നതിന് സഹായകമായി ഒരു റോഡ് നിർമ്മിക്കണം. ഏലായിൽ വന്നുചേരുന്ന പഞ്ചായത്തു റോഡുകളിൽ നിന്നും മണ്ണൊലിപ്പ്കാരണം നിലം നികന്നുപോകുന്നതിനാലും കൃഷിക്ക് നാശം സംഭവിക്കുന്നതിനാലും ഏലായിലേക്ക് ചരിഞ്ഞുകിടക്കുന്ന റോഡുകളുടെ ഉപരിതലം മണ്ണൊലിപ്പിൽ നിന്നും സംരക്ഷിക്കുക.
- കോണത്ത് അമ്പലക്കുളം ആഴംകൂട്ടി സംരക്ഷണപ്പണികൾ നടത്തി ജലസേചനത്തിന് ഉപയുക്തമാക്കുക.
- പുനുക്കന്നൂർ ബി യുടെയും ഇളമ്പള്ളൂർ വാർഡിന്റെയും അതിർത്തിയിൽക്കൂടിയുള്ള പൊയ്കയിൽ തോട് മൊത്തം നീളത്തിലും സംരക്ഷണപണി നടത്തി ജലനിർഗ്ഗമനത്തിനും ജലസേചനത്തിനും ഉപയുക്തമാക്കുക.

പുനുക്കന്നൂർ എ വാർഡിൽ

- പുനുക്കന്നൂർ ഏലായിൽ കൃഷി ഉപയോഗത്തിന് ട്രില്ലറും മറ്റ് വാഹനങ്ങളും കൊണ്ടുപോകുന്നതിനായി പെരുമ്പുഴ – കേരളപുരം റോഡിൽ കലങ്ക് ഭാഗത്തുനിന്നും തലച്ചിറവരെയുള്ള തോടിന്റെ രണ്ടു സൈഡും കെട്ടി ഒരു സൈഡിൽക്കൂടി വാഹനയോഗ്യമായ ഒരു റോഡ് നിർമ്മിക്കേണ്ടതാണ്.
- കൊയ്തെടുത്ത കറ്റകൾ അതാതിടങ്ങളിൽ വച്ചുതന്നെ മെതിച്ചെടുക്കുന്നതിന് സൗകര്യപ്രദമായ സ്ഥലങ്ങളിൽ മെതിക്കളങ്ങൾ നിർമ്മിക്കണം.

- പെരുമ്പുഴ ഇംഗ്ഷനിലുള്ള കെ.ഐ.പി. കനാലിൽ നിന്നും റോഡുവഴിയും ഒഴുകിവരുന്ന വെള്ളം തലപ്പറമ്പിൽ ഏലായിലാണ് എത്തിച്ചേരുന്നത്. ഈ വെള്ളം ഒരു ഭാഗത്ത് ശേഖരിച്ച് കൃഷിയിടങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിന് പദ്ധതി ഉണ്ടാക്കണം. ഇതിനാവശ്യമായ സ്ഥലം സൗജന്യമായി പഞ്ചായത്തു കമ്മിറ്റിയെ ഏല്പിക്കാമെന്ന് ആ ഭാഗത്തെ കർഷകർ സമ്മതിച്ചിട്ടുണ്ട്. ആ ഭാഗത്തുള്ള തോടിന്റെ സൈഡ് കെട്ടി സംരക്ഷിക്കേണ്ടതാണ്.
- കുളപ്ര അമ്പലത്തിനു സമീപത്തുനിന്നും വിരേറഴികത്തു റോഡിൽ എത്തിച്ചേരുന്നതിനുള്ള റോഡ് കർഷകർക്ക് ഉപയോഗിക്കുന്നതിനായി നിർമ്മിക്കണം.
- തലപ്പറമ്പിൽ ഏലായിലേക്കുള്ള റോഡ് ഏലായിലെ കൃഷി ഉപയോഗത്തിന് ടില്ലറും മറ്റു വാഹനങ്ങളും കൊണ്ടുപോകത്തക്കവിധം വികസിപ്പിച്ചെടുത്ത് മാടൻകാവിനുസമീപത്തുകൂടി റൂറൽ ആശുപത്രിവരെ എത്തിക്കണം.
- വടവൂർ കുളം ഇടിഞ്ഞുപൊളിഞ്ഞ് നികന്നുകിടക്കുന്ന അവസ്ഥ മാറ്റി പുതുക്കിപ്പണിഞ്ഞ് ജലസേചനത്തിന് ഉപയോഗിക്കാവുന്ന വിധത്തിലാക്കണം. പമ്പ്സെറ്റ് സ്ഥാപിക്കണം.

ഇളമ്പള്ളൂർ വാർഡിൽ

- വെള്ളംകൊള്ളി മുതൽ താഴോട്ടുള്ള തോടുകൾ നടുതോടുമായി ബന്ധിപ്പിച്ച് സംരക്ഷണ പണികൾ നടത്തുക.
- പനംകുറ്റി ഏലായുടെ പടിഞ്ഞാറേ കരയിൽക്കൂടിയുള്ള കരത്തോട് സംരക്ഷിക്കുകയും അതോടൊപ്പം ഏലായിലേക്ക് കർഷകർക്ക് ടില്ലർ മുതലായ വാഹനങ്ങൾ കൊണ്ടുപോകുന്നതിന് ഒരു റോഡ് ഇളമ്പള്ളൂർ മുതൽ കലങ്കുമുക്കുവരെ നിർമ്മിക്കുകയും ചെയ്യുക.
- കൃഷിഭവന്റെ ഒരു സബ്സെന്റർ ഇളംപള്ളൂരിൽ പനംകുറ്റി ഏലായ്ക്കു സമീപത്തായി ആരംഭിക്കുക.
- ട്രാക്ടർ കൊണ്ടുപോകുന്നതിന് തോടുകൾക്ക് കുറുകെ പാലങ്ങൾ നിർമ്മിക്കുക.
- ഊറ്റുകുഴി കുളത്തിന്റെ പൊളിഞ്ഞുകിടക്കുന്ന കെട്ടുകൾ പൊളിച്ചുമാറ്റി വിസ്തൃതിയിലും ആഴത്തിലും കുളം നിർമ്മിച്ച് സംരക്ഷണപണികൾ നടത്തുക.
- ഇലഞ്ഞിവേലികുളം ആഴത്തിലും വിസ്തൃതിയിലും കുഴിച്ച് സംരക്ഷണപണികൾ നടത്തുക.

കുരീപ്പള്ളി വാർഡിൽ

- വില്ലൂർ മാടൻകാവിനുസമീപമുള്ള കുളം വിസ്തൃതിയിലും ആഴത്തിലും താഴ്ത്തി, സംരക്ഷണപണികൾ നടത്തി, പമ്പ്സെറ്റ് സ്ഥാപിക്കുകയും അവിടെനിന്നും താഴോട്ടുള്ള തോട് ജലസേചനത്തിനു ഉപയോഗിക്കത്തക്കവിധം സംരക്ഷണവേല ചെയ്യുക.
- കല്ലിംഗൽ ഏലായുടെ ഇരുവശത്തുകൂടിയുമുള്ള തോടുകൾ നികന്നുകിടക്കുന്നു. അത് വെട്ടി സംരക്ഷണപണികൾ നടത്തിയും ബണ്ടുകൾ നിർമ്മിച്ചും ഇടഭാഗങ്ങളിൽ ചിപ്പുകൾ നിർമ്മിച്ചും ജലസേചനത്തിന് ഉപയുക്തമാക്കുക.
- കുരിപ്പള്ളി ഏലായുടെ തലക്കുളം ആയ കുരീപ്പള്ളി ഇറിഗേഷൻ കുളം സംരക്ഷിക്കുകയും താഴേക്കുള്ള തോടിന്റെ ഇരുവശവും സംരക്ഷിക്കുകയും ചെയ്യുക.
- കുരിപ്പള്ളി ഇറിഗേഷൻ കുളം മുതൽ കല്ലിംഗൽ ഏലാ വരെയുള്ള തോടിന്റെ ഒരു സൈഡിൽ കൂടി കർഷകർക്ക് കൃഷിക്ക് ഉപയോഗിക്കുന്നതിന് ട്രില്ലറും മറ്റു വാഹനങ്ങളും കൊണ്ടുപോകത്തക്കവിധം ഒരു റോഡു നിർമ്മിക്കുക

പെരുമ്പുഴ എ വാർഡിൽ

- പെരിഞ്ഞേലിൽ ഏലാമുതൽ പാമ്പത്ത് ഏലാവരെയുള്ള തോടിന്റെ സംരക്ഷണ വേലകൾ ചെയ്യും ആവശ്യമുള്ള സ്ഥലങ്ങളിൽ ക്രോസ് ബാറൾ കെട്ടിയും, നിലത്തിലേക്ക് ട്രില്ലറുകൾ കൊണ്ടുപോകുന്നതിന് തോട് ക്രോസ് ചെയ്യുന്നിടത്ത് പാലങ്ങൾ നിർമ്മിച്ചും കൃഷിയെ പ്രോത്സാഹിപ്പിക്കണം.
- കല്ലുപാല കടവിൽ കൂടിയുള്ള തോട്ടിലേക്ക് വന്നു ചേരുന്ന ചരിഞ്ഞുകിടക്കുന്ന റോഡുകളിൽ നിന്നുള്ള മണ്ണൊലിപ്പ് തടയുന്നതിന് പ്രസ്തുത റോഡുകളുടെ ഉപരിതലം മണ്ണൊലിപ്പിൽ നിന്നും സംരക്ഷിക്കണം.

പെരുമ്പുഴ ബി വാർഡിൽ

- ഞാലിയോട് ഏലായുടെ മുകളറ്റത്ത് ഒരു തല ക്കുളം നിർമ്മിക്കണം.
- കണ്ണാട്ടുകുളവും, കണ്ണോലിക്കോണം ഭാഗത്തുള്ള കുളവും, അഴുകപൊയ്ക കുളവും ചെളിയും മണ്ണും മാറ്റി ആഴത്തിൽ താഴ്ത്തി സംരക്ഷണ പണികൾ നടത്തി ജലസേചനത്തിനുപയുക്തമാക്കണം.
- പാടങ്ങളുടെ വശങ്ങളിൽ കൂടി കൃഷിക്ക് ഉപയോഗിക്കുന്നതിന് ട്രാക്റ്ററുകളും മറ്റ് വാഹനങ്ങളും കൊണ്ടുപോകുന്നതിനുള്ള റോഡ് നിർമ്മിക്കണം.

കുണ്ടറ എ വാർഡിൽ

- പനയ്ക്കൽ ഭാഗത്ത് ആരംഭിച്ച് നമ്പ്യാർ വീട് വരെയുള്ള ചെപ്പള്ളിൽ തോട് ഒരിക്കലും വറ്റുന്നതല്ല. ഈ തോടിന് ചിപ്പും ആവശ്യമായ സംരക്ഷണഭിത്തികളും ട്രാക്റ്റർ ഇറക്കുന്നതിന് തോട് ക്രോസ് ചെയ്യുന്നിടങ്ങളിൽ പാലങ്ങളും വേണം.
- കുണ്ടറ പിള്ളവീട്ടിൽ കുളം ഒരിക്കലും വറ്റാത്ത കുളമാണ്. ഈ കുളം വളരെ വിസ്തൃതിയിലും ആഴത്തിലും കുഴിച്ച് അങ്ങേയറ്റം ശ്രദ്ധചെലുത്തിയുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് (വറ്റാത്ത കുളമായതിനാൽ ജലസേചനത്തിനും കുടിക്കുന്നതിനും ഉപയോഗിക്കാൻ) സംരക്ഷിച്ചെടുക്കുകയും ജലസേചനത്തിനാവശ്യമായ തോടും ഷട്ടറുകളും നിർമ്മിക്കുകയും ചെയ്യണം.
- ചെപ്പള്ളിൽ കുളവും ഒരിക്കലും വറ്റാത്ത കുളമാണ്. പെരുമ്പുഴ ഏലായിലേക്ക് ജലസേചനം നടത്തുന്നതിന് അങ്ങേയറ്റം ഉപകരിക്കുന്ന ഈ കുളം വിസ്തൃതിയിലും ആഴത്തിലും കുഴിച്ച് സംരക്ഷണ പണികൾ നടത്തി ഈ കുളത്തിൽ നിന്നും തോട് നിർമ്മിക്കുകയും ചെയ്യണം.
- മാർത്തോമാ സ്ക്കൂൾ ഗ്രൗണ്ടുമുതൽ (ഇണ്ടിളയപ്പൻ ക്ഷേത്രത്തിനു സമീപത്തുകൂടി തച്ചക്കോണത്തുമുഴിയിലേക്കുള്ള തോട് ഇന്ന് നികന്ന് കിടക്കുന്നത് തെളിച്ച് ആവശ്യമുള്ള സ്ഥലത്തെല്ലാം സംരക്ഷണഭിത്തി കെട്ടിയും ക്രോസ്ബാറുകൾ കെട്ടിയും ജലസേചനത്തിന് ഉപയുക്തമാക്കുക. കർഷകർക്ക് നിലത്തിൽ ട്രാക്ടറും മറ്റു വാഹനങ്ങളും കൊണ്ടുപോകുന്നതിനുവേണ്ടി ഈ തോടിന്റെ കരയ്ക്കുകൂടി ഇനങ്ങളുടെ ശ്രമഫലമായുണ്ടായ റോഡ് സംരക്ഷിക്കുകയും ചെയ്യുക.

കുണ്ടറ ബി വാർഡിൽ

- കുണ്ടറ ബി. വാർഡിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 40% സമതലവും 60% ചരിവുള്ള പ്രദേശവുമാണ്. ചരിവുള്ള പ്രദേശങ്ങളിൽ ശക്തിയായ മണ്ണൊലിപ്പ് ഉണ്ട്. കണ്ണോലിക്കോണം ഭാഗം, പെരിഞ്ഞോലിൽ മാടൻകാവിനു പടിഞ്ഞാറുവശം, തെക്കേവിളക്കടയ്ക്ക് കിഴക്കുവശം തെങ്ങയ്യം ജയന്തിക്കോളനി പരിസരം, കെ.ഐ.പി. യുടെ കട്ട് ആന്റ് കവർ ഭാഗം, ആശുപത്രിമുക്കിൽ നിന്നും പനംകുറ്റിയിലേക്കുള്ള ഭാഗം എന്നിവിടങ്ങളിലെല്ലാം ശക്തമായ മണ്ണൊലിപ്പ് അനുഭവപ്പെടുന്ന സ്ഥലങ്ങളാണ്. ഇവിടങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം.
- പനംകുറ്റി ഏലായിലേക്ക് കൃഷി ഉപയോഗത്തിന് മറ്റ് വാഹനങ്ങൾ വരുന്നതിന് കിഴക്കേക്കരയ്ക്കുകൂടി ഒരു റോഡ് ഉണ്ടാക്കണം.
- കണ്ണോലിക്കോണത്ത് വളരെ കൂടുതൽ നീരുറവയുള്ളതും ഒരിക്കലും വറ്റാത്തതുമായ ഒരു കുളം നശിച്ചുകിടക്കുന്നു. ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗിക്കാവുന്ന ഈ തലക്കുളം വിസ്തൃതിയിലും ആഴക്കിലും കുഴിച്ച് ശാസ്ത്രീയമായി സംരക്ഷിച്ച് ജലസേചനത്തിനുള്ള തോടുകളും, കുടിവെള്ളമായി എടുക്കുന്നതിനുമുള്ള സൗകര്യങ്ങളും നിർമ്മിക്കണം.
- തെക്കേവിള ലക്ഷംവീട് കോളനിയിൽ നശിച്ചുപോയ കിണറും പമ്പും പുനർനിർമ്മിച്ചു സ്ഥാപിക്കണം.
- പനംകുറ്റി ഏലായുടെ മുകൾഭാഗത്ത് ഒരു തലക്കുളം വിസ്തൃതിയിലും ആഴത്തിലും കുഴിച്ച് ശാസ്ത്രീയമായി സംരക്ഷിച്ച് പമ്പ്സെറ്റ് സ്ഥാപിച്ച് പനംകുറ്റി മുതൽ തെക്കോട്ട് വയൽ മദ്ധ്യഭാഗത്തുകൂടി ഒരു നടുതോട് നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കിയാൽ പനംകുറ്റി ഏലായിൽ മൂന്നു കൃഷി ഇറക്കാൻ കഴിയും. ●

മൃഗസംരക്ഷണവും മത്സ്യബന്ധനവും



മൃഗസംരക്ഷണം

കേരളത്തിലെ സമ്പദ്ഘടനയിൽ പ്രധാന പങ്കുവഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണം. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമപ്രദേശങ്ങളിലാണ്. കന്നുകാലി ഉടമകളിൽ ഭൂരിഭാഗവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. 1982 നും 87 നും ഇടയ്ക്ക് കന്നുകാലി സമ്പത്തിന്റെ വർദ്ധന ഗണ്യമായിരുന്നു. നാടൻ പശുക്കളിൽ നിന്നും അത്യുല്പാദനശേഷിയുള്ള പശുക്കളിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചതാണ് പശുക്കളുടെ എണ്ണത്തിൽ വർദ്ധനയുണ്ടാകാനും എരുമകൾ, ആടുകൾ എന്നിവരുടെ എണ്ണത്തിൽ കുറവുണ്ടാക്കുവാനും ഇടയാക്കിയത്. കഴിഞ്ഞ രണ്ട് ദശാബ്ദക്കാലമായി പാലിന്റെ ഉല്പാദനത്തിലും ഉപഭോഗത്തിലും അസൂയാവഹമായ വളർച്ച കൈവരിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഇക്കാലയളവിൽ നാടൻ പശുക്കളുടെ ഉല്പാദനം 30% വർദ്ധിച്ചപ്പോൾ സങ്കരയിനം പശുക്കളിൽ നിന്നുള്ള ഉല്പാദനം 80% വരെ ഉയരുകയുണ്ടായി.

ഈ മേഖലയിലേക്കു കടന്നുവരുവാനുള്ള അഭ്യസ്തവിദ്യരുടെ വൈമുഖ്യം, ധനകാര്യവായ്പാസ്ഥാപനങ്ങൾ കാണിക്കുന്ന താല്പര്യക്കുറവ്, ചുരുങ്ങുന്ന മേച്ചിൽ സ്ഥലങ്ങൾ, പെരുകുന്ന ഉല്പാദനച്ചിലവ്, തീറ്റപ്പുൽ കൃഷിയിലുണ്ടായ മാന്ദ്യത, കാലിത്തീറ്റ നിർമ്മാണത്തിനുള്ള അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, കാലിത്തീറ്റ രംഗത്തേക്കുള്ള ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റം തുടങ്ങിയവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ, ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങളും കന്നുകാലി-കോഴിത്തീറ്റകൾ ഉല്പാദിപ്പിക്കുവാനുള്ള പുതിയ സംരംഭങ്ങളും ഉണ്ടാകണം. ശുദ്ധമായ മാംസോല്പാദനവും ശ്രദ്ധപതിയേണ്ട ഒരു മേഖലയാണ്.

ഗ്രാമീണ കുടുംബങ്ങൾക്ക് വരുമാനവും തൊഴിലും നൽകുന്നതോടൊപ്പം മണ്ണിന്റെ ഗുണനിലവാരം ജൈവപ്രവർത്തനത്തിലൂടെ വർദ്ധിപ്പിക്കുന്നതിലും കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഊർജ്ജം പ്രദാനം ചെയ്യുന്നതിലും മൃഗസംരക്ഷണമേഖല

മുഖ്യ പങ്ക് വഹിക്കുന്നു. അതോടൊപ്പം കേരളീയർക്ക് ആവശ്യമായ വിലപ്പെട്ട മൃഗമാംസ്യസ്രോതസ്സായി നിലകൊള്ളുന്നതും ഈ മേഖലതന്നെ. പ്രധാനമായി വീട്ടുപരിസരവുമായി ബന്ധപ്പെട്ടാണ് നമ്മുടെ മൃഗ പരിപാലനമേഖല നിലനിന്നുവരുന്നത്. മൃഗസംരക്ഷ ണരംഗം മൊത്തത്തിൽ പരിശോധിച്ചാൽ കാണാൻ കഴിയുന്ന ഏറ്റവും വലിയ ന്യൂനത ഈ മേഖല തെല്ലും സ്വയം പര്യാപ്തമല്ല എന്നതാണ്. മാംസോല്പാ ദനം മുട്ടയുല്പാദനം എന്നിവയ്ക്ക് നാം അയൽ സംസ്ഥാനങ്ങളെ വൻതോതിൽ ആശ്രയിച്ചു വരുന്നു. എന്നാൽ പാലുല്പാദനത്തിന്റെ കാര്യത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞി ട്ടുണ്ട്. 1980 – 81 കാലഘട്ടത്തിൽ 9.08 ലക്ഷം ടൺ പാലായിരുന്നു കേരളത്തിൽ ഉല്പാദിപ്പിക്കപ്പെട്ടിരുന്ന തെങ്കിൽ 94 – 95 കാലത്തോടെ ഉല്പാദനം 21.18 ലക്ഷം ടൺ ആയി ഉയരുകയുണ്ടായി. ജനസംഖ്യാവർദ്ധന വിനെ തുടർന്ന് കേരളത്തിന്റെ കന്നുകാലി സമ്പത്തി ന്റെ ഘടനയിൽ വലിയ മാറ്റങ്ങളുണ്ടായി. പാലിന്റെ ആവശ്യകത വർദ്ധിച്ചപ്പോൾ കൃത്രിമബീജസങ്കലന ത്തിലൂടെ മേൽത്തരം ജനുസ്സുകളിലേക്കുള്ള (പ്രത്യേ കിച്ചും പശുക്കളുടെ കാര്യത്തിൽ) പരിവർത്തനമാ യിരുന്നു പ്രധാന മാറ്റം. പാലുല്പാദന വർദ്ധനവിന്റെ പ്രധാന കാരണം ഇതുതന്നെ. 1987-ലെ കന്നുകാലി സെൻസസ് അനുസരിച്ച് കേരളത്തിലെ കന്നുകാലി സമ്പത്തിന്റെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണാം.

കേരളത്തിന്റെ കന്നുകാലി സമ്പത്ത്
(കണക്ക് ലക്ഷത്തിൽ)

പശുക്കളും കാളകളും	34.24
എരുമകളും പോത്തുകളും	3.29
ആട്	15.81
പന്നി	1.37
കോഴി	170.92
താറാവ്	8.45

1982 -ൽ നടന്ന കന്നുകാലി സെൻസസുമായി താരതമ്യപ്പെടുത്തുമ്പോൾ കാണാൻ കഴിയുന്ന ഒരു വസ്തുത 82 മുതൽ 87 വരെയുള്ള അഞ്ചുവർഷക്കാല ത്തിനിടയ്ക്ക് പശുക്കളുടെ എണ്ണം 10% വർദ്ധിക്കു കയും അതേസമയം എരുമകളുടേയും ആടുകളുടേയും എണ്ണം യഥാക്രമം 19% വും, 21 %വും ആയി കുറയുകയും ചെയ്തു എന്നതാണ്. ഇന്ന് കേരളത്തിലെ $^{2}/_{3}$ ഭാഗം കന്നുകാലികളും ഉയർന്ന ഉല്പാദനക്ഷമതയു ള്ള സങ്കരയിനങ്ങളാണ്. എന്നാൽ പാലുല്പാദനരംഗ ത്തെ സംബന്ധിച്ചിടത്തോളം കേരളത്തിലെ സാധാര ണ കർഷകർക്ക് ലഭ്യമായ സാഹചര്യങ്ങളിൽ, സാധ്യ മായതിന്റെ പകുതിയോളം എത്താനേ അവർക്ക് കഴി ഞ്ഞിട്ടുള്ളൂ. ഉയർന്ന ഗുണനിലവാരമുള്ള സങ്കരയിനം പശുക്കൾ ശാസ്ത്രീയമായ പരിചരണവും പോഷക സമൃദ്ധമായ തീറ്റയും ആവശ്യപ്പെടുന്നു. എന്നാൽ സാധാരണ കർഷകന് ഈ തീറ്റ കുറഞ്ഞ ചെലവിൽ ലഭ്യമല്ല. അതുമൂലം സങ്കരയിനം പശുക്കളുടെ ഗുണം അവർക്ക് ലഭിക്കുന്നില്ല. ഇന്ന് സങ്കരയിനം പശു ക്കളുടെ ശരാശരി പ്രതിദിന പാലുല്പാദനം 5.37 ലിറ്റർ മാത്രമാണ്. ഇത് ചുരങ്ങിയത് 10 ലിറ്റർ എങ്കിലുമാക്കി വർദ്ധിപ്പിക്കാവുന്നതാണ്. ഈ ലക്ഷ്യം നേടണമെ ങ്കിൽ ഉല്പാദനക്ഷമത കൂടിയ മൃഗങ്ങളെ ഉല്പാദിപ്പി ച്ചാൽ മാത്രം പോരാ, അനുബന്ധഘടകങ്ങളായ കാലിത്തീറ്റ, ശരിയായ ചികിത്സ, ശാസ്ത്രീയമായ പരി പാലനം എന്നിവ ഉറപ്പാക്കുകകൂടി വേണം.

1987 -ലെ കന്നുകാലി സെൻസസ് പ്രകാരം കൊറ്റങ്കര പഞ്ചായത്തിൽ ഉള്ള വളർത്തുമൃഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെകൊടുത്തിരിക്കുന്ന പട്ടിക 1-ൽ കാണാം.

പട്ടിക – 1ൽ കാണുന്നതുപോലെ നമ്മുടെ പഞ്ചായത്തിൽ 3358 സങ്കരയിനം പശുക്കളുള്ളപ്പോൾ നാടൻ പശുക്കളുടെ എണ്ണം വെറും 331 മാത്രം. സങ്കര യിനം പശുക്കൾക്കാവശ്യമായ തീറ്റയും ശാസ്ത്രീയ പരിപാലനവും നൽകി ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അടിയന്തരാവശ്യമാണ്. തീറ്റപ്പുൽ കൃഷി എന്ന സംസ്കാരം ഇനിയും ഇവിടെ വേരൂന്നിയിട്ടില്ല. പുൽവിത്തുകൾ വിതരണം ചെയ്യാനും പുൽകൃഷി വ്യാപകമാക്കാനും കർമ്മപരിപാടികൾ വേണം. അതി നുപുറമെ തരിശുഭൂമികളിൽ കാലിത്തീറ്റയ്ക്കുവേണ്ടി പുക്കൻ ധാന്യങ്ങൾ ഉണ്ടാക്കാൻ കഴിയണം. വേണ്ട രീതിയിൽ ഗവേഷണം നടത്തിയാൽ തേങ്ങാപിണ്ണാ ക്ക്, മരച്ചീനി, കായ്തൊലി തുടങ്ങിയവയിൽ നിന്നായി സന്തുലിതമായ കാലിത്തീറ്റ ഉല്പാദിപ്പിക്കാൻ കഴിയുമെ ന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. അങ്ങനെ കാലിത്തീ

പട്ടിക - 1

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്
വളർത്തുമൃഗസംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു സങ്കരം		എരുമ				പോത്ത്	ആട്	പട്ടി	ആന
	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
I	Nil	Nil	Nil	13	15	11	180	66	12	5	1	321	615	-
II	"	"	"	11	12	10	176	51	14	3	1	325	617	1
III	"	"	"	9	10	10	161	56	7	3	1	285	610	-
IV	"	"	"	10	11	9	149	53	5	2	-	312	623	-
V	"	"	"	10	12	9	154	69	4	2	1	296	630	-
VI	"	"	"	12	12	10	168	67	6	2	1	312	614	-
VII	"	"	"	10	11	10	167	52	8	3	1	297	619	-
VII	"	"	"	9	14	11	156	67	5	3	-	288	611	-
IX	"	"	"	8	12	10	151	66	9	4	1	310	630	-
X	"	"	"	10	13	9	154	51	8	2	-	290	625	1
XI	"	"	"	11	12	10	162	70	9	2	-	309	604	-
XII	"	"	"	12	10	9	164	66	12	3	1	310	606	-
XIII	"	"	"	11	12	11	169	59	9	3	-	315	610	-
XIV	"	"	"	13	13	10	164	61	8	2	-	326	608	-
XV	"	"	"	10	12	11	166	63	9	3	-	330	609	-
TOTAL	"	"	"	159	181	150	2441	917	125	42	8	462	69233	2

റ്റ നർമ്മിച്ച് ഇന്ന് ബഹുരാഷ്ട്ര കമ്പനികളും ഇന്ത്യൻ കുത്തകകളും കയ്യടക്കിയിരിക്കുന്ന കേരളത്തിന്റെ കാലിത്തീറ്റ കമ്പോളത്തെ അവയിൽ നിന്നും മോചിപ്പിക്കണം.

മാംസാവശ്യങ്ങൾക്കായി കേരളത്തിലേക്ക് വൻതോതിൽ കന്നുകാലികളെക്കൊണ്ടുവരുന്നുണ്ട്. 86–87 –ൽ 10 ലക്ഷം മൃഗങ്ങളെയാണ് കേരളത്തിൽ കശാപ്പു ചെയ്തത്. ഈമൃഗങ്ങളുടെ തോൽ, മാംസം, രക്തം തുടങ്ങിയവ ഉപയോഗിച്ച് നടത്താവുന്ന വ്യാവസായികയൂണിറ്റുകൾക്ക് രൂപം കൊടുക്കുന്നതിലൂടെ ഒട്ടേറെ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും.

കേരളത്തിൽ കോഴിയിറച്ചിയുടേയും കോഴിമുട്ടയുടേയും ഉപഭോഗം കഴിഞ്ഞ പതിറ്റാണ്ടിൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. 1980 – 81 നും 94 – 95 നും ഇടയ്ക്ക് കേരളത്തിൽ ഉല്പാദിപ്പിക്കപ്പെട്ട മുട്ടയുടെ എണ്ണം 96.2 കോടിയിൽ നിന്ന് 191.8 കോടിയായി വർദ്ധിച്ചു. എങ്കിലും മുട്ട കയറ്റുമതിചെയ്തിരുന്ന നമ്മുടെ സംസ്ഥാനം ഇന്ന് ഒരു കമ്മി സംസ്ഥാനമായി മാറിയിരിക്കുന്നു. ഉപഭോഗത്തിന് അനുസൃതമായി ഉല്പാദനം വർദ്ധിച്ചില്ല എന്നതാണ് കാരണം. ഒപ്പം കോഴി, താറാവ് എന്നിവയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന വിവിധയിനം രോഗങ്ങൾ വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. കോഴിക്കുഞ്ഞുങ്ങളെ വൻതോതിൽ വിരിയിച്ചെടുക്കുന്നതിനുള്ള സംവിധാനം ഇന്നു കേരളത്തിലില്ല. ഇത് അടിയന്തിരമായി വികസിപ്പിച്ചെടുക്കേണ്ടതാണ്. ഇവിടെയും വില കുറഞ്ഞ തീറ്റയുടെ അഭാവം ഒരു പ്രശ്നമായി അവശേഷിക്കുന്നു. ഇന്ന് തീറ്റകൾ ഏറിയകൂറും മറ്റു സംസ്ഥാനങ്ങളിൽ നിന്നും നാം ഇറക്കുമതി ചെയ്യുന്നു. ഇവിടെത്തന്നെ ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് നല്ലയിനം കോഴിത്തീറ്റകൾ കുറഞ്ഞ വിലയ്ക്ക് ഉണ്ടാക്കാൻ കഴിയേണ്ടതാണ്. പോഷകാംശം കൂടുതലുള്ള കോഴിത്തീറ്റ ഉണ്ടാക്കുന്നതിനായി മത്സ്യങ്ങളുടെ അവശിഷ്ടങ്ങൾ ഉപയോഗിക്കാനുള്ള സംവിധാനം ഉണ്ടാകണം.

1987 –ൽ കൊറ്റങ്കര പഞ്ചായത്തിലുണ്ടായിരുന്ന വളർത്തുപക്ഷികളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴേ ചേർക്കുന്നു. (പട്ടിക – 2)

അടുത്ത കന്നുകാലി സെൻസസ് എടുക്കുമ്പോൾ മാത്രമേ ഇപ്പോഴത്തെ നില അറിയാൻ കഴിയൂ. എങ്കിലും പട്ടിക 2 ൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നു. നമ്മുടെ പഞ്ചായത്തിൽ കോഴികളുടേയും താറാവുകളുടേയും എണ്ണം വളരെ പരിമിതമാണ്. അതുകൊണ്ട് കോഴിവളർത്തൽ വളരെയധികം പ്രോത്സാഹനം അർഹിക്കുന്നു.

കേരളത്തിൽ എല്ലാ പഞ്ചായത്തിലും കുറഞ്ഞത് ഒരു മൃഗാശുപത്രിയെങ്കിലും ഇന്നുണ്ട്. ഇതിനു പുറമെ ക്രിത്രിമ ബീജദാനകേന്ദ്രങ്ങളും ഫാമുകളുമുണ്ട്. പക്ഷേ ഈ സ്ഥാപനങ്ങളിൽ ഇന്ന് അസൗകര്യങ്ങൾ ഏറെയുണ്ട്. വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാകുന്നതും എല്ലാ കർഷകർക്കും എത്തിച്ചേരാൻ പറ്റുന്നതുമായ സ്ഥലത്തുവേണം മൃഗാശുപത്രി സ്ഥാപിക്കുവാൻ. രോഗനിർണ്ണയ സംവിധാനങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കണം.

ഈ പഞ്ചായത്തിലെ കന്നുകാലികളുടെ രോഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടിക 3 –ൽ കാണാവുന്നതാണ്.

ഈ പഞ്ചായത്തിലെ പേ വിഷബാധയ്ക്ക് നടത്തിയ പ്രതിരോധ കുത്തിവയ്പിനെയും ചികിത്സയെയും സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടിക 4 –ൽ കാണാം.

1995 – 96 ൽ 160 പട്ടികൾക്കു മാത്രം പ്രതിരോധ കുത്തിവയ്പ് നടത്തിയെന്നാണ് പട്ടിക 4 –ൽ കാണുന്നത്. 1987 –ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ പട്ടികളുടെ മൊത്തം എണ്ണം 9233 ആണ് (പട്ടിക 1 കാണുക). 87 മുതൽ 96 വരെയുള്ള 9 വർഷക്കാലത്തിനിടയ്ക്ക് എണ്ണം പതിനായിരം കവിഞ്ഞുകാണും. പതിനായിരം പട്ടികളുള്ള പഞ്ചായത്തിൽ വെറും 160 എണ്ണത്തിനു മാത്രം പ്രതിരോധ കുത്തിവയ്പ് നടത്തിയെന്നു പറയുമ്പോൾ അത് എത്രമാത്രം അപര്യാപ്തമാണെന്ന് പ്രത്യേകം പറയേണ്ടതില്ല. നിർബന്ധമായും എല്ലാ വളർത്തുനായ്ക്കളെയും പ്രതിരോധ കുത്തിവയ്പിനു വിധേയമാക്കണം. അലഞ്ഞു തിരിഞ്ഞു നടക്കുന്ന തെരുവ് നായ്ക്കളെ നശിപ്പിക്കുകയും വേണം. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കണം. ജില്ലാ കേന്ദ്രങ്ങളിൽ പേ വിഷനിയന്ത്രണ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. വളർത്തുനായ്ക്കൾക്ക് രോഗപ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനും വേണ്ട സമഗ്രപരിപാടികൾ ആസൂത്രണം ചെയ്ത് ഗ്രാപഞ്ചായത്തിന്റെ മുഴുവൻ ജന

പട്ടിക - 5

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്
കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	3358	2477	669
കിടാരി	1237	821	199
എരുമ	171	48	24

ങ്ങളുടേയും സഹകരണത്തോടും പങ്കാളിത്തത്തോടും കൂടി നടപ്പാക്കണം. നായ്ക്കളെ നശിപ്പിക്കുന്നതിന് പരിശീലനം ലഭിച്ചവർ ലഭ്യമാകുന്നില്ല എന്ന പരാതിയും പരിഹരിക്കണം.

നടപ്പു പദ്ധതികൾ - പോരായ്മകൾ

1. പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി

ജനിതകഗുണമുള്ള പശുക്കൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക, ആദ്യപ്രസവം 30-ാം മാസത്തിനുള്ളിൽ സാധ്യമാക്കുക, ഇൻഷ്വറൻസ് പരിരക്ഷ നൽകുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.

2. പേവിഷ നിയന്ത്രണ പദ്ധതി

ഘട്ടംഘട്ടമായി പേവിഷ നിർമ്മാർജ്ജനം നടത്തുകയാണ് ലക്ഷ്യം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തുകയും ചെയ്യണം. നായ്ക്കളെ വളർത്തുന്നവർ ലൈസൻസ് എടുക്കണം.

ഓരോ വർഷവും വാക്സിൻ വാങ്ങാനുള്ള പദ്ധതി വിഹിതം ലഭിക്കുന്നില്ല. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല.

3. കാലിവസന്ത നിർമ്മാർജ്ജന പദ്ധതി

കാലിവസന്ത, കുളമ്പുരോഗം എന്നിവയ്ക്കുള്ള പ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നുണ്ടെങ്കിലും എല്ലാ ജില്ലകളിലും അതിന്റെ പ്രയോജനം ലഭിക്കുന്നില്ല.

4. കോഴി വളർത്തൽ

നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം പ്രശ്നമാണ്. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ രണ്ടുമാസംവരെ വളർത്തി പൊതുജനങ്ങൾക്കു വിതരണം ചെയ്യാൻ കഴിയും വിധം എഗ്ഗർ നഴ്സറി പദ്ധതി വ്യാപകമാകുകയും കൂടുതൽ ഹാച്ചറി യൂണിറ്റുകൾ സ്ഥാപിക്കുകയും വേണം.

ഇറച്ചിക്കോഴി വളർത്തൽ മേഖല പ്രതീക്ഷയുണർത്തുന്ന ഒന്നാണ്. പ്രാദേശിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മുന്നോട്ടുപോയാലേ പ്രശ്നങ്ങൾക്കു പരിഹാരമാകൂ.

5. മുയൽ വളർത്തൽ

വാണിജ്യാടിസ്ഥാനത്തിൽ മുയൽ ഇറച്ചിയുടെ ഉല്പാദനവും വിപണനവും സാധ്യമാക്കുന്ന മുയൽ വളർത്തൽ പദ്ധതി മുയൽ കുഞ്ഞുങ്ങളുടെ ദൗർലഭ്യം മൂലം വഴിമുട്ടി നിൽക്കുന്നു.

പൊതുനിർദ്ദേശങ്ങൾ

ഡയറി യൂണിറ്റുകൾ, കോഴിവളർത്തൽ, എഗ്ഗർ നേഴ്സറി (ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്ന പദ്ധതി), സ്കൂൾ പൗൾട്രി ക്ലബ്ബ്, ഇറച്ചിക്കോഴി വളർത്തൽ, ആടുവളർത്തൽ, പന്നിവളർത്തൽ, കാളക്കുട്ടി പരിപാലനം 2-3 മാസം പ്രായമുള്ള കാളക്കുട്ടികളെ തെരഞ്ഞെടുത്ത് 12 മാസം വരെ പരിചരിച്ച് മാംസാവശ്യത്തിന് ഉപയോഗിക്കുന്ന സ്കീം), താറാവിൻ കുഞ്ഞുങ്ങളുടെ നഴ്സറി, താറാവുവളർത്തൽ, മുയൽ വളർത്തൽ, ചെറുകിട കാലിത്തീറ്റ യൂണിറ്റുകൾ എന്നിവ യോജിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

പ്രശ്നങ്ങളും ആവശ്യങ്ങളും

- ☐ പശുവളർത്തൽ, ആടുവളർത്തൽ, താറാവ് - കോഴി വളർത്തൽ എന്നിവയ്ക്ക് ഇൻഷ്വറൻസ് സൗകര്യം ഉണ്ടാകണം.
- ☐ കാലിത്തീറ്റയെ നികുതിയിൽ നിന്നും ഒഴിവാക്കണം.
- ☐ കന്നുകുട്ടി പരിപാലനത്തിനു പദ്ധതി വേണം.
- ☐ മിൽക്ക് സൊസൈറ്റികൾ വേണം.
- ☐ മൃഗാശുപത്രിയുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുകയും അതിന്റെ സേവനം എപ്പോഴും ലഭ്യമാക്കാൻ ശ്രദ്ധിക്കുകയും വേണം.
- ☐ റോഡ് സൈഡിൽ അൽകേഷ്യ വച്ചുപിടിപ്പിക്കുന്നതിനുപകരം സുബാബുൾ, പ്ലാവ് എന്നിവ വച്ചുപിടിപ്പിച്ചാൽ അവ കന്നുകാലിത്തീറ്റയായികൂടി ഉപയോഗപ്പെടുത്തുവാൻ കഴിയും.
- ☐ തെങ്ങിന്റെ ഇടവിളയായി പുൽക്കൃഷി പ്രോത്സാഹിപ്പിക്കണം.
- ☐ ഇറച്ചിക്കോഴി വളർത്തൽ, കാടവളർത്തൽ എന്നിവ എല്ലാ വീടുകളിലും ചെയ്യാനുള്ള സൗകര്യമൊരുക്കണം. ഇവ ഒരു സഹകരണസംഘമുണ്ടാക്കി അതിന്റെ കീഴിൽ വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്.
- ☐ പേരൂർ ബി വാർഡിൽ ഒരു വെറ്റിനറി സൈന്റർ അനുവദിക്കണം
- ☐ നല്ലയിനം പുൽവിത്തുകൾ വിതരണം ചെയ്യണം.
- ☐ തൊഴുത്ത് നിർമ്മിക്കുന്നതിനു വേണ്ട സഹായം നൽകണം
- ☐ കന്നുകാലിത്തീറ്റകൾ വിലകുറച്ച് ലഭ്യമാക്കണം.
- ☐ ഈ പഞ്ചായത്തിലെ എല്ലാ വാർഡിലും നൂറോളം കൃഷിക്കാർക്ക് വീതം കാലിവളർത്തുന്നതിനുള്ള സൗകര്യം ചെയ്താൽ പാൽക്ഷാമം പരിഹരിക്കാവുന്നതാണ്. ഒപ്പം ഗോബർഗ്യാസ് പ്ലാന്റും തുടങ്ങാം.
- ☐ പഞ്ചായത്തിലെ ഓരോ വാർഡിലെയും 100 കുടുംബങ്ങൾക്ക് വീതം കോഴിവളർത്തൽ യൂണിറ്റുകൾ സൗജന്യമായി നൽകണം. സഹകരണാടിസ്ഥാനത്തിൽ വിപണന കേന്ദ്രങ്ങളും സ്ഥാപിക്കണം.
- ☐ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഇറച്ചിക്കോഴി യൂണിറ്റുകൾ എല്ലാ വാർഡുകളിലും ആരംഭിക്കണം.
- ☐ സബ്സിഡിയോടെ കാലിത്തീറ്റ വിതരണം ചെയ്യണം.
- ☐ കാലികൾക്കുണ്ടാകുന്ന രോഗങ്ങൾ ഫലപ്രദമായി തടയാൻ ചന്ദനത്തോപ്പ് വാർഡിലുള്ള ഐ.സി.ഡി.പി. സെന്റർ മൃഗാശുപത്രിയായി ഉയർത്തണം.
- ☐ കർഷകരുല്പാദിപ്പിക്കുന്ന പാൽ സംഭരിക്കാനും വിതരണം ചെയ്യാനും ക്ഷീരസഹകരണ സംഘങ്ങൾ ഉണ്ടാക്കുക. ഈ ആവശ്യത്തിനായി നേരത്തേ ആരംഭിച്ച് പ്രവർത്തനരഹിതമായി കിടക്കുന്ന എല്ലാ ക്ഷീരസഹകരണസംഘങ്ങളും നല്ലരീതിയിൽ പ്രവർത്തിപ്പിക്കണം.
- ☐ ചന്ദനത്തോപ്പ് വാർഡിൽ ഒരു പൗൾട്രിഫാം സ്ഥാപിക്കുക.
- ☐ കോഴിക്കുഞ്ഞുങ്ങളും കോഴിക്കൂടുകളും സൗജന്യമായി അനുവദിക്കുക.
- ☐ വെറ്റിനറി ലൈവ് സ്റ്റോക്ക് ഓഫീസ് മാമ്പുഴ വാർഡിൽ സ്ഥാപിക്കണം.
- ☐ കന്നുകാലി, കാലിത്തൊഴുത്ത് എന്നിവയ്ക്ക് ധനസഹായം നൽകുക.

- ❒ കന്നുകാലി ഇൻഷ്വറൻസ് നടപ്പിലാക്കുക.
- ❒ ആലുംമൂട് വാർഡിലെ വെറ്റിനറി ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുക.
- ❒ പാൽ സംഭരണത്തിനും വിതരണത്തിനും സംവിധാനം ഏർപ്പെടുത്തുക
- ❒ കോഴി – ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക
- ❒ പുനുക്കന്നൂർ ബി വാർഡിൽ ഒരു ക്ഷീരസഹകരണ സംഘം സ്ഥാപിക്കണം.
- ❒ ഈ വാർഡിൽ ഒരു വെറ്റിനറി ഉപകേന്ദ്രം വേണം.
- ❒ ഇളമ്പള്ളൂർ വാർഡിൽ ഒരു ക്ഷീരസഹകരണ സംഘം സ്ഥാപിക്കുക.
- ❒ ഇവിടെ ഒരു പൗൾട്രി യൂണിറ്റ് തുടങ്ങുക.
- ❒ ഒരു ബയോഗ്യാസ് പ്ലാന്റ് ഇളമ്പള്ളൂർ വാർഡിൽ സ്ഥാപിക്കണം.
- ❒ മൃഗാശുപത്രിയിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും മരുന്ന് ലഭ്യമാക്കുകയും ബീജസങ്കലനം ഫലപ്രദമായോ എന്നു പരിശോധിക്കുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുകയും വേണം.
- ❒ മൃഗസംരക്ഷണത്തെക്കുറിച്ച് സെമിനാറുകൾ, ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കണം. ഇവ ആചാരത്തിനുവേണ്ടിയാകരുത്.
- ❒ പെരുമ്പുഴ എ വാർഡിൽ മുടങ്ങിക്കിടക്കുന്ന പാൽ സൊസൈറ്റി പുനർജ്ജീവിപ്പിക്കണം.
- ❒ ഒരു കുടുംബത്തിന് രണ്ടു കന്നുകാലികളെവീതം സൗജന്യനിരക്കിൽ ലഭ്യമാക്കണം.
- ❒ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഇത് കന്നുകാലികളെ വളർത്തുന്നതിലും ഒരു പ്രശ്നമായി കർഷകർക്കനുഭവപ്പെടുന്നു. ഇതിനൊരു പരിഹാരമായി വാട്ടർ സപ്ലൈ സ്ക്കീം സമഗ്രമായി നടപ്പാക്കുകയും പഞ്ചായത്തു കിണറുകൾക്ക് വെള്ളം ലഭ്യമാക്കത്തക്കവിധം അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യണം.
- ❒ സങ്കരയിനം പശുക്കുട്ടികൾക്ക് സബ്സിഡി അനുവദിക്കണം.
- ❒ തീറ്റപ്പുൽ വിത്ത്, വളം എന്നിവ സൗജന്യമായി അനുവദിക്കണം.
- ❒ മൃഗസംരക്ഷണ ഉപകേന്ദ്രം കുണ്ടറ ബി വാർഡിൽ സ്ഥാപിക്കണം.
- ❒ ഇവിടെ ഒരു മാതൃകാ കാലിത്തൊഴുത്ത് സ്ഥാപിക്കണം.

മത്സ്യബന്ധനം

ജലസമ്പത്തും മത്സ്യസമ്പത്തും മനുഷ്യവിഭവവുമാണ് കേരളത്തിന്റെ മത്സ്യമേഖലയുടെ പ്രാഥമിക ഘടകങ്ങൾ. മത്സ്യമേഖലയിലെ വികസന പ്രവർത്തനങ്ങൾ പ്രധാനമായി മൂന്നു വ്യത്യസ്ഥ ഉപ മേഖലകളെ നിദാനമാക്കിയുള്ളതാണ്. 1. മത്സ്യബന്ധനമേഖല 2. മത്സ്യവ്യവസായ മേഖല 3. മത്സ്യകാർഷിക മേഖല. ജലസമ്പത്ത് വേണ്ടത്ര ഇല്ലാത്തതിനാൽ മത്സ്യബന്ധനവും മത്സ്യവ്യവസായവും കൊറ്റങ്കര പഞ്ചായത്തിൽ പ്രസക്തമല്ല. എന്നാൽ മത്സ്യക്കൃഷി ചെറിയതോതിലെങ്കിലും വികസിപ്പിച്ചെടുക്കാൻ ഈ പഞ്ചായത്തിൽ സാദ്ധ്യതകളുണ്ട്. ഈ പഞ്ചായത്തിലെ തോടുകൾ, തടാകങ്ങൾ, കുളങ്ങൾ, കനാലുകൾ, ജലസംഭരണികൾ, പാടശേഖരങ്ങൾ, വെള്ളക്കെട്ടുള്ള ഭൂപ്രദേശങ്ങൾ എന്നിവ ഇതിനു പ്രയോജനപ്പെടുത്താവുന്നതാണ്. കല്ലുവെട്ടി എടുത്തതുകൊണ്ടും കളിമണ്ണ് ശേഖരിച്ചതുകൊണ്ടും ഉണ്ടായിട്ടുള്ള കുഴികളും ഇതിലേക്ക് പ്രയോജനപ്പെടുത്താം. പ്രാദേശികമായ സാദ്ധ്യതകൾ കണക്കിലെടുത്ത് ഇതിലേക്കുവേണ്ട സാങ്കേതിക വിദ്യകളും പരിപാലക്രമങ്ങളും ക്രമീകരിച്ച് മത്സ്യമേഖലയുടെ വളർച്ചയും ബന്ധപ്പെട്ടവരുടെ വരുമാന വർദ്ധനവിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും ഉതകുന്ന പരിപാടികൾ രൂപപ്പെടുത്തി എടുക്കേണ്ടതാണ്.

1994 –ലെ കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് പൊതുജലാശയങ്ങൾ പാട്ടത്തിനുകൊടുത്തുകൊണ്ടും സംരംഭകരെ പ്രോത്സാഹിപ്പിച്ചുകൊണ്ടും മത്സ്യവിതരണം നടത്തിക്കൊണ്ടും മറ്റും മത്സ്യബന്ധനം വികസിപ്പിക്കുന്ന ചുമതല ഗ്രാമപഞ്ചായത്തിന്റേതാണ്. അതുപോലെ ജില്ലയിലെ ഫിഷറീസ് ഡെപ്യൂ

ട്ടി ഡയറക്ടറുടെ ആഫീസിന്റെയും ഫ്രഷ്‌വാട്ടർ ഡവലെപ്മെന്റ് ഏജൻസിയുടേയും പ്രവർത്തനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും ജില്ലാപഞ്ചായത്തിന്റെ ചുമതലയാണ്.

നമ്മുടെ നാട്ടിൻപുറത്തിന് അനുയോജ്യമായ ചില മത്സ്യക്കൃഷിമാതൃകകൾ ചുവടെ ചേർക്കുന്നു.

1. നാട്ടിൻ കുളം (Village Pond)

നമ്മുടെ പഞ്ചായത്തിലുള്ള കുളങ്ങൾ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കോ വനിതകൾക്കോ മത്സ്യക്കൃഷിക്കായി നൽകുന്ന ഒരു പദ്ധതിയാണിത്. കുളങ്ങൾ ഒരു ഗ്രൂപ്പിനോ സംഘത്തിനോ ക്ലബ്ബുകൾക്കോ സ്വതന്ത്രസംഘടനകൾക്കോ നൽകാം. അവർക്ക് കൂട്ടായ പ്രവർത്തനത്തിനുള്ള ഒരു തൊഴിൽ സംരംഭമായി നാട്ടിൻകുളം പദ്ധതി നടപ്പിലാക്കാം.

2. മത്സ്യച്ചിറകൾ (Tank Fisheries)

ജലസേചനാവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള ധാരാളം ചിറകളും ടാങ്കുകളും നമ്മുടെ നാട്ടിലുണ്ട്. ഇവയെല്ലാം മത്സ്യക്കൃഷിക്കായി ഉപയോഗിക്കാം. സമ്മിശ്ര മത്സ്യക്കൃഷി പരിപാടികളാണ് ഇത്തരം ചിറകൾക്ക് അനുയോജ്യം. ചിറയ്ക്കുചുറ്റും താമസിക്കുന്ന കുടുംബാംഗങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകും. ജലസേചനാവശ്യങ്ങൾക്ക് വിഘാതമാകാത്ത രീതിയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

3. വീട്ടുകുളം (House Pond)

വീട്ടുവളപ്പിലോ വീടിന്റെ പിന്നാംപുറത്തോ കാണുന്ന ചെറുകുളങ്ങൾ മത്സ്യക്കൃഷിക്കുപയോഗിക്കുന്ന ഒരു പദ്ധതിയാണിത്. അടുക്കളയിൽ നിന്നുള്ള അവശിഷ്ടങ്ങൾ വീട്ടുകുളങ്ങളിലെത്തിച്ച് മത്സ്യക്കൃഷി പോഷിപ്പിക്കാനാകും. വീടുകളിൽ നിന്നുണ്ടാകുന്ന വിസർജ്ജ്യവസ്തുക്കളും അഴുക്കുജലവും ജൈവസംസ്കരണപ്രക്രിയയ്ക്ക് വിധേയമാക്കുന്ന ഒരു പ്രക്രിയകൂടിയാണിത്.

മത്സ്യക്കൃഷിക്ക് ധനസഹായം നൽകുന്ന സ്ഥാപനങ്ങൾ

- മത്സ്യകർഷകവികസന ഏജൻസി (എഫ്.എഫ്.ഡി.എ.), ഓരുജലമത്സ്യ കർഷക വികസന ഏജൻസി (ബി.എഫ്.എഫ്.ഡി.എ.), സംസ്ഥാന ജലകൃഷി വികസന ഏജൻസി (അഡാക്ക്) എന്നീ സർക്കാർ സ്ഥാപനങ്ങൾ മത്സ്യക്കൃഷി സംരംഭങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.
- മത്സ്യകൃഷി വികസന പദ്ധതികൾ തുടങ്ങുന്നതിന് ആവശ്യമായ പണം കർഷകർക്ക് വായ്പയായി നൽകുന്നതിന് കേരളത്തിലെ എല്ലാ ബാങ്കുകൾക്കും പരിപാടിയുണ്ട്.
- ജലകൃഷിയും അനുബന്ധ സംരംഭങ്ങളും സംരക്ഷിക്കുന്നതിന് അവ ഇൻഷ്വർ ചെയ്യുന്നതിനുള്ള പദ്ധതികളും നിലവിലുണ്ട്. നാഷണൽ ഇൻഷ്വറൻസ് കമ്പനി, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി, യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി എന്നീ സ്ഥാപനങ്ങൾക്ക് ഇതിനുള്ള പദ്ധതികളുണ്ട്.

പ്രശ്നങ്ങളും ആവശ്യങ്ങളും

- മത്സ്യക്കൃഷിക്കുവേണ്ടി കുളങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകണം.
- പഞ്ചായത്ത് കുളങ്ങളിൽ മീൻ വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടിയെടുക്കണം.
- മത്സ്യക്കൃഷിക്കുവേണ്ട പ്രോത്സാഹനം നൽകണം.
- തലച്ചിറയിൽ മത്സ്യക്കൃഷി നടത്തുന്നതിന് ആവശ്യമായ നടപടി വേണം (പുനുക്കന്നൂർ എ).
- പെരുമ്പുഴ എ വാർഡിൽ ശുദ്ധജല മത്സ്യക്കൃഷി വികസിപ്പിക്കാൻ സാദ്ധ്യതകളുണ്ട്. വേണ്ട സഹായം ലഭ്യമാക്കണം.



വ്യവസായം



വ്യാവസായികമായി ഏറ്റവും പിന്നിൽ കിടക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. വ്യാവസായിക രംഗത്ത് വളരെയേറെ ആളുകൾ പണിയെടുക്കുന്നുണ്ടെങ്കിലും അവരിൽ ഭൂരിഭാഗം പേരും പരമ്പരാഗത വ്യവസായരംഗത്തെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. വൻകിട വ്യവസായങ്ങൾ ഇവിടെ ഉണ്ടാകുന്നില്ല. കേന്ദ്രപൊതുമേഖലയുടെയും ദേശിയ കുത്തകകളുടെയും നിക്ഷേപം ഇവിടെ കുറവാണ്. പരമ്പരാഗത വ്യവസായങ്ങളാകട്ടെ വമ്പിച്ച പ്രതിസന്ധികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. വൈദ്യുതിക്ഷാമം ഈ രംഗത്ത് ഒരു ഭീഷണിയായി വളർന്നിരിക്കുന്നു. (ഇന്ത്യയിൽ ആളോഹരി വൈദ്യുതി ലഭ്യതയുടെ കാര്യത്തിൽ കേരളം ഏറ്റവും പിന്നിലാണെന്ന കാര്യം ഓർക്കുക). കാർഷികോല്പാദനരംഗത്തെ പോലെ വ്യാവസായികോല്പാദന രംഗത്തും മുരടിപ്പാടണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. 90 –കളിൽ വളരെ തുച്ഛമായ വ്യാവസായിക വളർച്ചയേ നമുക്കുണ്ടായിട്ടുള്ളൂ. ഉല്പാദന രംഗത്തെ മുരടിപ്പുമൂലം തൊഴിലില്ലായ്മ ഉയർന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽ അഞ്ചിലൊന്നു പേർക്ക് തൊഴിലില്ല. ഏതാണ്ട് 35 ലക്ഷംപേർ തൊഴിലില്ലാത്തവരും 20 ലക്ഷംപേർ ഭാഗികമായി മാത്രം തൊഴിലുള്ളവരുമാണ്. ഈ പ്രതിസന്ധിഘട്ടത്തിൽ ഫലപ്രദമായി സാമ്പത്തിക മേഖലയിൽ ഇടപെടുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ കഴിവ് കുറഞ്ഞുകൊണ്ടിരിക്കുന്നു. നികുതി സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന് കേരളത്തിന് പരിമിതികളുണ്ട്. അതേസമയം സാമൂഹികക്ഷേമ ആവർത്തനചിലവുകളുടെ ഭാരം മറ്റേതു സംസ്ഥാനത്തെക്കാളും കൂടുതലായി വഹിക്കേണ്ടിവരികയും ചെയ്യുന്നു. ഇതിന്റെ ഫലമായി റവന്യു കമ്മി വർഷംതോറും വർദ്ധിച്ചുവരുന്നു.

മേല്പറഞ്ഞ പശ്ചാത്തലത്തിൽ വേണം കേരളത്തിന്റെ വ്യാവസായിക വളർച്ചയെക്കുറിച്ച് ചിന്തിക്കുവാൻ. ഇന്ന് വ്യാവസായ വികസനത്തിനുള്ള എല്ലാ സഹായവും വ്യാവസായ സ്ഥാപനത്തിന് നേരിട്ട് നൽകുകയാണ്. എന്തു വ്യവസായമായാലും പ്രാദേശിക സവിശേഷതകളോ അടിസ്ഥാന സൗകര്യങ്ങളോ ഉല്പന്നത്തിന്റെ മൂല്യവർദ്ധനശേഷിയോ (Value addition) കണക്കിലെടുക്കാതെയാണ് ഇന്ന് വ്യവസായവികസനത്തിനുള്ള സഹായം നൽകുന്നത്. ഈ രീതി വ്യവസായത്തെ കാര്യക്ഷമതയുള്ളതാക്കാനും മത്സരോന്മു

ഖമാക്കാനും (Competitive) തീരെ സഹായകമാവുകയില്ല. ഈ രീതി മാറ്റിയിട്ട് പ്രാദേശികതലത്തിൽ വ്യവസായശൃംഖലകളെ (ഒരേ വ്യവസായമോ അനുബന്ധ വ്യവസായമോ) വികസിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളണം. ഓരോ പ്രദേശത്തിനും അനുകൂലമായ വ്യവസായ സമുച്ചയത്തെ പ്രോത്സാഹിപ്പിക്കുക എന്ന തത്വമാണ് വികേന്ദ്രീകരണസംവിധാനത്തിൽ പ്രധാനം.

വികേന്ദ്രീകരണ സംവിധാനത്തിൽ കേന്ദ്രീകൃത സംവിധാനത്തിലുള്ളതുപോലെയുള്ള ഒറ്റപ്പെട്ട സമീപനമല്ല ആവശ്യം. വ്യവസായങ്ങളുടെ കൂട്ടായ ശക്തി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമാണ് വേണ്ടത്. മറ്റു രാജ്യങ്ങളിൽ നടത്തിയ വികേന്ദ്രീകരണത്തിന്റെ പ്രധാന പാഠം ഇത്തരം കൂട്ടായ്മകൾ സാങ്കേതിക വിദ്യകളും അതിന്റെ വ്യാപനത്തിനും പ്രയോജനകരമായിത്തീർന്നു എന്നതാണ്, പ്രത്യേകിച്ചും ചെറുകിട വ്യവസായ ശൃംഖലയ്ക്ക്. രണ്ടുരീതിയിൽ ഇത് വ്യവസായ ശൃംഖലകളെ സഹായിക്കും. ഒന്ന് വ്യവസായ സ്ഥാപനങ്ങൾ തമ്മിലുള്ളകൊടുക്കൽ വാങ്ങൽ ബന്ധംകൊണ്ടുള്ള സഹകരണം സാങ്കേതിക വിദ്യയുടെ മുന്നോട്ടുള്ള കുതിപ്പിനും പഴയ സാങ്കേതികവിദ്യയെ പുതിയ സാങ്കേതികവിദ്യയുമായി കൂട്ടിച്ചേർക്കാനും. അങ്ങനെ നവീന സാങ്കേതികവിദ്യ ഉരുത്തിരിയാനും സഹായിക്കും. രണ്ട് – കൂട്ടായ വിപണന സങ്കേതം, കൂട്ടായ ഗവേഷണം, കൂട്ടായ പരിശീലനം, ഉല്പന്നത്തിന്റെ സാങ്കേതികവശങ്ങളെക്കുറിച്ചുള്ള വിജ്ഞാനം എന്നിവ പ്രാദേശിക വ്യവസായത്തെ ഗുണപരമായി രൂപാന്തരപ്പെടുത്തും. ജില്ലാ പഞ്ചായത്ത് തലത്തിലോ ബ്ലോക്ക് പഞ്ചായത്ത് തലത്തിലോ ഇത്തരം അനുയോജ്യ, അനുബന്ധ വ്യവസായങ്ങൾ വളർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഇപ്പോഴുള്ള വ്യവസായവികസന നിധി പ്രയോജനപ്പെടുത്താവുന്നതാണ്. പരമ്പരാഗത വ്യവസായങ്ങളായ കശുവണ്ടി, തുണി, തുകൽ, കയർ എന്നിവ ഇത്തരത്തിൽ പുനർക്രമീകരിക്കുകയും അതുവഴി ഉല്പാദനക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിക്കുകയും ചെയ്യാം.

കൊറ്റങ്കര പഞ്ചായത്തിലെ പ്രധാന വ്യവസായം കശുവണ്ടിയാണ്. ഈ പഞ്ചായത്തിൽ മുപ്പതോളം കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ക്ഷേമനിധി നിയമപ്രകാരം 21 ഫാക്ടറികൾ കോരള കശുവണ്ടി തൊഴിലാളി ആശ്വാസനിധി ക്ഷേമനിധിബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പഞ്ചായത്തിനകത്തുള്ള ഫാക്ടറികളിലും പുറം പ്രദേശങ്ങളിലുള്ള ഫാക്ടറികളിലുമായി ജോലിനോക്കുന്ന ഇരുപത്തിയയ്യായിരത്തോളം കശുവണ്ടിത്തൊഴിലാളികൾ ഈ പഞ്ചായത്ത് പ്രദേശത്തുണ്ട്. കശുവണ്ടിയുടെ ദൗർലഭ്യമാണ് ഇന്ന് ഈ വ്യവസായം നേരിടുന്ന മുഖ്യ പ്രതിസന്ധി. പത്തുനാല്പത് വർഷങ്ങൾക്കു മുമ്പ്വരെ വീട്ടുവളപ്പുകളിലും മറ്റ് ഉയർന്ന പ്രദേശങ്ങളിലും വളരെ വ്യാപകമായി കൃഷിചെയ്തുവന്നിരുന്ന കശുമാവ് ഇന്ന് ഏതാണ്ട് അന്തർദ്ധാനം ചെയ്ത മട്ടാണ്. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കാൻ വേണ്ട പദ്ധതികളാവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തില്ലെങ്കിൽ കശുവണ്ടിവ്യവസായം തന്നെ നമുക്ക് നഷ്ടപ്പെട്ടെന്നുവരാം.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്റ്റീൽ ഫർണിച്ചർ യൂണിറ്റുകൾ, സാമില്ലുകൾ, വുഡൻ ഫർണിച്ചർ യൂണിറ്റുകൾ, ചുടുകട്ട കമ്പനികൾ, ഹോളോ ബ്രിക്സ് നിർമ്മാണശാലകൾ, പൊടിപ്പരിപ്പുയൂണിറ്റുകൾ, തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾ, ബീഡിനിർമ്മാണ യൂണിറ്റുകൾ, എൻജിനീയറിംഗ് വർക്ക്ഷോപ്പുകൾ, ഓയിൽ മില്ലുകൾ, ബേക്കറികൾ, സ്റ്റെബിലൈസർ യൂണിറ്റുകൾ, കാർട്ടൺസ് യൂണിറ്റുകൾ, കയർ പിരിപ്പു യൂണിറ്റുകൾ, പ്ലാസ്റ്റിക് ഉല്പന്ന യൂണിറ്റുകൾ എന്നിവ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നുംതന്നെ ഭദ്രമായ സാമ്പത്തികാടിത്തറയുള്ളതോ തൊഴിലവസരങ്ങൾ കാര്യമായതോതിൽ പ്രദാനം ചെയ്യാൻ കെല്പുള്ളതോ അല്ല. ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുന്നതിനും അവരെ സാമ്പത്തികമായി ഉയർത്തുന്നതിനും ചെറുകിട വ്യവസായയൂണിറ്റുകളുടെ എണ്ണം പതിന്മടങ്ങ് വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഇത്തരം യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാനുള്ള ശ്രമമാണ് പ്രധാനമായി നടക്കേണ്ടത്.

പ്രശ്നങ്ങൾ

- അസംസ്കൃത പദാർത്ഥങ്ങൾ വേണ്ടത്ര കിട്ടാനില്ല.
- പരമ്പരാഗത വ്യവസായങ്ങളിൽ തൊഴിലാളികൾക്ക് അർഹമായ കൂലി വർദ്ധന നൽകാൻ കഴിയുന്നില്ല.
- മൂലധനം സ്വരൂപിക്കാനുള്ള ബുദ്ധിമുട്ട്.
- വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഏറെ താമസിക്കുന്നു.

- വായ്പാസൗകര്യങ്ങൾ വേണ്ടത്ര ഇല്ല.
- വായ്പനൽകുന്നതിന് ബാങ്കുകൾക്ക് വൈമുഖ്യം
- പരമ്പരാഗത വ്യാവസായികോല്പന്നങ്ങൾക്ക് വിപണിയിൽ നേരിടുന്ന കടുത്ത മത്സരം.

സാദ്ധ്യതകൾ

○ വനിതകൾ ഉടമസ്ഥകളായി രജിസ്റ്റർ ചെയ്ത് ആകെ തൊഴിലാളികളിൽ 80%ത്തിൽ കുറയാതെ സ്ത്രീകൾ ജോലിചെയ്യുന്നതുമായ ചെറുകിട വ്യവസായങ്ങളെ വനിതാവ്യവസായ യൂണിറ്റുകളായി ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ മുമ്പാകെ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഒരു സാധാരണ വ്യവസായ യൂണിറ്റിന് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് പുറമെ കെട്ടിട നിർമ്മാണം, മെഷീനറി, കെട്ടിടവാടക, മാനേജർ സാങ്കേതിക വിദഗ്ദ്ധർ എന്നിവർക്കും പ്രത്യേകം ഗ്രാന്റ് ലഭിക്കും. സാങ്കേതിക പരിശീലനം ആവശ്യമായ വനിതാവ്യവസായ സംരംഭകർക്കും വനിതാ വ്യവസായ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന വനിതാതൊഴിലാളികൾക്കും സ്റ്റൈഫന്റോടുകൂടി പരിശീലനം നൽകുന്നതിനും പദ്ധതിയുണ്ട്. പരിശീലനത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും പ്രത്യേകം ഗ്രാന്റുണ്ട്. പത്ത് വനിതകളെങ്കിലും അംഗങ്ങളായ വനിതാസഹകരണസംഘങ്ങൾക്ക് അംഗങ്ങളുടെ ഓഹരിതുകയുടെ നാലിരട്ടി നൽകാനും വ്യവസ്ഥയുണ്ട്.

○ ഇങ്ങനെയുള്ള വനിതാവ്യവസായ യൂണിറ്റുകൾ പഞ്ചായത്തിന്റെ ഓരോവാർഡിലും ആരംഭിക്കുന്നതിനെക്കുറിച്ച് പദ്ധതി ആസൂത്രണം ചെയ്യാവുന്നതാണ്. ഉദാഹരണമായി പെരുമ്പുഴ പ്രദേശത്ത് മിക്ക സാധുകുടുംബങ്ങളിലെയും സ്ത്രീകൾ അവരുടെ വീട്ടിൽ ഇരുന്ന്തന്നെ ബീഡി തെറുത്ത് വ്യാപാരികൾക്ക് വിറ്റ് നിത്യവൃത്തി കഴിക്കുന്നു. ഇവരെയെല്ലാം യോജിപ്പിച്ചകൊണ്ട് ഒരു ബീഡി വ്യവസായ യൂണിറ്റ് ഈ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

○ അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതർക്ക് വ്യവസായ പ്രാധാന്യമുള്ള തൊഴിൽ സ്വീകരിക്കാൻ വ്യവസായവകുപ്പിൽ നിന്നും സ്വയംതൊഴിൽ കണ്ടെത്തൽ പരിപാടി എന്ന പേരിൽ വായ്പഅനുവദിച്ചു വരുന്നു. വായ്പയുടെ 25% സബ്സിഡിയാണ്. കുടുംബവരുമാനം 10,000 രൂപയിൽ താഴെയുള്ള അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടിയുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

○ ആശാരി, കൊല്ലൻ, മൂശാരി തുടങ്ങിയ പാരമ്പര്യ തൊഴിലിൽ ഏർപ്പെടുന്നവർക്ക് വ്യവസായവകുപ്പിൽ നിന്നും സബ്സിഡിയോട് കൂടി അവരുടെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് വായ്പ അനുവദിക്കുന്നു. ഗ്രാമീണ കരകൗശലവിദഗ്ദ്ധർക്കുള്ള വായ്പാ പദ്ധതി നമ്മുടെ പഞ്ചായത്തിലെ പാരമ്പര്യ തൊഴിലിൽ ഏർപ്പെടുന്നവർക്ക് വാങ്ങിയ്ക്കാവുന്നതാണ്.

○ ഖാദി, ഗ്രാമ വ്യവസായ ബോർഡിൽ നിന്നും ലോഹങ്ങളെ അടിസ്ഥാനമാക്കിയുള്ള 11 ഇനം വ്യവസായങ്ങൾക്കും, വനവിഭവങ്ങളെ അടിസ്ഥാനമാക്കി 12 ഇനം വ്യവസായങ്ങൾക്കും, ഭക്ഷ്യമേഖലയിൽ 10 ഇനം വ്യവസായങ്ങൾക്കും, പോളിമർ രാസവസ്തുക്കളെ അടിസ്ഥാനമാക്കിയുള്ള 12 ഇനം വ്യവസായങ്ങൾക്കും, വസ്ത്രമേഖലയിൽ 9 ഇനം വ്യവസായങ്ങൾക്കും, പരമ്പരാഗതമല്ലാത്ത ഊർജ്ജം ഉപയോഗിച്ചുള്ള 21 ഇനം വ്യവസായങ്ങൾക്കും, അലക്ക്, ബാറ്ററി ചാർജ്ജിംഗ് തുടങ്ങിയ 10 ഇനം വ്യവസായങ്ങൾക്കും വായ്പ ലഭിക്കും. ഖാദി വില്പനശാല തുടങ്ങുന്നതിനും ധനസഹായം ലഭിക്കും. നിലവിലിരിക്കുന്ന സഹകരണനിയമമനുസരിച്ച് ഖാദി വ്യവസായ യൂണിറ്റ് തുടങ്ങുന്നതിനുള്ള സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന് കുറഞ്ഞത് 10 അംഗങ്ങൾ വേണം. പ്രസ്തുത സംഘം രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ജില്ലാ ഖാദി ഗ്രാമ വ്യവസായ ആഫീസിലെ പ്രോജക്ട് ആഫീസറുമായി ബന്ധപ്പെട്ടാൽ മതിയാകും. സംഘം വായ്പ എടുക്കുവാൻ ഉദ്ദേശിക്കുന്ന തുകയുടെ പത്തിൽ ഒരുഭാഗം അംഗങ്ങളിൽ നിന്ന് ഓഹരി ഇനത്തിൽ സമാഹരിച്ച് സംഘത്തിന്റെ പേരിൽ വ്യവസായത്തിനാവശ്യമായ വസ്തു വാങ്ങേണ്ടതാണ്. കെട്ടിടങ്ങൾ, യന്ത്രസാമഗ്രികൾ തുടങ്ങിയ സ്ഥിരം ആസ്തികൾക്കുള്ള മൂലധന വായ്പ 10 വർഷംകൊണ്ട് 9 തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കണം. ഖാദി ഗ്രാമ വ്യവസായബോർ

ഡിൽ നിന്നും ഈ വിധത്തിൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്ന 5 യൂണിറ്റുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് ഇപ്പോൾ നിലവിലുണ്ട്. ഇവയെല്ലാം തന്നെ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയും ഇതിന്റെ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ ധാരാളം ആരംഭിക്കാനുള്ള സാധ്യതകൾ ഉണ്ട്.

- മൾബറി കൃഷി, പട്ടുനൂൽ പുഴു വളർത്തൽ എന്നിവ വേണ്ടത്ര സാങ്കേതിക സഹായത്തോടെ ചുരുങ്ങിയ ചെലവിലും ശ്രമത്തിലും കേരളത്തിലെ ഏത് പ്രദേശത്തും ഏത് കാലാവസ്ഥയിലും വിജയകരമായി നടത്താവുന്നതാണ്. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൃഷിചെയ്യാമെന്നുള്ളതാണ് കേരളത്തെ സംബന്ധിച്ചിടത്തോളം മൾബറികൃഷിക്കുള്ള മറ്റൊരു പ്രത്യേകത. ഒരേക്കർ സ്ഥലത്ത് ജലസേചനത്തോട് കൂടി ശാസ്ത്രീയരീതിയിൽ മൾബറികൃഷി ചെയ്ത് പട്ടുനൂൽ പുഴു വളർത്തുമ്പോൾ ആദ്യവർഷം തന്നെ 160 കിലോഗ്രാം കൊക്കൂണും രണ്ടാംവർഷം മുതൽ 450 കിലോഗ്രാം കൊക്കൂണും ഉല്പാദിപ്പിക്കുവാൻ കഴിയും. ഈ സ്കീം നടപ്പാക്കുന്നതിന് വാണിജ്യസഹകരണ ബാങ്കുകളിൽ നിന്ന് ദീർഘകാല വായ്പ ലഭിക്കും.

- മൾബറി കൃഷിചെയ്യുന്നതിനും പട്ടുനൂൽപുഴുക്കളെ വളർത്തുന്നതിനും കർഷകർക്ക് അതാത് സമയത്ത് ആവശ്യമുള്ള ഉപദേശനിർദ്ദേശങ്ങൾ നൽകുന്നതിനും കർഷകർ ഉല്പാദിപ്പിക്കുന്ന കൊക്കൂണുകളുടെ വിപണനത്തിനുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും സാങ്കേതിക പരിശീലനം നേടിയ ഉദ്യോഗസ്ഥന്മാരെ ഖാദിവ്യവസായ ബോർഡിൽ നിന്നും ഏർപ്പെടുത്തിയിട്ടുണ്ട്.

- പട്ടികജാതിക്കാരെ സഹകരണരംഗത്തേക്ക് ആകർഷിച്ച് അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ പട്ടികജാതി സഹകരണസംഘങ്ങൾ രൂപീകരിച്ച് വായ്പകൾ നൽകുന്ന പട്ടികജാതി വികസനത്തിനുള്ള പദ്ധതി ജില്ലാ പഞ്ചായത്തിലെ വ്യവസായ ഡപ്യൂട്ടി ഡയറക്ടർ മാനേജർ വഴി നടപ്പാക്കി വരുന്നു. ഇത് നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആൾക്കാരെ സംഘടിപ്പിച്ച് അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ കഴിയുന്ന ഒരു പദ്ധതിയാണ്.

- പട്ടികജാതിയിൽപെട്ടവരെ വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടുത്തി അവർക്ക് അധിക വരുമാനം ഉണ്ടാക്കുന്നതിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വേണ്ടി ബ്ലോക്ക് പഞ്ചായത്തിലെ വ്യവസായ വികസന ആഫീസർ മുഖാന്തിരം നടപ്പാക്കി വരുന്ന പട്ടികജാതി വ്യവസായ സംരംഭകർക്കുള്ള വായ്പാപദ്ധതി നമ്മുടെ പഞ്ചായത്തു പ്രദേശത്തെ എല്ലാ വാർഡുകളിലും നടപ്പാക്കാവുന്നതാണ്. വ്യവസായ പദ്ധതികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പിക്കുക, വ്യവസായ സംരംഭകരെ ആകർഷിക്കുക, തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്ക് പഞ്ചായത്തിലെ വ്യവസായ വികസന ആഫീസ് മുഖാന്തിരം നടപ്പാക്കിവരുന്ന പുതിയ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കൽ എന്ന പദ്ധതി ഈ പഞ്ചായത്തിലെ വ്യവസയാ സംരംഭകർക്ക് സ്വീകരിക്കാവുന്നതാണ്.

വാർഡ് 1 പേരൂർ എ.

- ക്ഷീരോല്പാദക സഹകരണസംഘം, തീപ്പെട്ടിക്കമ്പനി, കോഴിവളർത്തൽ, റെഡിമെയ്ഡ് ഗാർമെന്റ്സ്, കൈത്തറി, വുഡൻ ഫർണിച്ചർ, കറി പൗഡർ, അച്ചാർ നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സോഡാഫാക്ടറി, അപ്പോൾസ്റ്ററി, പോളിത്തീൻ കവർ പ്രിന്റിംഗ് എന്നിവയിൽ ഇപ്പോൾ ഉള്ളവയെ പോഷിപ്പിക്കുകയും ഇല്ലാത്തവ സ്ഥാപിച്ചുനടത്തുകയും ചെയ്യുന്നതിന് നടപടി വേണം.

വാർഡ് 2 പേരൂർ ബി

- യുവാക്കൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി വുഡൻ ഫർണീച്ചർ, സ്റ്റീൽ ഫർണിച്ചർ എന്നിവയിൽ പരിശീലനം നൽകാൻ നടപടിവേണം.

- കൂടുതൽ തൊഴിലവസരങ്ങൽ സൃഷ്ടിക്കുന്നതിന് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം. ഈ വാർഡിൽ സുലഭമായി ലഭിക്കുന്ന കശുവണ്ടിയുടെ ഉപോല്പന്നങ്ങൾ, അറുക്കപ്പൊടി, ചകിരിച്ചോറ് എന്നിവ അസംസ്കൃതവസ്തുക്കളായി ഉപയോഗിക്കാവുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ പരിഗണിക്കപ്പെടണം.

വാർഡ് 3 പേരൂർ സി

- ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ഖാദിബോർഡിന്റെയോ ബാങ്കിന്റെയോ സഹായം ലഭ്യമാക്കണം.
- കയർപിരി വ്യവസായം കൂടുതൽ വ്യാപിപ്പിക്കണ്
- ഖാദിബോർഡിന്റെ സഹായത്താൽ എണ്ണയാട്ടുമിൽ ആരംഭിക്കണം
- സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കണം.

വാർഡ് 4 കൊറ്റങ്കര

- ഈ വാർഡിൽ ഒരു സഹകരണ സംഘത്തിന്റെയോ, സന്നദ്ധസംഘടനയുടെയോ, സ്വകാര്യവ്യക്തിയുടേയോ നേതൃത്വത്തിൽ നോട്ടുബുക്കുകൾ നിർമ്മിക്കുന്ന ഒരു ചെറുകിട വ്യവസായ യൂണിറ്റ് സ്ഥാപിക്കണം.
- അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായ സഹകരണങ്ങൾ ലഭിക്കണം.

വാർഡ് 5 ചന്ദനത്തോപ്പ്

- ഒരു നാളീകേരവികസന യൂണിറ്റ് ആരംഭിക്കാവുന്നതാണ്.
- സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ള ആളുകളെ ഉൾപ്പെടുത്തി ഒരു ചെറുകിട എൻജിനീയറിംഗ് വ്യവസായ യൂണിറ്റ് സ്ഥാപിക്കണം.
- വേലംകോണം റിജിയൻസി ഫാക്ടറിയിലുള്ള പുകക്കുഴൽ പൊക്കംകുറവായതിനാൽ പരിസരമലിനീകരണം ഉണ്ടാക്കുന്നു. പുകക്കുഴലിന്റെ ഉയരം കൂട്ടുകയും പൊളിഞ്ഞ പുകക്കുഴൽ കെട്ടുകയും വേണം.
- റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, തയ്യൽ, മെഴുകുതിരി നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം എന്നിവയുടെ വനിതാവ്യവസായ യൂണിറ്റുകൾ ഏറ്റെടുത്തു നടത്തുവാൻ മാമൂട് മഹിളാസമാജും തയ്യാറാണ്. വേണ്ട സഹായവും പ്രോത്സാഹനവും നൽകണം.
- ഫർണിച്ചർ നിർമ്മാണം, ക്ഷീരോല്പന്ന നിർമ്മാണം, മെഴുകുതിരി നിർമ്മാണം, കശുവണ്ടിപ്പരിപ്പ് സംഭരണവും വിതരണവും, കശുവണ്ടി റോസ്റ്റിംഗ്, ഹോളോബ്രിക്സ്, കോൺക്രീറ്റ് ജന്നൽ, കോൺക്രീറ്റ് തൊടി, ജാളി എന്നീ യൂണിറ്റുകൾ ആരംഭിക്കാൻ തയ്യാറുള്ളവർ ഈ വാർഡിലുണ്ട്. അവരെ കണ്ടെത്തി വേണ്ട പ്രോത്സാഹനവും സഹായവും നൽകണം.

വാർഡ് 6 മാമ്പുഴ

- തകർച്ചയെ നേരിടുന്ന തീപ്പെട്ടിവ്യവസായത്തെ പിന്തിതവ്യവസായ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരക്ഷിക്കണം.
- ഈ വാർഡിൽ ഒരു വനിതാവ്യവസായ യൂണിറ്റ് സ്ഥാപിക്കണം.
- പുതുതായി ആരംഭിച്ച പ്രശാന്തി, പ്രീമിയർ എന്നീ കമ്പനികളിൽ ആ പ്രദേശത്തുള്ള തൊഴിലാളികൾക്ക് ജോലി ലഭിക്കാൻ നടപടി വേണം.

വാർഡ് 7 ആലുംമൂട്

- ഈ വാർഡിൽ ഒരു ക്ഷീരവ്യവസായ സഹകരണ സംഘം സ്ഥാപിക്കണം.
- റെഡിമെയ്ഡ് ഗാർമെന്റ്സ്, തുകൽ ഉല്പന്നങ്ങൾ, കയർ പിരി, മീൻ വളർത്തൽ, സിമന്റ് കട്ട നിർമ്മാണം എന്നിവ ഈ വാർഡിൽ ആരംഭിക്കാൻ വേണ്ട സാമ്പത്തിക സഹായവും ഉപദേശനിർദ്ദേശങ്ങളും ലഭ്യമാക്കണം.

വാർഡ് 8 പുനുക്കന്നൂർ ബി

- ഈ വാർഡിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണം.
- പട്ടികജാതിക്കാർക്കുവേണ്ടിയുള്ള തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ സഹായിക്കണം.

വാർഡ് 9 പുനുക്കന്നൂർ എ

- വ്യാവസായികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന ഈ വാർഡിൽ തേങ്ങ, ചിരട്ട, ചകിരി, കൊതുമ്പ്, തെങ്ങിൻതടി തുടങ്ങിയ കേരോല്പന്നങ്ങൾ ഉപയോഗിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.

- പ്ലാസ്റ്റിക് വ്യവസായം, ബീഡി വ്യവസായം, പെയിന്റ് നിർമ്മാണം, അലുമിനിയം ഉപയോഗിച്ചുള്ള ഗൃഹോപകരണ നിർമ്മാണം എന്നിവ സഹകരണാടിസ്ഥാനത്തിലോ സ്വകാര്യവ്യക്തികളുടേതായിട്ടോ ആരംഭിക്കണം.
- പട്ടികജാതിക്കാർക്കുവേണ്ടിയുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കണം.

വാർഡ് 10 ഇളമ്പള്ളൂർ

- ഈ വാർഡിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ബീഡിതെറുപ്പ് വ്യവസായം, തീപ്പെട്ടി നിർമ്മാണം, മെഴുകുതിരി നിർമ്മാണം, ചെരുപ്പ് നിർമ്മാണം, ചുടുകട്ട നിർമ്മാണം, ഹോളോബ്രിക്സ് നിർമ്മാണം എന്നിവയുടെ ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിലോ, സ്വകാര്യവ്യക്തികളുടെ നേതൃത്വത്തിലോ ആരംഭിക്കണം.

വാർഡ് 11 കുരീപ്പള്ളി

- ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.

വാർഡ് 12 പെരുമ്പുഴ എ

- സഹകരണ മേഖലയിൽ ക്ഷീരവ്യവസായ യൂണിറ്റ് ആരംഭിച്ച് ക്ഷീരോല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന ഒരു കേന്ദ്രം സ്ഥാപിക്കണം.

വാർഡ് 13 പെരുമ്പുഴ ബി

- ഊർജ്ജം, മൂലധനം എന്നിവ ലഭ്യമാക്കി സ്വകാര്യ മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കണം.
- റെഡിമെയ്ഡ് ഗാർമെന്റ്സ്, പിക്കിൾസ്, തീപ്പെട്ടി തുടങ്ങിയ വനിതാ യൂണിറ്റുകൾ ആരംഭിക്കണം.
- ബീഡി നിർമ്മാണ വനിതാ വ്യവസായ യൂണിറ്റ് ആരംഭിക്കണം.

വാർഡ് 14 കുണ്ടറ എ

- റെഡിമെയ്ഡ് ഗാർമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് വനിതാ വ്യവസായ സംരംഭകർക്ക് സഹായം നൽകണം.
- ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കണം

വാർഡ് 15 കുണ്ടറ ബി

- എസ്.എസ്.ഐ. യൂണിറ്റിനു പറ്റിയ ഭൂമിയും അസംസ്കൃത പദാർത്ഥങ്ങളും ലഭ്യമായ ഈ വാർഡിൽ ഇവ പ്രയോജനപ്പെടുത്തി വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.
- ഗാർമെന്റ് മേക്കിംഗ്, മെഴുകുതിരി, തീപ്പെട്ടി യൂണിറ്റുകൾ എന്നിവ ആരംഭിക്കുക.

കൊറ്റങ്കര ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം

വാർഡ്	സ്ഥാപനങ്ങളുടെ എണ്ണം				ആകെ
	വ്യവസായം വ്യാപാരം	ഹോട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ	
1	2	3	4	5	6
I	12	1	71	13	97
II	17	2	137	23	179
III	15	–	32	–	47
IV	24	–	134	12	170
V	32	10	61	58	161
VI	6	3	8	9	26
VII	12	2	11	14	39
VIII	10	4	22	10	46
IX	5	2	25	31	63
X	5	3	13	8	29
XI	6	–	8	6	20
XII	12	6	17	31	66
XIII	4	–	16	–	20
XIV	17	9	37	38	101
XV	47	5	132	–	184
ആകെ	224	47	724	253	1248

കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ ക്ഷേമനിധി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കശുവണ്ടി ഫാക്ടറികളും അവയിലെ തൊഴിലാളികളുടെ എണ്ണവും

നമ്പർ	കശുവണ്ടി ഫാക്ടറികളുടെ പേര്, സ്ഥലം	രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം
1	K.S.D.C. ഫാക്ടറി No. 20, ഇളമ്പള്ളൂർ	1177
2	റീജൻസ് കാഷ്യൂസ്, വേലംകോണം	574
3	വിജയലക്ഷ്മി കാഷ്യൂ കമ്പനി, ചന്ദനത്തോപ്പ്	1270
4	K.S.D.C. ഫാക്ടറി No. 18, മേക്കോൺ	731
5	കാപ്പക്സ്, പെരുമ്പുഴ	694
6	മുസലിയാർ എക്സ്പോർട്ട്സ്, പെരുമ്പുഴ	500
7	ലക്ഷ്മൺ & കമ്പനി, കേരളപുരം	777
8	സതേൺ കാഷ്യൂ എക്സ്പോർട്ടേഴ്സ്, കരിക്കോട്	394
9	ഖദീജാ കാഷ്യൂ ഇൻഡസ്ട്രീസ്, പേരൂർ	314
10	മോഡേൺ ഫുഡ് പ്രൊഡക്ട്സ്, കുറ്റിച്ചിറ	364
11	മോഹൻസ് ഇന്റർനാഷണൽ, കൊറ്റങ്കര	366
12	ജെ.എസ്. കാഷ്യൂഎക്സ്പോർട്ടേഴ്സ്, കുണ്ടറ	447
13	ഏഷ്യാറ്റിക് എക്സ്പോർട്ട് എന്റർപ്രൈസസ്, കുരീപ്പള്ളി	339
14	സൺഫുഡ് കോർപ്പറേഷൻ, കുരീപ്പള്ളി	965
15	സെയ്നൽ കാഷ്യൂ പാക്കേഴ്സ്, കേരളപുരം	235
16	ദിവ്യ എക്സ്പോർട്ട്സ് എന്റർപ്രൈസസ്, ഡീസന്റ്ജംഗ്ഷൻ	312
17	വിജയലക്ഷ്മി കാഷ്യൂ കമ്പനി, കുരീപ്പള്ളി (പാക്കിംഗ് സെന്റർ)	154
18	ഗണേഷ് എഡിബിൾ നട്ട്സ്, ചന്ദനത്തോപ്പ്	21
19	മാക്സ്വെൽ എക്സിം (പ്രൈവറ്റ്) ലിമിറ്റഡ്, പേരൂർ	9
20	സൗത്ത് ലാന്റ് എക്സ്പോർട്ടേഴ്സ്, പേരൂർ	177
21	പ്രീമിയർ കാഷ്യൂ ഇൻഡസ്ട്രീസ്, മാമ്പുഴ	203

ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

ഊർജ്ജം

കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി കേരളം അതിരൂക്ഷമായ വൈദ്യുതി കമ്മി നേരിടുകയാണ്. മഴ പിഴച്ചാലും ഇല്ലെങ്കിലും പവർകട്ടും ലോഡ് ഷെഡിംങ്ങും നിത്യസംഭവങ്ങളായി മാറിയിരിക്കുന്നു. അപ്രഖ്യാപിത നിയന്ത്രണങ്ങൾ വേറേയും. വോൾട്ടത കുറവും ഫ്രീകവൻസി വ്യതിയാനങ്ങളും വൈദ്യുതി വ്യൂഹത്തിന്റെ വിശ്വാസ്യത പൂർണ്ണമായും തകർത്തിരിക്കുന്നു. കേരളത്തിന്റെ വികസനത്തിന് പൊതുവിലും, വ്യാവസായിക മേഖലയുടെ മുന്നേറ്റത്തിന് വിശേഷിച്ചും ഒരു പ്രധാന വിലങ്ങുതടിയായി ഈ പ്രശ്നം മാറിക്കഴിഞ്ഞിരിക്കുന്നു. ഈ ഗുരുതരാവസ്ഥ തരണം ചെയ്യാൻ ശാസ്ത്രീയവും യാഥാർത്ഥ്യബോധമുള്ളതുമായ ഒരു പദ്ധതി ആവിഷ്കരിക്കുവാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ലായെന്നുള്ളതാണ് സത്യം ഈ ദുരവസ്ഥ 9-ാം പദ്ധതിക്കാലത്ത് അതിജീവിച്ചേമതിയാകൂ.

വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇന്നത്തെ സാഹചര്യത്തിൽ ഏറ്റവും അനുയോജ്യം സൗരോർജ്ജവിളക്കുകൾ ഉപയോഗിക്കുക എന്നതാണ്. ഈ വൈദ്യുതിക്ഷാമം നിലനിൽക്കുന്ന സമയത്ത് വൈദ്യുതി അടുപ്പുകൾ ഗാർഹികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നുണ്ട്. ദക്ഷതകൂടിയ മണ്ണെണ്ണസ്റ്റൗവും അനെർട്ടിന്റെ അടുപ്പുകളും ഗ്യാസ് സ്റ്റൗവുകളും പ്രഷർകുക്കറുകളും ഉപയോഗിച്ച് വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുവാൻ ശ്രമിക്കണം.

പഞ്ചായത്തിലെ പകുതിയിലേറെ വീടുകളിൽ വിറകാണ് കത്തിക്കുന്നത്. അടുക്കളയിലെ പുക നമ്മുടെ വീട്ടമ്മമാരുടെ ആരോഗ്യത്തിന് ഹാനികരം തന്നെയാണ്. ആയതിനാൽ പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരണവും അതിന്റെഭോഗമായുള്ള ബോധവൽക്കരണവും നടത്തേണ്ടതാണ്. പഞ്ചായത്തിലെ പരമാവധി വീടുകളിൽ ദക്ഷതകൂടിയ വിറകടുപ്പുകൾ സ്ഥാപിക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധ പ്രവർത്തകർ മുഖാന്തിരം ശ്രമിക്കേണ്ടതാണ്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന സാദ്ധ്യതകൾ

പേരൂർ എ വാർഡ്

- ❑ കല്ലുംതാഴം – കുരീപ്പള്ളി റോഡിൽ പേരൂർ അമ്പലം വഞ്ചിമുക്കിൽ നിന്നും തെക്കോട്ട് ആമക്കോട് വരെ തോട്ടിൻകര ഭാഗത്ത് അധിവസിക്കുന്ന 300 വീടുകൾക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
- ❑ സൂര്യാ റിഫൈനറിക്ക് കിഴക്കുവശം വലിയമാഠം കോളനി വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
- ❑ കല്ലയ്യം കോളനിയിൽ (പട്ടികജാതി സങ്കേതം) വൈദ്യുതീകരിക്കാനുള്ള വീടുകൾ കൂടി വൈദ്യുതീകരിക്കണം.
- ❑ അയ്യർ മുക്കുമുതൽ ആമക്കോട് വരെയുള്ള 15 വീടുകൾ വൈദ്യുതീകരിക്കണം.
- ❑ പുളിശ്ശേരിക്കുളത്തിന്റെ തെക്കുവശം 50 വീടുകൾ വൈദ്യുതീകരിക്കണം.

പേരൂർ ബി വാർഡിൽ

- ❑ വാർഡിന്റെ ഉൾഭാഗങ്ങളിൽ പലഭാഗത്തും വൈദ്യു തി എത്തിയിട്ടില്ല. ഇവിടങ്ങളിലേക്ക് വൈദ്യുതി ലൈൻ നീട്ടുന്നതിന് നടപടികൾ സ്വീകരിക്കണം.
- ❑ വൈദ്യുതിവോൾട്ടേജ് തൃപ്തികരമല്ല. ആയതിനാൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
- ❑ പുതിയതായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ.

1. കുറ്റിച്ചിറ ജംഗ്ഷനിൽ നിന്നും സൗത്ത് ലാന്റ്

കമ്പനി ഭാഗത്ത് പ്രിയദർശിനി സ്ക്കൂൾ വഴി റ്റി.കെ.എം. കോളേജ് വരെ.

2. മാധവാ ഫാർമസി മുതൽ മാടൻകാവുവരെ

3. തെക്കടത്ത് കുളത്തിനടുത്തുനിന്നും എൻ. ആർ. ഫ്ലവർ മിൽ വരെ

3. ഗോപികാ സദനം സ്ക്കൂളിന് സമീപത്തുനിന്നും വടക്കോട്ട്

4. കുറ്റിച്ചിറ നിന്നും കൊച്ചുകാവ് വരെ.

5. പേരൂർ ക്ഷേത്രത്തിൽ നിന്നും പണ്ടാരകുളം വരെ

പേരൂർ സി വാർഡിൽ

- ☐ താഴെപറയുന്ന വൈദ്യുതി എത്താത്ത മേഖലകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

1. തേമ്പ്രവയലിൽ ഷംസുദീൻ മുക്കു മുതൽ ശാസ്ത്രി മുക്കുവരെ

2. പണ്ടാരക്കുളത്തിന് കിഴക്കുവശം മെമ്പർമുക്കുവരെ.

3. നെല്ലിവിള ഭാഗത്തുനിന്നും കിഴക്കോട്ട്

4. ആശാൻ മുക്കുമുതൽ കിഴക്കോട്ട് ഏലാവരെ

5. കൊന്നക്കോട്ട് വിളയിൽ ജ്ഞാഫർ മുക്കുമുതൽ വടക്കോട്ട്.

- ☐ എസ്.സി.ഡി.യു.പി.എസ്. -ന് തെക്കോട്ടുള്ള ലൈനും കൊന്നക്കോട്ടുവിള ഭാഗത്തേക്കുമുള്ള ലൈനിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് പരിഹരിക്കുന്നതിന് ത്രീഫേസ് ലൈൻ ആക്കുകയും നിലവിലുള്ള ട്രാൻസ്ഫോർമറുകളിൽ ലൈൻ മാറ്റി കണക്ഷൻ കൊടുക്കുകയും വേണം.
- ☐ മേലൂട്ട്കാവിന്റെ പടിഞ്ഞാറ് വശത്തുള്ള പോസ്റ്റിലും പണ്ടാരക്കുളത്തിന് സമീപം ഇടശ്ശേരി കടയ്ക്ക് സമീപമുള്ള പോസ്റ്റിലും ശാസ്ത്രിമുക്കിൽ നെല്ലിവിളഭാഗത്ത് രണ്ട് പോസ്റ്റിലും പുതിയതായി ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം.
- ☐ നിലവിൽ ഓർഡിനറി ലൈറ്റുള്ള 10 പോസ്റ്റുകളിൽ ഓർഡിനറി ലൈറ്റ് മാറ്റി ട്യൂബ് ലൈറ്റ് സ്ഥാപിക്കണം എന്ന് കാണിച്ച് പഞ്ചായത്തിൽ നിന്നും വൈദ്യുതി ബോർഡിൽ സമർപ്പിച്ച അപേക്ഷ സജീവമായി പരിഗണിക്കണം.
- ☐ ഇരുപത്തിയഞ്ച് ബയോഗ്യാസ് പ്ലാന്റ് യൂണിറ്റുകൾ ഈ വാർഡിൽ ആരംഭിക്കണം.
- ☐ അനർട്ടിന്റെ പുകയില്ലാത്ത അടുപ്പുകൾ ദുർബല വിഭാഗത്തിൽ പെട്ടവർക്കും പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കും സൗജന്യമായി നൽകണം.
- ☐ കുക്കിംഗ് ഗ്യാസിന്റെ പഞ്ചായത്ത് തലത്തിലുള്ള ഏജൻസി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലാക്കണം.

കൊറ്റങ്കര വാർഡിൽ

- ☐ കൊറ്റങ്കര വാർഡിന്റെ കിഴക്കേ അറ്റം മുതൽ മാമ്പുഴ വാർഡിന്റെ തെക്കുപടിഞ്ഞാറേ അറ്റംവരെ വൈദ്യുതി ലൈൻ നീട്ടി ആവശ്യമായ സ്ട്രീറ്റ് ലൈറ്റുകൾ കൊടുക്കുകയും പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

ചന്ദനത്തോപ്പ് വാർഡിൽ

- ☐ മുണ്ടൻ ചിറ മാടൻകാവ് മുതൽ ചുടുകട്ട കമ്പനി വഴി വയലിൽ കലങ്കുവരെ വൈദ്യുതി എത്തിക്കണം.
- ☐ കെ.പി. നിവാസിന് താഴ്വശം മുതൽ മുണ്ടൻചിറ മാടൻകാവ് വരെ വൈദ്യുതിലൈൻ നീട്ടണം.
- ☐ അഞ്ജലി തിയറ്ററിന് തെക്കോട്ടുള്ള റോഡിൽ വൈദ്യുതിലൈൻ ഇല്ലാത്തിടത്ത് പുതുതായി ലൈൻനീട്ടണം.
- ☐ കോട്ടാച്ചിറ മാടൻകാവിൽ നിന്നും പടിഞ്ഞാറോട്ട് വയലിൽ താമസിക്കുന്ന 25 വീട്ടുകാർക്ക് വൈദ്യുതി എത്തിക്കണം.
- ☐ ഈ വാർഡിൽ വൈദ്യുതിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാപേർക്കും വൈദ്യുതി നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

മാമ്പുഴ വാർഡിൽ

- ☐ നാലുമുക്കു മുതൽ കൈപ്പള്ളിക്ഷേത്രം വരെയുള്ള റോഡ്, കൈപ്പള്ളി ഭാഗം മുതൽ പുക്കട ഭാഗം വരെയും മണ്ഡലം ഇംഗ്ഷനിൽ നിന്നും പനവിള കോളനിയിൽക്കൂടി വടക്കോട്ട് നാലുമുക്കുവരെയും, തെക്കോട്ട് കാടൻവിളപ്പുറം വരെയും, ചെപ്പള്ളി മുക്കിൽ നിന്നും കിഴക്കോട്ട് എല്ലുകുഴി ഭാഗം വരെയും, മണ്ഡലം ഇംഗ്ഷനിൽ നിന്നും കിഴക്കോട്ട് ഏലായിൽക്കൂടി കിഴക്കേക്കര വരെയും ഉള്ള ഭാഗങ്ങളിൽ പുതുതായി വൈദ്യുതിലൈൻ പിടിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

- ❑ ഈ വാർഡിൽ പുതുതായി ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
- ❑ പഞ്ചായത്തിൽ നിന്നും വയറിംഗ് ചെയ്തുകൊടുത്ത വീടുകൾക്കെല്ലാംതന്നെ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ആലുംമൂട് വാർഡിൽ

- ❑ ഈ വാർഡിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
- ❑ താഴെപറയുന്ന ഭാഗങ്ങളിലേക്ക് വൈദ്യുതി ലൈൻ നീട്ടി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

1. തുണ്ടിൽ മുക്ക് മുതൽ കാട്ടുവിള മുക്കുവരെ
2. ചെപ്പള്ളി മുക്ക് വയൽ ഭാഗം വരെ
3. ചെറുകര മുല മുക്ക് ചിറയടി ഭാഗം വരെ
4. എൻ.എസ്.എസ്. കരയോഗമന്ദിരം ഭാഗം മുതൽ മൃഗാശുപത്രിമുക്ക് വരെ
5. മാരുതൂരഴികത്ത് മുക്ക് മുതൽ കളീക്കൽ മുക്കുവരെ
6. തടത്തിവളമുക്ക് – എൻ.എസ്.എസ്. ഗ്രൗണ്ട്.
7. തടത്തിവിള – എല്ലുകുഴി കോളനി
8. കിഴക്കടത്ത്മുക്ക് – ചരുവിളമുക്ക്
9. ചക്കുവരയ്ക്കൽ മുക്ക് – വയൽഭാഗം
10. വാലുവിളമുക്ക് – പാലവിളമുക്ക് റോഡ്
11. തടത്തിവിള മുക്കിൽ നിന്നും പടിഞ്ഞാറോട്ടുള്ള ഫുട്പാത്ത്
12. ആലുംമൂട് യു.പി.ജി.എസിന്റെ കിഴക്കുവശത്തുകൂടി പോകുന്ന ലൈൻ ആലുംമൂട് കുരിപ്പള്ളി ലൈനുമായി ബന്ധിപ്പിക്കുക.

പുനുക്കന്നൂർ ബി വാർഡിൽ

- ❑ ഈ വാർഡിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
- ❑ വഴിവിളക്കുകൾ കൃത്യമായി കത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.
- ❑ കോവിൽമുക്ക് ജംഗ്ഷനിൽ ഒരു മെർക്കുറി വേപ്പർലാമ്പ് സ്ഥാപിക്കുക.
- ❑ പട്ടികജാതിയിൽ പെട്ടവരുടെയും നിർദ്ധനകുടുംബങ്ങളിൽ പെട്ടവരുടെയും മുഴുവൻ വീടുകളും സൗജന്യമായി വൈദ്യുതീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

പുനുക്കന്നൂർ എ വാർഡിൽ.

- ❑ ഈ വാർഡിലെ മിക്ക ഇടവഴികളിലും വൈദ്യുതി എത്തിയിട്ടില്ല. എന്നാൽ ധാരാളം സാധുക്കളായവരുടെ വീടുകൾ ഇടവഴികൾക്ക് സമീപമായിട്ടാണ്. ഇവിടങ്ങളിലേക്ക് വൈദ്യുതിലൈൻ നീട്ടി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ ഉണ്ടാകണം.
- ❑ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ പട്ടികജാതി വിഭാഗക്കാരും നിർദ്ധനരായ കൂലിവേലക്കാരും തിങ്ങിപാർക്കുന്ന പ്രദേശമാണിവിടം. ഇവരുടെ വീടുകൾ മുഴുവൻ സൗജന്യമായി വൈദ്യുതീകരിക്കുന്നതിനുവേണ്ട നടപടികൾ ഉണ്ടാകണം.

ഇളമ്പള്ളൂർ വാർഡിൽ

- ❑ പ്ലാങ്കാല ഭാഗത്തും മറ്റത്തുതൊടിയിൽ നിന്ന് തോടുവരെയും വൈദ്യുതിലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
- ❑ ഈ വാർഡിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
- ❑ പട്ടികജാതിയിൽ പെട്ടവരും ദുർബലവിഭാഗത്തിൽ പെട്ടവരുമായ എല്ലാ കുടുംബങ്ങളുടെയും വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കേണ്ട നടപടികൾ സ്വീകരിക്കണം.
- ❑ ഈ വാർഡിൽ 150 ട്യൂബ് ലൈറ്റുകളും 150 ബൾബുകളും പുതുതായി സ്ഥാപിക്കണം.
- ❑ ഈ വാർഡിൽ കൂടിയുള്ള കെ.ഐ.പി. കനാൽ റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.
- ❑ പോലീസ് കോട്ടേഴ്സിനും ത്രിവേണി മുക്കിനും മദ്ധ്യേ 25 മീറ്റർ അകലം മാത്രം ത്രീഫേസ് ഇല്ല. രണ്ടുഭാഗത്തുനിന്നുമുള്ള ത്രീഫേസ് തമ്മിൽ ബന്ധിപ്പിക്കുക.
- ❑ പനംകുറ്റി കോളനി ഭാഗത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
- ❑ പഞ്ചായത്ത് റോഡുകളിൽ വാഹനങ്ങൾക്ക് സുഖമായി യാത്രചെയ്യാൻ തടസ്സമായി നിൽക്കുന്ന ഇല

ക്ലിക്ക് പോസ്റ്റുകൾ റോഡിന്റെ അരികിലേക്ക് മാറ്റി സ്ഥാപിക്കുക.

കുരീപ്പള്ളി വാർഡിൽ

- ❑ മാടൻകാവ് ഏലായ്ക്ക് തെക്ക് കരയിൽ താമസിക്കുന്ന പതിനഞ്ചോളം കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിന് വേണ്ടി ലൈൻ നീട്ടി സാധു കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
- ❑ കുരീപ്പള്ളി എസ്.എ.ബി.റ്റി.എം. സ്കൂൾ റോഡ് മുതൽ കാമ്പികട റോഡിലും കാമ്പി കട മുതൽ വടക്കോട്ടുള്ള റോഡിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
- ❑ കുരീപ്പള്ളി വാർഡിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
- ❑ വിളയിൽ കട മുക്കിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറിന്റെ പോസ്റ്റിൽ ഒരു ട്യൂബ് ലൈറ്റ് സ്ഥാപിക്കണം.

പെരുമ്പുഴ എ വാർഡിൽ

- ❑ തുമ്പോട്ട് – ഏലാഭാഗം റോഡ് വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.
- ❑ ആറാട്ടുവിള ഏലാറോഡ് സ്ട്രീറ്റ് ലൈൻ പിടിച്ച് വൈദ്യുതവിളക്ക് സ്ഥാപിക്കണം.
- ❑ പട്ടികജാതി, നിർദ്ധനവിഭാഗ കുടുംബങ്ങളുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കണം.

പെരുമ്പുഴ ബി വാർഡിൽ

- ❑ താഴെപറയുന്ന ഭാഗങ്ങളിൽ ഇതുവരെ വൈദ്യുതി എത്തിയിട്ടില്ല. ഇവിടങ്ങളിലേക്ക് വൈദ്യുതി ലൈനുകൾ നീട്ടി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

1. എസ്.ആർ.വി.എൽ.പി,എസ്. – ന് തെക്കോട്ട് ജയന്തികോളനിയിലേക്കും സമീപ പ്രദേശങ്ങളിലേക്കും.
2. പി.കെ.പി. കവലഭാഗത്ത് ഞാലിയോട് ലക്ഷംവീട് ഭാഗത്ത്
3. അമ്പിപൊയ്ക ജയന്തി കോളനി
4. ഞാലിയോട് ക്ഷേത്രത്തിന് സമീപ പ്രദേശങ്ങളിലേക്ക്
5. രക്ഷാസൈന്യം പള്ളിയുടെ പടിഞ്ഞാറുഭാഗം

- ❑ ഈ വാർഡിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതുതായി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
- ❑ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ മിക്കതും സ്ഥിരമായി കത്തുന്നില്ലായെന്നത് വ്യാപകമായ പരാതികൾക്ക് ഇടയാക്കിയിട്ടുണ്ട്.
- ❑ ഈ വാർഡിൽ പുതുതായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

1. റേഡിയോ മുക്കിൽ നിന്നും തെക്കോട്ട് 5 എണ്ണം
2. കല്ലുവിള കടയ്ക്ക് തെക്കോട്ട് ദേശീയകലാസമിതി, തെങ്ങുവിള ഭാഗം, രക്ഷാസൈന്യം പള്ളി, ചെക്കാലയിൽ ഭാഗം എന്നിവിടങ്ങളിൽ 7 എണ്ണം.
3. റേഡിയോ മുക്കിന് വടക്ക് 2 എണ്ണം
4. അമ്പിപൊയ്ക ജയന്തികോളനി ഭാഗം 3 എണ്ണം
5. മഠത്തിൽ കാട്ടിൽ ഭാഗം 2 എണ്ണം
6. എസ്.ആർ.വി.എൽ.പി.എസ്. – ന് വടക്ക് മേലേകുന്നത്ത് ഭാഗം 5 എണ്ണം
7. പി.കെ.പി. കവല ലക്ഷംവീട് ഭാഗം 3 എണ്ണം
8. പി.കെ.പി. കവല മുസ്ലീം പള്ളിക്കു സമീപം 2 എണ്ണം
9. എസ്.ആർ.വി.എൽ.പി.എസ്. – ന് തെക്ക് ജയന്തികോളനി ഭാഗം, മേവറത്ത് ഭാഗം 3 എണ്ണം
10. പുന്നമുക്ക് – പി.കെ.പി. കവല 8 എണ്ണം
11. ഞാലിയോട് ഹെൽത്ത് സൈന്റർ റോഡ് 4 എണ്ണം

കുണ്ടറ എ വാർഡിൽ

- ❑ ജവഹർ വായനശാലയ്ക്ക് പടിഞ്ഞാറുവശത്ത് ഏലായ്ക്ക് പടിഞ്ഞാറ് ഭാഗം പുതുതായി ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുകയും അവിടെയുള്ള 15 വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യണം.
- ❑ കളരി ഭാഗം മുതൽ ഞാലിയോട് ജയന്തികോളനി മുക്കിന് കിഴക്കോട്ടുള്ള പി.ഡബ്ല്യു.ഡി. റോഡിലും കളരി മുതൽ വടക്കോട്ട് ജവഹർ വായനശാല വരെയും പുതുതായി വഴിവിളക്കുകൾ സ്ഥാപിക്കുക.
- ❑ കോട്ടയടി മുക്കുമുതൽ താഴോട്ടുള്ള റോഡിൽ പുതുതായി വഴിവിളക്കുകൾ സ്ഥാപിക്കുക.

- ❑ അമ്പിപൊയ്ക എം.റ്റി.എൽ.പി.എസ്. – ന് സമീപമുള്ള ജംഗ്ഷൻ പോസ്റ്റിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കണം.

കുണ്ടറ ബി വാർഡിൽ

- ❑ ഇളമ്പള്ളൂർ പുന്നമുക്ക് റോഡിൽ പനംകുറ്റി കുരിശ്ശടി മുതൽ കൊല്ലം – ചെങ്കോട്ട റോഡിൽ ലോണി സ്വാമിൽ മുക്ക് വരെയുള്ള റോഡിൽ പുതുതായി വൈദ്യുതിലൈൻ നീട്ടി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
- ❑ പനംകുറ്റി കിഴക്കേക്കര, തെങ്ങയ്യം ജയന്തി കോളനി, പെരിഞ്ഞേലിൽ ജയന്തി കോളനി, തെക്കേവിളക്കട ലക്ഷംവീട് എന്നിവിടങ്ങളിൽ സൗജന്യമായി വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നതിനുവേണ്ടി വയറിംഗ് നടത്തിയിട്ടുള്ള എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഈ കോളനിപ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.
- ❑ മുക്കട ജംഗ്ഷൻ മുതൽ പനംകുറ്റി ഏലാ റോഡുവഴി പുന്നമുക്കിലേക്കുള്ള റോഡിൽ ഏലാഭാഗത്ത് പുതുതായി വൈദ്യുതിലൈൻ നീട്ടിയും (പെരുമ്പുഴ, കുണ്ടറ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ അതിർത്തികളെ തമ്മിൽ ബന്ധിപ്പിച്ച്) ആവശ്യമായ സ്ട്രീറ്റ് ലൈറ്റുകൾ (ട്യൂബുകളും ബൾബുകളും) സ്ഥാപിക്കുക.
- ❑ എൽ.എം.എസ്. ഡോക്കേഴ്സ് കോട്ടേഴ്സിന് പടിഞ്ഞാറുള്ള വഴിയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
- ❑ തെക്കേവിള കട ജംഗ്ഷൻ തൊട്ടു തെങ്ങയ്യം ജയന്തി കോളനിവഴി പാട്ടുപുരയ്ക്കൽ ക്ഷേത്രം വരെയും തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ എൽ.റ്റി. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങൾ

1. കുണ്ടറ ഗുരുമന്ദിരം മുക്ക്
2. തൃപ്പലഴികം
3. കല്ലിംഗൽ
4. പഴങ്ങാലം
5. പഴങ്ങാലം ക്ഷേത്രം
6. പുനുക്കന്നൂർ നം. 1
7. പുനുക്കന്നൂർ നം. 2
8. പെരുമ്പുഴ പമ്പ് ഹൗസ്
9. വേലംകോണം
10. ഞെട്ടയിൽ
11. മാമ്പുഴ 1
12. മാമ്പുഴ 2
13. സെറ്റിൽമെന്റ് കോളനി
14. വിക്ഷണം
15. കുരീപ്പള്ളി നം. 1
16. കുരുപ്പള്ളി നം. 2
17. കുരീപ്പള്ളി കാഷ്യൂ ഫാക്ടറി
18. ഡാൽമിയ
19. അറ്റോൺമെന്റ്
20. മുസ്ലിം പള്ളി
21. തൃക്കോയിക്കൽ ക്ഷേത്രം
22. റേഡിയോ മുക്ക്
23. എൽ.എം.എസ്.
24. പുന്നമുക്ക്
25. മേവറം
26. എം.ജി. പ്ലാസ്റ്റിക്സ് മാമ്പുഴ
27. മുക്കട
28. ഇളമ്പള്ളൂർ നം. 1
29. ഇളമ്പള്ളൂർ നം. 2
30. ഇളമ്പള്ളൂർ നം. 3
31. ഈ.എസ്.ഐ.
32. കേരളപുരം നം. 3
33. മാമൂട് നം. 1
34. മാമൂട് നം. 2
35. റബ്ബർ വർക്സ്
36. റ്റി.കെ.എം. ആർട്ട്സ് കോളേജ്
37. പണ്ടാരക്കുളം
38. പേരൂർ നം. 1
39. പേരൂർ നം. 2
40. കെറ്റങ്കര നം. 1
41. കൊറ്റങ്കര നം. 2
42. കുമ്മായപ്പുര
43. കുറ്റിച്ചിറ
44. കരിക്കോട് എക്സ്ചേഞ്ച്
45. സൂര്യാ
46. മീനാക്ഷിവിലാസം
47. പേരൂർ അയ്യർമുക്ക്
48. എല്ലുകുഴി
49. ആലുംമൂട്
50. വൈദ്യർമുക്ക്

കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

ഇലക്ട്രിക്കൽ സെക്ഷൻ	ബൾബ്	ട്യൂബ്	മെർക്കുറി വേപ്പർ ലാമ്പ്	സോഡിയം വേപ്പർ ലാമ്പ്
അയത്തിൽ	32	5	–	–
കിളികൊല്ലൂർ	282	51	8	–
കുണ്ടറ	1104	191	41	3
പെരുമ്പുഴ	1121	253	10	–
എഴുകോൺ	82	22	–	–
നലലല്ലില	28	3	–	–
കണ്ണനല്ലൂർ	227	30	1	–
ആകെ	2876	555	60	3

കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

ഇലക്ട്രിക്കൽ സെക്ഷൻ	ഗാർഹികം	വ്യാപാരം	വ്യാവസായികം	കാർഷികം
അയത്തിൽ	341	18	9	2
കിളികൊല്ലൂർ	2400	154	53	4
കുണ്ടറ	1465	387	33	3
പെരുമ്പുഴ	5293	442	74	70
എഴുകോൺ	440	30	5	5
നലലല്ലില	150	10	4	6
കണ്ണനല്ലൂർ	364	18	8	3
ആകെ	10453	1059	186	93

ഗതാഗതം

ജനജീവിതത്തിന്റെ അഭിവൃദ്ധിക്കും വികസനത്തിനും ഗതാഗത സൗകര്യങ്ങൾ അത്യന്താപേക്ഷിതമാകുന്നു. വാണിജ്യപരമായും വ്യാവസായികമായും സാംസ്കാരികമായും ബാഹ്യലോകത്തോട് നിരന്തരം ബന്ധപ്പെട്ടുകൊണ്ടല്ലാതെ ഗ്രാമീണജീവിതത്തിൽ ഐശ്വര്യവും പുരോഗതിയും കൈവരിക്കുക സാദ്ധ്യമല്ല. കൊറ്റങ്കര ഗ്രാമപഞ്ചായത്തിന് സാമാന്യം മെച്ചപ്പെട്ട ഒരു റോഡ് ശൃംഖലയുണ്ട്. പി.ഡബ്ല്യു.ഡി. കൊല്ലം റോഡ്സ് ഡിവിഷന്റെ അധീനതയിൽ 47.820 കി. മീ. നീളത്തിലുള്ള ടാർ റോഡുകളും, കൊറ്റങ്കര ഗ്രാമപഞ്ചായത്ത് അധീനതയിൽ 33.094 കി. മീ. നീളത്തിൽ ടാർ റോഡുകളും, 62.190 കി. മീ. നീളത്തിൽ ഗ്രാവൽഡ് റോഡുകളും, 59.237 കി. മീ. നീളത്തിൽ എർത്ത് റോഡുകളും ഉണ്ട്. ഇവിടത്തെ റോഡ് ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡിന്റെ സ്ഥിതി വളരെ മോശമാണ്. മിക്കവാറും റോഡുകൾക്ക് നടപ്പാതയും, ഓവുചാലുകളും, കൾവർട്ടുകളും ഇല്ല. ഉയർന്ന സമതല പ്രദേശങ്ങൾ സമുദ്രനിരപ്പിൽ നിന്നും 40 മീറ്റർ ഉയരത്തിൽ നിന്നും 30 ലേക്കും 20 ലേക്കും വയൽനിരപ്പുകളിലേക്കും താഴ്ന്ന് ചരിഞ്ഞുകിടക്കുന്നതിനാൽ മഴക്കാലത്ത് മണ്ണ് കുത്തിയൊലിച്ചും താഴ്ന്ന ഭാഗങ്ങളിൽ വെള്ളം കെട്ടിനിന്നും മിക്ക റോഡുകളും സഞ്ചാരയോഗ്യമല്ലാതാകുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം റോഡിന്റെ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തുന്നതിന് പഞ്ചായത്തിന് പലപ്പോഴും സാധിക്കുന്നില്ല.

മേല്പറഞ്ഞ 12 റോഡുകളിൽ 11-ാമത്തെയും 12-ാമത്തെയും റോഡുകളായ ആലുംമൂട് ജംഗ്ഷൻ – പുനുക്കന്നൂർ സൊസൈറ്റി മുക്ക് റോഡും, കേരളപുരം കെ.പി.പി. കമ്പനിമുക്ക് – പുനുക്കന്നൂർ മൃഗാശുപത്രിമുക്ക് റോഡും, പി.ഡബ്ല്യു.ഡി. യിൽ നിന്ന് കൊല്ലം ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്തു.

കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽക്കൂടിയുള്ള താഴെ പറയുന്ന റോഡുകൾക്ക് 9-ാം പദ്ധതിയിൽ അവസ്ഥാമാറ്റം അനിവാര്യമാണ്.

- എൻ.എച്ച്. 47 -ൽ കൊട്ടിയത്തുനിന്നും ആരംഭിച്ച് എൻ.എച്ച്. 47 -ൽ പുതിയകാവിൽ ചെന്നുചേരുന്ന കൊട്ടിയം-കുണ്ടറ-കടപുഴ-തേരുണിക്കാവ്-പുതിയകാവ് റോഡിന്റെ ഭാഗമായി കൊട്ടിയം – കുണ്ടറ റോഡ് സ്റ്റേറ്റ് ഹൈവേയാക്കി ഉയർത്തണം.
- കേരളപുരം – ആയൂർ റോഡ് മേജർ ഡിസ്ട്രിക്ട് റോഡ് (MDR) ആയി ഉയർത്തണം.
- കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ താഴെപറയുന്ന റോഡുകൾ പി.ഡബ്ല്യു.ഡി. യിൽ നിന്നും ഏറ്റെടുത്ത് 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തി പണികൾ നടത്തേണ്ടതാണ്.
- ഇളമ്പള്ളൂർ – പുന്നമുക്ക് – തെക്കേവിളക്കടമുക്ക് – റേഡിയോമുക്ക് വഴി പി.കെ.പി. കവലമുക്ക് റോഡ് – 2.5 കി. മീ.
- ഇളമ്പള്ളൂർ-കോവിൽ മുക്ക് റോഡ് – 1,830 കി.മീ.
- താഹാമുക്കുമുതൽ പേരൂർ ക്ഷേത്രം വഴി ആലുമൂക്ക് വരെയുള്ള റോഡ് – 1.530 കി. മീ.
- മാമൂട് സത്യൻ മെമ്മോറിയൽ മുക്കിൽ നിന്നും കൊറ്റങ്കര സൊസൈറ്റി മുക്ക് മുടപ്പിലാങ്ങിൽ ഏലാവഴി നാലുമുക്കിലേക്കുള്ള റോഡ് – 1.300 കി. മീ.
- പി.ഡബ്ല്യു.ഡി. റോഡ്സ് സെക്ഷനും, ബിൽഡിംഗ് സെക്ഷനും വേണ്ടി ഈ പഞ്ചായത്തിൽ സ്ഥിരമായ സ്ഥലസൗകര്യവും കെട്ടിടവും ഉണ്ടാകേണ്ടിയിരിക്കുന്നു.
- പഞ്ചായത്തിൽ നിന്നും പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത എല്ലാ റോഡുകളുടെയും പണികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

ഓരോ വാർഡിലും നിലവിലുള്ള പ്രധാനപ്പെട്ടതും കൂടുതലായി വാഹനഗതാഗതത്തിനായി ഇന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും ആയ താഴെ പറയുന്ന ഗ്രാമവീഥികളുടെ ഉപരിതലം മണ്ണിട്ടുറപ്പിച്ചും ഉദ്ധാരണപണികൾ നടത്തിയും മെറ്റലിംഗും ടാറിംഗും നടത്തി മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

പേരൂർ എ വാർഡിൽ

- കുറ്റിച്ചിറ തെക്കേമുക്കിൽ നിന്നും തെക്കോട്ട് പുലവർചിറയുടെ പടിഞ്ഞാറെ കരയ്ക്കുകൂടി കല്ലുവിള മുക്കുവഴി മീനാക്ഷിവിലാസം V.H.S.S. വരെയുള്ള റോഡ്. 1.200 കി. മീ
- പേരൂർ മീനാക്ഷിവിലാസം V.H.S.S. മുതൽ കിഴക്കോട്ട് M.V.L.P.S. വരെയും അവിടെനിന്നും ക്ഷേത്രത്തിനു മുൻവശത്തുകൂടി തെറ്റിച്ചിറ ഏലാവഴി കുറ്റിച്ചിറ – പുന്തലത്താഴം റോഡുവരെയും ഉള്ള റോഡ്. – 1 കി. മീ.
- അയ്യർമുക്ക് മുതൽ വടക്കോട്ട് അംബേദ്കർ കോളനി മുക്ക് (മുപ്പർ മുക്ക്) വരെയുള്ള റോഡ്. – 0.800 കി. മീ.

പേരൂർ ബി വാർഡിൽ

- കോടംവിളമുക്കുമുതൽ വടക്കോട്ട് ഗോപികാസദനം മുക്ക് – കൊന്നക്കോട്ട് വിളമുക്ക് – മേക്കോൺ തെക്കേമുക്ക് വരെയുള്ള റോഡ് (ശ്രുതി മുക്കിൽ നിന്നും പടിഞ്ഞാറോട്ട് പാലക്കോട് കുന്നേമുക്ക് വരെ കൂടി) – 2 കി. മീ.
- മാധവ ഫാർമസി മുക്കുമുതൽ വടക്കോട്ട് ഇടപ്പുര ജംഗ്ഷൻ വരെയും, പാറയിൽ മുക്കിൽ നിന്നും ആർട്ട്സ് കോളേജ് മുക്കുവരെയും ഉള്ള റോഡ്. – 1.200 കി. മീ.
- ഉപ്പൂട്ടിൽ മുക്കിൽ നിന്നും തെക്കോട്ട് പുത്തൻപുര കമ്പിനി മുക്ക് വഴി കുറ്റിച്ചിറ വായനശാല മുക്ക് റോഡ് – 1 കി. മീ.

പേരൂർ സി വാർഡിൽ

- സാരഥി ജംഗ്ഷന് കിഴക്ക് തൈക്കാവ് മുക്കുമുതൽ തെക്കോട്ട് ഇലിപ്പക്കോണത്തേക്കുള്ള റോഡ് – 1 കി. മീ.
- പണ്ടാരക്കുളം കിഴക്ക് നെല്ലിവിള ഭാഗത്തുനിന്നും കിഴക്കോട്ട് പാലക്കോട് കുന്നേൽമുക്ക് വഴി മേക്കോൺ സ്ക്കൂൾ കിഴക്കേമുക്കുവരെയും മേക്കോൺ തെക്ക് റാമ്പുവരെയുള്ള ബൈപ്പാസും ഉൾപ്പെട്ട റോഡ് – 1.300 കി. മീ.
- പണ്ടാരക്കുളത്തിന് കിഴക്കുവശം മെമ്പർ മുക്കുമുതൽ പടിഞ്ഞാറോട്ട് കളീലിൽ വഴി ആർട്ട്സ് കോളേജ് കിഴക്കെ മുക്കുവരെയുള്ള റോഡ് – 0.800 കി. മീ.
- റ്റി.കെ. എം. ആർട്ട്സ് കോളേജ് ജംഗ്ഷൻ മുതൽ വടക്കോട്ട് തെങ്ങയ്യം വരെയുള്ള റോഡ് – 0.350 കി.മീ.

കൊറ്റങ്കര

- കൊന്നക്കോട്വിള മുക്കിൽ നിന്നും കിഴക്കോട്ട് വളക്കടമുക്ക് റോഡ് – 0.600 കി. മീ.
- കൊച്ചുവിളമുക്കിൽ നിന്നും കൃഷിഭവനിലേക്കും ലക്ഷംവീട്ടിലേക്കും ഉള്ള റോഡ് – 0.400 കി. മീ.
- കല്ലുംവിള മുക്കിൽ നിന്നും ബാലവാടിവഴി മേക്കോൺപള്ളി മുക്കിലേക്കും കരുവാ സ്വാമിൽ മുക്കിലേക്കും ഉള്ള റോഡ് – 1 കി. മീ.
- മേക്കോൺ കിഴക്കെ മുക്കിൽ നിന്നും (ആഫീസ് വിള) തെക്കോട്ട് ആയുർവ്വേദാശുപത്രിക്കു സമീപം കൊച്ചുവീട്ടിൽ തെക്കേമുക്കുവരെയുള്ള റോഡ് – 0.500 കി. മീ.
- മനക്കര ക്ഷേത്രം മുതൽ പുതുവൽ മണ്ണുവിള I.H.D.P. കോളനി വരെയുള്ള റോഡ്– 0.750 കി.മീ.

ചന്ദനത്തോപ്പ് വാർഡിൽ

- കേരളപുരം കെ.പി. ജംഗ്ഷൻ മുതൽ വെള്ളാളർ സഭവഴി പുട്ടാണിമുക്ക് റോഡ് – 0.800 കി. മീ.
- കല്ലുവിളക്കട മുക്കുമുതൽ തെക്കോട്ട് ആമ്പല്ലൂർ ക്ഷേത്രംവരെയുള്ള റോഡ് – 0.810 കി. മീ.
- കേരളപുരം അഞ്ജലി തിയേറ്ററിന് കിഴക്ക് എക്സൈസ് മുക്ക് മുതൽ വെള്ളാളസഭ മുക്ക് റോഡ് – 0.450 കി. മീ.

മാമ്പുഴ വാർഡിൽ

- കൊച്ചാലുംമൂട്ടിൽ നിന്നും പടിഞ്ഞാറോട്ട് മാമ്പുഴ L.S.P. വഴി ആമ്പല്ലൂർ റോഡ് – 1.100 കി. മീ.
- മണ്ഡളം മുക്കിൽ നിന്നും കോളാശ്ശേരി ലക്ഷംവീട് വഴി നാലുമുക്ക് റോഡുവരെയുള്ള റോഡ് – 0.600 കി.മീ.
- കേരളപുരം – ആലുംമൂട് റോഡിൽ നാലുമുക്കുമുതൽ കിഴക്കോട്ട് തോട്ടത്തിൽ മുക്കുവഴി പുളിവിളമുക്കുവരെയുള്ള റോഡ് – 0.750 കി. മീ.
- പൂട്ടാണിമുക്ക് – പുത്തൻകുളങ്ങര ക്ഷേത്രം റോഡ് – 0.300 കി. മീ.
- ഞെട്ടയിൽ മുക്കിൽ നിന്നും റബ്ബർവിളമുക്ക് റോഡിലേക്കുള്ള റോഡ് – 0.450 കി. മീ.

ആലുംമൂട്

- പി.എച്ച്. സെന്ററിന് പടിഞ്ഞാറോട്ട് സന്തോഷ് മുക്ക് വഴി ചാത്തൻപറയിലേക്കുള്ള റോഡ് (ഉടയൻകാവിലേക്കുള്ള വഴി കൂടി) – 1 കി. മീ.
- തടത്തിവിള മുക്കിൽ നിന്നും വാണിശ്ശേരി മുക്കുവഴി എല്ലുകുഴി കോളനി റോഡ് – 1.200 കി. മീ.
- കരയോഗത്തിന് പടിഞ്ഞാറ് തുണ്ടുവിള മുക്കിൽ നിന്നും തെക്കോട്ട് കന്യാകുഴി വരെയുള്ള റോഡ് – 0.330 കി. മീ.
- കൊച്ചുവിള മുക്കിൽ നിന്നു പടിഞ്ഞാറോട്ട് മാവച്ചൻകാവ് N.S.S.U.P.S, വലിയകുളം വഴി കുറ്റിയിൽ മുക്ക് റോഡ്. – 1.500 കി. മീ.
- കിഴക്കടത്തു മുക്ക് – തെക്കേവിളമുക്ക് റോഡ് – 0.770 കി. മീ.
- വൈദ്യർമുക്ക് – എല്ലുകുഴി കോളനി – അണ്ണാച്ചി മുക്ക് റോഡ് – 1 കി. മീ.

പുനുക്കന്നൂർ ബി

- അഞ്ജലി തിയേറ്ററിന്റെ കിഴക്കെ മുക്കിൽ നിന്നും വടക്കോട്ട് എഴുത്താണി വഴി കോണത്തുഭാഗത്തേക്കുള്ള റോഡ് – 0.800 കി. മീ.
- കോവിൽ മുക്കിൽ നിന്നും തെക്കോട്ട് കരിമ്പുംകര വഴി അഞ്ചുമുക്ക് റോഡ് – 1 കി. മീ.
- തത്തമുക്കിൽ നിന്നും കിഴക്കോട്ട് നരിപ്രവരെ – 0.400 കി. മീ.
- കാർത്തികമുക്കിൽനിന്നും വടവൂർ മേലേഭാഗം വഴി കുന്നേൽ ഭാഗത്തുകൂടി കോണത്ത് അമ്പലം വരെ – 0.800 കി. മീ.

പുനുക്കന്നൂർ എ

- പെരുമ്പുഴ ഗവ. എൽ.പി.എസ്. ജംഗ്ഷൻ കുളപ്പാറ ക്ഷേത്രം – കോളനിമുക്കിലേക്കും – ചിറയിലേക്കും – കുരിശടി മുക്കിലേക്കും ഉള്ള റോഡ് – 990 + 150 + 440 + 150 = 1.730 കി. മീ.
- സെറ്റിൽമെന്റ് കോളനി മുക്ക് – എസ്.ജി.എൻ. കമ്പനിമുക്ക് റോഡ് – 1.200 കി. മീ.
- കോളനി മുക്കിന് തെക്ക് ചവറ മുക്കിൽ നിന്നും പടിഞ്ഞാറോട്ട് ചോറ്റാനിക്കര വഴി സർഗ്ഗം ജംഗ്ഷൻ വരെയുള്ള റോഡ് – 0.700 കി. മീ.
- സെറ്റിൽമെന്റ് കോളനിക്കകത്തെ റോഡുകൾ – 2.500 കി. മീ.

ഇളമ്പള്ളൂർ

- ചാങ്ങയിൽ മുക്കിൽ നിന്നും പടിഞ്ഞാറോട്ട് മുണ്ടയ്ക്കൽ മുക്ക് വഴി ഊറ്റുകുഴിവരെയുള്ള റോഡ് – 1.400 കി. മീ.
- ത്രിവേണി മുക്കിൽ നിന്നും തെക്കോട്ട് മറ്റത്തിറ, ഇടത്തുണ്ടിൽ, ആണിപ്പള്ളിൽ തൊടി, വായനശാല, പൊയ്കയിൽ ചാൽ, തുണ്ടിൽ ഇറ, കൊച്ചുവീട്ടിൽ മുക്കുവഴി നരിപ്രഭാഗം വരെയുള്ള റോഡ് – 1.400 കി. മീ.
- ബംഗ്ലാവ് മുക്കിൽ നിന്നും വിവേകാനന്ദാ ക്ലബ്ബ് വഴി തെക്കോട്ട് മുണ്ടയ്ക്കൽ കോളനിയിലേക്കുള്ള റോഡ് – 0.700 കി. മീ.
- കൊച്ചുവിളമുക്ക്, പാറ്റുവാരത്തുതൊടി, ചോല യ്ക്കൽ ഭാഗം, വെള്ളംകൊള്ളിഭാഗം റോഡ് – 0.900 കി. മീ.
- ഊത്താംപള്ളി ഇറയിൽനിന്നും തെക്കോട്ട് വയലിൽക്കൂടി കലങ്കുവരെ 8,9,10 വാർഡുകളിൽക്കൂടിയുള്ള റോഡ് – 2.500 കി. മീ.

കുരിപ്പള്ളി

- കാമ്പിക്കട S.N.D.P. ജംഗ്ഷൻ മുതൽ തെക്കോട്ട് പ്ലാവിള, മുണ്ടപ്പള്ളി ക്ഷേത്രം വഴി കല്ലിംഗൽ റോഡിലേക്കുള്ള റോഡ് – 1 കി. മീ.
- വഞ്ചിമുക്കിൽ നിന്നും കിഴക്കോട്ട് കോട്ടൂർ അമ്പലം വഴി കോളപൊയ്ക റോഡ് – 0.510 കി. മീ.
- കുരിപ്പള്ളി സൊസൈറ്റി മുക്കിൽ നിന്നും കുരിപ്പള്ളി S.A.B.T.M. സ്കൂൾ കനാൽ മുക്കുവരെയും ഇറിഗേഷൻ കുളം വരെയും ഉള്ള റോഡ്– 1 കി.മീ.
- കല്ലിംഗൽ ഗുരുമന്ദിരം മുക്കിൽ നിന്നും തെക്കോട്ട് തെക്കേക്കരമുക്ക് റോഡ് – 0.535 കി. മീ.

പെരുമ്പുഴ എ

- കല്ലുപാലം കുരിശടി – ചെക്കാലമുക്ക് വഴി കിഴക്കോട്ട് കാളിമുക്ക് വഴി തെക്കുപടിഞ്ഞാറോട്ട് കുന്നത്തുകട റോഡ് (പെരുമ്പുഴ – നല്ലില റോഡിൽ) – 0.900 കി. മീ.
- ഊച്ചാടി മുക്കിന് പടിഞ്ഞാറ് സ്ക്കറിയാക്കട മുക്കിൽനിന്നും പടിഞ്ഞാറോട്ട് കോയിവിള ഇറ റോഡ് – 0.650 കി. മീ.
- തൃക്കോയിക്കൽ മേലേമുക്കിൽ നിന്നും തെക്കോട്ട് യുവസാഹിതി മുക്ക് റോഡ് – 0.700 കി. മീ.
- ജയന്തിവർക്ക്ഷോപ്പ് മുക്കു മുതൽ വിളയിൽ കട മുക്കുവരെയുള്ള റോഡ് – 0.700 കി. മീ.
- കളയ്ക്കാട് തെക്കുവശം മുതൽ തെക്കോട്ട് കൊരണ്ടിപ്പള്ളി വടക്കുവശം വഴി കൊച്ചാലുംമൂട് റോഡ് – 0.500 കി. മീ.
- പെരുമ്പുഴ ഗ്രാമോദ്ധാരണ മഹിളാസമാജം മുതൽ കിഴക്കോട്ട് പെരിഞ്ഞാലിൽ ഏലാ റോഡ് – 0.160 കി. മീ.

പെരുമ്പുഴ ബി

- പെരുമ്പുഴ റേഡിയോ മുക്കിൽ നിന്നും തെക്കോട്ട് കളയ്ക്കാട്ട് ഏലാ റോഡ് – 1 കി. മീ.
- അംബിപൊയ്ക കോളനി – ചാലുവിള മുക്ക് റോഡ് – 0.750 കി. മീ.
- കൊപ്പാറമുക്കിൽ വടക്ക് കോട്ടയ്ക്കകം ഭാഗത്തു നിന്നും വടക്കോട്ട് ചെക്കാലമുക്ക് റോഡ് – 1.100 കി.മീ.
- കേളംവിളമുക്കിൽ നിന്നും കിഴക്കോട്ട് പാമ്പറത്തു ചരുവിൽ മുക്കുവരെയുള്ള റോഡ് – 0.600 കി. മീ.
- സാൽവേഷൻ ആർമി മുക്ക് – ചെക്കാലമുക്ക് റോഡ് – 0.600 കി. മീ.

- കേരളപുരം – മാമ്പുഴ റോഡിൽ വിളയിൽ മുക്കിൽ നിന്നും പടിഞ്ഞാറോട്ട് മാമ്പുഴക്ഷേത്രത്തിന് മേൽ വശം വരെയുള്ള റോഡ് – 0.570 കി. മീ.
- മാമ്പുഴ എൽ.പി.എസ്. ന് കിഴക്കോട്ട് കുഴിവിള ഭാഗത്തേക്കുള്ള റോഡ് – 0.310 കി. മീ.
- മാമ്പുഴ നടുക്കുന്ന് കരയോഗമന്ദിരം മുക്കിൽ നിന്നും കിഴക്കോട്ട് പുനുക്കന്നൂർ കൊച്ചുവീട്ടിൽ താഴതിൽ ഏലാ റോഡ് – 0.120 കി. മീ.
- മാമ്പുഴ മുക്കിൽ നിന്നും തെക്കോട്ട് കോടിയാട്ട് ഏലാവരെയുള്ള റോഡ് – 0470 കി. മീ.
- മാമ്പുഴ ക്ഷേത്രത്തിന് കിഴക്കേമുക്കിൽ നിന്നും തെക്കോട്ട് കുമ്പളം കോളനിയിലേക്കുള്ള റോഡ് – 0.355 കി. മീ.
- വിളയിൽ മുക്കിൽ നിന്നും വടക്ക്കിഴക്കോട്ട് പുലരി കട്ടക്കമ്പനി റോഡ് – 0.360 കി. മീ.
- ചെപ്പള്ളി മുക്കിൽ നിന്നും കിഴക്കോട്ട് പൂക്കട ഇറവരെയുള്ള റോഡ് – 0.370 കി. മീ.
- ചെപ്പള്ളി മുക്കിൽ നിന്നും പടിഞ്ഞാറോട്ട് പ്ലാവിള മുക്ക് – കാടൻവിളപ്പുറം റോഡ് – 0.370 കി. മീ.
- പുളിവിള മുക്കുമുതൽ തെക്കോട്ട് ഗോപാൽ കട്ടക്കമ്പനി വരെയുള്ള റോഡ് – 0.370 കി. മീ.
- വേലംകോണം കമ്പനിമുക്കിൽ നിന്നും കിഴക്കോട്ട് വെളിയത്ത് മുക്കിലേക്കുള്ള റോഡ് – 0.875 കി.മീ.
- മുമ്പിലഴികത്ത് മുക്കിൽ നിന്നും വടക്കോട്ട് വലിയ വീട്ടിൽകാവ് റോഡ് – 0.125 കി. മീ.
- ഞെട്ടയിൽ മിച്ചഭൂമി മുക്കിൽ നിന്നും തെക്കോട്ട് ഏലായിലേക്കുള്ള റോഡ് – 0.675 കി. മീ.
- ഞെട്ടയിൽ കോളനിയിലേക്കുള്ള റോഡ് – 0.510 കി.മീ.
- പ്രഭാത് കൾച്ചറൽ സെന്റർ മുക്കിൽ നിന്നും തെക്കോട്ട് പുത്തൻകുളങ്ങര റോഡ് – 0.600 കി. മീ.
- റബ്ബർ വിള തെക്കേമുക്കിൽ നിന്നും കിഴക്കോട്ടുള്ള റോഡ് – 0.300 കി. മീ.

ആലുംമൂട് വാർഡിൽ

- വാണിശ്ശേരിമുക്കിൽ നിന്നും നെടുമൺ കളരിയിലേക്കുള്ള റോഡ് – 0.360 കി. മീ.
- കാമ്പിക്കുഴി മുക്കിൽ നിന്നും പടിഞ്ഞാറോട്ട് സന്തോഷ് മുക്കുവഴി കരിപ്പുകാലായ്കോണം ഏലാ റോഡ് – 0.325 കി. മീ.
- വാണിശ്ശേരി തെക്ക് കട്ടക്കമ്പനിമുക്കിൽ നിന്നും പടിഞ്ഞാറോട്ട് വാണിശ്ശേരി വടക്കുവശത്തുകൂടിയുള്ള റോഡ് – 0.165 കി. മീ.
- S.A.B.T.M. സ്കൂൾ മുക്കിൽ നിന്നും പടിഞ്ഞാറോട്ട് വാലുവിള മുക്ക് റോഡ് – 0.700 കി. മീ.
- കൊല്ലന്റെമുക്കിൽ നിന്നു വടക്കോട്ട് മൃഗാശുപത്രി മുക്ക് – കൊ.പി.പി. കമ്പനി റോഡിൽ തലപ്പറമ്പിൽ മുക്ക് റോഡ് – 0.460 കി. മീ.
- കരയോഗം കിഴക്കേമുക്കിൽ നിന്നും തെക്കോട്ട് പനയ്ക്കന്റെവിള റോഡ് – 0.170 കി. മീ.
- കന്യാകുഴി വടക്കേമുക്കിൽ നിന്നും പടിഞ്ഞാറോട്ട് ചെറുകരമൂലയിലേക്കുള്ള റോഡ് – 0.925 കി. മീ.
- ചെറുകരമുക്കിൽ നിന്നും വടക്കോട്ട് ആയിരത്തിറ വരെയുള്ള റോഡ് – 0.210 കി. മീ.
- തുണ്ടുവിള മുക്കിൽ നിന്നും വടക്കോട്ട് ആയിരത്തിറ വരെയുള്ള റോഡ് – 0.210 കി. മീ.
- മൃഗാശുപത്രിമുക്ക് – കെ.പി.പി. മുക്ക് റോഡിൽ പഴവിള മുക്കിൽ നിന്ന് കിഴക്കോട്ട് മേച്ചിറമുക്കിലേക്കും തലപറമ്പിലേക്കും മാടൻകാവിലേക്കുമുള്ള റോഡ് – 1.100 കി. മീ.
- കുളങ്ങരയ്ക്കൽ ഇറമുക്ക് – ചേനവിളമുക്ക് റോഡ് – 0.310 കി. മീ.
- പുള്ളോട്ടിൽ മുക്കിൽ നിന്നും കിഴക്കോട്ട് N.S.S.U.P.S. ഗ്രൗണ്ട് വഴി വടക്കോട്ട് പാവൂർ പണമുക്ക് റോഡ് – 0.870 കി. മീ.
- കാട്ടയ്യത്ത്മുക്ക് മുതൽ പടിഞ്ഞാറോട്ട് പുനുക്കന്നൂർ ഏലാ റോഡ് – 0.165 കി. മീ.
- ചെപ്പള്ളി കിഴക്കേമുക്കിൽ നിന്നും പടിഞ്ഞാറോട്ട് പുനുക്കന്നൂർ ഏലാ റോഡ് – 0.180 കി. മീ.

പുനുക്കന്നൂർ ബി വാർഡിൽ

- വട്ടത്രാമല ജംഗ്ഷൻ മുതൽ കിഴക്കോട്ട് ചെക്കാലകീഴൂട്ട് ഏലാവരെ – 0.585 കി. മീ.
- കുറ്റിയിൽ മുക്കിൽ നിന്നും കിഴക്കോട്ട് കുളപ്രഏലായിലേക്കുള്ള റോഡ് – 0.300 കി. മീ.
- കുറ്റിയിൽ മുക്കിൽ നിന്നും പടിഞ്ഞാറോട്ട് കൊച്ചുവിളമുക്ക് റോഡ് – 0.290 കി. മീ.
- പുത്തൻവീട്ടിൽ മുക്കിൽ നിന്നും വടക്കോട്ട് വട്ടത്രാമലമുക്കിലേക്കുള്ള റോഡ് – 0.270 കി. മീ.
- കോൺവെന്റ് ജംഗ്ഷനിൽ നിന്നും വടക്കോട്ട് കോട്ടവിളമുക്ക് വരെയുള്ള റോഡ് – 0.130 കി. മീ.
- ജവഹർ നഗർ റോഡ് – 0.160 കി. മീ.
- ചെക്കുംമൂട് ജംഗ്ഷനിൽ നിന്നും തെക്കോട്ട് കരിമ്പുംകര വഴി എഴുത്താണി റോഡ് – 0.420 കി. മീ.
- കാർത്തിക മുക്കിൽ നിന്നും പടിഞ്ഞാറോട്ട് അഞ്ചുമുക്ക് റോഡ് – 0.485 കി. മീ.

- അഞ്ചുമുക്കിൽ നിന്നും പടിഞ്ഞാറോട്ട് കാർത്തികഭവൻ പാലവിള റോഡ് – 0.230 കി. മീ.
- റബ്ബർവിള മുക്കിൽ നിന്നും കിഴക്കോട്ട് കോണത്ത് അമ്പലംവരെയുള്ള റോഡ് (ബാക്കിഭാഗം) – 0.600 കി. മീ.
- ഐ.ജി. മുക്കിൽ നിന്നും വടക്കോട്ട് എഴുത്താണി മുക്ക് റോഡ് – 0.200 കി. മീ.

പുനുക്കന്നൂർ എ വാർഡിൽ

- കാഞ്ഞിരം തുണ്ടിൽ ശാഖാ മുക്കിൽ നിന്നും കിഴക്കോട്ട് സെറ്റിൽമെന്റ് കോളനി മുക്കിലേക്കുള്ള റോഡ് – 0.200 കി. മീ.
- ബംഗ്ലാവ് മുക്കിൽ നിന്നും പടിഞ്ഞാറോട്ട് വടവൂർ കുളത്തിലേക്കുള്ള റോഡ് – 0.390 കി. മീ.
- ബംഗ്ലാവ് മുക്കിൽ നിന്നും തെക്കോട്ട് മൂലാവാരത്തിലേക്കും വടവൂർ തോടുവരെയുമുള്ള റോഡ് – 0.775 കി. മീ.
- ചിറയടി ജ്യന്തികോളനി മുക്കിൽ നിന്നും കിഴക്കോട്ട് ചോറ്റാനിക്കര മുക്കിലേക്കുള്ള റോഡ് – 0.330 കി. മീ.
- ഹരിപ്പാടൻ മുക്ക് പടിഞ്ഞാറോട്ട് ചിറയിലേക്കുള്ള റോഡ് – 0.230 കി. മീ.
- പെരുമ്പുഴ ഗവ. എൽ.പി.എസ് – ന് പടിഞ്ഞാറ് മുന്ന് മുക്കിൽ നിന്നും വടക്കോട്ട് ചിറയിലേക്കും ഡാൽമിയാ മുക്കിലേക്കും ചുടലവിള ഭാഗത്തേക്കുമുള്ള വഴി – 0.580 കി. മീ.
- ആനൂർമുക്കിൽ നിന്നും പടിഞ്ഞാറോട്ട് വയലിലേക്കുള്ള റോഡ് – 0.110 കി. മീ.
- റിസർവയർതോടിന്റെ തെക്കേകരയ്ക്കുകുടിയുള്ള റോഡ് – 0.435 കി. മീ.
- കുളപ്രക്ഷേത്രത്തിന് തെക്കുവശത്തുനിന്നും കോളനി – കുരിശ്ശടിമുക്കിലേക്കുള്ള റോഡ് – 0.320 കി.മീ.

ഇളമ്പള്ളൂർ വാർഡിൽ

- ചരുവിൽ കോളനി റോഡ് – 0.100 കി. മീ.
- കൊച്ചാലുംമൂട് മുക്കുമുതൽ കിഴക്കോട്ട് പുത്തൻവീട്ടിൽ ഇറവരെയുള്ള റോഡ് – 0.225 കി. മീ.
- കൊച്ചുവിള മുക്കിൽ നിന്നും പടിഞ്ഞാറോട്ട് പാറ്റുവാരത്ത് ഏലാ റോഡ് – 0.285 കി. മീ.
- മുണ്ടയ്ക്കൽ കോളനിക്കകത്തെ റോഡ് – 0.300 കി.മീ.
- മുവാറ്റുപുഴ മുക്കിൽ നിന്നും പടിഞ്ഞാറോട്ട് ചോലയ്ക്കൽ ഏലാവരെയും, കിഴക്കോട്ട് പിള്ളവീട്ടിൽ കിഴക്കുവശംവരെയുള്ള റോഡ് – 0.500 കി.മീ.
- വലിയവിളമുക്കിൽ നിന്നും പടിഞ്ഞാറോട്ട് ചോലയ്ക്കൽ ഏലാ റോഡ് – 0.255 കി. മീ.
- ചാങ്ങേയിൽ മുക്കിൽ നിന്നും വടക്കോട്ട് പയറ്റുവിള മുക്ക് റോഡ് – 0.500 കി. മീ.
- പുന്നമുക്കിന് തെക്കുവശത്തുനിന്നും പടിഞ്ഞാറോട്ട് തെക്കേഭാഗത്തെ റോഡ് – 0.150 കി. മീ.
- കമ്മ്യൂണിറ്റിഹാളിന്റെ പടിഞ്ഞാറു വശത്തുകൂടിയുള്ള റോഡ് – 0.105 കി. മീ.

കുരീപ്പള്ളി വാർഡിൽ

- വാറുത്ത് ജംഗ്ഷൻ മുതൽ വടക്കോട്ട് തടത്തിൽ മുക്ക് റോഡ് – 0.425 കി. മീ.
- എൽ.എം.എസ്. മുക്ക് വടക്കോട്ട് കുന്നുവിള ഏലാ റോഡ് – 0.255 കി. മീ.
- എൽ.എം.എസ്. ജംഗ്ഷൻ തെക്കോട്ട് പൊയ്കയിൽ ജംഗ്ഷൻ റോഡ് – 0.270 കി. മീ.
- കല്ലിംഗൽ ഗുരുമന്ദിരം മുക്കിൽ നിന്നും കിഴക്കോട്ട് തടത്തിൽ മുക്ക് റോഡ് – 0.450 കി. മീ.
- കല്ലിംഗൽ റോഡിൽ മുണ്ടപ്പള്ളി അമ്പലംമുക്കിൽ നിന്നും വടക്കോട്ട് തെക്കേക്കരമുക്ക് റോഡ് –0.300 കി.മീ.
- മൃഗാശുപത്രിമുക്ക് – ഈച്ചാടിമുക്ക് റോഡിൽ പണ്ടാശ്ശേരിമുക്കുമുതൽ വടക്കോട്ട് കോട്ടൂർ അമ്പലംമുക്ക് റോഡ് – 0.495 കി. മീ.
- താന്നിക്കൽ മുക്കുമുതൽ തെക്കോട്ട് തടത്തിൽമുക്ക് റോഡ് – 0.255 കി. മീ.
- പെരുമ്പുഴ മുസ്ലിംപള്ളി – പെരുമ്പുഴ ഏലാ റോഡ് – 0.390 കി. മീ.
- കോളാപൊയ്ക കനാൽമുക്കിൽ നിന്നും കിഴക്കോട്ട് തുണ്ടിൽ മുക്ക് റോഡ് – 0.390 കി. മീ.
- പൊയ്കയിൽ മുക്കിൽ നിന്നും കിഴക്കോട്ട് മാടൻനടമുക്ക് റോഡ് – 0.250 കി. മീ.
- പണ്ടാശ്ശേരിമുക്കിൽ നിന്നും തെക്കോട്ട് കുരീപ്പള്ളി ഏലാ റോഡ് – 0.570 കി. മീ.
- S.A.B.T.M. സ്കൂളിന് കിഴക്ക് ഓറഞ്ച്മുക്കിൽ നിന്നും തെക്കോട്ട് കുരീപ്പള്ളി കുളത്തിൻകര റോഡ് – 0.400 കി. മീ.
- തൈക്കാവ് മുക്കിന് കിഴക്ക് ഇങ്കിർ മുക്ക് കുളത്തിൻകര റോഡ് – 0.530 കി. മീ.

പെരുമ്പുഴ എ വാർഡിൽ

- കായലാവടക്കേ ഇടവഴി–ഏലാ റോഡ് – 0.150 കി.മീ.
- വാറുർകുളങ്ങര ഇടവഴി–ഏലാ റോഡ് – 0.150 കി.മീ.

- തുണ്ടുവിളമുക്കിൽ നിന്നും പടിഞ്ഞാറോട്ട് കുന്നിക്കോട് ഇറവരെയുള്ള റോഡ് – 0.220 കി.മീ.
- ആറാട്ടുവിള മുക്കിൽ നിന്നും പടിഞ്ഞാറോട്ട് പെരുമ്പുഴ ഏലാവരെയുള്ള റോഡ് – 0.235 കി.മീ.
- ആറാട്ടുവിള മുക്കിൽനിന്നും കിഴക്കോട്ട് പഴങ്ങാലം സ്ക്കൂൾ റോഡ് – 0.315 കി. മീ.
- മേലേവിള വടക്കേവിളമുക്കിൽ നിന്നും പടിഞ്ഞാറോട്ട് ഏലാവരെയുള്ള റോഡ് – 0.230 കി. മീ.
- മേലേവിള അച്ചൻമുക്കിൽ നിന്നും പടിഞ്ഞാറോട്ട് പെരുമ്പുഴ ഏലായിലേക്കുള്ള റോഡ് – 0.295 കി.മീ.
- സെന്റ്ജോൺസ് ചർച്ച് കുരിശ്ശടി മുക്കിൽ നിന്നും പടിഞ്ഞാറോട്ട് ഏലാ ഫുട്ബ്രിഡ്ജ് റോഡ്– 0.370 കി.മീ.
- നെടുവിള മുക്കിൽ നിന്നും കിഴക്ക് തെക്കോട്ട് പി.ഡബ്ല്യു.ഡി. റോഡ് വരെ – 0.200 കി. മീ.
- സ്കറിയാകട മുക്ക് – കരാകോണം ഭാഗം റോഡ് – 0.180 കി. മീ.
- സെന്റ്ജോൺസ് പള്ളിക്ക് കിഴക്കുവശം കുരിശ്ശടി തെക്കേപണ ഏലാ റോഡ് – 0.225 കി. മീ.
- തൃക്കോയിക്കൽ അമ്പലം മുക്കിൽ നിന്നും തെക്ക് പടിഞ്ഞാറോട്ട് യുവസാഹിതി മുക്ക് റോഡ് – 0.300 കി.മീ.
- ആണോലിൽ തെക്കേ ഇടവഴി – വാറുർ ഭാഗത്തേക്കുള്ള റോഡ് – 0.135 കി. മീ.
- കവുങ്ങറ മുക്കിൽ നിന്നും കിഴക്കോട്ട് വാഴോട്ട് ഇറ റോഡ് – 0.280 കി. മീ.
- പാലോട് ഇടവഴി–തുമ്പോട് ഇറ റോഡ് – 0.240 കി.മീ.
- കണ്ണൻകര ഇടവഴി – കണ്ണൻകരകാവ് റോഡ് – 0.180 കി.മീ.
- യുവസാഹിതിമുക്ക് കിഴക്കോട്ട് മേലുട്ട് ഭാഗം റോഡ് – 0.140 കി. മീ.
- വിളയിൽ കട മുക്കിൽ നിന്നും കിഴക്കോട്ട് ഇയന്തി കോളനി റോഡ് – 0.585 കി. മീ.
- തൃക്കോയിക്കൽ മേലേമുക്ക് കുരണ്ടിപ്പള്ളി തെക്കേമുക്ക് റോഡ് – 0.275 കി. മീ.
- ചെമ്പകശ്ശേരി മുക്കിൽ നിന്നും കിഴക്കോട്ട് തൃക്കോയിക്കൽ അമ്പലം റോഡ് – 0.195 കി. മീ.
- കുരണ്ടിപ്പള്ളി തെക്കുവശത്തുനിന്നും വടക്കോട്ട് കളയ്ക്കാട് എറ റോഡ് – 0.130 കി. മീ.
- ഡാൽമിയ ഗേറ്റിന് മുൻവശത്തുനിന്നും കിഴക്കോട്ട് കുന്നത്തുമേലേ ഇടയിലഴികത്ത്ഭാഗം റോഡ് – 0.240 കി. മീ.

പെരുമ്പുഴ ബി വാർഡിൽ

- S.N.D.P. മുക്കുമുതൽ കിഴക്കോട്ട് പാട്ടുപുരയ്ക്കൽ ഏലാവരെയും കണ്ണോലിക്കോണം ഏലായിലേക്കുള്ള ബൈപാസുകളും – 1.035 കി. മീ.
- S.R.V.L.P.S. ന് തെക്കോട്ട് ചാമവിള വഴി റോഡും ബൈപാസുകളും – 0.600 കി. മീ.
- തെങ്ങുവിള മുക്കിൽ നിന്നും പടിഞ്ഞാറോട്ട് നല്ലൂർ ഭാഗംവഴി കാവുംപുറത്ത് മുക്ക് റോഡ് – 0.165 കി.മീ.
- കല്ലുവിളക്കട മുക്കിൽ നിന്നും വടക്കോട്ട് ഞാലിയോട് ഏലാവഴി അമ്പിപൊയ്ക റോഡ്–0.625 കി.മീ.
- പുന്നവിള–കുളമേൽ ഏലാ റോഡ് – 0.375 കി.മീ.
- പുന്നവിള–കൊല്ലാവിള കോളനി റോഡ്–0.400 കി.മീ.
- അമ്പിപൊയ്ക കോളനി–കളരിറോഡ്– 0.400 കി.മീ.
- പെരിഞ്ഞേലിൽ ആലുവിളമുക്ക് – റേഡിയോമുക്ക് റോഡ് – 0.215 കി. മീ.
- ഞാലിയോട് മുക്കിൽ നിന്നും വടക്കോട്ട് ഞാലിയോട് ഏലാവരെയുള്ള റോഡ് – 0.200 കി. മീ.
- ഞാലിയോട് മുക്കിൽ നിന്നും തെക്കോട്ട് കുറവൻവിള മുക്കുവരെയുള്ള റോഡ് – 0.285 കി. മീ.
- ഞാലിയോട് ലക്ഷംവീട് മുക്കിൽ നിന്നും പടിഞ്ഞാറോട്ട് ഞാലിയോട് ഏലായിലേക്കുള്ള റോഡ് – 0.170 കി. മീ.
- ദേശീയകലാസമിതി മുക്ക് – കല്ലിടിക്കൽ മുക്ക് റോഡ് – 0.475 കി. മീ.
- ആശാരിവിളമുക്കു മുതൽ കിഴക്കോട്ട് നമ്പ്യാർ വീട്ടിൽ ഇറവരെയുള്ള റോഡ് – 0.200 കി. മീ.
- മേലേകുന്നത്തുമുക്ക് മുതൽ കിഴക്കോട്ട് മങ്കാട്ട് ഇറവരെയുള്ള റോഡ് – 0.110 കി. മീ.
- മേലേകുന്നത്തുമുക്കു മുതൽ തെക്കോട്ട് കോണത്ത് വയലുവരെയുള്ള റോഡ് – 0.200 കി. മീ.

കുണ്ടറ എ വാർഡിൽ

- അമ്പിപൊയ്ക സ്ക്കൂൾ മുക്ക് മുതൽ പടിഞ്ഞാറോട്ട് കോട്ടയ്ക്കാട്ട്മുക്കുവരെയുള്ള റോഡ് – 0.950 കി. മീ.
- അമ്പിപൊയ്ക – കോഴിക്കാലൻവിള ലിങ്ക് റോഡ് – 0.180 കി. മീ.
- പയിനുംമൂട് – കുംഭം പൊയ്ക ഏലാ റോഡ് (ബാക്കിഭാഗം) – 0.235 കി. മീ.
- തെങ്ങുവിള പള്ളിമുക്കുമുതൽ പൊയ്കവിളമുക്കു വഴി കിഴക്കോട്ട് പയിനുംമൂട് മുക്കുവരെയും പടിഞ്ഞാറോട്ട് കെ.ഐ.പി. കനാൽവരെയും – 0.850 കി. മീ.

- ആലുംമൂട് മുക്കിൽ നിന്നും കിഴക്കോട്ട് ചിറയിൽ കോളനി റോഡ് – 0.240 കി. മീ.
- പറമ്പിൽ മുക്കിൽ നിന്നും വടക്ക് കിഴക്കോട്ട് കോട്ടൂർപടി വരെയുള്ള റോഡ് – 0.345 കി. മീ.
- എള്ളുവിള മുക്കിൽ നിന്നും കിഴക്കോട്ട് കെ.ഐ.പി. കനാൽ മുക്കുവരെ. – 0.335 കി. മീ.

കുണ്ടറ ബി വാർഡിൽ

- തെക്കേവിള ലക്ഷംവീട് കോളനി റോഡ് – 0.100 കി. മീ.
- തോട്ടത്തിൽ മുക്കിൽ നിന്നും പടിഞ്ഞാറോട്ട് രാജാ തിയേറ്റർ റോഡ് – 0.165 കി. മീ.
- ചരുവിളമുക്കിൽ നിന്നും വടക്കോട്ട് അമ്പിപൊയ്ക റോഡും കണ്ണോലികോണം കുളത്തിലേക്കുള്ള ബൈപ്പാസും – 0.250 കി. മീ.
- കോട്ടൂർ മുക്കിൽ നിന്നും പടിഞ്ഞാറോട്ട് പാറപ്പുറം മുക്ക് റോഡ് – 0.165 കി. മീ.
- പുന്നമുക്ക് എൽ.എം.എസ്. കോർട്ടേഴ്സ് മുക്കിൽ നിന്നും പടിഞ്ഞാറോട്ട് പനംകുറ്റി ഏലാ റോഡ് – 0.150 കി. മീ.

ബസ് സർവ്വീസുകൾ ആരംഭിക്കണം

1. അഞ്ചാലുംമൂട്, താന്നിക്കമുക്ക്, മങ്ങാട്, കരിക്കോട്, കേരളപുരം, കെ.പി.പി. കമ്പനിമുക്ക്, ആലുംമൂട് പി.എച്ച്. സെന്റർ, ആലുംമൂട്, കുരിപ്പള്ളി, കൊട്ടിയം വഴി തിരുവനന്തപുരം ഫാസ്റ്റ്പാസഞ്ചർ സർവ്വീസ് ആരംഭിക്കണം.
2. അഞ്ചാലുംമൂട്, ചെറുമൂട്, കേരളപുരം, പുനുക്കന്നൂർ മൃഗാശുപത്രിമുക്ക് വഴി കൊട്ടിയത്തേക്ക് ബസ് സർവ്വീസ് അനുവദിക്കണം.
3. കൊല്ലം – കേരളപുരം – മൃഗാശുപത്രിമുക്ക്, നെടുമൺകാവ് – ആയൂർ ബസ് സർവ്വീസ് ആരംഭിക്കണം.
4. വെള്ളിമൺ – കേരളപുരം – ആലുംമൂട് പി.എച്ച് സെന്റർ, മോതിൻമുക്ക് വഴി കൊട്ടിയത്തേക്ക് ബസ് സർവ്വീസ് വേണം.
5. കൊല്ലം – കരിക്കോട് – ആലുംമൂട് പി.എച്ച്. സെന്റർ – കുരീപ്പള്ളി വഴി തിരുവനന്തപുരത്തേക്ക് കെ.എസ്.ആർ.ടി.സി. ഫാസ്റ്റ്പാസഞ്ചർ ആരംഭിക്കണം.
6. ഇളംപള്ളൂർ – ചവറ സർവ്വീസ് നടത്തുന്ന ബസുകളിൽ ചിലത് ഇളമ്പള്ളൂരിൽ നിന്ന് വായനശാലമുക്ക്, കോവിൽ മുക്ക് വഴി കേരളപുരംവരെ വന്നുപോകുന്നതിന് നടപടിയുണ്ടാകണം.
7. പുനലൂർ – കായംകുളം കെ.എസ്.ആർ.ടി.സി. സർവ്വീസ് ദിവസം 4 ട്രിപ്പെങ്കിലും കേരളപുരത്തുനിന്നും കോവിൽമുക്ക് ഇളമ്പള്ളൂർ വഴി കുണ്ടറയിൽക്കൂടി പോകുന്നതിന് നടപടി സ്വീകരിക്കണം.
8. കൊല്ലത്തുനിന്നും കേരളപുരം – കോവിൽമുക്ക് – പെരുമ്പുഴ – കൊട്ടിയം – മെഡിക്കൽ കോളേജ് വഴി ഫാസ്റ്റ്പാസഞ്ചർ സർവ്വീസ് ആരംഭിക്കണം.
9. അഞ്ചാലുംമൂട്, ഇളമ്പള്ളൂർ, കുണ്ടറ, പെരുമ്പുഴ, കൊട്ടിയം, മെഡിക്കൽ കോളേജ് വഴി തിരുവനന്തപുരത്തേക്ക് ദിവസം രണ്ട് സർവ്വീസ് വീതം ഫാസ്റ്റ്പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കണം.
10. കൊല്ലം – കേരളപുരം കെ.പി.പി. കമ്പനിമുക്ക് – ചിറയടി – കുരിശടിമുക്ക് – പെരുമ്പുഴ വഴി നല്ലിലായ്ക്ക് ബസ് സർവ്വീസ് നടത്തണം.
11. മൺട്രോത്തുരുത്ത് – കുണ്ടറ ആശുപത്രിമുക്ക് (പമ്പ് ഇംഗ്ഷൻ) – അംബിപൊയ്ക – പി.കെ.പി. കവല – പഴങ്ങാലം – ഈച്ചാടി മുക്ക് വഴി നല്ലില – നെടുമൺകാവിലേക്ക് ബസ് സർവ്വീസ് ആരംഭിക്കണം.
12. പുത്തൂർ – ആറുമുറിക്കട – തെങ്ങയ്യം പള്ളിമുക്ക് – പയിനുംമൂട് – അംബിപൊയ്ക – പെരുമ്പുഴ റേഡിയോമുക്ക് – പുന്നമുക്ക് – പെരുമ്പുഴ – കണ്ണനല്ലൂർ വഴി കൊല്ലത്തേക്ക് ബസ് സർവ്വീസ് ആരംഭിക്കണം.

ഇളമ്പള്ളൂർ പ്രൈവറ്റ് ബസ്സ്റ്റാന്റ്

ഇളമ്പള്ളൂരിൽ ഒരു ദിവസം 200-ൽ കൂടുതൽ പ്രൈവറ്റ് ബസുകൾ വന്നുപോകുന്നു. ഇവയ്ക്കുവേണ്ടി ഒരു പ്രൈവറ്റ് ബസ്സ്റ്റാന്റ് ഇളമ്പള്ളൂരിൽ ആരംഭിക്കുന്നതിനായി 24 സെന്റോളം സ്ഥലം സ്വരൂപിക്കുകയും ഒരുലക്ഷത്തിൽ പരം രൂപാ ചിലവഴിച്ച് വെയിറ്റിംഗ്ഷെഡ് ഭാഗികമായി കെട്ടുകയും (ആർ.സി.സി. തൂണുകളിൽ നിർമ്മിച്ച് റൂഫ് കോൺക്രീറ്റ് പൂർത്തിയാക്കി) ചെയ്തു. ഇതിന് ആവശ്യമായ സ്ഥലം (കുറഞ്ഞത് 50 സെന്റെങ്കിലും) വാങ്ങി പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ പണികൾ പൂർത്തിയാക്കണം.

തുടർന്ന് പനംകുറ്റിമുതൽ മുക്കടയ്ക്ക് പോകുന്ന റോഡ് വികസിപ്പിക്കുകയും ഇളമ്പള്ളൂർ ബസ്സ്റ്റാന്റിൽ നിന്നും പുന്നമുക്ക്, മുക്കട ഇംഗ്ഷൻ, ഇളംപള്ളൂർ ഇംഗ്ഷൻ എന്നിവിടങ്ങളിലേക്ക് ഒൺവേയായി ബസുകൾ തിരിച്ചുവിടുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്യണം.

ഈ പദ്ധതി നടപ്പാക്കുന്ന തീയതിമുതൽ ഓരോ ബസിൽ നിന്നും ഒരു തുക ദിവസവും പഞ്ചായത്തിന് വരുമാനം ഉണ്ടാകുന്നതാണ്.

ഇളമ്പള്ളൂർ - പുന്നമുക്ക് റോഡ് പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് പണികൾ ആരംഭിക്കുമ്പോൾ അതോടൊപ്പം തന്നെ ആയതിന്റെ ഭാഗമായി കുണ്ടറ മുക്കട ജംഗ്ഷൻ - പനംകുറ്റി ഏലാ റോഡും കൂടി ഉൾപ്പെടുത്തി വികസനപദ്ധതികൾ നടപ്പാക്കേണ്ടതാണ്. ഈ റോഡുകളുടെ വികസനം ഭാവിയിൽ കുണ്ടറയുടെ തന്നെ വികസനത്തിന് അത്യന്താപേക്ഷിതമായി മാറുന്നതാണ്.

മാർക്കറ്റ്

കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ രണ്ട് പബ്ലിക് മാർക്കറ്റുകളും, ഒരു കന്നുകാലി ചന്തയും നാല് പ്രൈവറ്റ് മാർക്കറ്റുകളും നിലവിലുണ്ട്. ഇവ കൂടാതെ ആറ് സെന്ററുകൾ ഇറച്ചിവ്യാപാരത്തിനായും ഉണ്ട്.

പബ്ലിക് മാർക്കറ്റുകൾ

1. കുണ്ടറ പബ്ലിക് മാർക്കറ്റ്

കൊല്ലം - ചെങ്കോട്ട റോഡിൽ കുണ്ടറ പള്ളിമുക്കിൽ നിന്നും കല്ലടയ്ക്കുള്ള റോഡ് തിരിയുന്നിടത്ത് റെയിൽവേക്രോസ് കഴിഞ്ഞ് ഇടതുവശത്തായി സ്ഥിതിചെയ്യുന്നു. കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സിൽ ഒന്നാണിത്.

2. ആലുംമൂട് പബ്ലിക് മാർക്കറ്റ്

മാമ്പുഴ - ആലുംമൂട് - മോതീൻമുക്ക് റോഡിൽ ആലുംമൂട് ജംഗ്ഷന് സമീപത്തായി സ്ഥിതിചെയ്യുന്നു.

3. കുണ്ടറ കാറ്റിൽ മാർക്കറ്റ് & പബ്ലിക് മാർക്കറ്റ്

എല്ലാ മലയാളമാസവും 4-ാംതീയതി ഇവിടെ കന്നുകാലി ചന്ത പ്രവർത്തിപ്പിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. ചുറ്റുമതിലും, കിണറും, സ്റ്റാളും നിർമ്മിച്ചു. കാര്യമായ പ്രവർത്തനം നടക്കുന്നില്ല.

4. പ്രൈവറ്റ് മാർക്കറ്റുകൾ

പെരുമ്പുഴ പ്രൈവറ്റ് മാർക്കറ്റ്
കേരളപുരം പ്രൈവറ്റ് മാർക്കറ്റ്
കരിക്കോട് പ്രൈവറ്റ് മാർക്കറ്റ്
താഹാമുക്ക് പ്രൈവറ്റ് മാർക്കറ്റ്

പെരുമ്പുഴ, കേരളപുരം, കരിക്കോട് പ്രൈവറ്റ് മാർക്കറ്റുകൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്.

5. ഇറച്ചിവ്യാപാര സ്റ്റാളുകൾ (ഇവ 1993 -94 മുതൽ ആരംഭിച്ചവയാണ്)

1. കേരളപുരം
2. കരിക്കോട്
3. പെരുമ്പുഴ
4. ചന്ദനത്തോപ്പ്
5. കുറ്റിച്ചിറ
6. മോതീൻമുക്ക്

1993 - 94 മുതൽ കുണ്ടറ പബ്ലിക് മാർക്കറ്റും, ആലുംമൂട് പബ്ലിക് മാർക്കറ്റും മാത്രം കേന്ദ്രീകരിച്ച് ലേലം ചെയ്തിരുന്ന ആട്ടിറച്ചി വ്യാപാരത്തിനും മാട്ടിറച്ചി വ്യാപാരത്തിനും കേരളപുരം, കരിക്കോട്, പെരുമ്പുഴ, ചന്ദനത്തോപ്പ്, കുറ്റിച്ചിറ, മോതീൻമുക്ക് എന്നിവിടങ്ങളിൽ താൽക്കാലിക ഷെഡുകൾ കെട്ടി വ്യാപാരം നടത്തുന്നതിനുള്ള കുത്തകാവകാശം പ്രത്യേകമായി ലേലം ചെയ്തു. അതനുസരിച്ച് ലഭിച്ച വരവ് വിവരം ചുവടെ കൊടുത്തിരിക്കുന്നു.

ഇറച്ചി വ്യാപാര സ്ഥലം	1993-94	1994-95	1995-96
കേരളപുരം	7,050	10,300	10,600
കരിക്കോട്	25,250	41,100	36,000
പെരുമ്പുഴ	22,000	35,000	28,500
ചന്ദനത്തോപ്പ്	9,700	9,600	24,500
കുറ്റിച്ചിറ	10,050	9,300	10,200
മോതീൻമുക്ക്	2,550	13,800	14,000
ആകെ	76,600	1,19,100	1,23,800

കൊറ്റങ്കര ഗ്രാമപഞ്ചായത്തുവക കുണ്ടറ പബ്ലിക് മാർക്കറ്റിനോടൊപ്പം കിടപിടിപ്പുള്ള മൂന്ന് പ്രൈവറ്റ് മാർക്കറ്റുകളാണ് പെരുമ്പുഴ പ്രൈവറ്റ് മാർക്കറ്റും, കേരളപുരം പ്രൈവറ്റ് മാർക്കറ്റും, കരിക്കോട് പ്രൈവറ്റ് മാർക്കറ്റും. ഈ മാർക്കറ്റുകളിൽ നിന്നും പഞ്ചായത്തിന് ലഭിക്കുന്ന ശരാശരി വരുമാനം യഥാക്രമം 2271 രൂപയും, 1257 രൂപയും, 1533 രൂപയും ആണ്. പെരുമ്പുഴ പ്രൈവറ്റ് മാർക്കറ്റ് പെരുമ്പുഴ ജംഗ്ഷനു

സമീപവും, കേരളപുരം പ്രൈവറ്റ് മാർക്കറ്റ് കേരളപുരം ജംഗ്ഷനുസമീപവും, കരിക്കോട് പ്രൈവറ്റ് മാർക്കറ്റ് കരിക്കോട് ജംഗ്ഷനുസമീപവും ആയിട്ടാണ് സ്ഥിതിചെയ്യുന്നത്. ഈ മൂന്നു ജംഗ്ഷനുകളും കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ പ്രധാന വ്യാപാര കേന്ദ്രങ്ങളാണ്. പെരുമ്പുഴ പ്രൈവറ്റ് മാർക്കറ്റ് കുണ്ടറ – കൊട്ടിയം റോഡിന്റെയും കേരളപുരം – നല്ലില റോഡിന്റെയും ജംഗ്ഷനുസമീപമാണ്.

പെരുമ്പുഴ ജംഗ്ഷന്റെ വികസനത്തിനും അതിലുപരി കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ അഭിവൃദ്ധിക്കും വികസനത്തിനും വേണ്ടി ഈ രണ്ടു റോഡുകളുടെയും സംഗമസ്ഥാനത്ത് കുണ്ടറ – കൊട്ടിയം റോഡിന്റെ കിഴക്കുവശത്തും കേരളപുരം – നല്ലില റോഡിന്റെ വടക്കുവശത്തും ആയി പ്രസ്തുത റോഡുകളോട് ചേർന്ന് പെരുമ്പുഴ പ്രൈവറ്റ് മാർക്കറ്റ് പഞ്ചായത്തിൽ നിന്നും പൊന്നുംവിലയ്ക്ക് ഏറ്റെടുത്ത് അവിടെ ആധുനിക രീതിയിലുള്ള ഒരു മാർക്കറ്റ് കോംപ്ലക്സ് നിർമ്മിക്കേണ്ടിയിരിക്കുന്നു.

കൊല്ലം – ചെങ്കോട്ട റോഡ്സൈഡിൽ കേരളപുരം ജംഗ്ഷനുസമീപം സ്ഥിതിചെയ്യുന്ന പ്രൈവറ്റ് മാർക്കറ്റ് റോഡ് അതിർത്തിവരെയുള്ളത് മുഴുവൻ പഞ്ചായത്തിൽനിന്നും പൊന്നുംവിലയ്ക്ക് ഏറ്റെടുത്ത് അവിടെ ആധുനിക രീതിയിലുള്ള ഒരു മാർക്കറ്റ് കോംപ്ലക്സ് നിർമ്മിക്കേണ്ടി യിരിക്കുന്നു.

കൊല്ലം – ചെങ്കോട്ട റോഡ്സൈഡിൽ കരിക്കോട് വെയിറ്റിംഗ് ഷെഡിനു പിറകിലുള്ള കരിക്കോട് പ്രൈവറ്റ് മാർക്കറ്റ് റോഡ് അതിർത്തിവരെയുള്ളത് മുഴുവൻ പഞ്ചായത്തിൽനിന്നും പൊന്നുംവിലയ്ക്ക് ഏറ്റെടുത്ത് കരിക്കോട് ജംഗ്ഷന്റെ വികസനത്തിന് ആവശ്യമായ സ്ഥലം വിട്ടശേഷം അവിടെ ആധുനിക രീതിയിലുള്ള ഒരു മാർക്കറ്റ് കോംപ്ലക്സ് നിർമ്മിക്കേണ്ടി യിരിക്കുന്നു.

കുറ്റിച്ചിറ ജംഗ്ഷനിൽ പഞ്ചായത്തിൽ നിന്നും നിർമ്മിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിനു മുൻവശം ജംഗ്ഷനിൽ പൊതുവഴിയിൽ വച്ച് അനധികൃതമായ ഒരു ചന്ത പ്രവർത്തിച്ചുവരുന്നു. കുറ്റിച്ചിറ ജംഗ്ഷനിൽ നിന്നും തെക്കോട്ടും കിഴക്കോട്ടും ഉള്ള റോഡുകൾ തിരിയുന്ന സംഗമസ്ഥലത്തിന് കിഴക്കുവശത്തുള്ള പുരയിടമോ, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിനു പിറകുവശത്തുള്ള പുരയിടമോ പഞ്ചായത്തിൽ നിന്നും പൊന്നും വിലയ്ക്കെടുത്ത് അവിടെ ഒരു പബ്ലിക് മാർക്കറ്റ് തുടങ്ങേണ്ടിയിരിക്കുന്നു.

മാമ്പുഴയിൽ നാലുമുക്കിന് സമീപത്തോ, മണ്ഡളം ജംഗ്ഷനുസമീപമോ പഞ്ചായത്തിൽ നിന്നും സ്ഥലം പൊന്നുംവിലയ്ക്ക് വാങ്ങി ഒരു പബ്ലിക് മാർക്കറ്റ് തുടങ്ങേണ്ടിയിരിക്കുന്നു.

മാമൂട്ടിൽ കൊല്ലം – ചെങ്കോട്ട റോഡ്സൈഡിൽ (റോഡ് പുറമ്പോക്കിൽ) അനധികൃതമായി നടന്നുവരുന്ന മാമൂട് മാർക്കറ്റ് ആ പ്രദേശത്തെ ജനങ്ങൾക്ക് (പെരിനാട് പഞ്ചായത്തിലെ ഉൾപ്പെടെ) ഉപേക്ഷിക്കാനാവാത്ത ഒരു മാർക്കറ്റ് ആയി മാറിയിരിക്കുകയാണ്. നിയമം മൂലം അനധികൃതമെന്ന പേരിൽ ഇതിനെ നിരോധിക്കുന്നത് ആ പ്രദേശത്തെ നാട്ടുകാർക്ക് അങ്ങേയറ്റത്തെ എതിർപ്പുള്ള കാര്യമാണ്. ഇവിടെ ഒരു പബ്ലിക് മാർക്കറ്റ് ഒഴിച്ചുകൂടാനാവാത്ത ആവശ്യമായി മാറിക്കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ മാമൂട് ജംഗ്ഷനും ഇപ്പോഴത്തെ മാർക്കറ്റ് സ്ഥിതിചെയ്യുന്നതും ആയ സ്ഥലത്തിനടുത്ത് പഞ്ചായത്തിൽ നിന്നും സ്ഥലം പൊന്നുംവിലയ്ക്കെടുത്ത് ഒരു പബ്ലിക് മാർക്കറ്റ് തുടങ്ങേണ്ടിയിരിക്കുന്നു.

മാർക്കറ്റുകളിൽ നിന്നും കഴിഞ്ഞ എട്ടാം പദ്ധതിയിൽ ലഭിച്ച ശരാശരി വരവ് വിവരം

പ്രൈവറ്റ് മാർക്കറ്റുകളിൽ നിന്നുള്ള ശരാശരി വരവ്	5,530.00
പബ്ലിക് മാർക്കറ്റുകളിൽ നിന്നുള്ള ശരാശരി വരവ് കുണ്ടറ പബ്ലിക് മാർക്കറ്റ്	1,91,402.00
ആലുംമൂട് പബ്ലിക് മാർക്കറ്റ്	50,752.00
പുതിയതായി ആരംഭിച്ച 5 മാട്ടിറച്ചി സ്റ്റാളുകൾ	1,06,500.00
ആകെ	3,54,184.00

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്
ആലുംമൂട് പബ്ലിക് മാർക്കറ്റിൽ നിന്നുള്ള വരവ് വിവരം

വർഷം	ഗേറ്റ്ഫീസ്	മാട്ടിറട്ടി	ആട്ടിറച്ചി
1991 - 92	66,000.00	52,000.00	11,300.00
1992 - 93	90,000.00	90,050.00	7,650.00
1993 - 94	1,05,000.00	70,000.00	5,060.00
1994 - 95	1,31,600.00	72,100.00	12,050.00
1995 - 96	1,55,000.00	73,200.00	16,000.00

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്
ആലുംമൂട് പബ്ലിക് മാർക്കറ്റിൽ നിന്നുള്ള വരവ് വിവരം

വർഷം	ഗേറ്റ്ഫീസ്	മാട്ടിറട്ടി	ആട്ടിറച്ചി
1991 - 92	8,500.00	70,600.00	1,750.00
1992 - 93	5,070.00	1,14,100.00	1,900.00
1993 - 94	4,110.00	ഇല്ല	7,060.00
1994 - 95	12,020.00	4,800.00	7,350.00
1995 - 96	5,000.00	5,000.00	6,500.00

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്
പ്രൈവറ്റ് മാർക്കറ്റിൽ നിന്നുള്ള വരവ് വിവരം

മാർക്കറ്റ്	1991 - 92	1992 - 93	1993 - 94	1994 - 95	1995 - 96
കേരളപുരം	1,050.00	1,103.00	1,160.00	1,450.00	1,523.00
കരിക്കോട്	1,350.00	1,420.00	1,491.00	1,450.00	1,958.00
പെരുമ്പുഴ	1,900.00	1,995.00	2,095.00	2,619.00	2,750.00
താഹാമുക്ക്	430.00	430.00	430.00	538.00	511.00
ആകെ	4,730.00	4,948.00	5,176.00	6,057.00	6,742.00

ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിലും നമ്മുടെ രാജ്യത്തെ വലിയൊരുവിഭാഗം ജനങ്ങളും പട്ടിണിയിലാണ്. തൊഴിലില്ലായ്മ രൂക്ഷമായി തുടരുന്നു. സാമൂഹ്യനീതികൾ അവർക്ക് അന്യമായി തുടരുന്നു. ഒരു കൂരയോ തൊഴിലോ ഇല്ലാതെ ലക്ഷങ്ങൾ കഷ്ടപ്പെടുകയാണ്. ഈ യാഥാർത്ഥ്യത്തിൽ നിന്ന് മുഖംതിരിക്കാൻ ആർക്കും കഴിയില്ല. ഭരണഘടന നമുക്കു നൽകിയ ദൗത്യം ഏറ്റെടുക്കാൻ എല്ലാവരും തയ്യാറാകണം. പിന്നോക്കം നിൽക്കുന്നവർക്ക് സാമൂഹ്യനീതി പ്രദാനം ചെയ്യാനും കഷ്ടപ്പെടുന്നവർക്ക് ആശ്വാസം പകരാനുമുള്ള പരിപാടികളാണ് വേണ്ടത്. പരിപാടികൾ കഴിഞ്ഞ പദ്ധതികാലങ്ങളിലും ഉണ്ടായിട്ടുണ്ട്. പക്ഷെ അവ എത്തേണ്ടിടത്ത് എത്തുന്നില്ല. ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണ പദ്ധതിയായി നടപ്പാക്കുമ്പോൾ ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കാനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പാർപ്പിടം

ആധുനിക ജീവിതത്തിൽ ഏറെ പരിശ്രമവും ശ്രദ്ധയും അർഹിക്കുന്ന ഒരു പ്രശ്നമാണ് എല്ലാവർക്കും പാർപ്പിടം എന്നത്. ലോക മനുഷ്യാവകാശ സംരക്ഷണ രേഖയിൽ പോലും യോജ്യമായ വാസഗൃഹം മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. എങ്കിലും ഭവനരഹിതരുടെ സംഖ്യ വർദ്ധിച്ചുവരികയാണ്. വാസയോഗ്യമായ ഭവനം, ശുദ്ധമായ അന്തരീക്ഷം, ജലലഭ്യത, പര്യാപ്തമായ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ പാവപ്പെട്ട ജനതയ്ക്ക് അപ്രാപ്യമാകുന്നുവെന്നത് ഭീതദമായ ഒരുവസ്ഥയാണ്.

കേരളത്തിലെ 54.59 ലക്ഷം വീടുകളിൽ 20% ഓലമേഞ്ഞതും സെമി പെർമനന്റ് സ്വഭാവമുള്ളവയുമാണ്. ഈ 11 ലക്ഷം വരുന്ന ഭവനങ്ങളുടെ പുനർനിർമ്മാണവും, നവീകരണവും സംസ്ഥാനത്ത് ഏറെ പ്രധാനമാണ്. സാധുക്കളായവരുടെ വീടുകൾക്ക് അറ്റകുറ്റപ്പണികൾക്കുവേണ്ടി ആയിരത്തോളം അപേക്ഷകരാണ് സർക്കാരിന്റെ സഹായവും പ്രതീക്ഷിച്ച് കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ കാത്തിരിക്കുന്നത്. സാധനസമാഗ്രികളുടെ വിലയിലും തൊഴിൽ വേതനത്തിലുണ്ടായിട്ടുള്ള വർദ്ധനവും കാരണം സാധാരണക്കാരെ കൊണ്ട് ഇത് സ്വയം വഹിക്കാനും കഴിയുന്നില്ല.

പഞ്ചായത്തിലെ സ്ഥിതിവിര കണക്കുകൾ പ്രകാരം ഭവനങ്ങളുടെ വിവരം

ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ	385
കോൺക്രീറ്റ്	3735
ഓട്	9351
ഓല	4325
മറ്റുള്ളവ	765
ആകെ	18561

ഭവനരഹിതരുടെ പ്രശ്നങ്ങൾ സാമൂഹ്യ അരക്ഷിതാവസ്ഥയും ദാരിദ്ര്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ ഭവനരാഹിത്യം ദാരിദ്ര്യത്തിന്റെ മറ്റൊരു മുഖമാണ്.

ദേശീയ വരുമാനത്തിന്റെ ഒരു ഭാഗം മാറ്റിവച്ചുകൊണ്ടും സമ്പന്നന്മാരുടെ ജീവിതസൗകര്യങ്ങളിൽ നിന്നും ഒരു വിഹിതം നിയമപരമായി സ്വരൂപിച്ചുകൊണ്ടും ഒരു ദേശീയ പാർപ്പിടഫണ്ട് രൂപീകരിക്കുകയും, പാവപ്പെട്ടവർക്ക് ഭവനനിർമ്മാണ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുകയും ചെയ്യേണ്ടത് വർധമാനമായ ആവശ്യമാണ്. പട്ടിണികിടന്നിട്ടായാൽ പോലും എവിടെനിന്നെങ്കിലും സഹായംവാങ്ങി ഒരു വീട് വയ്ക്കാമെന്ന് വിചാരിച്ചാൽ നിലവിലുള്ള ബാങ്കിംഗ് സംവിധാനം പാവപ്പെട്ടവർക്ക് അപ്രാപ്യമായ തലത്തിലാണ് പ്രവർത്തിക്കുന്നത്. അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്ന രീതിയിൽ ഒരു സംവിധാനം പ്രസ്തുത രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു. ഭൂമിയുടെ ദൗർലഭ്യവും വിലക്കയറ്റവും പാവപ്പെട്ടർക്കായുള്ള ഭവനനിർമ്മാണ പദ്ധതിക്ക് ഒരു പ്രശ്നം ആയിരിക്കുകയാണ്.

കെട്ടിട നികുതി സംബന്ധിച്ച രേഖകൾ അടിസ്ഥാനമാക്കി കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പട്ടിക -1 ചേർത്തിരിക്കുന്നു.

പാർപ്പിടസൗകര്യത്തിന് സ്വന്തമായി രണ്ട്സെന്റ് ഭൂമി പോലും ഇല്ലാത്ത യഥാർത്ഥ അർഹതയുള്ളവരും ഭൂരഹിത കർഷകത്തൊഴിലാളികളും ആയ 1500 ഓളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. രണ്ടും മൂന്നും കുടുംബങ്ങൾ വീതം ഒന്നിച്ചു കഴിയുന്നതിനാൽ ഇതിൽ മൂന്നിൽ രണ്ടുപേർക്കെങ്കിലും സ്ഥലവും വീടും നൽകേണ്ടതായിട്ടുണ്ട്. ഇവരിൽ 55%വും പട്ടിക ജാതിയിൽ പെട്ടവരാണ. എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രധാന പ്രശ്നങ്ങൾ

ഭൂരഹിതരായ കുടുംബങ്ങൾക്ക് വസ്തുവും പാർപ്പിടസൗകര്യവും ചെയ്തുകൊടുക്കുക

കുറഞ്ഞത് 2 സെന്റ് വസ്തുവെങ്കിലും സ്വന്തമായി ഉള്ളവരും എന്നാൽ സ്വന്തമായി അതിൽ ഒരു വീട് വയ്ക്കാൻ കഴിവില്ലാത്തവരുമായ സാധുക്കൾക്ക് സർക്കാരിൽ നിന്നും സൗജന്യമായി വീടുകൾ നിർമ്മിച്ചു കൊടുക്കുക.

5 ലക്ഷംവീട് കോളനികളും, ഒരു സെറ്റിൽമെന്റ് കോളനിയും (260 വീടുകൾ), 17 ജ്യന്തികോളനികൾ ഉൾപ്പെടെ 56 പട്ടികജാതി സങ്കേതങ്ങൾ ഉള്ള കൊറ്റങ്കര പഞ്ചായത്തിൽ 1983 ലോ മറ്റോ വെറും 22 പട്ടിക ജാതി സങ്കേതങ്ങൾ മാത്രമാണ് ജില്ലാ അധികൃതർ അംഗീകരിച്ചിട്ടുള്ളത്. ആയതിനാൽ പട്ടികജാതി സങ്കേതങ്ങളിലേക്ക് ലഭ്യമാകേണ്ട സർക്കാർ സഹായങ്ങൾ നമ്മുടെ പഞ്ചായത്തിന് നഷ്ടമാകുന്നു. ഈ കോളനികളിലെല്ലാം പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, സാനിട്ടറി കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം വളരെ പരിമിതമാണ്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ

- 2 സെന്റ് ഭൂമിപോലും സ്വന്തമായി ഇല്ലാത്ത കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്
- കുറഞ്ഞത് 2 സെന്റോ, അതിൽ കൂടുതൽ പത്തു സെന്റ്വരെയും അതിനുമുകളിലും വസ്തു സ്വന്തമായിട്ടുണ്ടെങ്കിലും സ്വന്തമായി ഒരു വീടുവയ്ക്കാൻ യാതൊരു കഴിവും ഇല്ലാത്തവരും, എവിടെനിന്നെങ്കിലും വായ്പവാങ്ങി ചെയ്യാമെന്നുവച്ചാൽ അതിനു സാധിക്കാത്തവരും ആയ കുടുംബങ്ങൾ ധാരാളം ഉണ്ട്.
- നിലവിലുള്ള ഓലപ്പുരയും, ഓട് മേഞ്ഞ് ജീർണ്ണിച്ചതും ആയ വീടുകൾ ആയിരക്കണക്കിനുണ്ട്. ഇവയ്ക്കെല്ലാം അടിയന്തിരമായി റിപ്പയർ വേലകളോ, പുതുക്കിപ്പണിയോ, ഓലമാറ്റി ഓടിടുകയോ, പുതുതായി വീടുനിർമ്മിക്കുകയോ ചെയ്യേണ്ടിയിരിക്കുന്നു.
- വളരെക്കൂടുതൽ കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നതും പരിമിതമായ സ്ഥലവും കുടിലും ഉള്ളതുമായ കോളനികളാണ് പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ഉള്ളത്. ഒരാൾ മരിച്ചാൽ ആ ജഡം മറവുചെയ്യുന്നതിന് യാതൊരു സൗകര്യവും ഇല്ല.

പ്രശ്നപരിഹാരങ്ങൾ

- പഞ്ചായത്തിൽ പടിഞ്ഞാറൻ മേഖലയിലും കിഴക്കൻ മേഖലയിലും ആധുനികരീതിയിലുള്ള രണ്ട് പൊതു ശ്മശാനങ്ങൾ സ്ഥാപിക്കണം.
- ഭൂരഹിത കർഷകത്തൊഴിലാളികളായ 1000 പേർക്ക് പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലായി ഭൂമി വാങ്ങി പാർപ്പിടസൗകര്യത്തിനായി നൽകുകയും അവർക്ക് ചെലവ് ചുരുങ്ങിയവിധത്തിൽ വീടുകൾ വച്ചുകൊടുക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണം. ജവഹർ റോസ്ഗാർയോജനയുടെയും മൈത്രി ഭവനനിർമ്മാണ പദ്ധതിയുടെയും സഹായത്തോടും മറ്റു സാമൂഹ്യസന്നദ്ധസംഘടനകളുടെ സഹായത്തോടും കൂടി മേല്പറഞ്ഞ പദ്ധതി പഞ്ചായത്ത് നേതൃത്വം നൽകി നടപ്പാക്കാവുന്നതാണ്.
- സാധുക്കളുടെ ഭവനങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പുതുക്കിപ്പണിയുന്നതിനും (ലക്ഷംവീടുകൾ, ജ്യന്തികോളനിവീടുകൾ, സെറ്റിൽമെന്റ് കോളനി വീടുകൾ, പട്ടികജാതി സങ്കേതങ്ങളിലെ വീടുകൾ, മറ്റുവിഭാഗം സാധുക്കളുടെ വീടുകൾ ഉൾപ്പെടുന്നു) വേണ്ടി കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ 1000 വീടുകൾക്ക് തുകയനുവദിക്കണം.
- ഇ.ആർ.വൈ. പദ്ധതിപ്രകാരവും അൺടൈഡ് ഫണ്ട് പദ്ധതി പ്രകാരവും വീടുകൾ നിർമ്മിക്കുന്നതിന് 22,000 രൂപാ വീതമാണ് ഇപ്പോൾ നൽകിവരുന്നത്. ഇന്നത്തെ ഗൃഹനിർമ്മാണ ചിലവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ തുക വളരെ അപര്യാപ്തമാണ്. ആയതിനാൽ ഒരു വീടിന് ഏറ്റവും കുറഞ്ഞതുക 35,000 രൂപാ ആയി അനുവദിക്കേണ്ടതാണ്.
- കക്കൂസുകൾ ഇല്ലാത്ത വീടുകൾക്കെല്ലാം കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുന്നതിനുള്ള ഒരു ബൃഹത്തായ പരിപാടി ഈ പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കണം.
- എല്ലാ വീടുകളിലും അനർട്ടിന്റെ സഹായത്തോടെ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം.

- ജെ.ആർ.വൈ., അൺടൈഡ് ഫണ്ട്, ഇന്ദിരാ ആവാസ് യോജന, മില്ല്യൻവെൽ എന്നീ പദ്ധതികൾ മുഖാന്തിരം നിർമ്മിക്കുന്ന വീടുകൾക്ക് ഏറ്റവും ചെലവുകുറഞ്ഞ വിധത്തിൽ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാർ മേൽനോട്ടം ഉള്ള നിർമ്മിതി കേന്ദ്രം വഴി തയ്യാറാക്കി അവർ മുഖാന്തിരം തന്നെ പാവങ്ങൾക്കുവേണ്ടി ഈ നിർമ്മാണം ഏറ്റെടുത്തു നടത്തുകയും ആയതിന്റെ തുക പഞ്ചായത്ത്/ബ്ലോക്ക് -ൽ നിന്നും അവർക്കു തന്നെ നൽകുന്നതിനും ഉള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യണം.
- സ്വന്തമായി പാർപ്പിടമില്ലാത്തവർക്ക് വാസഗൃഹം നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം ഹൗസിംഗ് ബോർഡ്, കെട്ടിടനിർമ്മാണ സഹകരണസംഘം, സർവ്വീസ് സഹകരണസംഘം മുതലായവയിൽ നിന്നും പലിശകുറച്ച് ദീർഘകാല വായ്പയായി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

പട്ടിക - 1

കൊറ്റങ്കര പഞ്ചായത്തിലെ വീടുകളുടെ എണ്ണം

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	മേല്പുരയുടെ സ്വഭാവം					വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം
		ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	ഒരു നിലയുള്ള കെട്ടിടങ്ങൾ				
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	
I	1202	9	210	572	384	27	
II	1287	52	276	702	249	8	
III	1094	37	140	488	293	136	
IV	1369	9	179	568	392	221	
V	1601	16	296	956	333	11	11
VI	1393	2	142	807	401	41	2
VII	1418	101	203	741	338	35	
VIII	895	10	297	418	150	20	
IX	1212	5	200	620	362	25	69
X	1064	22	313	510	202	17	
XI	1168	3	173	592	382	18	5
XII	1498	21	294	869	288	26	
XIII	1406	27	260	653	431	35	
XIV	821	30	241	466	35	49	
XV	1133	41	511	389	85	107	
ആകെ	18561	385	3735	9351	4325	765	87

കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിനായി വസ്തുവാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഇതുവരെയുള്ള വിവരങ്ങൾ

ജ്യന്തി കോളനിയുടെ പേര്	വാർഡ്	വസ്തു വിവരം	ഗുണഭോക്താക്കൾ	പൊതുസ്ഥലം
പെരിഞ്ഞേലിൽ ജ്യന്തി കോളനി	13	4 സെന്റ് വീതം	23 പേർക്ക്	1
തെങ്ങയ്യം ജ്യന്തി കോളനി	13	4 സെന്റ് വീതം	15 പേർക്ക്	1
അംബിപൊയ്ക ജ്യന്തി കോളനി	13	3 സെന്റ് വീതം	37 പേർക്ക്	1
പെരുമ്പുഴ റേഡിയോമുക്ക് (ചാമവിള) ജ്യന്തി കോളനി	13	3 സെന്റ് വീതം	16 പേർക്ക്	1
മുണ്ടയ്ക്കൽ ജ്യന്തി കോളനി	10	4 സെന്റ് വീതം	36 പേർക്ക്	1
"	10	3 സെന്റ് വീതം	20 പേർക്ക്	1
പേരൂർ എ യിൽ കല്ലയ്യം ജ്യന്തി കോളനി	1	4 സെന്റ് വീതം	19 പേർക്ക്	1
ആലുംമൂട് റൂറൽ ആശുപത്രി ജ്യന്തി കോളനി	7	4 സെന്റ് വീതം	16 പേർക്ക്	1
ആലുംമൂട് എല്ലുകുഴി ജ്യന്തി കോളനി	7	4 സെന്റ് വീതം	26 പേർക്ക്	1
ആലുംമൂട് എല്ലുകുഴി ജ്യന്തി കോളനി	7	4 സെന്റ് വീതം	12 പേർക്ക്	1
ആലുംമൂട് കണ്ണറതൊടി ജ്യന്തി കോളനി	7	4 സെന്റ് വീതം	28 പേർക്ക്	1
ആലുംമൂട് അണ്ണാച്ചിമുക്ക് ജ്യന്തി കോളനി	7	4 സെന്റ് വീതം	8 പേർക്ക്	1
പുനുക്കന്നൂർ എ യിൽ ചിറയടി ജ്യന്തി കോളനി	9	3 സെന്റ് വീതം	17 പേർക്ക്	1
കേരളപുരം കുമിളി ജ്യന്തി കോളനി	5	4 സെന്റ് വീതം	11 പേർക്ക്	1
മാമ്പുഴ കോളാശ്ശേരി (പനവിള) ജ്യന്തി കോളനി	6	3 സെന്റ് വീതം	31 പേർക്ക്	1
മാമ്പുഴ കൊച്ചാലുംമൂട് ജ്യന്തി കോളനി	6	3 സെന്റ് വീതം	15 പേർക്ക്	1
പെരുമ്പുഴ തൃക്കോയിക്കൽ മേലേഭാഗം ജ്യന്തി കോളനി	12	4 സെന്റ് വീതം	12 പേർക്ക്	1
പെരുമ്പുഴ ഗാന്ധിനഗർ ജ്യന്തി കോളനി	13	4 സെന്റ് വീതം	15 പേർക്ക്	1

ആകെ 17 ജ്യന്തി കോളനികൾ

ഗുണഭോക്താക്കൾ - 357 പേർ

ആകെ വിലയ്ക്കുവാങ്ങിയ വസ്തു - 15 ഏക്കർ 70½ സെന്റ്

കൊറ്റങ്കര പഞ്ചായത്തിൽ നിലവിലുള്ള ലക്ഷംവീട് കോളനികളുടെ വിവരം

ഞാലിയോട് ലക്ഷംവീട് കോളനി (പെരുമ്പുഴ ബി യിൽ)	10 വീടുകൾ
തെക്കേവിള ലക്ഷംവീട് കോളനിയിൽ (കുണ്ടറ ബി യിൽ)	18 വീടുകൾ
പള്ളിക്കൽ ലക്ഷംവീട് കോളനിയിൽ (കൊറ്റങ്കരയിൽ)	24 വീടുകൾ
എല്ലുകുഴി ലക്ഷംവീട് കോളനിയിൽ	18 വീടുകൾ
ആകെ	100 വീടുകൾ

സാമൂഹ്യക്ഷേമം

കേരളപ്പിറവിക്കുമുമ്പ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിലും അവശവിഭാഗങ്ങളുടെ മേൽഗതിക്ക് ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും ആദ്യമായി ശ്രദ്ധിച്ച സംസ്ഥാനം കേരളമാണ്. ദുർബലവിഭാഗക്കാരെ കൂടി സാമൂഹ്യജീവിതത്തിന്റെ മുഖ്യധാരയിലേക്ക് ആനയിച്ചാൽ മാത്രമെ ദേശീയ പുരോഗതി ഫലവത്തും യാഥാർത്ഥ്യവുമായിത്തീരൂ എന്ന വസ്തുത ഇന്ന് ഏതൊരു ഗവൺമെന്റും അംഗീകരിച്ചിട്ടുള്ളതാണ്. പുരോഗമനാത്മകങ്ങളായ പല സാമൂഹ്യക്ഷേമപരിപാടികളും നമ്മുടെ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിലും അവയുടെ വിശദാംശങ്ങൾ സംബന്ധിച്ച വിവരങ്ങളോ, ഈ പദ്ധതികൾക്കോരോന്നിനും അപേക്ഷ സമർപ്പിക്കേണ്ടതെങ്ങനെയെന്നോ, ആർക്കാണെന്നോ ഉള്ള വിവരങ്ങൾ ജനസാമാന്യത്തിലേക്ക് എത്തിച്ചിട്ടുണ്ടോ എന്നും അർഹിക്കുന്നവർക്ക് അവ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നും സംശയമാണ്.

സാമൂഹ്യക്ഷേമ പരിപാടികൾ ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കുന്ന കാര്യത്തിൽ കേരളം വളരെയേറെ മുന്നോട്ട് പോയിട്ടുണ്ട്. വിധവകളേയും അനാഥരേയും സഹായിക്കുന്നതിനുള്ള പദ്ധതി ആദ്യമായി നടപ്പാക്കിയതും, ഭൂപരിഷ്കരണനിയമങ്ങൾ നടപ്പിൽ വരുത്തി കുടികിടപ്പുകാരുടെയും കുടിയാന്മാരുടെയും അവകാശങ്ങൾ സംരക്ഷിച്ചതും പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളുടെ ക്ഷേമനിധി, മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയുള്ള ക്ഷേമപദ്ധികളെല്ലാം കേരളത്തിന്റെ സംഭാവനയാണ്. സർക്കാരിന്റെ ലക്ഷംവീട് പദ്ധതി ആഗോളപ്രശസ്തിനേടിയതാണ്. കർഷകത്തൊഴിലാളി പെൻഷൻ ഗവൺമെന്റിന്റെ സുപ്രധാനമായ മറ്റൊരു ക്ഷേമപദ്ധതിയാണ്. വികലാംഗർ, അന്ധരും ബധിരരും മൂകരുമായുള്ളവരുടെ ക്ഷേമപദ്ധതികളും അവരുടെ വിദ്യാഭ്യാസപദ്ധതികളും ശ്രദ്ധേയങ്ങളാണ്.

സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഒട്ടേറെ പട്ടികജാതി ക്ഷേമപദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിയപ്പോൾ അധഃകൃതരും പീഡിതരുമായിരുന്ന അവരിൽ നിന്നും പ്രകടമായ മാറ്റങ്ങൾ സംഭവിച്ചിരിക്കുകയാണ്. എല്ലാ വകുപ്പുകളിലെയും പദ്ധതിവിഹിതത്തിന്റെ ഉദ്ദേശം 10% പട്ടികജാതിക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്.

താഴെപറയുന്ന വകുപ്പുകളിൽക്കൂടിയാണ് സർക്കാർ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നത്.

1. സാമൂഹ്യക്ഷേമവകുപ്പ് (36 പദ്ധതികൾ)
2. സാമൂഹ്യക്ഷേമ ഉപദേശകബോർഡ് (7 പദ്ധതികൾ)
3. റവന്യൂ വകുപ്പ് (3 പദ്ധതികൾ)
4. തൊഴിൽവകുപ്പ് (4 പദ്ധതികൾ)
5. പബ്ലിക്ക് റിലേഷൻസ് (2 പദ്ധതികൾ)
6. ലാ സെക്രട്ടറിയേറ്റ് (2 പദ്ധതികൾ)
7. തൊഴിൽ പരിശീലന ഡയറക്ടറേറ്റ് (2 പദ്ധതികൾ)
8. ഫിഷറീസ് (3 പദ്ധതികൾ)
9. മത്സ്യത്തൊഴിലാളി ക്ഷേമകോർപ്പറേഷൻ (13 പദ്ധതികൾ)
10. വ്യവസായം (1 പദ്ധതി)
11. പൊതുഭരണം (1 പദ്ധതി)
12. ഉന്നതവിദ്യാഭ്യാസം (1 പദ്ധതി)
13. വികസനം (4 പദ്ധതികൾ)
14. സ്പോർട്ട്സ് കൗൺസിൽ (1 പദ്ധതി)
15. ജയിൽ (1 പദ്ധതി)
16. സർവ്വകലാശാല (2 പദ്ധതികൾ)
17. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം (15 പദ്ധതികൾ)
18. സ്റ്റേറ്റ് ഇൻഷ്വറൻസ് (3 പദ്ധതികൾ)

സാമൂഹ്യക്ഷേമവകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപരിപാടികൾ

1. ശിശുക്ഷേമ പരിപാടികൾ
2. സ്ത്രീകൾക്കുവേണ്ടിയുള്ള ക്ഷേമപരിപാടികൾ
3. വികലാംഗക്ഷേമ പരിപാടികൾ
4. പുനരധിവാസ പദ്ധതികൾ
5. അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ, അഗതിമന്ദിരങ്ങൾ തുടങ്ങിയവയ്ക്കുള്ള ധനസഹായപദ്ധതി
6. മറ്റു സ്ഥാപനങ്ങൾ
7. മിശ്രവിവാഹം

ശിശുക്കൾ രാജ്യത്തിന്റെ അമൂല്യസമ്പത്താണ്. അവരുടെ ആരോഗ്യസംരക്ഷണം ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്നു. ആരോഗ്യസംരക്ഷണത്തിനുള്ള അനാസ്ഥ, പോഷകാഹാരക്കുറവ് എന്നിവ കുട്ടികളുടെ ബുദ്ധിവികാസത്തെയും മാനസികവളർച്ചയേയും, സ്വഭാവവ്യക്തിത്വരൂപീകരണത്തേയും, പഠനശേഷിയേയും തദ്വാരാ ഭാവിജീവിതത്തെയും സാരമായി രൂപപ്പെടുത്തുന്നു.

ആരോഗ്യവും, സംതൃപ്തിയും, സന്തോഷവും ഉള്ള ഒരു ഭാവി തലമുറ രാജ്യത്തെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമത്രേ. ഈ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ടാണ് 6 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികളെയും, ഗർഭിണികളെയും, പാലൂട്ടുന്ന അമ്മമാരെയും ഉൾക്കൊള്ളിച്ച് പ്രത്യേകപോഷകാഹാര പരിപാടി 1971 മുതൽ സർക്കാർ നടപ്പാക്കിവരുന്നത്.

വിധവകളും, വിവാഹംകഴിക്കുന്നതിനുമുമ്പ് അമ്മയായവരും, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവരും, പി.എസ്.സി. മുഖാന്തിരം നിയമനത്തിനുള്ള പ്രായപരിധികഴിഞ്ഞവരും, മാരകമായ അസുഖംബാധിച്ച് കിടപ്പിലായ ഭർത്താവുള്ളവരും, ഒരു വർഷത്തിൽ കുറയാതെ തടവുശിക്ഷ ലഭിച്ച് ജയിൽവാസം അനുഭവിക്കുന്ന ഭർത്താവുള്ളവരുമായ സ്ത്രീകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് സാമ്പത്തികസഹായം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്.

വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി സ്വയംതൊഴിൽ ചെയ്യുന്നതിനും, ഇന്റർവ്യൂവിന് പോകുന്നതിന് യാത്രാബത്ത നൽകുന്നതിനും, കൃത്രിമാവയവങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനും, വിദ്യാഭ്യാസം നൽകുന്നതിനും, തൊഴിൽ പരിശീലനത്തിനും, വികലാംഗർക്ക് ബങ്കുകൾ നൽകുന്നതിനും സാമ്പത്തിക സഹായം ചെയ്യുന്ന പദ്ധതികളുണ്ട്.

വൃദ്ധരായ അഗതികൾ, ശാരീരിക വൈകല്യമുള്ളവരോ, വികലാംഗരോ ആയിട്ടുള്ളവർ, വിധവകളോ, വിവാഹബന്ധം വേർപെടുത്തിയവരോ ആയ അഗതികൾ എന്നിവർക്ക് അഗതിപെൻഷൻ 1967 മുതൽ നടപ്പിലാക്കിവരുന്നു.

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായ പദ്ധതി 1978 മുതൽ നടപ്പിലാക്കിവരുന്നു.

ക്ഷയം, കുഷ്ഠം, ക്യാൻസർ തുടങ്ങിയ രോഗങ്ങൾ മൂലം കഷ്ടതയനുഭവിക്കുന്നവർക്കുള്ള ധനസഹായ പദ്ധതി 1963 മുതൽ നടപ്പാക്കിവരുന്നു.

60 വയസ്സ് തികഞ്ഞ കർഷകത്തൊഴിലാളികൾക്കുവേണ്ടിയുള്ള പെൻഷൻ 1982 മുതൽ നടപ്പാക്കിവരുന്നു.

തൊഴിൽരഹിതർക്ക് സാമ്പത്തികസഹായപദ്ധതികളും, സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയും 1982 മുതൽ നടപ്പാക്കിവരുന്നു.

ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരെ കണ്ടെത്തി അവർക്ക് ആദായകരമായ തൊഴിലുണ്ടാക്കി കൊടുക്കുകയും അവരുടെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തി അവരെ ദാരിദ്ര്യരേഖയ്ക്കു മുകളിലേക്കു കൊണ്ടുവരികയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംയോജിത ഗ്രാമവികസന പരിപാടി 1978 മുതൽ നടപ്പാക്കിവരുന്നു.

ട്രൈസം - സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഗ്രാമീണ യുവാക്കൾക്ക് പരിശീലനം നൽകുന്നതിനുള്ള ദേശീയ പദ്ധതി 1979 മുതൽ നടപ്പാക്കിവരുന്നു.

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ എന്ന് കണ്ടെത്തിയിട്ടുള്ള കുടുംബങ്ങളുടെ എണ്ണം 5915 ആണ്. ഇതിൽ പട്ടികജാതിക്കാർ 1053 ഉം മറ്റുള്ളവർ 4862 ഉം ആണ്. അർഹതയില്ലാത്തവർ ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ അർഹതയുള്ള മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്താനും കഴിഞ്ഞിട്ടില്ല.

പ്രശ്നങ്ങൾ

സർക്കാർ നടപ്പാക്കിയ സാമൂഹ്യക്ഷേമപരിപാടികൾ ജനങ്ങൾക്ക് മനസിലാക്കി അർഹതയുള്ള എല്ലാവരേയും അപേക്ഷകരാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ല. മേൽപ്പറഞ്ഞ പോരായ്മയാണ് ഇത് ഇത്രകണ്ട് കുറയാൻ കാരണം.

ഐ.ആർ.ഡി.പി. പദ്ധതികൾ, സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതികൾ മുതലായവയോട് ബാങ്കുകൾ വിമുഖത കാണിക്കുന്നു.

ട്രൈസം-സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഗ്രാമീണ യുവാക്കൾക്ക് പരിശീലനം നൽകുന്ന പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്നവരുടെ എണ്ണം വളരെ കുറവാണ്.

കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ അങ്കണവാടികൾ ഇല്ല (മുഖത്തല ബ്ലോക്കിലെ പഞ്ചായത്തുകളിലെങ്ങും തന്നെയില്ല). പകരം ബാലവാടികളാണ് നിലവിലുള്ളത്. അങ്കണവാടികളിൽ നിന്നും ലഭിക്കുന്ന സേവനപ്രവർത്തനങ്ങൾ ബാലവാടികളിൽ നിന്നും ലഭിക്കുന്നില്ല.

സാദ്ധ്യതകൾ

ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന ആൾക്കാരെ സമുദ്ധരിക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുക.

അത്തരം കുടുംബങ്ങളിൽ പെട്ടവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി സാമ്പത്തിക സഹായം നൽകുക.

അത്തരം കുടുംബങ്ങളിലെ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുക.

വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയവ അർഹരായവർക്കെല്ലാം ലഭിക്കുന്നതിനും, ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുക.

റേഷൻ കടകളിലെ നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്കും കൃത്യമായ അളവിലും തൂക്കത്തിലും ലഭിക്കുന്നതിനു നടപടി സ്വീകരിക്കുക.

സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വനിതകൾക്കായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ സഹായം നൽകുന്നതിന് വനിതാ സഹകരണസംഘങ്ങൾ ആരംഭിക്കുക.

വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം 2000 രൂപയിൽ നിന്നും 10000 രൂപയായി വർദ്ധിപ്പിക്കുക.

പഞ്ചായത്തിലുള്ള എല്ലാ പട്ടികജാതി സങ്കേതങ്ങളേയും അംഗീകരിക്കുകയും അതനുസരിച്ച് ആ സങ്കേതങ്ങളിൽ എല്ലാ വികസനപ്രവർത്തനങ്ങളും നടപ്പിലാക്കുകയും ചെയ്യുക.

പഞ്ചായത്തിലെ കോളനി പ്രദേശങ്ങളിൽ അധിവസിക്കുന്നവർ മരിക്കുമ്പോൾ ശവം മറവുചെയ്യുന്നതിന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് എല്ലാ വാർഡിലും കോളനി പ്രദേശങ്ങൾക്ക് സമീപത്തായി പൊതു ശ്മശാനം നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം.

കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ വിവിധ പെൻഷൻ പദ്ധതികൾ പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നവർ

വില്ലേജ്	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യകാല പെൻഷൻ	ക്ഷയരോഗി പെൻഷൻ	ക്യാൻസർ രോഗി പെൻഷൻ	കർഷക തൊഴിലാളി	തൊഴിലില്ലായ്മ വേതനം
കൊറ്റങ്കര	3	13	7	63	4	161	490
ഇളമ്പള്ളൂർ	1	4	1	10	6	184	259
കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ ആകെ	4	17	8	73	10	345	749

പൊതുജനാരോഗ്യം

ജനകീയ പങ്കാളിത്തത്തോടുകൂടി പ്രാഥമിക ആരോഗ്യപരിപാടികൾ വിജയിപ്പിക്കാനുള്ള പരിശ്രമം നാം നടത്തേണ്ടിയിരിക്കുന്നു. ആയതിലേക്ക് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ജനവിശ്വാസം വർദ്ധിപ്പിക്കുകയും പൊതുജനാരോഗ്യപ്രവർത്തനങ്ങൾ ജനപങ്കാളത്തത്തോടെ നടപ്പിലാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യണം. ബഹുജന ആരോഗ്യ വിദ്യാഭ്യാസ പരിപാടി, സാർവത്രിക രോഗപ്രതിരോധ കുത്തിവയ്പ്, സ്ക്കൂൾ ആരോഗ്യപരിപാടി, ഗൃഹോരോഗ്യ സദസ്സ്, രോഗനിർണ്ണയ ക്യാമ്പുകൾ, പരിസര ശുചീകരണത്തിനുള്ള കർമ്മപരിപാടികൾ എന്നിവ കാലാകാലങ്ങളിൽ പ്രാഥമിക ആരോഗ്യപ്രസ്ഥാനങ്ങളുടെയും ഗ്രാമപഞ്ചായത്തിന്റെയും ബഹുജനസംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ തികച്ചും ത്യാഗപൂർണ്ണമായ പരിശ്രമത്തോടുകൂടി നടപ്പാക്കാൻ നമുക്ക് കഴിയണം.

ക്യാൻസർ, ത്വക്രോഗങ്ങൾ എന്നിവ കണ്ടെത്തുന്നതിനുള്ള രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ഗൃഹാരോഗ്യസദസ്സുകൾ സംഘടിപ്പിച്ച് അവയ്ക്ക് നേതൃത്വം നൽകുന്നതിനും തയ്യാറായി വരുന്ന സന്നദ്ധ പ്രവർത്തകർക്ക് ഇവയെക്കുറിച്ച് വിദഗ്ദ്ധമായ പരിശീലനം പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങൾ വഴി ആദ്യമായി നൽകേണ്ടിയിരിക്കുന്നു. സ്ക്കൂൾ ആരോഗ്യ പരിപാടികൾക്ക് നേതൃത്വം നൽകുന്നതിന് ഇതുപോലുള്ള പരിശീലനം അധ്യാപകർക്ക് നൽകേണ്ടതാണ്.

പഞ്ചായത്തിലെ കുട്ടികളുടെ രോഗപ്രതിരോധ നില തിട്ടപ്പെടുത്തുന്നതിനും പ്രതിരോധ കുത്തിവയ്പുകൾ എടുക്കാത്ത കുട്ടികളെ കണ്ടെത്തി, ഒരു കാമ്പയിൻ പരിപാടിയിലൂടെ പ്രതിരോധ ഔഷധങ്ങൾ നൽകുകയും ചെയ്യുന്നതിനുള്ള പൊതുജനാരോഗ്യ സർവ്വെ നടത്തുകയും ചെയ്ത് നിലവിലുള്ള പ്രാഥമിക ആരോഗ്യസംവിധാനത്തിൽ ജനകീയ ഇടപെടൽ ഉണ്ടായാൽ, വെറും ഒരു ചടങ്ങായി മാത്രം നടന്നുകൊണ്ടിരിക്കുന്ന പല ആരോഗ്യപരിപാടികളും കൂടുതൽ കാര്യക്ഷമമാക്കാനും ജനക്ഷേമകരമാക്കാനും കഴിയും. ഇങ്ങനെ ഒരു ജനകീയ ചലനം ഉണ്ടായാൽ അത് പ്രയോജനപ്പെടുത്തി പരിസര ശുചിത്വം, ശുദ്ധജലം, തുടങ്ങിയ ആരോഗ്യപരിപാലനത്തിന്റെ അടിസ്ഥാന ഘടകങ്ങളെ കാര്യക്ഷമമാക്കുന്നതിന് ജനകീയ പദ്ധതിയ്ക്ക് രൂപം നൽകാൻ കഴിയും. പഞ്ചായത്തിലെ മുഴുവൻ വീടുകളും സന്ദർശിച്ച് കുടിവെള്ള ലഭ്യതയെക്കുറിച്ചും കക്കൂസിനെക്കുറിച്ചുമുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച്, സ്വന്തമായി ഈ സൗകര്യങ്ങൾ സൃഷ്ടിക്കാൻ ശേഷിയുള്ളവർ, ഭാഗികമായ സഹായം നൽകിയാൽ ചെയ്യാൻ കഴിയുന്നവർ, വായ്പ ലഭ്യമാക്കിയാൽ ഈ സൗകര്യങ്ങൾ സൃഷ്ടിക്കാൻ ശേഷിയുള്ളവർ, പൂർണ്ണസഹായം ആവശ്യമുള്ളവർ എന്നിങ്ങനെയുള്ള കുടുംബങ്ങളെ വേർതിരിച്ച് അതനുസരിച്ച് പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ജനകീയാസൂത്രണത്തിന്റെ ഭാഗമായി കക്കൂസുകളും കിണറുകളും നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാം.

പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തൽ, പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകരുടെയും സർക്കാർ സ്ഥാപനങ്ങളുടെയും സഹായത്തോടെ പ്രശ്നങ്ങൾ കഴിയുന്നത്ര പരിഹരിക്കൽ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ വഴി നടപ്പാക്കുന്ന പൊതുജനാരോഗ്യ പരിപാടികൾക്ക് ജനപങ്കാളിത്തത്തോടെ ജീവൻ നൽകൽ എന്നിവ ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ ജനകീയാസൂത്രണ പരിപാടിയായി നടപ്പിലാക്കാൻ കഴിയും.

പ്രകൃതി ചികിത്സാ പരിശീലനം ലഭിച്ചവരുടെ അപര്യാപ്തതമൂലം പ്രകൃതിചികിത്സാ സൗകര്യം ജനങ്ങൾക്ക് ലഭ്യമാകുന്നില്ല, ഇതിന് ഒരു പരിഹാരമായി ഈ പഞ്ചായത്ത് പ്രദേശത്തെ അഞ്ച് വാർഡുകൾക്ക് ഒരാൾ എന്ന തോതിൽ മൂന്ന്പേർക്ക് (പട്ടികജാതിയിൽ പെട്ട ഒരാൾ, സ്ത്രീകളിൽ നിന്നും ഒരാൾ, മറ്റുള്ളവരിൽ നിന്ന് ഒരാൾ) പ്രകൃതിചചികിത്സാ പരിശീലനം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

പി.എച്ച്. സെന്റർ, കൊറ്റങ്കര

കൊറ്റങ്കര പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

1. ഫാമിലി വെൽഫയർ പ്രോഗ്രാം (ടാർജറ്റ് ഫ്രീ അപ്രോച്ച്മെന്റ്)
2. മാതൃശിശു സംരക്ഷണം
3. ദേശീയ മലേറിയാ നിർമ്മാർജ്ജനം
4. ദേശീയ അന്ധതാ നിവാരണം
5. ദേശീയ കുഷ്ഠരോഗ നിവാരണം
6. സ്ക്കൂൾ കുട്ടികളുടെ ആരോഗ്യപരിപാലനം

മേൽപ്പറഞ്ഞ പദ്ധതികൾ എല്ലാംതന്നെ ഒമ്പതാം പദ്ധതികാലത്തും തുടർന്ന് നടത്തേണ്ടവയാണ്.

സാദ്ധ്യതകൾ

ഏറ്റവും കൂടുതൽ ജനസംഖ്യയും വിസ്തൃതിയും ഉള്ള കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ ഒരു വാർഡിന് ഒരു സബ്സെന്റർ വീതം അത്യാവശ്യമായി വേണ്ടതാണ്. അതോടൊപ്പം വാർഡ് അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കേണ്ട സബ്സെന്ററുകൾ മെയിൻ സെന്ററിൽ (പി.എച്ച്. സെന്ററിൽ) പ്രവർത്തിപ്പിക്കാൻ പാടില്ലാത്തതുമാണ്.) ഇപ്പോഴുള്ള സബ് സെന്ററുകൾ അവ സ്ഥിതിചെയ്യുന്ന വാർഡുകളിലേക്കായി അനുവദിച്ചുകൊണ്ട് ബാക്കിയുള്ള എല്ലാ വാർഡുകളിലേക്കും പുതിയതായി സബ് സെന്ററുകൾ അനുവദിക്കേണ്ടതാണ്. അതനുസരിച്ച് ഈ സബ് സെന്ററുകളിലേക്കെല്ലാം ഓരോ ജൂനിയർ പി.എച്ച്. നേഴ്സിനെയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറെയും നിയമിക്കേണ്ടതാണ്.

കൊറ്റങ്കര പ്രാഥമിക ആരോഗ്യകേന്ദ്രം ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി വികസിപ്പിക്കുന്നതിനു വേണ്ട നടപടികളും 30 രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനും അതിനോടനുബന്ധിച്ച് ഓപ്പറേഷൻ തിയേറ്റർ, ലബോറട്ടി, മെറ്റേർണിറ്റി വാർഡ് (പ്രസവവാർഡ്), ജനറൽ വാർഡ്, ഔട്ട്പേഷ്യൻസിനെ പരിശോധിക്കുന്നതിനുള്ള സൗകര്യം ഡോക്ടേഴ്സിനും, സ്റ്റാഫിനുമുള്ള സൗകര്യങ്ങൾ എന്നിവ ഉള്ള ഒരു ബഹുനില കെട്ടിടം ഇപ്പോഴത്തെ പി.എച്ച്. സെന്ററിനോടൊപ്പം വേണം. ഈ കെട്ടിടവും മറ്റ് സൗകര്യങ്ങളും നിർമ്മിക്കുന്നതിനുള്ള സ്ഥലം ഇപ്പോഴത്തെ പി.എച്ച്. സൈന്ററിനോടൊപ്പം ആ ചുറ്റുമതിൽ കെട്ടിനകത്ത് ലഭ്യമാണ്.

ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് താഴെ പറയുന്ന സ്റ്റാഫിനെ കൂടി നിയമിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

ആകെ വേണ്ട ഡോക്ടേഴ്സിന്റെ എണ്ണം	9
സ്റ്റാഫ് നേഴ്സിന്റെ എണ്ണം	4
നേഴ്സിംഗ് അസിസ്റ്റന്റ്	3
ലാബ്ടെക്നീഷ്യൻ	2
ഓഫീസ് സ്റ്റാഫ്	
ഹെഡ് ക്ലാർക്ക്	1
എൽ.ഡി. ക്ലാർക്ക്	2
എൽ.ഡി. ടൈപ്പിസ്റ്റ്	1
ജീപ്പ് ഡ്രൈവർ	1

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം ഈ പഞ്ചായത്ത് പ്രദേശമാകെ എല്ലാ വാർഡുകളിലെയും സബ്സെന്ററുകളും, സാമൂഹ്യ സന്നദ്ധ സംഘടനകളും സ്ക്കൂളുമായി ബന്ധപ്പെട്ടും, അടിയന്തിരമായി സേവനം ആവശ്യംവേണ്ട സന്ദർഭങ്ങളിൽ കൃത്യമായും എത്തുന്നതിനും വേണ്ടി കമ്മ്യൂണിറ്റ് ഹെൽത്ത് സൈന്ററിന് ഒരു ജീപ്പ് അനുവദിക്കേണ്ടതാണ്.

ഗവ. ഹോമിയോ ഡിസ്പെൻസറി, ചന്ദനത്തോപ്പ്

കൊറ്റങ്കര ഗ്രാമപഞ്ചായത്തിന് അനുവദിച്ച ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി ഇപ്പോൾ ചന്ദനത്തോപ്പിൽ ഒരു സ്വകാര്യ കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിപ്പിക്കുകയാണ്. ഈ സ്ഥാപനം ആരംഭിച്ചിട്ട് നാലുവർഷമായി. കൊറ്റങ്കര, പെരിനാട്, കിളികൊല്ലൂർ എന്നീ പഞ്ചായത്തുകളുടെ ആസ്ഥാനമായ ചന്ദനത്തോപ്പിൽ ഈ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നതുകൊണ്ട് മൂന്ന് പഞ്ചായത്തുകളിലേയും സാധാരണക്കാർക്ക് ഈ സ്ഥാപനം അങ്ങേയറ്റം പ്രയോജനപ്പെടുന്നു. ഹോമിയോ ഡിസ്പെൻസറിക്കുവേണ്ടി സ്വന്തമായി കെട്ടിടവും ആയതിന് വസ്തുവും ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരു വർഷം ശരാശരി 75000 ത്തോളം രോഗികൾക്ക് ആശ്വാസമായി തീരുന്ന ഈ സ്ഥാപനം ഭാവിയിൽ ഒരു ഹോമിയോ ആശുപത്രിയായി മാറ്റത്തക്കവിധം സ്വന്തമായി 50 സെന്റ് വസ്തുവും അതിൽ കെട്ടിടസൗകര്യങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ സാധാരണ ജനങ്ങൾക്ക് ആതുരസേവനം ലഭിക്കത്തക്കവിധം പെരുമ്പുഴ കേന്ദ്രമായി ഒരു ഹോമിയോ ഡിസ്പെൻസറി കൂടി ആരംഭിക്കേണ്ടിയിരിക്കുന്നു.

ചന്ദനത്തോപ്പിൽ ഇന്ന് നിലവിലുള്ള ഹോമിയോ ഡിസ്പെൻസറിയിൽ ഇന്ന് അനുഭവപ്പെടുന്ന ഏറ്റവും വലിയ പോരായ്മ മരുന്നിന്റെ ദൗർലഭ്യമാണ്. രോഗികൾക്കാവശ്യമായ മരുന്ന് കൃത്യമായി ലഭിക്കുന്നതിനു വേണ്ട നടപടികൾ ഉണ്ടാകണം.

ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, കൊറ്റങ്കര

കൊറ്റങ്കര വാർഡിൽ ദേശാഭിമാനി വായനശാലമുക്കിൽ നിന്നും വടക്കുമാറിയാണ് കൊറ്റങ്കര പഞ്ചായത്ത് ആയുർവ്വേദ ഡിസ്പെൻസറി സ്ഥിതിചെയ്യുന്നത്. കൊറ്റങ്കര വില്ലേജ് സർവ്വെ 1430 എ യിൽപെട്ട 25 സെന്റ് വസ്തു പഞ്ചായത്ത് വിലകൊടുത്തു വാങ്ങി അതിൽ അൺടൈഡ് ഫണ്ട് വിനിയോഗ

പദ്ധതി പ്രകാരം 1990 - 91 വർഷം അനുവദിച്ച 65,000 രൂപയും പഞ്ചായത്ത് ഫണ്ടിൽ നിന്നും 1,50,000 രൂപയും കൂടി ചെലവഴിച്ച് എല്ലാ സജ്ജീകരണങ്ങളോടും കൂടി തീർത്ത മനോഹരമായ ഒരു കെട്ടിടത്തിൽ 2-1-95 മുതൽ ഇപ്പോൾ കാണുന്ന കൊറ്റങ്കര ഗവൺമെന്റ് ആയൂർവ്വേദ ഡിസ്പെൻസറി പ്രവർത്തിക്കാൻ തുടങ്ങി. (27-2-87 മുതൽ 2-1-95 വരെ ഈ സ്ഥാപനം പഞ്ചായത്തിൽ നിന്നും വാടക നൽകി ഒരു സ്വകാര്യ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്). നിലവിലുള്ള ഡിസ്പെൻസറി കെട്ടിടത്തിൽ ഫർണിച്ചർ, ആഫീസ് ഉപകരണങ്ങൾ, ആശുപത്രി ഉപകരണങ്ങൾ എന്നിവ ഇപ്പോൾ ഇല്ലാത്ത ഒരവസ്ഥയാണ് ഉള്ളത്. ചുറ്റുമതിൽ, വിറകുപുര, വാട്ടർ സപ്ലൈ എന്നിവ ഈ കെട്ടിടത്തിനോടനുബന്ധിച്ച് അത്യാവശ്യമായി വേണ്ടിയിരിക്കുന്നു.

പത്ത് കിടക്കകൾ ഉള്ള ഒരാശുപത്രി കെട്ടിടവും അതിനോടനുബന്ധിച്ചുള്ള സൗകര്യങ്ങളും സ്റ്റാഫും ഉണ്ടായി ഇത് ഒരു ആയൂർവ്വേദ ആശുപത്രിയായി ഉയർത്തേണ്ടിയിരിക്കുന്നു. ഔഷധ തോട്ടങ്ങൾ നിർമ്മിക്കണം.

ഈ പഞ്ചായത്തിൽ നിലവിലുള്ള ഗവൺമെന്റ് പ്രൈമറി ഹെൽത്ത് സെന്ററിന്റെയും, ഗവ. ആയൂർവ്വേദ ഡിസ്പെൻസറിയുടെയും, ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയുടെയും പരസ്പരസഹകരണത്തോടെ നമ്മുടെ പഞ്ചായത്തിലെ സാമ്പത്തികമായും ആരോഗ്യപരമായും വളരെ പിന്നോക്കം നിൽക്കുന്ന ഒരു ഗ്രാമത്തെ ആരോഗ്യ ഗ്രാമമായി ദത്തെടുത്ത് ഹോളിസ്റ്റിക് ചികിത്സാ സമ്പ്രദായം നടപ്പിലാക്കണം. സംസ്ഥാന, ദേശീയ, അന്തർദേശീയ ഫണ്ട് വിനിയോഗിച്ച് ആരോഗ്യകാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാവുന്നതാണ്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പെട്ട എല്ലാ വീടുകളിലും ആരോഗ്യസർവ്വെ നടത്തുന്നതിനും ട്രീറ്റ്മെന്റ് നടത്തുന്നതിനും ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിനും വേണ്ട നടപടികൾ ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ ജനകീയാസൂത്രണ പരിപാടിയായി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കാവുന്നതാണ്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന സാധ്യതകൾ

പേരൂർ എ

- തെറ്റിച്ചിറ ഭാഗത്ത് വെള്ളം ഒഴുകിപോകാൻ ഓട പുനസ്ഥാപിക്കുകയും, സ്ക്കൂളിന് മുൻവശത്തുള്ള ഓടയ്ക്ക് സ്ലാബ് ഇടുകയും ചെയ്യുക.
- കുറ്റിച്ചിറ തൈക്കാവിനോട് ചേർന്നുള്ള ചിറയിൽ കെട്ടിക്കിടക്കുന്ന വെള്ളം ഒഴുകി പോകുന്നതിന് ഓടകെട്ടി സ്ലാബ് ഇടണം.
- പേരൂർ എ കേന്ദ്രമാക്കി ഹെൽത്ത് സെന്റർ വേണം.
- വ്യവസായങ്ങൾ ജനസാന്ദ്രതയുള്ള സ്ഥലത്ത് ഒഴിവാക്കി മലിനീകരണം തടയണം.
- ഹോമിയോ, ആയൂർവ്വേദ ആശുപത്രികൾ സ്ഥാപിക്കണം.
- കുറ്റിച്ചിറിയിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.
- ആമക്കോട് റോഡിൽ വെള്ളം വീടുകളിൽ കയറുന്നത് ഒഴിവാക്കണം.

പേരൂർ ബി

- ഹെൽത്തുസെന്ററിൽ ജീവനക്കാർ കൃത്യമായി വരുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ എടുക്കുക.
- ഡോക്ടർ ആഴ്ചയിൽ ഒരുദിവസമെങ്കിലും എത്തി രോഗികളെ പരിശോധിക്കണം.
- സ്വകാര്യ വീടുകളിൽ കക്കൂസുകെട്ടുന്നതിന് റ്റി.കെ.എം. കോളേജിലെ എൻ.എസ്.എസ്. വാളന്റിയറന്മാരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.
- പ്രതിരോധ കുത്തിവയ്പുനടത്തണം.
- കൊതുകു നിവാരണപരിപാടി ആസൂത്രണം ചെയ്യണം.
- ഹെൽത്തുകാർഡ് വിതരണം ചെയ്യണം

പേരൂർ സി

- പഞ്ചായത്തുവക ഭൂമിയിൽ ഹെൽത്ത് സെന്റർ സ്ഥാപിക്കണം.
- ശുചീകരണത്തിനും കൊതുകുനിവാരണത്തിനും ഊന്നൽ നൽകണം.
- പഞ്ചായത്തുതലത്തിൽ ആരോഗ്യപ്രവർത്തന ബോധവൽക്കരണം നടത്തുക.

കൊറ്റങ്കര

- നിലവിലുള്ള ആയൂർവ്വേദ ഡിസ്പെൻസറി ആവശ്യത്തിനു കിടക്കകൾ അനുവദിച്ച് ആശുപത്രിയായി ഉയർത്തുക. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു മിഡ്വൈഫറി സെന്ററായി പ്രവർത്തിപ്പിക്കുക.
- പൊതു ശ്മശാനം സ്ഥാപിക്കുക.

ചന്ദനത്തോപ്പ്
- നിലവിലുള്ള ഹോമിയോ ഡിസ്പെൻസറി വാടക കെട്ടിടത്തിൽ നിന്നും മാറ്റി സൗകര്യമുള്ള സ്ഥലത്ത് സ്വന്തം കെട്ടിടം നിർമ്മിച്ച് പ്രവർത്തിക്കണം.
- പരിസരമലിനീകരണം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
- ഈ വാർഡിലെ 250 വീടുകളിലെങ്കിലും കക്കൂസുകൾ ഇല്ല. അത് അടിയന്തിരമായി പരിഹരിക്കണം.
- കൊതുക് നിവാരണം നടത്തുക
- പേപ്പട്ടി ശല്യം ഒഴിവാക്കുന്നതിന് മാസംതോറും പട്ടിയെ പിടിക്കുന്നതിന് നടപടി സ്വീകരിക്കുക.
- ഫാക്ടറിയിലെ പുകമലിനീകരണത്തിന് എതിരായി നടപടി സ്വീകരിക്കുക.
- സാമ്പത്തികമായി പിന്നോക്കാവസ്ഥക്കാരും പട്ടികജാതി ജനങ്ങളും തിങ്ങിപ്പാർക്കുന്നതുകൊണ്ടുണ്ടാകുന്ന പരിസരമലിനീകരണം ഒഴിവാക്കുക.
- കൊതുകു നിവാരണം നടത്തുക
- രോഗപ്രതിരോധനടപടി സ്വീകരിക്കുക
- കക്കൂസുകൾ സ്ഥാപിക്കുക

ആലുംമൂട്
- കൊറ്റങ്കര പഞ്ചായത്തിലെ ഏക പി.എച്ച്.സി. കിടക്കകളോടുള്ള മേജർ പി.എച്ച്. സെന്റർ ആയി ഉയർത്തുക. മുഴുവൻ സമയവും ചികിത്സ ലഭ്യമാക്കുക. കൂടുതൽ ഡോക്ടർമാരെയും പാരമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുക.
- വാർഡിലെ ഫീഡിംഗ് സെന്റർ മെച്ചപ്പെടുത്തുക
- അറവുശാലയിലെ മാലിന്യങ്ങൾ സുരക്ഷിത സ്ഥലത്തു നിക്ഷേപിക്കാൻ നടപടി സ്വീകരിക്കുക.
- പൊതു ശ്മശാനം ഉണ്ടാക്കുക.

പുനുക്കന്നൂർ ബി
- നിലവിലുള്ള ഹെൽത്ത് സബ്സെന്റർ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക. സ്ഥിരമായി സ്റ്റാഫ് ഉണ്ടായിരിക്കണം.
- കേരളപുരം വൈയിറ്റിംഗ് ഷെഡിനോടനുബന്ധിച്ച് സ്ത്രീ-പുരുഷന്മാർക്ക് മൂത്രപ്പുര സ്ഥാപിക്കുക.

പുനുക്കന്നൂർ എ
- ഹെൽത്ത് സബ് സെന്റർ വിപുലീകരിച്ച് സ്റ്റാഫിനെ ക്രമീകരിക്കുക
- പൊതു കക്കൂസുകൾ സ്ഥാപിക്കുക
- പൊതു ശ്മശാനം സ്ഥാപിക്കുക
- കൊതുകു നശീകരണം നടത്തുക
- ഫാക്ടറിയിലെ പുകമലിനീകരണത്തിന് ഫലപ്രദമായ നടപടി സ്വീകരിക്കുക.

ഇളമ്പള്ളൂർ
- കക്കൂസുകളില്ലാത്ത ദുർബലവിഭാഗക്കാർക്ക് കക്കൂസ് സ്ഥാപിക്കണം.
- K.G.V.U.P.S -ൽ ഒരു കക്കൂസ് സ്ഥാപിക്കണം.
- പൊതു ശ്മശാനം വേണം.
- പേപ്പട്ടിശല്യവും, കൊതുക് ശല്യവും ഫലപ്രദമായി നിവാരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.

കുരീപ്പള്ളി
- 40% വീടുകളിൽ കക്കൂസില്ല. അതു ലഭ്യമാക്കണം.
- തൈക്കാവ് ജംഗ്ഷനിൽ 250 കുടുംബങ്ങൾ നിവസിക്കുന്ന പ്രദേശത്ത് അറവുശാലയിലെ അവശിഷ്ടങ്ങൽ കിണറുകൾ മലിനപ്പെടുത്തുന്നു. അത് ഫലപ്രദമായി നിയന്ത്രിക്കണം.
- പേപ്പട്ടി ശല്യം ഒഴിവാക്കണം

പെരുമ്പുഴ എ
- പരിസരമലിനീകരണത്തിന് പരിഹാരമുണ്ടാക്കണം
- റോഡിന്റെ ഓടകൾ വൃത്തിയാക്കണം
- കൊതുകുശല്യവും പേപ്പട്ടിശല്യവും ഒഴിവാക്കണം.

പെരുമ്പുഴ ബി
- 60% ആളുകൾക്കും കക്കൂസില്ല. അത് സത്വരമായി പരിഹരിക്കണം.
- ഞാലിയോട് സബ് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി ജനോപകാരപ്രദമാക്കുക
- പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുക
- കൊതുകുശല്യവും, പേപ്പട്ടി ശല്യവും പ്രത്യേകം ശ്രദ്ധിച്ച് ഒഴിവാക്കാൻ നടപടി എടുക്കുക.

കുണ്ടറ എ
- ഐ.സി.ഡി.എസ്. യൂണിറ്റ് സ്ഥാപിക്കണം
- പേപ്പട്ടി ശല്യവും കൊതുകുശല്യവും ഒഴിവാക്കുക
- ഓടകൾ വൃത്തിയാക്കി പരിസരമലിനീകരണം ഒഴിവാക്കുക
- അറവുശാലയിലെ മാലിന്യങ്ങൾ ഒഴിവാക്കി ശുചീകരിക്കുക.
- മാർക്കറ്റ് ശുചീകരിക്കുക

കുണ്ടറ ബി
- ദുർബലവിഭാഗത്തിന് കക്കൂസ് നിർമ്മിച്ചു നൽകുക
- എൽ.എം.എസ്. ആശുപത്രിയിലെ മലിനീകരണം നിയന്ത്രിക്കുക
- ആശുപത്രിമുക്കുമുതൽ പടിഞ്ഞാറോട്ടും തെക്കോട്ടും ഉള്ള ഓടകൾ അടിയന്തിരമായി ശുചീകരിക്കുക.
- പോഷകാരോഗ്യക്കുറവ് പരിഹരിക്കുക
- കൊതുകുശല്യവും പേപ്പട്ടിശല്യവും ഒഴിവാക്കുക.

കുടിവെള്ളം

കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പ്രശ്നത്തിന് ഏറ് പ്രയാസം അനുഭവിക്കുന്ന ഒരവസ്ഥ നിലനിൽക്കാൻ തുടങ്ങിയിട്ട് കാൽ നൂറ്റാണ്ടുതന്നെയായിരിക്കുന്നു. ഈ പ്രശ്നത്തിന് പരിഹാരം അത്യന്താപേക്ഷിതമാണ്. കേരള സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള 9-ാം പദ്ധതി - ജനകീയാസൂത്രണപദ്ധതി ഈ പഞ്ചായത്തിന്റെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം കാണണമെന്ന് പഞ്ചായത്തിന്റെ എല്ലാ ഗ്രാമസഭകളിലും ഉയർന്നുകേട്ട ജനങ്ങളുടെ ഒരു മുറവിളയാണ്. അത് പരിഹരിക്കാൻ നമുക്ക് കഴിഞ്ഞില്ലെങ്കിൽ ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റാൻ കഴിഞ്ഞില്ലായെന്നാണ് അർത്ഥം.

ദാഹജലത്തിനുവേണ്ടി

1979-80 കാലഘട്ടത്തിൽ കൊറ്റങ്കര പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി അന്നത്തെ തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയും ഇരവിപുരം എം.എൽ.എ.യുമായിരുന്ന ശ്രീ. ആർ.എസ്. ഉണ്ണിയുടെ നിർദ്ദേശപ്രകാരം അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി. കരുണാകരൻ പിള്ളയുടെ നേതൃത്വത്തിൽ ഒരു നിവേദകസംഘം ആലുവയിലുള്ള വാട്ടർ സപ്ലൈ സംബന്ധിച്ച സൂപ്രണ്ടിംഗ് എൻജിനീയറുടെ ആഫീസിൽ പോയി നിവേദനം സമർപ്പിക്കുകയും പഞ്ചായത്തിന്റെ സ്ഥിതി ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. ആയതിനെതുടർന്ന് ശ്രീ. ആർ.എസ്. ഉണ്ണിയുടെ പ്രത്യേക താല്പര്യപ്രകാരം കൊറ്റങ്കര പഞ്ചായത്തിനുവേണ്ടി നെതർലണ്ട് ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോട്കൂടി ഒരു വാട്ടർ സപ്ലൈ സ്ക്കീമിന് രൂപം കൊടുക്കുകയും അതനുസരിച്ച് പഞ്ചായത്ത് പ്രദേശമാകെ സർവ്വെ നടത്തുകയും ചെയ്തു. പുനലൂരിൽ നിന്നും ആരംഭിച്ച് കുണ്ടറയിൽ വന്ന് കൊറ്റങ്കര പഞ്ചായത്ത് പ്രദേശമാകെ പുന്തലത്താഴം വരെ വരുന്ന ഈ വാട്ടർ സൈപ്ല സ്ക്കീമിന് കുണ്ടറ വാട്ടർ സപ്ലൈ സ്ക്കീം എന്നാണ് പേര് നൽകിയത്. എന്നാൽ മാറിവന്ന കേരളസർക്കാർ രാഷ്ട്രീയസ്വാധീനം ഉപയോഗിച്ച് കുണ്ടറ വാട്ടർ സപ്ലൈ സ്ക്കീം കൊറ്റങ്കരയിൽ നിന്നും മാറ്റി കുണ്ടറ, പേരയം, കിഴക്കേകല്ലട തുടങ്ങിയ പഞ്ചായത്തുകളിലേക്ക് വേണ്ടിയുള്ള പദ്ധതിയായി പ്രഖ്യാപിച്ചു.

പുനുക്കന്നൂർ സെറ്റിൽമെന്റ് കോളനിക്കുവേണ്ടിയുള്ള വാട്ടർ സപ്ലൈ സ്ക്കീം 1982-ൽ വടവൂർ കിണറിനു സമീപം വച്ച് അന്നത്തെ ജലസേചനവകുപ്പ് മന്ത്രി ശ്രീ. എം.പി. ഗംഗാധരൻ ഉദ്ഘാടനം ചെയ്തപ്പോൾ ഈ വിഷയം സംബന്ധിച്ച് മന്ത്രിയും മുൻമന്ത്രി ശ്രീ. ആർ.എസ്. ഉണ്ണിയും തമ്മിൽ പരസ്പരം മൈക്കുകൾ പിടിച്ചുവാങ്ങി വാഗ്വാദം ഉണ്ടാകുകയും അതേതുടർന്ന് ആ സ്റ്റേജിൽവച്ച് കൊറ്റങ്കര പഞ്ചായത്തിനായി പ്രത്യേകം ഒരു വാട്ടർ സപ്ലൈ സ്ക്കീം അനുവദിക്കുന്നതാണെന്ന് മന്ത്രി ശ്രീ. എം.പി. ഗംഗാധരൻ പ്രഖ്യാപിക്കുകയും ചെയ്തു. (ഈ വാർത്ത അന്നത്തെ എല്ലാ പത്രങ്ങളും വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചത് ചിലരെങ്കിലും ഓർക്കുന്നുണ്ടാകും). അന്ന് അനുവദിച്ച കൊറ്റങ്കര പഞ്ചായത്ത് വാട്ടർ സപ്ലൈ സ്ക്കീം ആണ് 1983 മുതൽ ഇന്നുവരെയും (ഈ വികസന സെമിനാർ നടക്കുന്ന 29-12-96 വരെയും) എങ്ങുമെങ്ങും പൂർത്തിയാകാതെ കിടക്കുന്നത്.

ഓരോ വർഷവും കുടിവെള്ളക്ഷാമം അനുഭവപ്പെടുമ്പോൾ സ്ഥലം എം.എൽ.എ. യും പഞ്ചായത്ത് മെമ്പറന്മാരും രാഷ്ട്രീയനേതാക്കന്മാരുമെല്ലാം പ്രശ്നപരിഹാരത്തിനായി വാട്ടർ അതോറിട്ടിയെയും റവന്യൂ അധികാരികളെയും ബ്ലോക്ക് അധികാരികളെയും ചെന്നുകണ്ട് നിവേദനങ്ങൾ നടത്തുന്നു. കാലം നീണ്ടുപോകുമ്പോൾ ജനങ്ങളുടെ കുടിവെള്ളത്തിനുവേണ്ടിയുള്ള മുറവിളി പ്രക്ഷോഭമായി മാറുന്നു. അധികാരികളുടെ അനങ്ങാപ്പാറനയത്തെ പ്രതിഷേധിച്ച് പഞ്ചായത്ത് കമ്മിറ്റി പ്രമേയങ്ങൾ പാസ്സാക്കിയും മന്ത്രിതലത്തിൽ നിവേദനങ്ങൾ നടത്തിയും കുടിവെള്ളത്തിനുവേണ്ടി പരക്കം പായുന്നു. ഇത്രയും ആകുമ്പോഴേക്കും ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാർ ജീപ്പുകളിൽ വരൾച്ച ബാധിത പ്രദേശങ്ങൾ സന്ദർശിക്കുന്നു. ദാഹിച്ചുവലയുന്ന ജനത്തിന്റെ മുമ്പിൽ എന്തൊക്കെയോ ഉടൻ ചെയ്യാൻപോകുന്നുവെന്ന് ഒരു പ്രതീക്ഷ ഉണർത്തുന്നു. പിന്നീട് ശാസ്ത്രീയമായ ഒരുവിധ പരിപാടിയുമില്ലാതെ പഞ്ചായത്ത് പ്രദേശമാകെ അവിടെയും ഇവിടെയും എന്തൊക്കെയോ ചെയ്യുന്നു എന്നൊരു തോന്നൽ ഉളവാക്കിക്കൊണ്ട് കുഴിക്കുകയും പണ്ടെങ്ങോ ഒളിപ്പിച്ച് മൂടിയിട്ടിരുന്ന പൈപ്പുകൾ എടുക്കുകയും അവിടെയും ഇവിടെയും ചില റിപ്പയറുകൾ നടത്തുകയും ചെയ്യുന്നു. ജീവൻ നിലനിർത്താൻ വേണ്ടിയുള്ള കുടിവെള്ളത്തിനായി പരക്കം പായുന്ന ജനം ഇവർ ചെയ്യുന്നത് എന്താണെന്ന് തിരക്കാതെ, എന്തായാലും അവസാനം കുടിവെള്ളം

കിട്ടുമല്ലോ എന്നാശിച്ച് കഴിയുന്നു. മേയ് അവസാനം വരെ ഈ പ്രക്രിയ തുടരുന്നു. അവസാനം സ്ക്കൂൾ തുറന്ന് കുട്ടികൾ സ്ക്കൂളിലേക്ക് പോകുമ്പോൾ അവർക്ക് ഉത്സാഹം പകർന്നുകൊണ്ട് മഴ പെയ്യുന്നു. കുടിവെള്ളത്തിനുവേണ്ടി എന്തൊക്കെചെയ്തുവെന്നോ, എന്തൊക്കെ പ്രയോജനം ലഭിച്ചുവെന്നോ നോക്കാൻ ജനം തയ്യാറാവുന്നില്ല. കുടിവെള്ളത്തിനുവേണ്ടി ജനങ്ങളുടെ മുറവിളി കേട്ടറിഞ്ഞ പ്രകൃതിതന്നെ കനിഞ്ഞ് അനുഗ്രഹിച്ച് അവർക്ക് മഴനൽകി. എന്നാൽ ഈ സമയമത്രയും എന്തൊക്കെയോ വൻകിട പദ്ധതികൾ ഇവിടെ നടപ്പിലാക്കിയതായി എവിടൊക്കെയോ രേഖപ്പെടുത്തുന്നു. പ്രയോജനം പൂജ്യമാണെങ്കിലും സർക്കാർ ഖജനാവിൽ ചോർച്ച ഉണ്ടാകുന്നു. ഇത് വർഷംതോറും ആവർത്തിക്കുന്നു.

1983-ൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളായ മാമ്പുഴ നാലുമുക്കിന് സമീപത്തും പെരുമ്പുഴ മേൽഭാഗത്തും ഓരോ ഹൈലവൽ വാട്ടർ ടാങ്കുകൾ കെട്ടുന്നതിനായി സ്ഥലം എടുത്തുകൊടുക്കണമെന്ന് വാട്ടർ അതോറിട്ടി പഞ്ചായത്തിനോട് ആവശ്യപ്പെട്ടു. ഉടൻ തന്നെ പഞ്ചായത്ത്, നിർദ്ദേശിച്ച രണ്ടുഭാഗത്തും സ്ഥലം വിലയ്ക്കുവാങ്ങി വാട്ടർ അതോറിട്ടിയെ ഏല്പിച്ചു. 1990-ൽ മാത്രമാണ് ഈ വാട്ടർ ടാങ്കുകളുടെ പണി ആരംഭിച്ചത്. 1995 ആയപ്പോഴേക്കും ഈ രണ്ട് വാട്ടർടാങ്കുകളുടെയും നിർമ്മാണവേല പൂർത്തിയായി. പേരൂർ ക്ഷേത്രത്തിനു സമീപത്തും, പണ്ടാരകുളത്തിനു സമീപത്തും കോളാശ്ശേരി ലക്ഷംവീടിന് സമീപത്തും, മാമ്പുഴ വാട്ടർ ടാങ്കിനു സമീപത്തുമുള്ള നാല് കുഴൽ കിണറുകളിൽ നിന്നും ഗ്രൗണ്ട് വാട്ടർ പമ്പ്ചെയ്ത് മാമ്പുഴ വാട്ടർ ടാങ്കിൽ സ്റ്റോർ ചെയ്ത് പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ വിതരണം ചെയ്യുന്നു. പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ കൂടി വെള്ളം വിതരണം ചെയ്യുന്നതിനുവേണ്ടി 1983-ൽ പദ്ധതിയിട്ട് 90-ൽ ആരംഭിച്ച് 95-ൽ പണിപൂർത്തിയാക്കിയ പെരുമ്പുഴ വാട്ടർ ടാങ്കിലേക്ക് വെള്ളം എവിടെ നിന്ന് കൊണ്ടുവരണമെന്ന് 1995-ൽ ആണ് നിശ്ചയിച്ചത്. പെരുമ്പുഴ തൃക്കോയിക്കൽ ക്ഷേത്രക്കുളത്തിന്റെ പകുതിഭാഗം ക്ഷേത്രം അധികാരികളിൽ നിന്നും സംഭാവനയായി സ്വീകരിച്ച് അവിടെ ഒരു ഇൻഫിൽട്രേഷൻ ഗ്യാലറി പണിഞ്ഞ് ഈ കുളത്തിന്റെ വടക്കുഭാഗത്തായി ക്ഷേത്രംവക സ്ഥലത്തുതന്നെ ഒരു ഓപ്പൺ വെൽ നിർമ്മിച്ച് അതിൽ നിന്നും വെള്ളം പമ്പ്ചെയ്ത് പെരുമ്പുഴ വാട്ടർടാങ്കിൽ സ്റ്റോർ ചെയ്ത് പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ വിതരണം ചെയ്യുന്നതിനാണ് പദ്ധതി.

1995 അവസാനം പെരുമ്പുഴ തൃക്കോയിക്കൽ ക്ഷേത്രക്കുളത്തിൽ വാട്ടർ സോഴ്സിന്റെ പണി ആരംഭിച്ചു. ഈ റിപ്പോർട്ട് അവതരണസമയത്തും ഈ കിണറിന്റെ പണി എങ്ങുമെങ്ങും ചെന്നെത്താതെ കിടക്കുകയാണ്. അതേസമയം ഈ കിണർ ചരിഞ്ഞ്പോയത് ചില ആശങ്കയ്ക്കും ഇടനൽകുന്നു. ഇനി ഈ പണികളെല്ലാം പൂർത്തീകരിച്ച് കിണറ്റിൽ നിന്നും വെള്ളം പമ്പുചെയ്ത് ടാങ്കിൽ കയറ്റയിതിനുശേഷം ആ ടാങ്കിൽ നിന്നുള്ള വെള്ളം വിവിധ വാർഡുകളിലുള്ള സ്ഥലങ്ങളിൽ കൊടുക്കുന്നതിനുവേണ്ട പൈപ്പുലൈനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കാം. പദ്ധതി ആസൂത്രണത്തിന്റെ പോരായ്മയും ജനങ്ങളോടുള്ള ഉത്തരവാദിത്വമില്ലായ്മയുമാണ് മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ.

ഇതിനൊരു പരിഹാരമായി വാട്ടർ അതോറിട്ടിയെപ്പോലുള്ള, ജനങ്ങളോട് അങ്ങേയറ്റത്തെ ഉത്തരവാദിത്വം കാണിക്കേണ്ട സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ എന്തു പദ്ധതിയാണ് നടപ്പിലാക്കാൻ പോകുന്നതെന്നും ആ പദ്ധതി എവിടെയെല്ലാം എങ്ങിനെയെല്ലാം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്നും അതുകൊണ്ട് ഏതെല്ലാം ഭാഗത്തെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നും ഇതിനുപയോഗിക്കുന്ന മെറ്റീരിയൽസ് എത്രകണ്ട് ഗുണമേന്മയുള്ളതാണ് എന്നും ആ പദ്ധതി അംഗീകരിച്ച് നടപ്പാക്കുന്നതിനുമുമ്പായി പഞ്ചായത്ത് കമ്മിറ്റിയുമായി ചർച്ച ചെയ്ത് അംഗീകാരം വാങ്ങിക്കുന്നതിനെ വാട്ടർ അതോറിട്ടി അധികാരികൾ തയ്യാറാകണം. ഇത് നിയമംകൊണ്ടുതന്നെ നടപ്പിലാക്കുകയും വേണം.

ഇതേ അവസ്ഥ തന്നെയാണ് വരൾച്ച വരുമ്പോൾ ബ്ലോക്ക് തലത്തിൽ പുതിയ കിണറുകൾ കുഴിക്കുന്നതിലും, നിലവിലുള്ള കിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലും അനുഭവപ്പെടുന്നത്. മിക്ക കിണറുകളിലും എല്ലാ വരൾച്ചക്കാലത്തും മെയിന്റനൻസ് നടത്തുക പതിവാണ്. പുതുതായി ഒരു കിണർ കുഴിക്കുമ്പോഴും നിലവിലുള്ള ഒരു കിണറിന് ആഴം വർദ്ധിപ്പിച്ച് തൊടികൾ ഇറക്കി റിപ്പയറുകൾ ചെയ്യുമ്പോഴും ഇതിൽ നിന്നും കുടിവെള്ളം കിട്ടി പ്രയോജനം ലഭിക്കേണ്ട സാധാരം ജനങ്ങളെ മറന്നുകൊണ്ട് പകരം വരൾച്ച ഒരുവിഭാഗത്തിന് ആശ്വാസമായി മാറുന്നു. ഈ അവസ്ഥകൾ പൊതുവെ മാറണം. കുടിവെള്ളത്തിനുവേണ്ടി ദാഹിച്ചു വലയുന്ന ജനത്തിനോട് ദയവുകാണിക്കണം.

കുടിവെള്ള പരിഹാരമായി ഒരു കിണർ നിർമ്മിക്കുമ്പോഴോ ആഴംകൂട്ടി തൊടികൾ ഇറക്കുമ്പോഴോ

റിപ്പയറുകൾ നടത്തുമ്പോഴോ ആ കിണറ്റിൽ നിന്നും ലഭിക്കേണ്ട ശുദ്ധജലം ഭൂമിക്കടിയിൽ യഥാർത്ഥ പ്രതലത്തിൽ (വെള്ളമണൽ പോലുള്ള) തന്നെയാണോ കിട്ടിയത് എന്ന് ഉറപ്പുവരുത്തണം. പഞ്ചായത്ത് പ്രദേശമാകെ കിണർ കുഴിക്കുമ്പോൾ ഒരു പ്രതലം കഴിഞ്ഞാൽ കറുത്ത ചെളി കാണാറുണ്ട്. ഇത് മൊത്തത്തിൽ മാറ്റി ആഴംകൂട്ടി വെളുത്ത മണൽ ഭാഗത്ത് വെള്ളംകിട്ടുന്നതുവരെ കുഴിക്കേണ്ടുന്നതും ചെളികണ്ടഭാഗത്തിന് മേൽവശം മുതൽ നല്ലരീതിയിൽ നിർമ്മിച്ച കോൺക്രീറ്റ് തൊടികൾ സ്ഥാപിക്കേണ്ടതുമാണ്. (പലപ്പോഴും കിണർ റിപ്പയർ നടത്തി ഇറക്കുന്ന കോൺക്രീറ്റ് തൊടികൾ അടുത്ത മഴയ്ക്ക് ഇടിഞ്ഞ് താണ് തകർന്നുപോകുകയും അടുത്ത വരൾച്ചക്കാലത്ത് ഇവ എടുത്തുമാറ്റി പകരം അതുപോലുള്ള കോൺക്രീറ്റ് തൊടിതന്നെ ഇറക്കുന്ന പ്രക്രിയ തുടരുന്നത് അവസാനിപ്പിക്കണം). കിണറിന്റെ മേസന്ററി പണികൾ ഭൂമിനിരപ്പിന് തേഴോട്ടും മേൽവട്ടവും ഫ്ലാറ്റ്ഫോമും എല്ലാം ഒരു സ്വകാര്യവ്യക്തി കിണർ നിർമ്മിക്കുമ്പോൾ ചെയ്യുന്നതുപോലെ ഉത്തരവാദിത്വത്തോടുകൂടി ഗുണമേന്മയുള്ള മെറ്റീരിയൽസും ശരിയാ അനുപാതത്തിലുള്ള ചാന്തും ഉപയോഗിച്ച് ചെയ്യുന്നുവെന്ന് തീർത്തും ഉറപ്പുവരുത്തണം. ഒരു കിണറിന്റെ പാർശ്വഭാഗങ്ങളിലേക്ക് മറ്റ് ഭാഗങ്ങളിൽ നിന്നും വെള്ളം കുത്തിയൊലിച്ച് വന്ന് കിണറിന് നാശം സംഭവിക്കാതിക്കുന്നതിനുള്ള മുൻകരുതലുകൾ ഉണ്ടായിരിക്കണം. ഒരു കിണറിന്റെ പണിപൂർത്തിയാക്കി കഴിഞ്ഞാൽ കുറഞ്ഞത് പത്ത് വർഷത്തേക്കെങ്കിലും ആ കിണറിന് റിപ്പയറുകൾ വരില്ലായെന്ന് ഉറപ്പുവരുത്തണം. ഈ വക കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ആ പ്രദേശത്തെ ഗ്രാമസഭാകമ്മിറ്റിയുടെ മേൽനേട്ടവും ശ്രദ്ധയും ഈ നിർമ്മാണപ്രവർത്തനത്തിനുണ്ടാകണം. ഗുണഭോക്താക്കളായ ജനങ്ങളെയും വികസന സേനാംഗങ്ങളെയും പങ്കാളികളാക്കി ഇന്ന് നിലവിലുള്ള കൺവീനർ എന്ന സ്ഥാനത്തോട്കൂടിയുള്ള നോമിനി സിസ്റ്റം പൂർണ്ണമായി ഒഴിവാക്കി ഗ്രാമസഭാ വികസന സേനാ കമ്മിറ്റികളെക്കൊണ്ട് തന്നെ കിണറിന്റെ പണികൾ ചെയ്യിക്കുന്നതിന് നടപടി ഉണ്ടാകണം.

കൊറ്റങ്കര പഞ്ചായത്തിലെ പൊതു കിണറുകൾ

പേരൂർ എ

പേരൂർ അംബേദ്കർ കോളനിയിലും കല്ലയ്യം കോളനി യിലും ഉള്ള പൊതുകിണറുകൾ - 5 എണ്ണം
കുറ്റിച്ചിറ ഓയിൽ റിഫൈനറിക്ക് തെക്കുവശം (റോഡ് സൈഡിൽ - 1 എണ്ണം
മുൻ മെമ്പർ തങ്കപ്പൻപിള്ളയുടെ വീടിന് മുൻവശം - 1എണ്ണം
ആകെ - 7 എണ്ണം

പേരൂർ ബി

ഉപ്പൂട്ടിൽ ആലിന് തെക്കുവശം - 1 എണ്ണം
പേരൂർ ക്ഷേത്രത്തിന് വടക്കുവശം കൊച്ചുകുളം - 1 എണ്ണം
പണ്ടാരക്കുളത്തിന് മേൽവശം കുന്നുംപുറത്ത് - 1 എണ്ണം
ആകെ - 3 എണ്ണം

പേരൂർ സി

കണ്ണൻ കോളനിയിൽ - 1 എണ്ണം
നെല്ലിവിള കോളനിയിൽ - 1 എണ്ണം
ഇലിപ്പക്കോണത്ത് - 1 എണ്ണം
കരിക്കോട് പട്ടാള കിണർ - 1 എണ്ണം
പട്ടാളക്കിണറിന് കിഴക്കുവശം - 1 എണ്ണം
ആകെ - 5 എണ്ണം

കൊറ്റങ്കര

മേക്കോൺ ബാലവാടി - 1 എണ്ണം
കോട്ടാച്ചിറ മാടൻകാവ് - 1 എണ്ണം
പള്ളിക്കൽ ലക്ഷംവീട് കോളനിയിൽ - 2 എണ്ണം
പുതുവൽ കോളനിയിൽ - 2 എണ്ണം
ആകെ - 6 എണ്ണം

ചന്ദനത്തോപ്പ്

കൊറ്റങ്കര സൊസൈറ്റി മുക്കിൽ - 1 എണ്ണം
കുറ്റിയിൽ മുക്കിൽ - 1 എണ്ണം
മുണ്ടൻചിറ മാടൻകാവിൽ - 1 എണ്ണം
കുമിളിയിൽ - 1 എണ്ണം
കുമിളി ജയന്തി കോളനിയിൽ - 1 എണ്ണം
വെള്ളാളൻ മഹാസഭ മുക്കിൽ - 1 എണ്ണം
മുടപ്പിലാങ്ങിൽ കിഴക്ക് - 1 എണ്ണം
പുത്തൻകുളങ്ങര കുളത്തിന് സമീപം - 1 എണ്ണം

മാമ്പുഴ

കോളാശ്ശേരി ലക്ഷംവീട്ടിൽ - 2 എണ്ണം
കോളാശ്ശേരി ജയന്തികോളനിയിൽ - 1 എണ്ണം
കോളാശ്ശേരി ലക്ഷംവീടിന് വടക്കുവശം നാലുമുക്കിന് താഴെ - 1 എണ്ണം
കൊച്ചാലുംമൂട് ജയന്തികോളനിയിൽ - 1 എണ്ണം
ഞെട്ടയിൽ മിച്ചഭൂമിയിൽ - 1 എണ്ണം
ആകെ - 6 എണ്ണം

ആലുംമൂട്

എല്ലുകുഴി ജയന്തി കോളനിയിലും ലക്ഷംവീട്ടിലും - 3 എണ്ണം
കണ്ണറ തൊടിയിൽ ജയന്തി കോളനിയിൽ - 2 എണ്ണം
ആലുംമൂട് മാർക്കറ്റിന് സമീപം - 2 എണ്ണം
സ്ക്കൂളിന് സമീപം - 1 എണ്ണം
സന്തോഷ് മുക്കിൽ - 1 എണ്ണം

കന്യാകുഴി മുക്കിൽ – 1 എണ്ണം
കുറ്റിയിൽ മുക്കിൽ – 1 എണ്ണം
അണ്ണാച്ചി മുക്ക് ജയന്തി കോളനിയിൽ – 1 എണ്ണം
അണ്ണാച്ചിമുക്കിന് പടിഞ്ഞാറ് – 1 എണ്ണം
മൃഗാശുപത്രിമുക്ക് – 1 എണ്ണം
കണ്ണറതൊടി ജയന്തികോളനിക്ക് സമീപം – 1 എണ്ണം
പ്രൈമറി ഹെൽത്ത് സെന്ററിന് സമീപം – 1 എണ്ണം
ആകെ – 16 എണ്ണം

പുനുക്കന്നൂർ ബി

കോവിൽമുക്കിൽ – 1 എണ്ണം
അഞ്ചുമുക്കിൽ – 1 എണ്ണം
കുന്നുംപുറത്ത് – 1 എണ്ണം
തത്തമുക്കിൽ – 1 എണ്ണം
കേരളപുരം – 1 എണ്ണം
ഐ.ജി. യുടെ തീപ്പെട്ടിക്കമ്പനിയുടെ സമീപം – 1 എണ്ണം
കോണത്ത് ഭാഗത്ത് – 1 എണ്ണം
ആകെ – 7 എണ്ണം

പുനുക്കന്നൂർ എ

പെരുമ്പുഴ ജംഗ്ഷനിൽ – 1 എണ്ണം
സെറ്റിൽമെന്റ് കോളനിയിൽ ബ്ലോക്ക് നം. 164–ന് സമീപം –1
സെറ്റിൽമെന്റ് കോളനിയിൽ ബ്ലോക്ക് നം. 196–ന് സമീപം –1
സെറ്റിൽമെന്റ് കോളനിയിൽ ബ്ലോക്ക് നം. 146–ന് സമീപം –1
സെറ്റിൽമെന്റ് കോളനിയിൽ ബ്ലോക്ക് നം. 128–ന് സമീപം –1
സെറ്റിൽമെന്റ് കോളനിയിൽ ബ്ലോക്ക് നം. 112–ന് സമീപം– 1
സെറ്റിൽമെന്റ് കോളനിയിൽ ബ്ലോക്ക് നം. 92–ന് സമീപം – 1
സെറ്റിൽമെന്റ് കോളനിയിൽ ബ്ലോക്ക് നം. 86–ന് സമീപം – 1
സെറ്റിൽമെന്റ് കോളനിയിൽ ബ്ലോക്ക് നം. 34–ന് സമീപം – 1
സെറ്റിൽമെന്റ് കോളനിയിൽ ബ്ലോക്ക് നം. 28–ന് സമീപം – 1
കുരിശ്ശടി പള്ളിക്ക് സമീപം – 1
ശാഖാ ജംഗ്ഷന് സമീപം – 1
ചിറയടി ജയന്തികോളനിയിൽ – 1
മുലവാരത്തുള്ള കിണർ – 1
ചിറയിൽ ചെല്ലപ്പന്റെ വസ്തുവിന് സമീപം – 1
ചിറയിൽ കരുണാകരൻപിള്ളയുടെ വസ്തുവിന് സമീപം – 1
ഡാൽമിയായ്ക്ക് പിറകുവശം ചിറയിൽ ഭാഗത്ത് – 2
ആകെ – 18 എണ്ണം

ഇളമ്പള്ളൂർ

മുണ്ടയ്ക്കൽ ജയന്തി കോളനിയിൽ – 4 എണ്ണം
ഊറ്റുകുഴിയിൽ – 1 എണ്ണം
മുണ്ടയ്ക്കൽ ഗ്യാസ് ഗോഡൗണിന് സമീപം – 1 എണ്ണം
വായനശാലമുക്കിൽ – 1 എണ്ണം
കാക്കാന്റഴത്ത് – 1 എണ്ണം
ഇളമ്പള്ളൂർ ബസ് സ്റ്റാന്റിൽ – 1 എണ്ണം
ചരുവിള കോളനിയിൽ (ഇളമ്പള്ളൂർ ഷെഡ്) – 1 എണ്ണം
ആകെ – 10 എണ്ണം

കുരീപ്പള്ളി

കുരീപ്പള്ളി എൽ.എം.എസ്. ഭാഗത്ത് – 3 എണ്ണം
തൈക്കാവ് മുക്കിനു കിഴക്കേഭാഗം – 4 എണ്ണം
കല്ലുവാരി മുകളിൽ, എസ്.എ.ബി.റ്റി.എം. സ്കൂൾ ഭാഗം കോളനിഭാഗം – 4 എണ്ണം
കാമ്പിയിൽ കട വില്ലൂർകുളത്തിനു സമീപം – 1 എണ്ണം
കോട്ടൂർ അമ്പലത്തിന് സമീപം ബാലവാടിയിൽ – 1 എണ്ണം
കോളാപൊയ്ക കോളനിയിൽ – 2 എണ്ണം
ആകെ – 15 എണ്ണം

പെരുമ്പുഴ എ

പെരിഞ്ഞേലിഭാഗം പുന്നമുക്കിന് സമീപം – 1 എണ്ണം
ഗ്രാമോദ്ധാരണ ബാലവാടി – 1 എണ്ണം
പൊയ്കയിൽ മാടൻകാവിനു സമീപം – 1 എണ്ണം
കൊച്ചാലുംമൂട് ജംഗ്ഷനിൽ – 1 എണ്ണം
ജയന്തി വർക്ഷോപ്പിന് സമീപം – 1 എണ്ണം
തൃക്കോയിക്കൽ ജയന്തി കോളനിയിൽ – 2 എണ്ണം
പെരുമ്പുഴ – വിളയിൽകട റോഡിൽ – 1 എണ്ണം
തൃക്കോയിക്കൽ മഹാവിഷ്ണുക്ഷേത്രത്തിനു സമീപം – 1 എണ്ണം
ആശാൻ മുക്കിൽ – 1 എണ്ണം
ആറാട്ടുവിള കിഴക്കുവശം – 1 എണ്ണം
കല്ലുപാലക്കടയ്ക്ക് കിഴക്കുവശം – 1 എണ്ണം
താഴാംപണ ഇറയിൽ – 1 എണ്ണം
ആകെ – – 13 എണ്ണം

പെരുമ്പുഴ ബി

രക്ഷാസൈന്യം പള്ളിമുക്കിന് സമീപം – 2 എണ്ണം
തെങ്ങുവിള ഭാഗം – 1 എണ്ണം
മഹിളാസമാജം – 1 എണ്ണം
ഞാലിയോട് – 1 എണ്ണം
ചാമവിള ജയന്തികോളനി – 1 എണ്ണം
മേലേകുന്നത്ത് – 1 എണ്ണം
ചാമവിള തെക്ക്കിഴക്ക് – 1 എണ്ണം
റേഡിയോമുക്കിൽ – 1 എണ്ണം
കേളംവിളമുക്കിന് തെക്ക് – 1 എണ്ണം
ഗാന്ധിനഗർ ജയന്തികോളനിയിൽ – 1 എണ്ണം
അമ്പിപൊയ്ക ജയന്തികോളനി – 1 എണ്ണം
മംഗലത്ത് ഭാഗത്ത് – 1 എണ്ണം
പുന്നവിള മുക്ക് – 1 എണ്ണം
പി.കെ.പി. കവല ലക്ഷംവീട് കോളനി – 2 എണ്ണം
ആകെ – 16 എണ്ണം

കുണ്ടറ എ

അമ്പിപൊയ്ക സ്കൂളിന് സമീപം – 1 എണ്ണം
കോഴിക്കാലൻവിള ഭാഗത്ത് – 1 എണ്ണം
ചെപ്പള്ളികോണത്ത് ഏലായ്ക്ക് സമീപം – 1 എണ്ണം
തച്ചകോണത്ത് ഏലായ്ക്ക് സമീപം – 1 എണ്ണം
കുണ്ടറ കന്നുകാലി ചന്തയിൽ – 1 എണ്ണം
ആകെ – 5 എണ്ണം

കുണ്ടറ ബി

കണ്ണോലിക്കോണം ഊറ്റുകുഴിയിൽ - 1 എണ്ണം
പനംകുറ്റി - 1 എണ്ണം
പെരിഞ്ഞേലി - 2 എണ്ണം
പെരിഞ്ഞേലി ജയന്തി കോളനിയിൽ - 2 എണ്ണം
തെക്കേവിള ലക്ഷംവീട് കോളനിയിൽ - 2 എണ്ണം
തെങ്ങയ്യം ജയന്തികോളനിയിൽ - 2 എണ്ണം
ലൂക്കാട്ടിൽ ഭാഗത്ത് - 2 എണ്ണം
ആകെ - 12 എണ്ണം

പ്രശ്നങ്ങൾ

- ❑ പഞ്ചായത്തിൽ ലഭ്യമാകുന്ന മഴയുടെ 20% മാത്രമേ ഭൂമിയിലേക്ക് താഴുന്നുള്ളൂ. ലഭിക്കുന്ന മഴവെള്ളം ഒഴുകിപ്പോകാതെ പരമാവധി ഭൂമിയിലേക്ക് ലഭിക്കുന്നതിനു വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിക്കണം.
- ❑ വരൾച്ചക്കാലത്ത് വെള്ളം വറ്റാത്ത കിണറുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഉണ്ട് ആ ഭാഗങ്ങളിൽ ആവശ്യമുള്ളത്ര കിണറുകൾ കുഴിക്കാവുന്നതും വരൾച്ചക്കാലത്ത് കിണറ്റിലെ വെള്ളം വറ്റുന്ന സ്ഥലങ്ങളിൽ വാട്ടർസപ്ലൈ പൈപ്പ് ലൈനുകൾ നീട്ടാവുന്നതുമാണ്.
- ❑ പഞ്ചായത്തിന്റെ 15 വാർഡുകളിലും കുടിവെള്ള പ്രശ്നം രൂക്ഷമാണ്.
- ❑ പഞ്ചായത്തിൽ നിലവിൽ ഉള്ള കിണറുകളുടെയും പൊതു ടാപ്പുകളുടെയും പരിമിതി കുടിവെള്ള ക്ഷാമം ഉണ്ടാക്കുന്നു.
- ❑ നിലവിലുള്ള പൊതുകിണറുകൾ എല്ലാം തന്നെ ജനങ്ങൾക്ക് ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിൽ നശിച്ച് കിടക്കുന്നവയാണ്
- ❑ പഞ്ചായത്തിന്റെ പരിധിയിൽപെടുന്ന കുളങ്ങൾ ഉപയോഗശൂന്യമായ അവസ്ഥയിൽ ആയതുകൊണ്ട് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
- ❑ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന അനാസ്ഥ ഇവിടുത്തെ കുടിവെള്ളക്ഷാമത്തിന് രണ്ട് പതിറ്റാണ്ടുകളുടെ പഴക്കമുണ്ടാക്കുന്നു.

സാദ്ധ്യതകൾ

- ❑ പഞ്ചായത്തിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള പൊതുകിണറുകൾ, പൊതു ടാപ്പുകൾ, കുഴൽ കിണറുകൾ എന്നിവയുടെ കേടുപാടുകൾ മാറ്റി അറ്റകുറ്റപ്പണികൾ ചെയ്ത് ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ശുദ്ധജലം ലഭിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
- ❑ പഞ്ചായത്തിലെ 15 വാർഡുകളിലും പുതുതായി അഞ്ച് കിണറുകൾ വീതം ഗ്രാമസഭകൾ നിശ്ചയിച്ച് സ്ഥലംവിട്ടുതരുന്ന സ്ഥലങ്ങളിൽ നിർമ്മിക്കുന്നതിന് നടപടിയുണ്ടാകണം.
- ❑ പഞ്ചായത്തിന്റെ 15 വാർഡുകളിലും അഞ്ച് കിലോമീറ്റർ നീളം വീതം പുതുതായി പൈപ്പ്ലൈൻ ഇട്ട് ആവശ്യമുള്ളത്ര വാട്ടർടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയുണ്ടാകണം.
- ❑ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സ്വന്തം വീടിന് സമീപത്തായി ഒരു കിണർ കുഴിക്കുന്നതിന് സ്ഥലസൗകര്യം കിട്ടുമെങ്കിൽ സഹകരണസ്ഥാപനങ്ങൾ മുഖാന്തിരമോ, ബാങ്കുകൾ മുഖാന്തിരമോ കിണർ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചാൽ കുറെയധികം കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

പഞ്ചായത്തിലെ വാർഡ് അടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സാധ്യതകൾ ചുവടെ ചേർക്കുന്നു.

പേരൂർ എ

- ❑ വാട്ടർ സപ്ലൈക്കുവേണ്ടി ഒരു വാട്ടർ ടാങ്ക് വേണം
- ❑ പൊട്ടിയതും കറുത്തതുമായ പൈപ്പുകൾ മാറ്റി പകരം പി.വി.സി. പൈപ്പുകൾ സ്ഥാപിക്കണം.
- ❑ പുതിയ ലൈനുകൾ

1. മൂപ്പൻമുക്കുമുതൽ അയ്യർ മുക്കു വഴി ഡീസന്റ് ജംഗ്ഷൻ വരെ
2. കല്ലിംഗൽ ഭാഗം മുതൽ തെക്കേട്ട് കൊല്ലം കണ്ണനല്ലൂർ റോഡുവരെ
3. കരുനല്ലൂർ ഇൻഡസ്ട്രീസ് മുതൽ പുലമൺവരെയും വടക്കോട്ട് കുരീപ്പള്ളി റോഡ് വരെയും
4. മോഹൻസ് കമ്പനിമുതൽ ജയശ്രീ കമ്പനിവരെയും

- ❑ ടാപ്പുകളുടെ അകലം കുറയ്ക്കുക
- ❑ പൊതുകിണറുകൾ കുഴിപ്പിക്കുക.

പേരൂർ ബി

- ❑ വാട്ടർ സപ്ലൈ സ്കീം കൂടുതൽ വിപുലീകരിക്കണം
- ❑ പൊട്ടിയതും കറുത്തതുമായ പൈപ്പുകൾ മാറ്റി പകരം പി.വി.സി. പൈപ്പുകൾ സ്ഥാപിക്കണം.
- ❑ പുതിയ പൈപ്പു ലൈൻ നീട്ടുക
- ❑ പേരൂർ ക്ഷേത്രത്തിനു സമീപം ഉള്ള പമ്പ്ഹൗസിനു സമീപം ഒരു വാട്ടർ ടാങ്ക് സ്ഥാപിക്കുക.
- ❑ കുടിവെള്ളം ശുദ്ധീകരിച്ചു വിതരണം നടത്തുക
- ❑ കോടൻവിളമുക്കിനും കൊല്ലൻറ്റയ്യത്തുമുക്കിനും ഇടയിലുള്ള 50 കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കുക

- ❑ പുതുശ്ശേരി കുളത്തിനു സമീപം വയലിൽ താമസിക്കുന്നവരുടെ കിണറ്റിലെ വെള്ളത്തിന്റെ മഞ്ഞ നിറം മാറ്റി ശുദ്ധീകരിക്കുക
- ❑ സ്ഥലം സൗജന്യമായി ലഭിക്കുന്ന സ്ഥലത്ത് പൊതുകിണറുകൾ സ്ഥാപിക്കുക.

പേരൂർ സി

- ❑ പുതിയ പൈപ്പുലൈനുകൾ സ്ഥാപിച്ച് ദുർബല വിഭാഗത്തിന് കുടിവെള്ളം എത്തിക്കുക
- ❑ നിലവിലുള്ള പൈപ്പ്ലൈനുകളുടെയും ടാപ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിക്കുക
- ❑ പട്ടാളകിണർ ശുദ്ധീകരിച്ചു കുടിവെള്ളം ലഭ്യമാക്കുക.
- ❑ ടാപ്പുകളുടെ ദൂരം കുറയ്ക്കുക.

കൊറ്റങ്കര

- ❑ പുതിയ ലൈനുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ
- ❑ പുതുവൽ കോളനി പ്രദേശം
- ❑ പള്ളിക്കൽ ലക്ഷംവീട്
- ❑ കായിക്കര വീടിന്റെ സമീപസ്ഥലം
- ❑ മാടൻകാവിനു കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ
- ❑ പൊട്ടിക്കിടക്കുന്ന ടാപ്പുകളും പൈപ്പുകളും സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുക.
- ❑ വെള്ളം എല്ലാസമയത്തും ലഭിക്കത്തക്കവിധം പമ്പിംഗ് നടത്തുക
- ❑ മേക്കോൺ തെക്ക് ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുക

ചന്ദനത്തോപ്പ്

- ❑ ഈ വാർഡിലെ കിണറുകളുടെ ആഴം കറുത്ത ചെളിയുടെ ശല്യംമൂലം വർദ്ധിച്ചിരിക്കുന്നു. വെള്ളം അശുദ്ധമാണ്. ജിയോളജി ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടു വിശദമായ പരിശോധന നടത്തുക
- ❑ പുതിയ പൈപ്പുലൈൻ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. ചരുവിൽ ഭാഗത്തുമുതൽ കല്ലുവിളകട
2. മാടൻകാവു മുതൽ നെടിയവിള മുക്കുവരെ
3. വില്ലേജോഫീസിനു കിഴക്കുവശം ടയർഫാക്ടറിക്കും ബാലവാടിക്കും സമീപം
4. കരയോഗത്തിന്റെ വടക്കുവശം പോങ്ങുവിള മുക്കുവരെ
5. ശിവറാം എൻജിനീയറിംഗ് വർക്ക്ഷോപ്പിന് വടക്കുവശം മുതൽ താഴോട്ട്
6. കളരിക്ഷേത്രത്തിന്റെ തെക്കും വടക്കും
7. കുമിളി ജയന്തി കോളനി
8. മേലേവിളമുക്കുമുതൽ കോണിൽ ഭാഗം വരെ

- ❑ നിലവിലുള്ള ടാപ്പുകളുടെ അകലം കുറയ്ക്കുകയും ലൈനിന്റെ അറ്റകുറ്റപ്പണികൾ ചെയ്തും കുടിവെള്ളം മുടങ്ങാതെ ലഭ്യമാക്കുക.
- ❑ പഞ്ചായത്തിലെ കിണറുകൾ ശുദ്ധീകരിച്ചു നിലനിർത്തുക

മാമ്പുഴ

- ❑ നിലവിലുള്ള കുഴൽകിണറുകൾ പേരൂർ ക്ഷേത്രഭാഗത്തിനുസമീപം, പണ്ടാരകുളത്തിനു വടക്ക്, കോളാശ്ശേരി മാടൻ കാവ്, നാലുമുക്കിലുള്ള ടാങ്കിനുസമീപം – എന്നീ കുഴൽകിണറുകളിലെ വെള്ളം ശുദ്ധിചെയ്തു നാലുമുക്കിലെ ടാങ്കിൽ എത്തിച്ച് വിതരണം നടത്തുക.
- ❑ പുതിയ പൈപ്പുലൈൻ സ്ഥാപിക്കുക

1. കോളശ്ശേരിക്കു തെക്ക്
2. കാടൻവിള വടക്ക് ആമ്പല്ലൂർ ഭാഗം മുതൽ കോളശ്ശേരി വരെ
3. ഞെട്ടയിൽ ഭാഗം
4. പൂക്കടമുക്ക് നാലമുക്കു ലൈൻ

- ❑ നിലവിലുള്ള കുഴൽകിണറിൽ പ്രവർത്തനശേഷി കൂടിയ പമ്പ് സ്ഥാപിച്ചു പ്രസരണശേഷി കൂട്ടുക.
- ❑ പൈപ്പിന്റെയും ടാങ്കിന്റെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുക.

ആലുംമൂട്

- ❑ ഈ വാർഡിൽ, ട്യൂബ്വെൽ, ബോർവെൽ എന്നിവ സ്ഥാപിക്കുക
- ❑ മാമ്പുഴ, തൃക്കോവിൽവട്ടം വാട്ടർ സപ്ലൈ സ്കീമിൽ നിന്നും കണക്ഷൻ നീട്ടി ആലുംമൂട്ടിലെ ജലക്ഷാമം പരിഹരിക്കുക
- ❑ പുതിയ പൈപ്പുലൈൻ സ്ഥാപിക്കുക

1. വൈദ്യരുമുക്കിലേക്കും, തൈക്കാവുമുക്കിലേക്കും, മൃഗാശുപത്രിവരെയും നിലവിലുള്ള ലൈൻ നീട്ടി ജലക്ഷാമം പരിഹരിക്കുക
2. കെ.ഐ.പി. കനാൽ തുറന്നുവിട്ട് സമീപത്തുള്ള കിണറ്റിലെ വെള്ളം വറ്റാതിരിക്കാൻ നടപടിയെടുക്കുക.
3. പഞ്ചായത്ത് കിണറുകൾ ശുചീകരിച്ച് ഉപയോഗയോഗ്യമാക്കുക.

പുനുക്കന്നൂർ ബി

- ❑ പുതിയ പൈപ്പുലൈൻ സ്ഥാപിക്കുക

1. പഴയ ഇ.എസ്.ഐ. യിൽ നിന്നും നാലുമുക്കുവരെ
2. കോണത്തു വടക്കേക്കര നിന്നും വയലിലേക്ക്
3. കോവിൽ മുക്ക് എള്ളുവിള റോഡിൽ

4. തത്തമുക്കിൽ നിന്ന് കിഴക്കോട്ട്
5. എസ്.എസ്.ആർ. ആശുപത്രിയുടെ കിഴക്കുഭാഗത്തുനിന്നും വടക്കോട്ട്

- ❑ നിലവിലുള്ള പൈപ്പിന്റെയും ടാപ്പിന്റെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്യുക
- ❑ വെള്ളം ദുരുപയോഗം ചെയ്യുന്നതു തടയുക
- ❑ പൊതുകിണറുകൾ ശുചീകരിച്ചു സംരക്ഷിക്കുക.

പുനുക്കന്നൂർ എ

- ❑ പുതിയ പൈപ്പുലൈനുകൾ സ്ഥാപിക്കുക

1. ഊറ്റുകുഴി ചിറയാടി ജയന്തികോളനി, ആരൂർഭാഗം, ഡാൽമിയയുടെ പുറകുവശം എൽ.പി.എസിന് പടിഞ്ഞാറ്

- ❑ ഈ വാർഡിലെ പൈപ്പ്ലൈൻ മാമ്പുഴ ലൈനുമായി ബന്ധിപ്പിക്കുക
- ❑ തൃക്കോയിക്കൽ പദ്ധതി ത്വരിതപ്പെടുത്തി അടിയന്തിരമായി കണക്ഷൻ നൽകുക.
- ❑ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടു പുതിയ കുഴൽകിണർ സ്ഥാപിക്കാനുള്ള സാദ്ധ്യത ആരായുക
- ❑ വടവൂർ കുളത്തിലുള്ള കിണർ ശുദ്ധീകരിച്ചു ഉപയോഗപ്പെടുത്തണം.

ഇളമ്പള്ളൂർ

- ❑ തൃക്കോയിക്കൽ സ്ക്കീമിൽനിന്നുള്ള കണക്ഷൻ ബംഗ്ലാവിൽ മുക്കിൽ നിന്നും വടക്കോട്ട് പോലീസ് ക്വാർട്ടേഴ്സുവരെ നീട്ടുകയും, ത്രിവേണി ജംഗ്ഷനിൽ നിന്നും ഇ.എസ്.ഐ. വരെയും, മുണ്ടയ്ക്കൽ നിന്നും വടക്കോട്ട് ചാങ്ങയിൽ മുക്കുവഴി മെയിൻ റോഡുവരെയും, പാണുവിള മുക്കുമുതൽ പടിഞ്ഞാറോട്ട് വയലുവരെയും ചോലയ്ക്കൽ ഭാഗത്തേക്കുമുള്ള റോഡിലേക്കും പുന്നമുക്കിനു പടിഞ്ഞാറോട്ട് വരുന്ന റോഡിന്റെ തെക്കുവശം. കനാലിന്റെ കരയ്ക്കുകൂടി മുണ്ടയ്ക്കൽ വരെയും ത്രിവേണി ജംഗ്ഷൻ മുതൽ നരിപ്രവരെയും, വായനശാല മുക്കിൽ നിന്ന് കിഴക്കോട്ട് പൊയ്കയിൽ ചാലുവരെയും, വായനശാലമുതൽ ഈ.എസ്.ഐ. വരെയും ആലുമുക്കുമുതൽ പുത്തൻവീട്ടിൽ ഇറവരെയും, ഇളമ്പള്ളൂർ മുതൽ പനംകുറ്റിവരെയും, ആണ്ടവർ മുക്കു മുതൽ കല്ലുപുറം മുക്കുവരെയും, ഇളമ്പള്ളൂർ മുതൽ കശുവണ്ടി ഫാക്ടറിക്ക് കിഴക്കുവശമുള്ള കോളനിവരെയും, മുണ്ടയ്ക്കൽ ജംഗ്ഷനിൽ നിന്നും കോളനിഭാഗത്തേക്കും വിവേകാനന്ദാ ആർട്ട്സ്ക്ലബ്ബിന്റെ ഭാഗത്തേക്കും പുതിയ പൈപ്പുലൈനുകൾ സ്ഥാപിക്കുക.
- ❑ പുതിയതായി പഞ്ചായത്തു കിണറുകൾ സ്ഥാപിക്കുക.
- ❑ പൊതുകിണറുകൾ ഫലപ്രദമായി ശുചീകരിച്ചു സൂക്ഷിക്കുക
- ❑ പമ്പുഹൗസിന്റെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തി പ്രവർത്തനക്ഷമമാക്കുക
- ❑ കുരീപ്പള്ളി വില്ലൂർകുളം ശുദ്ധീകരിച്ച് കുടിവെള്ളത്തിനുവേണ്ടി ഉപയോഗിക്കുക.
- ❑ പ്രധാനപ്പെട്ട ഭാഗങ്ങളിൽ പുതിയ പൈപ്പുലൈൻ സ്ഥാപിക്കുക.
- ❑ കനാലിലെ വെള്ളം തുറന്നുവിട്ട് സമീപത്തുള്ള കിണറ്റിലെ വെള്ളം വറ്റാതിരിക്കാൻ നടപടിയെടുക്കുക.

പെരുമ്പുഴ എ

- ❑ തൃക്കോയിക്കൽ വാട്ടർ സപ്ലൈ സ്ക്കീമിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കി ഈ വാർഡിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുക.
- ❑ പൈപ്പ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ പൈപ്പ്ലൈൻ സ്ഥാപിച്ച് കണക്ഷൻ നൽകുക.

പെരുമ്പുഴ ബി

- ❑ തൃക്കോയിക്കൽ വാട്ടർ സപ്ലൈ സ്ക്കീമുമായി ബന്ധപ്പെടുത്തി ജലക്ഷാമമുള്ള കോളനി പ്രദേശത്തു പൈപ്പുലൈൻ സ്ഥാപിച്ച് കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുക.
- ❑ ലക്ഷംവീട്കോളനിയിൽ അടിയന്തിരമായി കുടിവെള്ളം എത്തിക്കുക
- ❑ കിണറുകൾ ശുചീകരിച്ചു ഉപയോഗയോഗ്യമാക്കുക

കുണ്ടറ എ

- ❑ കുണ്ടറ എ, ബി. വാർഡിന്റെ ഭാഗത്തുകൂടി കുണ്ടറ വാട്ടർ സപ്ലൈ സ്ക്കീം കടന്നുപോകുന്നതുകൊണ്ട് ആ പദ്ധതിയുടെ പ്രയോജനം ഈ വാർഡുകളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാൻ നടപടിയെടുക്കണം.
- ❑ കുടിവെള്ളക്ഷാമം ഉള്ള എല്ലാഭാഗത്തേക്കും പൈപ്പുലൈൻ നീട്ടുക.

കുണ്ടറ ബി

- ❑ വാർഡിൽ എല്ലാഭാഗത്തും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. അതിനാൽ പുതിയ പൈപ്പുലൈൻ സ്ഥാപിച്ച് കുടിവെള്ളമെത്തിക്കുക.
- ❑ എൽ.എം.എസ്. ആശുപത്രിയുടെ പരിസരപ്രദേശം പഞ്ചായത്താഫീസ് പരിസരം, തെക്കേവിള കോളനി എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കുക
- ❑ നിലവിലുള്ള കിണറുകൾ ആഴംകൂട്ടി ശുദ്ധീകരിച്ച് ഉപയോഗയോഗ്യമാക്കുക.
- ❑ പുതിയ കിണറുകൾ നിർമ്മിക്കുക.

വിദ്യാഭ്യാസം

കേരളത്തിന്റെ ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിന് നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ഈ കാലത്തിനിടയ്ക്ക് നമ്മുടെ ജീവിതരീതിയും വിജ്ഞാനമേഖലയും ജ്ഞാനസമ്പാദന രീതിയും ജീവിതവും വിദ്യാഭ്യാസവുമായുള്ള ബന്ധവുമെല്ലാം ഗണ്യമായി മാറിയിട്ടുണ്ട്. എന്നാൽ, വിദ്യാഭ്യാസ സമ്പ്രദായവും അതിനെ നയിക്കുന്ന ചിന്താപദ്ധതിയും കാര്യമായി മാറിയിട്ടുണ്ടെന്ന് പറഞ്ഞുകൂടാ. ജീവിക്കാനുതകുന്ന വിദ്യാഭ്യാസമെന്നതിനേക്കാൾ ഭരിക്കാനുതകുന്ന വിദ്യാഭ്യാസമാണ് ഇന്നും തുടരുന്നത്. ജീവിക്കാൻ വേണ്ടി വിദ്യതേടിയെത്തുന്നവരെ നേരിടുന്നത് ഭരിക്കാനുള്ള വിദ്യയാണെന്നതാണ് ഇന്നത്തെ അസ്വസ്ഥതകളുടെ മുഖ്യമായ അടിസ്ഥാനം. ജീവിക്കാനുതകുന്നതെന്തെങ്കിലും നൽകുമെന്നുറപ്പാക്കാൻ വിദ്യാഭ്യാസത്തിന് കഴിയുന്നില്ലെന്നത് സ്വസ്ഥതയുടെ അങ്കുരങ്ങളെ വിസ്ഫോടനങ്ങളാക്കി വികസിപ്പിച്ചൊരുക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ്. വ്യക്തിക്ക് ആവശ്യമായ പ്രാധാന്യം നൽകിക്കൊണ്ടുതന്നെ സമൂഹത്തിന്റെ സർവ്വതോമുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധമായ തലമുറയെ സൃഷ്ടിക്കുകയാണ് അതിന്റെ പ്രധാന ലക്ഷ്യം. വിദ്യാഭ്യാസരംഗത്തെ ഏതൊരു പ്രശ്നവും കാണുകയും പരിഹാരം തേടുകയും ചെയ്യേണ്ടത് ഈ കാഴ്ചപ്പാടോടുകൂടിയായിരിക്കണം. വ്യക്തി സ്വയം സമൂഹത്തിനു ബാദ്ധ്യതയായി തീരാതെ, അയാളുടെ വളർച്ച സമൂഹത്തിന്റെ വളർച്ചയാക്കി മാറ്റുന്നതിൽവിദ്യാഭ്യാസത്തിന് എന്തുചെയ്യാനാകുമെന്നതായിത്തീരുന്നു ഇവിടത്തെ പ്രസക്തമായ ചോദ്യം. അസ്വസ്ഥതമാത്രം വിതച്ചുകൊണ്ടിരിക്കുന്ന കലാലയാന്തരീക്ഷത്തിലെ പ്രശ്നങ്ങളുടെ പരിഹാരമായിത്തീരും ഈ ചോദ്യത്തിനുള്ള ഉത്തരം.

വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാർത്ഥി, അദ്ധ്യാപകൻ, രക്ഷകർത്താവ്, വിദ്യാർത്ഥിസമൂഹം, അദ്ധ്യാപക സമൂഹം, രക്ഷകർത്തൃസമൂഹം ഈ ഘടകങ്ങളുടെ ഒറ്റയ്ക്കും കൂട്ടായതുമായ പരിശ്രമം ആവശ്യമാണ്. മനസ്സിലാക്കാൻ വിഷമമുള്ള പാഠങ്ങൾ മനസ്സിലാക്കുന്നതിന്, പഠനസാമഗ്രികളുടെ അഭാവം പരിഹരിക്കുന്നതിന്, അധ്യയനനിലവാരം മെച്ചപ്പെടുത്തുന്നതിന് എല്ലാം ഇത് ആവശ്യമായിത്തീരും. ഇവയുടെയെല്ലാം മെച്ചപ്പെട്ട പരസ്പരബന്ധം നിലനിർത്തിക്കൊണ്ടേ വിദ്യാഭ്യാസ രംഗത്തെ ഏതൊരു പ്രശ്നവും പരിഹരിക്കാനാവൂ.

വിദ്യാർത്ഥി കൗൺസിൽ, അദ്ധ്യാപക സമിതി, അദ്ധ്യാപക-രക്ഷകർതൃസമിതി, മാതൃസംഗമം എന്നിവ അധികാരം ജനങ്ങളിലേക്ക് എന്ന കാഴ്ചപ്പാടോടെ രൂപം നൽകുകയുമാണ് വിദ്യാഭ്യാസ രംഗത്ത് ഇന്ന് നിലനിൽക്കുന്ന അസ്വസ്ഥതകൾക്ക് പരിഹാരം.

സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് തന്നെ കേരളം സാക്ഷരതയിലും വിദ്യാഭ്യാസസൗകര്യങ്ങളുടെ കാര്യത്തിലും മറ്റു സംസ്ഥാനങ്ങളെക്കാൾ മുമ്പിലായിരുന്നു. അന്ന് സർക്കാർ സ്ക്കൂളുകളുടെ എണ്ണം വളരെ പരിമിതമായിരുന്നു. ശ്രീനാരായണഗുരുവിന്റെയും ചട്ടമ്പിസ്വാമികളുടെയും നേതൃത്വത്തിൽ നടന്ന സാമൂഹിക പരിഷ്കരണ സംരംഭങ്ങളുടെ ഭാഗമായിട്ടാണ് വിദ്യാലയങ്ങൾ ഇവിടെ വർദ്ധിച്ചുവന്നത്. 1956 -ൽ ഐക്യകേരളം രൂപീകൃതമായതോടുകൂടി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ച, ഫീസിളവ്, യാത്രാസൗജന്യം, അയൽ പക്കത്ത് സ്ക്കൂൾ എന്നീ ഘടകങ്ങൾ എല്ലാവരേയും സ്ക്കൂളിലെത്തിക്കാൻ ഇടയാക്കി. സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള പൊതുവിദ്യാലയങ്ങൾ സംസ്ഥാനത്തിന്റെ സാമൂഹിക - സാംസ്കാരിക വളർച്ചയ്ക്ക് കളമൊരുക്കി. കൂടുതൽ കോളേജുകളും കൂടുതൽ ബിരുദധാരികളും ഉണ്ടായി. എന്നാൽ സംഖ്യാപരമായ വർദ്ധനവിനനുസരിച്ച് ഗുണപരമായ വർദ്ധനയുണ്ടായില്ല. ബഡ്ജറ്റിന്റെ 31% വിദ്യാഭ്യാസത്തിനുവേണ്ടി ചിലവഴിക്കുന്ന സംസ്ഥാന സർക്കാരിന് വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കുപോലും പണം നൽകാൻ കഴിയുന്നില്ല. അസൗകര്യങ്ങളും ഇല്ലായ്മകളും അദ്ധ്യയന നിലവാരം കുറയാനിടയാക്കി. ഇന്ന് പൊതു വിദ്യാഭ്യാസസ്ഥാപനങ്ങൾ ആർക്കും വേണ്ടാതായിരിക്കുന്നു. നല്ല റിസൾട്ടുള്ള സ്ക്കൂളുകളാണ് എല്ലാവരുടെയും നോട്ടം. എന്നാൽ നല്ലതും നല്ലതല്ലാത്തതുമായ വിദ്യാലയങ്ങളിൽ നിന്നും പുറത്തുവരുന്ന കുട്ടികളുടെയെല്ലാം ഗുണനിലവാരം വളരെ താണതാണെന്നാണ് പഠനങ്ങൾ കാണിക്കുന്നത്. മുഴുവൻ അക്ഷരങ്ങളും അറിയാത്ത കുട്ടികൾ നമ്മുടെ സ്ക്കൂളുകളിൽ 35% എങ്കിലുമുണ്ട്. ഇതാണ് നമ്മുടെ വിദ്യാഭ്യാസ നിലവാരത്തിന്റെ പൊതുസ്ഥിതി.

കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ സ്ക്കൂളുകൾ

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ക്കൂളുകൾ

1. മീനാക്ഷിവിലാസം ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ, പേരൂർ, കൊല്ലം
2. ഗവ. ഹൈസ്ക്കൂൾ, കേരളപുരം, ചന്ദനത്തോപ്പ്, കൊല്ലം
3. മുഖത്തല ബ്ലോക്കു പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ക്കൂളുകൾ
4. കെ.ജി.വി.യു.പി. സ്ക്കൂൾ (ഗവ.), ഇളമ്പള്ളൂർ, കുണ്ടറ
5. കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ക്കൂളുകൾ
6. എസ്.ആർ.വി. ഗവ. എൽ.പി. എസ്., പെരുമ്പുഴ
7. ഗോപികാസദനം ഗവ. എൽ.പി.എസ്., പേരൂർ
8. എം.വി. ഗവ. എൽ.പി.എസ്., പേരൂർ
9. ഗവ. എൽ.പി.എസ്., പെരുമ്പുഴ
10. ഗവ. എൽ.പി.എസ്., കരിക്കോട്

സ്വകാര്യ വിദ്യാലയങ്ങൾ

ഹൈസ്ക്കൂളുകൾ

1. ശ്രീ. എൻ. ശ്രീകണ്ഠൻ നായർ മെമ്മോറിയൽ ഹൈസ്ക്കൂൾ, ഇളമ്പള്ളൂർ, കുണ്ടറ
2. ശിവറാം എൻ.എസ്.എസ്. ഹൈസ്ക്കൂൾ, കരിക്കോട്

യു.പി. സ്ക്കൂളുകൾ

1. എം.ജി.യു.പി.എസ്., പെരുമ്പുഴ
2. എസ്.എ.ബി.റ്റി.എം.യു.പി.എസ്., കുരീപ്പള്ളി
3. യു.പി.ജി.എസ്., പുനുക്കന്നൂർ, ആലുംമൂട്
4. എൻ.എസ്.എസ്. യു.പി. സ്ക്കൂൾ, മാവച്ചൻ കുറ്റിപ്പുറം, പുനുക്കന്നൂർ.
5. എസ്.സി.ഡി.യു.പി.എസ്., മേക്കോൺ, കൊറ്റങ്കര, ചന്ദനത്തോപ്പ്

എൽ.പി. സ്ക്കൂൾ

1. മാമ്പുഴ എൽ.പി.എസ്., മാമ്പുഴ
2. എസ്.കെ.വി.എൽ.പി.എസ്. കുണ്ടറ
3. എം.ജി.എൽ.പി.എസ്. അംബിപൊയ്ക, പെരുമ്പുഴ, കുണ്ടറ

അംഗീകൃത വിദ്യാലയങ്ങൾ

1. സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, ഹോസ്പിറ്റൽ ജംഗ്ഷൻ, കുണ്ടറ.

പഞ്ചായത്ത് രാജ് സംവിധാനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ള ഒരു ഹൈസ്ക്കൂളാണ് കേരളപുരം ഗവൺമെന്റ് ഹൈസ്ക്കൂൾ. ഈ സ്ക്കൂളിൽ ഒന്നാം സ്റ്റാൻഡേർഡ് മുതൽ പത്താം സ്റ്റാൻഡേർഡ് വരെയുള്ള (എൽ.പി., യു.പി., എച്ച്.എസ്) ക്ലാസ്സുകൾ പ്രവർത്തിക്കുന്നു. 819 ആൺകുട്ടികളും 739 പെൺകുട്ടികളും ഉൾപ്പെടെ മൊത്തം 1558 വിദ്യാർത്ഥികളാണ് ഇവിടെയുള്ളത്. ഇവിടെ 59 അധ്യാപകരും ഉണ്ട്. രണ്ട് പഴയ കെട്ടിടങ്ങളും സ്ഥല സൗകര്യക്കുറവുള്ള രണ്ട് നില കെട്ടിടവും കുറെ ഓല മേഞ്ഞ ഷെഡ്ഡുകളുമാണ് ഈ സ്ക്കൂളിനുള്ളത്. ആകെയുള്ള 99½ സെന്റ് വസ്തുവിനകത്ത് ഈ കെട്ടിടങ്ങളും ഷെഡ്ഡുകളും നിറഞ്ഞുനിൽക്കുന്നു. കുട്ടികൾക്ക് പുറത്തേക്കിറങ്ങി സഞ്ചരിക്കുന്നതിനോ കളിക്കുന്നതിനോ ഉള്ള ഗ്രൗണ്ടോ സൗകര്യങ്ങളോ ഇല്ല. നിലവിലുള്ള പഴയ കെട്ടിടങ്ങളിലെ ജന്നലുകളും, കതകുകളും, കട്ടളയുമെല്ലാം ഇളകി കിടക്കുന്നു. കൊല്ലം-ചെങ്കോട്ട റോഡിനോട് ചേർന്നുള്ള ഈ സ്ക്കൂൾ അനാശാസ്യപ്രവർത്തികളുടെ താവളമായി മാറിയിരിക്കുകയാണ്.

സർക്കാരിൽ നിന്ന് രണ്ട്നിലകെട്ടിടം കേരളപുരം ഗവൺമെന്റ് ഹൈസ്ക്കൂളിനുവേണ്ടി പണിയുന്നതിന് ടെൻഡർ വിളിച്ചിട്ടുള്ളതാണ്. സ്ക്കൂളിന് ഒരു കമ്പ്യൂട്ടർ കോഴ്സ് അനുവദിച്ചുകൊണ്ട് ഇൻസ്റ്റലേഷൻ ചാർജ്ജായി 75,000 രൂപ കെട്ടിവയ്ക്കാൻ സർക്കാരിൽ നിന്ന് ആവശ്യപ്പെട്ടിട്ട് ആയത് അടയ്ക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കുടുംബങ്ങളിൽ നിന്നുവരുന്ന കുട്ടികളാണ് ഈ സ്ക്കൂളിൽ പഠിക്കുന്ന ബഹുഭൂരിപക്ഷവും.

ഈ സ്ക്കൂളിന്റെ വികസനത്തിനുവേണ്ടി ആവശ്യമായ സ്ഥലവും, കെട്ടിടങ്ങളും, ചുറ്റുമതിലും മറ്റ് അടിയന്തിര പ്രാഥമിക സൗകര്യങ്ങളും ഉണ്ടാക്കുന്നതിന് വേണ്ട സത്വര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. പഞ്ചായത്തിന് അനുവദിക്കുന്ന ഉപാധിരഹിത ഫണ്ടിൽ നിന്നും സ്ക്കൂൾ വികസനത്തിന് ആവശ്യമായ സ്ഥലം വാങ്ങിക്കാൻ നടപടിയുണ്ടാകണമെന്ന് ചന്ദനത്തോപ്പ് വാർഡിലെ ഗ്രാമസഭ അഭ്യർത്ഥിച്ചിരിക്കുകയാണ്.

കൊറ്റങ്കര ഗ്രാമപഞ്ചായത്ത് ആസ്ഥാനമാക്കി പരിസര പ്രദേശങ്ങളായ പെരിനാട്, കുണ്ടറ,

പേരയം, കിഴക്കേകല്ലട, മൺട്രോത്തുരുത്ത്, കരീപ്ര, തൃക്കോവിൽവട്ടം, വടക്കേവിള, നെടുമ്പന, കിളികൊല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ സാധാരണക്കാരായ കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി ഒരു ആർട്ട്സ് & സയൻസ് കോളേജും ഒരു പോളിടെക്നിക്കും (സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം) സ്ഥാപിക്കണമെന്നത് ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരാവശ്യമാണ്.

തയ്യൽ ഉപജീവനമാർഗ്ഗമാക്കി കുടുംബം പുലർത്തുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ സ്ത്രീകൾ ഈ പഞ്ചായത്ത് പ്രദേശത്ത് വളരെ കൂടുതലാണ്. ശാസ്ത്രീയമായ വിധത്തിൽ തയ്യൽ പരിശീലനം ലഭിക്കുന്നതിനും തയ്യൽ പഠനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും വേണ്ടി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള ഒരു തയ്യൽ പഠനകേന്ദ്രം ഈ പഞ്ചായത്തിൽ സ്ഥാപിക്കണം.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും സാദ്ധ്യതകളും

- 75 വർഷം പഴക്കമുള്ള കൊറ്റങ്കര ഗോപികാസദനം ഗവൺമെന്റ് എൽ.പി.എസ് (പേരൂർ ബി യിൽ) ഒരു യു.പി. സ്കൂലായി അപ്ഗ്രേഡ് ചെയ്യണം.
- കേരളപുരം ഗവ. ഹൈസ്ക്കൂളിന് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും കളിക്കളത്തിനും ആവശ്യമുള്ള ത്ര വസ്തുവും അതിൽ കെട്ടിടങ്ങളും മൊത്തത്തിൽ ചുറ്റുമതിലും വേണ്ടിയിരിക്കുന്നു. നിലവിലുള്ള കെട്ടിടങ്ങൾക്ക് അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തണം. ഈ സ്ക്കൂളിന് അനുവദിച്ചിട്ടുള്ള കമ്പ്യൂട്ടർ കോഴ്സ് നഷ്ടപ്പെട്ടുപോകാതിരിക്കാൻ ഇൻസ്റ്റലേഷൻ ചാർജ്ജായ 75,000 രൂപ സർക്കാരിലേക്ക് അടയ്ക്കണം. ടെൻഡർ ചെയ്തിട്ടുള്ള രണ്ട് നില കെട്ടിടത്തിന്റെ പണി ഉടൻ ആരംഭിക്കണം. സ്ക്കൂൾ ലൈബ്രറിയും ലബോറട്ടറിയും പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.
- കരിക്കോട് ശിവറാം എൻ.എസ്.എസ്. ഹൈസ്ക്കൂൾ ഒരു വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂൾ ആയി ഉയർത്തണം.
- കൊറ്റങ്കര വാർഡിൽ പഞ്ചായത്ത് വകയായി ഒരു ലോവർ പ്രൈമറി സ്ക്കൂൾ ആരംഭിക്കണം.
- പേരൂർ മീനാക്ഷിവിലാസം ഗവ. ഹയർ സെക്കണ്ടറി സ്ക്കൂളിനും, മീനാക്ഷിവിലാസം എൽ.പി. സ്ക്കൂളിനും അനുവദിച്ചിട്ടുള്ള സ്ക്കൂൾ കെട്ടിടങ്ങളുടെ പണി ഉടനെ ആരംഭിക്കണം.
- എല്ലാ സ്ക്കൂളുകളിലേക്കും പ്രവേശിക്കുന്ന പ്രധാന റോഡുകൾ മെറ്റലിംഗും ടാറിംഗും നടത്തണം.
- എല്ലാ ലോവർ പ്രൈമറി സ്ക്കൂളുകളോടും ചേർന്ന് നേഴ്സറി സ്ക്കൂളുകൾ ആരംഭിക്കണം.
- പുനുക്കന്നൂർ ബി യിൽ കോവിൽ മുക്കിന് സമീപം പഞ്ചായത്ത് ഉടമസ്ഥതയിൽ ഒരു ലോവർ പ്രൈമറി സ്ക്കൂൾ ആരംഭിക്കണം.
- കേരളപുരത്ത് ഇന്ന് പ്രവർത്തിച്ചുവരുന്ന പെനിയേൽ നഴ്സറി & ലോവർ പ്രൈമറി സ്ക്കൂളിൽ സാധുക്കളായവരുടെ കുട്ടികളാണ് കൂടുതലായുള്ളത് ഇവിടെ നാലാം സ്റ്റാന്റേർഡ് വരെ ക്ലാസ്സുകൾ നടക്കുന്നുണ്ട്. സാധാരണക്കാരായവരുടെ ആശാകേന്ദ്രമായ ഈ സ്ക്കൂളിന് ഗവ. അംഗീകാരം നൽകണം.
- പെരുമ്പുഴ ഗവ. എൽ.പി.എസ്. -ലെ കിണറ്റിന് പമ്പ്സെറ്റ് സ്ഥാപിക്കുകയും, ബഞ്ച്, സ്ക്രീൻ മുതലായവ ലഭ്യമാക്കുകയും സ്ക്കൂൾ ഗ്രൗണ്ടിൽ പ്ലാറ്റ്ഫോം വരെ മാത്രം പണിതിട്ടുള്ള ഓപ്പൺ എയർ തിയേറ്ററിന്റെ പണി പൂർത്തീകരിക്കുകയും ചെയ്യുക.
- തൊഴിൽ അധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ പേരൂർ ബി, ഇളമ്പള്ളൂർ, പെരുമ്പുഴ, കുണ്ടറ ബി എന്നിവടിങ്ങളിൽ സ്ഥാപിക്കണം.
- ചുറ്റുമതിൽ ഇല്ലാത്ത സ്ക്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- പേരൂർ മീനാക്ഷിവിലാസം ഹയർസെക്കണ്ടറി സ്ക്കൂളിലും, കേരളപുരം ഗവ. ഹൈസ്ക്കൂളിലും, കരിക്കോട്ട് ശിവറാം എൻ.എസ്.എസ്. ഹൈസ്ക്കൂളിലും; ഇളമ്പള്ളൂർ എസ്.എൻ.എസ്.എം. എച്ച്.എസ്. -ലും അടിയന്തിരമായി ലബോറട്ടറി സൗകര്യങ്ങളും ലൈബ്രറി സൗകര്യങ്ങളും ഏർപ്പെടുത്തി പ്രവർത്തിപ്പിക്കണം.
- എല്ലാ സ്ക്കൂളുകളിലും മൂത്രപ്പുര, കക്കൂസ് സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. ആയതിനാൽ എല്ലാ സ്ക്കൂളുകളിലും മൂത്രപ്പുരകളും കക്കൂസുകളും ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും അധ്യാപകർക്കും, അധ്യാപികമാർക്കും പ്രത്യേകം പ്രത്യേകം നിർമ്മിച്ചു നൽകണം.

- സ്ക്കൂൾ കെട്ടിടങ്ങളും പരിസര സൗകര്യങ്ങളും സാമൂഹ്യവിരുദ്ധരായ കുറെ ആൾക്കാർ അധ്യയന സമയത്തല്ലാത്തപ്പോഴും രാത്രികാലങ്ങളിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കും അനാശാസ്യപ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്ന ഒരു പ്രവണത ഇന്ന് പൊതുവെ കണ്ടുവരുന്നു. ഇത് പൂർണ്ണമായും അവസാനിപ്പിക്കുന്നതിനും ഈ സരസ്വതി ക്ഷേത്രങ്ങളെ സാമൂഹ്യവിരുദ്ധരിൽ നിന്ന് രക്ഷിക്കുന്നതിനും നിയമപരമായ നടപടികൾ സ്വീകരിച്ച് കർശനമായി നടപ്പിലാക്കേണ്ടതാണ്.
- സർക്കാർ തലത്തിലും സ്വകാര്യ ഉടമസ്ഥതയിലും ഉള്ള എല്ലാ സ്ക്കൂളുകളുടെയും പഴയ കെട്ടിടങ്ങൾക്ക് അടിയന്തിരമായ അറ്റകുറ്റപ്പണികൾ അനിവാര്യമായിട്ടുള്ളതാണ്. ഈ സ്ക്കൂളുകളിൽ പഠിക്കുന്ന കുഞ്ഞുങ്ങളെ ഓർത്തെങ്കിലും വരവ് ചെലവ് കണക്കും ലാഭവും നോക്കാതെ ഇവ അടിയന്തിരമായി റിപ്പയർ പണികൾ ചെയ്ത് സുരക്ഷിതമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.
- എല്ലാ സ്ക്കൂളുകളിലും കുട്ടികൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിന് (വേനൽക്കാലത്ത് പ്രത്യേകിച്ചും) വേണ്ട നടപടികൾ സ്വീകരിക്കണം.
- കായിക - ക്രാഫ്റ്റ് - തയ്യൽ അധ്യാപകരില്ലാത്ത സ്ക്കൂളുകളിലെല്ലാം തന്നെയും ഇവരെ നിയമിക്കണം.
- മീനാക്ഷിവിലാസം വി.എച്ച്.എസ്.എസ്. ന് സമീപം ഒരു പോസ്റ്റ് ഓഫീസ് സ്ഥാപിക്കുകയും സ്ക്കൂളിൽ ഒരു നൈറ്റ് വാച്ചറെ നിയമിക്കുകയും വേണം.
- കരിക്കോട്ട് റ്റി.കെ.എം. ആർട്ട്സ് & സയൻസ് കോളേജിൽ അഡ്മിഷൻ സമയത്ത് കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് മുൻഗണന ലഭിക്കാനുള്ള നടപടി ഉണ്ടാകണം.
- പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും തുടർ സാക്ഷരതാ പ്രവർത്തനം നടത്തുകയും ജനവിദ്യാകേന്ദ്രങ്ങൾ അരംഭിക്കുകയും ചെയ്യണം.
- പെരുമ്പുഴ ബി വാർഡിലെ എസ്.ആർ.വി. ഗവ. എൽ.പി.എസ്. ഒരു യു.പി.എസ് ആയി അപ്ഗ്രേഡ് ചെയ്യുകയും സ്ക്കൂളിന് ചുറ്റുമതിൽ നിർമ്മിക്കുകയും ആവശ്യമായ പഠനോപകരണങ്ങളും പമ്പ് സെറ്റും നൽകുകയും വേണം.
- കുണ്ടറ എ വാർഡിലുള്ള രണ്ട് ലോവർ പ്രൈമറി സ്ക്കൂളുകളിലും ആവശ്യത്തിനുള്ള ഫർണിച്ചറും കെട്ടിടവും ഉണ്ടാകണം.
- കുണ്ടറ ബി വാർഡിലെ ഏക ലോവർ പ്രൈമറി സ്ക്കൂളായ എസ്.കെ.വി.എൽ.പി.എസ്. ഒരു യു.പി. സ്ക്കൂളായി ഉയർത്തണം.
- കുണ്ടറ ബി വാർഡിൽ മന്ദബുദ്ധികളായ കുട്ടികൾക്കുവേണ്ടി ഒരു പരിശീലന പഠനകേന്ദ്രം ആരംഭിക്കണം.
- മാമ്പുഴ എൽ.പി.എസ്. ഒരു യു.പി.എസ്. ആയി അപ്ഗ്രേഡ് ചെയ്യുകയും ഇവിടെ ചുറ്റുമതിൽ, വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കുകയും വേണം.
- മാമ്പുഴയിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കേണ്ടത് ഏറ്റവും അടിയന്തിര പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.
- മാമ്പുഴ കേന്ദ്രീകൃതമായി ഒരു ഹൈസ്ക്കൂൾ അനുവദിക്കുന്നതായാൽ ഇത് മാമ്പുഴ, ആലുംമൂട്, പുനുക്കന്നൂർ, പേരൂർ, കൊറ്റങ്കര വാർഡുകളിലുള്ളവർക്ക് ഏറ്റവും സഹായകകരമാകും.
- കുരീപ്പള്ളി വാർഡിലെ എസ്.എ.ബി.റ്റി.എം.യു.പി. സ്ക്കൂൾ ഒരു ഹൈസ്ക്കൂളായി ഉയർത്തുകയും ഇതോടൊപ്പം ഒരു സാങ്കേതിക വിദ്യാലയം ആരംഭിക്കുകയും വേണം.
- കൊറ്റങ്കര പഞ്ചായത്തിൽ ഒരു ആർട്ട്സ് & സയൻസ് കോളേജും ഒരു പോളിടെക്നിക്കും, ഒരു തയ്യൽ സ്ക്കൂളും ആരംഭിക്കണം.

സംസ്കാരം

സംസ്കാരം എന്നത് ഒരു ജീവിതചര്യമാത്രമല്ല, ജീവിതത്തിന്റെ താക്കോൽ കൂടിയാണെന്ന് പറയാറുണ്ട്. ജീവിതത്തിന്റെ സമസ്തമേഖലകളിലും വ്യാപിച്ച് അതിന് അർഥവും വ്യാപ്തിയും പ്രധാനം ചെയ്യുന്ന സംസ്കാരം നമ്മുടെ മൂല്യബോധത്തിന്റെ അടിത്തറകൂടിയാണ്.

ഏതൊരു രാഷ്ട്രത്തിന്റെയും വികാസപരിണാമങ്ങളിൽ അവിടുത്തെ സാംസ്കാരിക പ്രസ്ഥാനങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമായിരിക്കും. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഇന്ത്യൻ ജനതയിൽ ഉയിർകൊണ്ട ദേശീയബോധവും ആത്മാഭിമാനവും ഭാരതീയ സാംസ്കാരിക പൈതൃകത്തിന്റെ അന്തർധാരയാണ്.

കേരളത്തിലുടനീളം അലകളുയർത്തിയ ഗ്രന്ഥശാലാ പ്രസ്ഥാനം കേരളീയരുടെ സാംസ്കാരിക വീക്ഷണത്തിൽ അളവറ്റ സ്വാധീനം ചെലുത്തുകയും ചെയ്തു. എന്നാൽ, കേരളപ്പിറവിയുടെ നാലു പതിറ്റാണ്ടുകൾ പിന്നിടുന്ന ഈ അവസരത്തിൽ കേരളത്തിന്റെ സാംസ്കാരിക മുഖം പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ അതിന്റെ ഉള്ളടക്കത്തിന് മങ്ങലേറ്റിട്ടില്ലേയെന്ന് നാം ശങ്കിച്ചുപോകുന്നു. ഏത് തരത്തിലുള്ള ജീവിതവീക്ഷണമാണ് നാം ഉയർത്തിപ്പിടിക്കേണ്ടതെന്നതും ഏത് തരത്തിലുള്ള സാംസ്കാരിക നയസമീപനമാണ് നാം അവലംബിക്കേണ്ടതെന്നും ഇന്ന് സജീവ ചർച്ച ആവശ്യപ്പെടുന്നു.

ആധുനിക സമൂഹം നേരിടുന്ന വെല്ലുവിളികളിൽ പ്രധാനം സാങ്കേതിക വിപ്ലവത്തെത്തുടർന്നുണ്ടായ വിജ്ഞാനവിസ്ഫോടനമാണ്. ഇലക്ട്രോണിക് മാധ്യമങ്ങൾ ജനങ്ങളെ രസിപ്പിക്കുന്നതോടൊപ്പം വിജ്ഞാനം പകർന്ന് അവരെ ബോധവൽക്കരിക്കുന്നതിനുള്ള ഒരു ഉപകരണമാക്കിതീരേണ്ടതുണ്ട്. റേഡിയോ, ടെലിവിഷൻ, വീഡിയോ മാധ്യമങ്ങളുടെ വിപുലമായ സാധ്യതകൾ ഒരു സമ്പൂർണ്ണ സംവേദന സമൂഹസൃഷ്ടിക്ക് എങ്ങനെ ഉപയോഗപ്പെടുത്തുവാൻ കഴിയുമെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം തന്നെ വായനയുടെ സാഹചര്യങ്ങളും നാം വിപുലമാക്കേണ്ടതുണ്ട്.

വികസനവും സ്സ്കാരവും തമ്മിലും, തൊഴിലും സംസ്കാരവും തമ്മിലും പുതിയ ഒരു കാഴ്ചപ്പാട് വളർന്നുവരേണ്ട ആവശ്യകത നാം ശരിക്കും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

പുരോഗമനപരമായ ആശയങ്ങളെ നെഞ്ചിലേറ്റുമ്പോഴും യാഥാസ്ഥിതികതയെ കൈവിടാൻ മടിക്കുന്ന ഒരു സംസ്കാരമാണ് കേരളത്തിനുള്ളത്. മുതിർന്ന തലമുറയുടെ അനുഭവസമ്പത്തും വളരുന്ന തലമുറയുടെ ആശയാഭിലാഷങ്ങളും സമാഹരിക്കാനും സാക്ഷാത്കരിക്കാനും കഴിഞ്ഞെങ്കിൽ മാത്രമെ നമ്മുടെ സാംസ്കാരിക മേഖലയെ പുഷ്ടിപ്പെടുത്തുവാനാകുകയുള്ളൂ. ജനങ്ങളുടെ മാറിവരുന്ന അഭിരുചികൾക്കനുസൃതമായ ഒരു ജനകീയ ശൈലിയാണ് സാംസ്കാരിക രംഗത്ത് ഇന്ന് ആവശ്യം.

സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഗവൺമെന്റ് ഒരു സാംസ്കാരിക വകുപ്പിന് രൂപം നൽകിക്കഴിഞ്ഞിരിക്കുകയാണ്. 1995 -ലെ സാംസ്കാരിക നയത്തിൽ ഒരു സാംസ്കാരിക സർവ്വകലാശാല സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

കേരളത്തിൽ പ്രവർത്തിക്കുന്ന സാഹിത്യ അക്കാദമി, സംഗീത-നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക്-ലോർ അക്കാദമി, കേരള കലാമണ്ഡലം, സർവ വിജ്ഞാനകോശം, ഭാഷാ ഇൻസ്റ്റിസ്റ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിസ്റ്റ്യൂട്ട്, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സാംസ്കാരിക സ്മാരകങ്ങൾ, ഗ്രന്ഥശാലാ പ്രസ്ഥാനം, സ്ക്കൂൾ ഓഫ് ആർട്ട്സ് തുടങ്ങിയ സാംസ്കാരിക പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ആസൂത്രിതമായ പരിശ്രമങ്ങൾ വഴി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനുവേണ്ടി ഒരു സാംസ്കാരിക സർവ്വകലാശാല രൂപീകരിക്കുന്നതിന് കേരള സർക്കാർ ശ്രമിക്കുന്ന ഈ സന്ദർഭത്തിൽ ഗ്രാമപ്രദേശങ്ങളിൽ ചിന്നിച്ചിതറി കിടക്കുന്ന ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളെയും സ്പോർട്ട്സ് & ആർട്ട്സ് ക്ലബ്ബുകളെയും മഹിളാ സമാജങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ ഓരോ പ്രത്യേക വകുപ്പും അതിന്റെ തലവന്മാരായി ഓരോ പഞ്ചായത്ത് മെമ്പറന്മാരെയും നിയോഗിച്ച് യുവശക്തിയെ സമാഹരിച്ച് പ്രവർത്തനം നടത്തുന്നത് ഉചിതമായിരിക്കും.

അനിഷ്ഠാനകലകളെയും പാരമ്പര്യകലകളെയും തകർന്ന്പൊയ്ക്കൊണ്ടിരിക്കുന്ന നാടൻകലകളെയും ചില മതവിഭാഗങ്ങൾ മാത്രം നടത്തിവരുന്ന തിരുവാ

തിര, ഒപ്പന, അറവനമുട്ട്, മാർഗ്ഗംകളി മുതലായ പ്രസ്ഥാനങ്ങളെയും സംരക്ഷിക്കേണ്ട ചരിത്രപരമായ ബാദ്ധ്യത നാം ഏറ്റെടുക്കണം. പുലികളി, കോൽകളി, സീതകളി തുടങ്ങി ജീവിതഗന്ധിയായ കലകളെ അടുത്ത തലമുറയ്ക്ക് സുതാര്യമാക്കിക്കൊടുക്കുവാൻ ഇന്നത്തെ തലമുറയ്ക്ക് ബാദ്ധ്യതയുണ്ട്. അതിൽ നിന്നും നാം ഒഴിഞ്ഞുമാറുവാൻ പാടില്ല. കഴിഞ്ഞകാലങ്ങളിൽ ഓണക്കാലമാകുമ്പോൾ നാടും നാട്ടാരും പ്രതീക്ഷാപൂർവ്വം കാത്തിരുന്ന നാട്ടുകാരുടെ നാടൻ കലാ അവതരണവും നാടകങ്ങളും ഉണ്ടായിരുന്നു. ഗ്രാമവാസികളിൽ ഒളിഞ്ഞുകിടക്കുന്ന കലാകാരന്മാരെ സഹൃദയസമക്ഷം അവതരിപ്പിക്കാനുള്ള അപൂർവ്വ അവസരങ്ങളായിരുന്നു അതൊക്കെ. എന്നാൽ തിരക്കുപിടിച്ച ജീവിതത്തിൽ ഇന്ന് ആർക്കും ഇതിനൊന്നും സമയമില്ല. എല്ലാം പണം കൊടുത്ത് നടത്തുന്ന ഒരു ദുഷിച്ച ശീലക്രമം നമ്മെ ക്യാൻസർ രോഗം പോലെ ബാധിച്ചിരിക്കുന്നു. ഈ മൂല്യച്യുതിക്കെതിരെ ഉണരുവാനും പ്രതികരിക്കുവാനും ആവതൊക്കെ പരിഹാരങ്ങൾ ചെയ്യുന്നതിനും ഇനി വൈകിക്കൂടാ.

മതസൗഹാർദ്ദത്തിന് പേരുകേട്ടതാണ് നമ്മുടെ കൊറ്റങ്കര ഗ്രാമപഞ്ചായത്ത്. ഈ ജില്ലയിലെ തന്നെ ഐതിഹ്യങ്ങൾ നിരവധിയുള്ള പ്രധാന ആരാധനാലയങ്ങൾ നമ്മുടെ പ്രദേശത്തുണ്ട്. ഇളമ്പള്ളൂർ മഹാദേവിക്ഷേത്രം, പേരൂർ കരുനല്ലൂർ ദേവീക്ഷേത്രം, കുണ്ടറ വലിയപള്ളി, ആലുംമൂട് ജുമാഅത്ത് പള്ളി, മേക്കോൺ ജുമാഅത്ത് പള്ളി ഇവയെല്ലാം നമ്മുടെ നാടിന്റെ തിലകക്കുറികളാണ്. ഇളമ്പള്ളൂർ മഹാദേവിക്ഷേത്രവും അവിടുത്തെ പത്താമുദയ മഹോത്സവവും, കുണ്ടറ വലിയപള്ളി പെരുനാൾ മഹോത്സവവും, ജുമാഅത്ത് പള്ളികളുടെ നേതൃത്വത്തിൽ നടക്കുന്ന നബിദിനാഘോഷങ്ങളും ജാതിഭേദമന്യേ കൊറ്റങ്കര നിവാസികളുടെ മതസൗഹാർദ്ദത്തെ വിളിച്ചറിയിക്കുന്നതാണ്.

ഇളമ്പള്ളൂർ മഹാദേവിക്ഷേത്രത്തിലെ പത്താമുദയമഹോത്സവത്തിന് ഇവിടെയെത്തുന്ന ജനസഞ്ചയം, തൃശൂരിലെ പൂരം മഹോത്സവത്തിനുള്ളതുകഴിച്ചാൽ കേരളത്തിലെ രണ്ടാമത്തേതാണ്. കേരളത്തിലെയും മറ്റ് സംസ്ഥാനങ്ങളിലെയും വിദേശീയരടക്കം ഈ ജനസഞ്ചയം കണ്ട് അദ്ഭുതപരതന്ത്രരായി അഭ്രപാളികളിലേക്ക് പകർത്തിയിട്ടുള്ളതാണ്. ഇവിടുത്തെ പ്രസിദ്ധമായ - കെട്ടുകാഴ്ച - വണ്ടിക്കുതിരകളും, എടുപ്പ്കുതിരകളും, എടുപ്പ് കാളകളും, പുരാണ ചരിത്രകഥാനായകന്മാരെയും സംഭവങ്ങളെയും പ്രദർശിപ്പിക്കുന്ന ഫ്ലോട്ടുകളും, ഇവയ്ക്കെല്ലാം പിന്നിൽ നെറ്റിപ്പട്ടം കെട്ടിയ ഗജവീരന്മാരുടെ തലയെടുപ്പോടുകൂടിയുള്ള ഘോഷയാത്രയും ആർക്കും ഹരംപകരുന്ന ഒന്നാണ്. ഇന്ത്യാഗവൺമെന്റ് പത്താമുദയമഹോത്സവം ന്യൂസുകളായി ഇന്ത്യയൊട്ടാകെ പ്രചരിപ്പിക്കുന്നുണ്ട്.

കർഷകരുടെ കൊയ്ത്തുകാല ഉത്സവതാവളങ്ങളായി വയലേലകളുടെ കരഭാഗത്ത് നൂറുകണക്കിന് കാവുകൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഇവയിൽ പലതും ഇന്നും അവശേഷിക്കുന്നുണ്ട്. കൊറ്റങ്കര നാടിന്റെ സംസ്കാരം ഉയർത്തെഴുന്നേറ്റത് ഈ കാവുകളിലെ ഉത്സവങ്ങളിലൂടെയായിരുന്നു.

പഞ്ചായത്തിന്റെ വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെ ക്രോഡീകരിച്ചിരിക്കുന്നു.

വേലുത്തമ്പി ദളവയുടെ കുണ്ടറവിളംബരസ്മാരകമായി പഞ്ചായത്ത് ആഫീസിന് മുൻവശത്തുള്ള പഞ്ചായത്ത് വക സ്ഥലത്ത് സാംസ്കാരിക ഗവേഷണ പഠനത്തിന് ഉപകരിക്കുന്നവിധം ഒരു സാംസ്കാരിക കേന്ദ്രം നിർമ്മിക്കണം. ഇവിടെ വിശാലമായ വായനശാലാ ഹാളും, ലൈബ്രറിയും ഒരു മിനി ഓഡിറ്റോറിയവും ഉണ്ടായിരിക്കേണ്ടതും, കൊല്ലം - ചെങ്കോട്ട റോഡിന് അഭിമുഖമായി ഈ സ്ഥാപനത്തിൽ വേലുത്തമ്പി ദളവയുടെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിക്കേണ്ടതുമാണ്.

സംസ്ഥാനത്ത് സ്പോർട്ട്സ് കൗൺസിലുകൾ ഇന്ന് ജില്ലാതലം വരെ മാത്രമാണ് അതിന്റെ ഘടകങ്ങൾ പ്രവർത്തിക്കുന്നത്. ഇതിന്റെ ഏറ്റവും താഴത്തെ ഘടകമായി ഗ്രാമപഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലുകൾ കൂടി ആരംഭിക്കണം. ഈ സ്പോർട്ട്സ് കൗൺസിലുകളിൽ കൂടി ചെറുപ്രായത്തിലേ കുട്ടികളെ കണ്ടെത്തി കായികമായ പരിശീലനം നൽകണം. പ്രാദേശികമായ പ്രാതിനിധ്യം നോക്കാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെതട്ടുമുതൽ മേലേതട്ടുവരെയുള്ള എല്ലാ സ്ക്കൂളുകളെയും ഇതിലെ അംഗങ്ങൾ ആക്കുകയും ആ സ്ക്കൂളിലെ വിദ്യാർത്ഥികളെയെല്ലാംതന്നെ അതിന്റെ ഗുണഭോക്താക്കളാക്കുകയും ചെയ്യണം. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ കലാ സാംസ്കാരിക സംഘടനകളെയും (ഇവരാണം ഗ്രാമത്തിൽ കായികപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്ന പ്രസ്ഥാനങ്ങൾ) ഇതിൽ അംഗങ്ങളാക്കിയിരിക്കണം. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ നിന്നും കായിക പ്രോത്സാഹനമായി സ്പോർട്ട്സ് ക്ലബ്ബുകൾക്ക് (കലാ സാംസ്കാരിക സംഘടനകൾക്ക്)

നൽകുന്ന സാമ്പത്തിക സഹായം ഗ്രാമപഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലുകൾ മുഖേന നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലിന്റെ ഭരണനിർവ്വഹണത്തിനായി പഞ്ചായത്ത് പ്രസിഡന്റ് എക്സ് ഒഫിഷ്യോ ചെയർമാനും, പഞ്ചായത്ത് സെക്രട്ടറി ഓണററി സെക്രട്ടറിയായും സ്പോർട്ട്സ് ക്ലബ്ബുകളുടെ രണ്ട് പ്രതിനിധികൾ വീതം ഉൾക്കൊള്ളുന്ന ഒരു ഭരണസമിതി ഉണ്ടായിരിക്കണം. പഞ്ചായത്ത് കമ്മിറ്റിയിൽ നിന്നും ഒരു മെമ്പറെ ഇതിന്റെ വർക്കിംഗ് പ്രസിഡന്റായും, സ്പോർട്ട്സ് ക്ലബ്ബുകളുടെ അല്ലെങ്കിൽ കലാസമിതികളുടെയും സ്ക്കൂളുകളുടെയും പ്രതിനിധികളിൽ നിന്നും ഒരാളിനെ കൺവീനറായും നിശ്ചയിക്കേണ്ടതാണ്. ഈ ഗ്രാമപഞ്ചായത്ത് സ്പോർട്ട്സ് കൗൺസിൽ മുഖാന്തിരം ഈ പഞ്ചായത്ത് പ്രദേശത്തുനിന്നും ധാരാളം കുഞ്ഞുങ്ങളെ സ്പോർട്ട്സിൽ വാസനയുള്ളവരാക്കി മാറ്റാനും കായിക രംഗത്ത് അറിയപ്പെടുന്ന പ്രതിഭകളാക്കി മാറ്റാനും കഴിയും.

കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും വായനശാലകളും ഗ്രന്ഥശാലകളും പ്രവർത്തിക്കേണ്ടത് പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്ത് ഒഴിച്ചുകൂടാനാവാത്ത ഒരു ആവശ്യമാണ്.

ഇന്ന് നിലവിലുള്ള ലൈബ്രറികളുടെ വിവരം

1. പേരൂർ ബി വാർഡിൽ കേരളോദയം വായനശാല & ഗ്രന്ഥശാല
2. കൊറ്റങ്കര വാർഡിൽ ദേശാഭിമാനി വായനശാല & ഗ്രന്ഥശാല
3. മാമ്പുഴ വാർഡിൽ മംഗളോദയം വായനശാല & ഗ്രന്ഥശാല
4. ആലുംമൂട് വാർഡിൽ കൈരളി വായനശാല & ഗ്രന്ഥശാലയും ദേശസേവിനി വായനശാല & ഗ്രന്ഥശാലയും
5. ഇളമ്പള്ളൂർ വാർഡിൽ ദേശവർദ്ധിനി വായനശാല & ഗ്രന്ഥശാല
6. കുരീപ്പള്ളി വാർഡിൽ പ്രകാശ് റീഡിംഗ് സെന്റർ
7. പെരുമ്പുഴ എ വാർഡിൽ ഗ്രാമോദ്ധാരണ സഹകരണ സംഘം വായനശാല & ഗ്രന്ഥശാല
8. പെരുമ്പുഴ ബി വാർഡിൽ കല്ലുവിളക്കട പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം.
9. കുണ്ടറ എ യിൽ വൈ.എം.എ. ലൈബ്രറി & റീഡിംഗ് റൂം, ജവഹർ ലൈബ്രറി & റീഡിംഗ് റൂം

ഇതിൽ പലതിനും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത ഒരവസ്ഥയാണ്. വസ്തുവിന്റെയും കെട്ടിട നിർമ്മാണ സാധനങ്ങളുടെയും വിലവർദ്ധനവ് പരിഗണിക്കുമ്പോൾ ഈ സാംസ്കാരിക സംഘടനകൾക്ക് അവ പ്രവർത്തിക്കുന്ന ഗ്രാമവാസികളിൽനിന്ന് സംഭാവനകൾ സ്വീകരിച്ച് മാത്രം വസ്തുവോ കെട്ടിടമോ സ്വന്തമാക്കുവാൻ സാധിക്കുന്നില്ല. പുസ്തകങ്ങളുടെ അമിതമായ വിലവർദ്ധനവ് മൂലം ഗ്രന്ഥശാലകളെ മെച്ചപ്പെടുത്തുവാൻ കഴിയുന്നില്ല. പൊതുവെ ഒരു ജീർണ്ണത വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പിൽ അനുഭവപ്പെടുന്നു. പുത്തൻ തലമുറയുടെ താല്പര്യമില്ലായ്മ, വായനശാലാ - ഗ്രന്ഥശാലാ പ്രവർത്തനങ്ങളെ തളർത്തുന്നു. സാമൂഹിക നന്മ മുഴുവൻ വാർന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ വരുംതലമുറയുടെ സാംസ്കാരിക വളർച്ചയ്ക്ക് അടിസ്ഥാനപരമായി പ്രവർത്തിക്കേണ്ട ബാദ്ധ്യത വായനശാലകൾക്കും ഗ്രന്ഥശാലകൾക്കുമുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് പ്രവർത്തിക്കുവാൻ കഴിയാതെ നിസ്സഹായതയോടെ അധികാരികളിൽ നിന്നും സഹായവും പ്രതീക്ഷിച്ച് കഴിയുന്ന ഗ്രന്ഥശാലാ പ്രസ്ഥാനങ്ങൾക്ക് ഇനിയുള്ള ഏക അവലംബം ഗ്രാമപഞ്ചായത്ത് മാത്രമാണ്. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഓരോ വാർഡിലും ഓരോ വായനശാല & ഗ്രന്ഥശാല പ്രവർത്തിപ്പിക്കേണ്ടിയിരിക്കുന്നു. ആ ഗ്രാമവാസികൾക്ക് അവിടെ സമ്മേളിക്കുവാനും ആശയവിനിമയം നടത്തുന്നതിനും പാരായണം നടത്തുന്നതിനും സൗകര്യമുണ്ടാകണം. ഇത് കൊറ്റങ്കര പഞ്ചായത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ്. വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും പുനരേകീകരണത്തിനുവേണ്ടി കൊറ്റങ്കര പഞ്ചായത്ത് അതിർത്തിയിലുള്ള ഗ്രന്ഥശാലകളുടെ ഒരു കോ-ഓർഡിനേഷൻ (കൊറ്റങ്കര ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാലാ കൗൺസിൽ എന്ന പേരിൽ) രൂപീകരിക്കണം. ഗ്രന്ഥശാലാ സംഘത്തിൽ നിന്ന് അംഗീകാരം വാങ്ങിയിട്ടുള്ള എല്ലാ ഗ്രന്ഥശാലകളും ഇതിൽ അംഗങ്ങൾ ആയിരിക്കുകയും ഓരോ ഗ്രന്ഥശാലയിൽ നിന്നും രണ്ടുപേരെവീതം പ്രതിനിധികളായി തെരഞ്ഞെടുത്തിരിക്കണം. ഇതിന്റെ എക്സ് ഒഫിഷ്യോ ചെയർമാനായി പഞ്ചായത്ത് പ്രസിഡന്റും, ഓണററി സെക്രട്ടറിയായി പഞ്ചായത്ത് സെക്രട്ടറിയും, വർക്കിംഗ് പ്രസിഡന്റായി പഞ്ചായത്ത് കമ്മിറ്റി നിശ്ചയിക്കുന്ന ഒരു പഞ്ചായത്ത് മെമ്പ

റും, കൺവീനറായി ഗ്രന്ഥശാലാ പ്രതിനിധികളിൽ നിന്നും ഒരു പ്രതിനിധിയെയും തെരഞ്ഞെടുക്കണം. കേരളാ ഗ്രന്ഥശാലാ സംഘത്തിൽ നിന്നും ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് വിതരണം, പരിശോധന മുതലായവ പഞ്ചായത്ത് ഗ്രന്ഥസാലാ കൗൺസിൽ വഴി ആയിരിക്കണം. പഞ്ചായത്ത് ഭരണസമിതിയുടെ അധീനതയിൽ വരുന്ന കൊറ്റങ്കര പഞ്ചായത്ത് ഗ്രന്ഥശാലാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ജനകീയ പങ്കാളിത്തത്തോടുകൂടി സ്ഥലവും കെട്ടിടവും ഇല്ലാത്ത ഗ്രന്ഥശാലകൾക്ക് അവ ഉണ്ടാക്കി കൊടുക്കുന്നതിനും പുസ്തകങ്ങളും ഉപകരണങ്ങളും സമ്പാദിച്ചു കൊടുക്കുന്നതിനും കഴിയണം.

ഗ്രാമതലത്തിൽ ചെറുപ്പക്കാർ ഒത്തുചേർന്ന് ഒരു ശക്തിയായി മാറുമ്പോൾ അവിടെ ഒരു കലാസമിതിക്ക് രൂപംകൊള്ളുന്നു. കലാസാംസ്കാരിക രംഗത്ത് പുത്തൻ ഉണർത്തുപാട്ടുമായി പ്രവേശിക്കുന്ന ഈ കലാസമിതികൾ പലപ്പോഴും ഉദ്ഘാടനത്തിലും സമാപനത്തിലും ഒന്നിച്ചു കലാശിക്കുന്നു. അവിടെ രൂപംകൊള്ളുന്ന അനൈക്യമാണ് ഇതിനു കാരണം. എന്നാൽ പല കലാസമിതികളും സാംസ്കാരികമൂല്യങ്ങൾക്കും കലയ്ക്കും പ്രാധാന്യംകൊടുത്ത് നിലനിൽപ്പിനുവേണ്ടി ത്യാഗം സഹിച്ച് പ്രവർത്തിക്കുന്നു. പല വാർഡുകളിലും ഇങ്ങനെയുള്ള രണ്ടോ അതിലധികമോ കലാസമിതികൾ തന്നെ കലാപരമായ മാത്സര്യബുദ്ധിയോടെ പ്രവർത്തിക്കുന്നുണ്ട്. കലയാണ് ഇവരുടെ പ്രവർത്തനരംഗം എങ്കിലും സേവനമാണ് ഇവരുടെ മുഖ്യലക്ഷ്യം. ഓരോ ഗ്രാമപ്രദേശത്തിന്റെയും സേവനപാരമ്പര്യത്തിൽ അവിടെ പ്രവർത്തിക്കുന്ന കലാസമിതി പ്രവർത്തകരുടെ പങ്ക് പ്രത്യേകം ശ്രദ്ധേയമാണ്. നമ്മുടെ നാടിന് ലഭ്യമാകുന്ന യുവശക്തിയാണ് ആ സേവനം. ഈ കലാസമിതികളെ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കോർത്തിണക്കേണ്ടത് ഒഴിച്ചുകൂടാനാവാത്ത ഒരു വസ്തുതയാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശമാകെ പ്രവർത്തിക്കുന്ന കലാസമികതികളുടെ ഒരു കോ-ഓർഡിനേഷൻ (കൊറ്റങ്ക ഗ്രാമപഞ്ചായത്ത് ആർട്ട്സ് കൗൺസിൽ എന്ന പേരിൽ) രൂപീകരിക്കണം. ഇതിൽ കേരള സംഗീത നാടക അക്കാദമിയിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതോ, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ ആയ കലാസമിതികൾക്ക് അംഗത്വം നൽകാവുന്നതാണ്. ഓരോ കലാസമിതിയുടെയും രണ്ട് പ്രവർത്തകരെ വീതം ഇതിന്റെ പ്രവർത്തക സമിതിയിലേക്ക് തെരഞ്ഞെടുക്കാവുന്നതാണ്. ഇതിന്റെ എക്സ് ഒഫിഷ്യോ ചെയർമാനായി പഞ്ചായത്ത് പ്രസിഡന്റും, ഓണററി സെക്രട്ടറിയായി പഞ്ചായത്ത് സെക്രട്ടറിയും, വർക്കിംഗ് പ്രസിഡന്റായി പഞ്ചായത്ത് കമ്മിറ്റി നിശ്ചയിക്കുന്ന ഒരു പഞ്ചായത്ത് മെമ്പറും, കൺവീനറായി കലാസമിതി പ്രതിനിധികളിൽ നിന്നും ഒരു പ്രതിനിധിയെയും തെരഞ്ഞെടുക്കണം.

മാനവവിഭവശേഷി മന്ത്രാലയത്തിന്റെയും, കേരള സർക്കാരിന്റെയും, സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയും, ഗ്രന്ഥശാലാസംഘത്തിന്റെയും, കേരള സംഗീതനാടക അക്കാദമിയുടെയും, ഗ്രാമപഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ നടത്തുന്ന കലാസാംസ്കാരിക കായിക പരിപാടികളിൽ മേല്പറഞ്ഞ മൂന്ന് കൗൺസിലുകളുടെയും ആഭിമുഖ്യത്തിൽ നടത്താവുന്നതാണ്.

ജനകീയാസൂത്രണത്തിൽ മനുഷ്യശക്തി പ്രാധാന്യമേറിയ ഒരു വിഭവമായി സമാഹരിക്കേണ്ടതുള്ളതിനാൽ പഞ്ചായത്തുകളിൽ രൂപംകൊള്ളുന്ന ഗ്രാമപഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലിനും, ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാലാ കൗൺസിലിനും, ഗ്രാമപഞ്ചായത്ത് ആർട്ട്സ് കൗൺസിലിനും ആ രംഗത്ത് മഹത്തായ സംഭാവനകൾ ചെയ്യാൻ കഴിയും.

ഒരു താലൂക്കിനോളം പ്രാധാന്യമുള്ള കുണ്ടറയുടെ ആസ്ഥാനമായ ഇളമ്പള്ളൂരിൽ ആണ് കൊറ്റങ്കര ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. വിദ്യാഭ്യാസരംഗത്തെ കുണ്ടറ ഉപജില്ലയിൽ പെടുന്ന സ്ക്കൂളുകളുടെ ആസ്ഥാനവും ഇവിടം ആണ്. കൊല്ലം ലാൽ ബഹദൂർ സ്റ്റേഡിയം കഴിഞ്ഞാൽ പിന്നീടുള്ള ഏക സ്റ്റേഡിയം പുനലൂർ സ്റ്റേഡിയമാണ്. ഇവയ്ക്കിടയിൽ പ്രാധാന്യമർഹിക്കുന്ന വിധത്തിൽ ഒരു സ്റ്റേഡിയം ഉണ്ടാകേണ്ടിയിരിക്കുന്നു. കൊറ്റങ്കര പഞ്ചായത്തിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ ഉണ്ടാകണം.

കൊറ്റങ്കര പഞ്ചായത്തിൽ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾക്ക് ആ ഗ്രാമത്തിന്റെ സാമൂഹ്യവികസന പ്രവർത്തനങ്ങളുടെ കേന്ദ്രമായി പ്രവർത്തിക്കുന്നതിന് സ്വന്തമായി കെട്ടിടവും സൗകര്യങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

വനിത

വിദ്യാഭ്യാസ ബിരുദവും സാങ്കേതിക വിദ്യാഭ്യാസവുമൊക്കെ നേടിയ സ്ത്രീകൾ ധാരാളമുണ്ടായിട്ടും ഔദ്യോഗിക ഭരണരംഗത്തെ മേധാവികളായിപോലും സ്ത്രീകൾ അങ്ങേയറ്റം തിളക്കമാർന്നു പ്രവർത്തിച്ചിട്ടും, രാജ്യത്തിന്റെ പ്രധാന ഭരണാധികാരികളായിപ്പോലും സ്ത്രീകൾ നാടുവാണിട്ടും സാമൂഹിക വികസന പ്രക്രിയയിൽ നിന്ന് സ്ത്രീകൾ ഒഴിഞ്ഞുമാറുന്ന ഒരു വൈരുദ്ധ്യമാണ് ഇന്ന് കാണുന്നത്. ഭാരത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ പോലും സ്ത്രീകൾ ഒരു സമൂഹമായി ഇറങ്ങിതിരിച്ചിരുന്നു. ഇന്ന് ജനാധിപത്യത്തിന്റെ അടിസ്ഥാന ഭരണകൂടമായ പഞ്ചായത്ത് രാജ് ഭരണസംവിധാനത്തിൽ സ്ത്രീകൾക്ക് മൂന്നിലൊന്ന് സ്ഥാനം സംവരണം ചെയ്യുകഴിഞ്ഞിരിക്കുന്നു. എന്നാൽ ഈ മൂന്നിലൊന്ന് സ്ഥാനത്ത് അവരോധിക്കപ്പെട്ടവർ എത്രകണ്ട് സാമൂഹിക വികസനപ്രവർത്തനങ്ങളിൽ തല്പരരാണ്. ഇവരോടൊപ്പം എത്രത്തോളം സ്ത്രീകളെ ഇവർ സംഘടിപ്പിച്ച് സാമൂഹിക വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കി മാറ്റി! ഇതൊക്കെ നാം ശരിക്കും പരിശോധിക്കേണ്ട കാര്യങ്ങളാണ്. ഇന്ന് നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്ന രൂക്ഷമായ തൊഴിലില്ലാത്തവരുടെ കൂട്ടത്തിൽ ഏറിയപങ്കും സ്ത്രീകളാണ്. എന്നാൽ ഉന്നതങ്ങളായ സാങ്കേതിക വിദ്യാഭ്യാസം നേടിയവരുടെ എണ്ണത്തിലും സ്ത്രീകൾ മുന്നിലാണ്.

പൊതു സാമൂഹ്യധാരയിൽ നിന്നും വികസനപ്രവർത്തനങ്ങളിൽ നിന്നും സ്ത്രീകളെ ആരും ഒഴിവാക്കപ്പെടുന്നതല്ല. സ്വയം ഒഴിവാകുന്നതാണ്. സമൂഹത്തിൽ സ്ത്രീക്ക് മാന്യത കല്പിക്കുന്നുണ്ടെന്നാണ് രേഖ. എന്നാൽ സർവസാധാരണമായി സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ സാമൂഹ്യധാരയിൽ നിന്നും അവർ ഒഴിഞ്ഞുപോകുന്നതിൽ കുറ്റപ്പെടുത്താനാകില്ല. തിന്നുകൂടിച്ച് മദോന്മത്തരായി ഉല്ലസിച്ച് സുഖലോലുപരായി നടക്കുന്ന സമ്പന്നവിഭാഗത്തിലെ ഒരുകൂട്ടരും, അവരുടെ ചിറിനക്കി പട്ടികളായി – ആജ്ഞാനുവർത്തികളായി – ഏതു കാടത്തരവും പ്രവർത്തിക്കുന്നതിന് ഒരു കൂസലുമില്ലാതെ നടക്കുന്ന മറ്റൊരുകൂട്ടരും ചേർന്ന് ഏറ്റവും ആകർഷണീയമായവിധം മാന്യമായി സ്ത്രീകളോട് അടുത്ത് പെരുമാറി വശീകരിച്ച് എടുത്തശേഷം സ്ത്രീത്വം പിച്ചിച്ചീന്തി സ്ത്രീസമൂഹത്തെ മൊത്തം അപമാനിക്കുന്നു. ഏതുവിധത്തിലുള്ള സ്വാധീനമായാലും അതുപയോഗിച്ച് ഇവർ നിയമപരമായ നടപടികളിൽ നിന്നും രക്ഷപെടുന്നു. ഇതാണ് നമ്മുടെ നാടിന്റെ അവസ്ഥ. സ്ത്രീകൾ ശക്തരായി സംഘടിച്ചാൽ മാത്രമേ ഇതിനൊരു പരിഹാരം കാണാൻ കഴിയുകയുള്ളൂ. ഇപ്പോൾ രാഷ്ട്രീയപാർട്ടികൾ മഹിളാവിഭാഗങ്ങൾ ഉണ്ടാക്കി സ്ത്രീകളെ സ്ത്രീപീഡനങ്ങൾക്കും അധഃപതന വാസനകൾക്കും എതിരായി സംഘടിപ്പിക്കാനും സ്ത്രീത്വം പിച്ചിച്ചീന്തുന്ന കാപാലികർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ അധികാരികളെ നിർബന്ധിതരാക്കി മാറ്റുകയും ചെയ്യുന്നു. സ്ത്രീക്ക് സമൂഹത്തിൽ സുരക്ഷിതത്വം ഉറപ്പാക്കിയാൽ മാത്രമേ ധൈര്യമായി പൊതു സാമൂഹ്യധാരയിലും വികസനപ്രവർത്തനങ്ങളിലും നിർഭയം പങ്കെടുക്കുന്നതിനുള്ള ആത്മധൈര്യം ഉണ്ടാകുകയുള്ളൂ.

സ്ത്രീസമൂഹം അനുഭവിക്കുന്ന തൊഴിലില്ലായ്മയിൽ നിന്നും മോചനം ലഭിക്കുന്നതിന് നൂതനവും വൈവിധ്യമുള്ളതുമായ തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് പരിശീലനം നൽകുന്നതിനും വൈദഗ്ദ്ധ്യപോഷണം നൽകുന്നതിനുമുള്ള സംവിധാനം ഉണ്ടാകണം. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഓരോ ചെറുകിട വനിതാ വ്യവസായയൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ ഉണ്ടാകണം. ഇവയ്ക്കെല്ലാം കൂടി ഗ്രാമപഞ്ചായത്തുതലത്തിൽ ഒരു കേന്ദ്രീകൃത സൊസൈറ്റി ഒരു മാർക്കറ്റിംഗ് സൊസൈറ്റി പോലെ പ്രവർത്തിക്കണം. ഇതുപോലെ പഞ്ചായത്തുകൾ തമ്മിൽ ചേർന്ന് ബ്ലോക്കുതലത്തിലും, ബ്ലോക്കുതലത്തിലുള്ളവ ചേർന്ന് ജില്ലാതലത്തിലും, ജില്ലാതലത്തിലുള്ളവ ചേർന്ന് സംസ്ഥാനതലത്തിലും കേന്ദ്രീകരിച്ച് പ്രവർത്തിക്കാനുള്ള സംവിധാനം ഉണ്ടാകണം. നമ്മുടെ രാജ്യത്തിന് ആവശ്യമുള്ള അനേകം ഉല്പന്നങ്ങൾ ഈ സംരംഭത്തിൽ കൂടി ഉല്പാദിപ്പിക്കാനും അവയുടെ വിപണികൾ കണ്ടെത്താനും, വനിതകൾക്ക് തൊഴിൽ ഉണ്ടാക്കുന്നതിനും സാധിക്കും.

പച്ചക്കറി കൃഷിയിലും, പുരയിട കൃഷിയിലും, വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും പരിപാലനത്തിലും സ്ത്രീകളുടെ ശ്രദ്ധപ്രത്യേകമായി തിരിക്കുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിഭവനും, മൃഗസംരക്ഷണ ആഫീസും മുഖാന്തിരം പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്തുസെന്ററുകളിൽ കൂടിയും അതിന്റെ വാർഡുതലങ്ങളിലുള്ള ഹെൽത്തുസെന്ററുകളിൽ കൂടിയും, ആയുർവ്വേദ, ഹോമിയോ ആശുപത്രികളിൽക്കൂടിയും, ചികിത്സാപരിഷ്കരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമ്പോൾ സ്ത്രീകൾക്കാവശ്യമായ പ്രത്യേക ചികിത്സാസൗകര്യങ്ങൾ അവയിൽ ഉറപ്പാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. പഞ്ചായത്തിലെ വനിതകളുടെ പരിപാടിയായി പ്രത്യേകമായി വനിതാ ഹെൽത്ത് കാർഡ് സിസ്റ്റം നടപ്പാക്കണം.

പഞ്ചായത്തു നേരിട്ടു നടത്തുന്ന പദ്ധതികളിൽ വനിതകൾക്ക് പ്രാമുഖ്യം നൽകണം. സ്ത്രീകൾക്കുവേണ്ടി പഞ്ചായത്തിൽ നിന്നും ഇടപെട്ടു നടത്തുന്ന പദ്ധതികളുടെ ഫലവത്തായ നടത്തിപ്പിന് പഞ്ചായത്തിന്റെ നേരിട്ടുള്ള ഇടപെടലുകൾ ആവശ്യമാണ്. ഇത് നിയമംമൂലംതന്നെ ഉണ്ടാവുകയും വേണം.

പഞ്ചായത്തിൽ നിന്നും നിർമ്മിച്ചിട്ടുള്ള എല്ലാ ടി.വി.കോംപ്ലക്സുകളിലും അടിയന്തിരമായി ടി.വി. സെറ്റുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വേലുത്തമ്പി ദളവ സാംസ്കാരിക നിലയം നിർമ്മിക്കുമ്പോൾ (പഞ്ചായത്തിനു മുൻവശം) സ്ത്രീകൾക്കുവേണ്ടി പഞ്ചായത്തുപ്രദേശമാകെ സഞ്ചരിക്കുന്ന ഒരു മൊബൈൽ ലൈബ്രറി ആരംഭിക്കേണ്ടതാണ്. ഇതിന് ആവശ്യമായ വാഹനം സ്പോൺസർ ചെയ്യിച്ചോ പൊതുജനങ്ങളിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചോ പഞ്ചായത്തിന് വാങ്ങിക്കാവുന്നതാണ്.

എല്ലാ വാർഡുകളിലും കുട്ടികളുടെ മാനസികോല്ലാസത്തിനും കായിക പ്രോത്സാഹനത്തിനും വേണ്ടി ഓരോ ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കേണ്ടതാണ്.

ഇരുനൂറോളം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന പുനുക്കന്നൂർ സെറ്റിൽമെന്റ് കോളനിയോട് ചേർന്ന് അവർക്ക് പത്രമാസികകളും പുസ്തകങ്ങളും വായിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ നിന്ന് ഒരു പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കണം.

ഇളമ്പള്ളൂർ വാർഡിൽ കഴിഞ്ഞ 20 വർഷങ്ങളായി പ്രവർത്തിക്കാതെ പൂട്ടിയിട്ടിരിക്കുന്ന ദേശാഭിവർദ്ധിനി വായനശാല & ഗ്രന്ഥശാല പഞ്ചായത്തിൽ നിന്നും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ഈ ഗ്രന്ഥശാലയ്ക്ക് സ്വന്തമായി 5 സെന്റ് വസ്തുവും കോൺക്രീറ്റ് മേൽക്കൂരയോട്കൂടിയ നല്ല ഒരു കെട്ടിടവുമുണ്ട്.

പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും സ്വന്തമായി ലൈബ്രറിയുണ്ട് എന്നാണ് വയ്പ്. ചില സ്കൂളുകൾക്ക് ലൈബ്രറിയുണ്ടെങ്കിലും കൂടുതലും ലൈബ്രറികൾ ഇല്ലാത്ത സ്കൂളുകളാണ്. എല്ലാ സ്കൂളുകളിലും ലൈബ്രറി ഉണ്ടായിരിക്കണമെന്നും അവിടെനിന്നും സ്കൂൾ വിദ്യാർത്ഥികൾക്ക് കൃത്യമായി പുസ്തകങ്ങൾ വിതരണം ചെയ്തിരിക്കണമെന്നും, അവ കുട്ടികൾ വായിക്കുന്നുണ്ടോയെന്നും അധ്യാപകർ ഉറപ്പുവരുത്തിയിരിക്കണമെന്നും വ്യവസ്ഥയുണ്ടാക്കണം. ഇത് പരിശോധിക്കുന്നതിന് സ്കൂൾ പി.റ്റി.എ. യും മാതൃസംഗമവും പ്രത്യേകം താല്പര്യം കാണിക്കണം.

ഗ്രാമ പഞ്ചായത്തിന്റെ എല്ലാ വാർഡിലും ഓരോ മഹിളാസമാജം വീതം ഉണ്ടായിരിക്കണമെന്നും അവയ്ക്ക് സ്വന്തമായി കെട്ടിടമുണ്ടായിരിക്കണമെന്നും അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നുണ്ടോയെന്ന് പഞ്ചായത്തിൽ നിന്നും പരിശോധിക്കുന്നതിനും സംവിധാനം ഉണ്ടാകണം.

പഞ്ചായത്ത് അധീനതയിൽ വരുന്ന കലാസാംസ്കാരിക സംഘടനകളെ ഉൾക്കൊള്ളിച്ചുകൊണ്ട് മേല്പറഞ്ഞ മൂന്ന് കൗൺസിലുകളുടെയും ആഭിമുഖ്യത്തിൽ പഞ്ചായത്ത് തലത്തിൽ കലാ-കായിക മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകി ആദരിക്കണം.

ജില്ലാതലം മുതൽ ഉയർന്ന സ്ഥാനങ്ങൾ നേടുന്ന കലാകാരന്മാരെയും കായിക താരങ്ങളെയും പഞ്ചായത്തിൽ നിന്നും പ്രോത്സാഹിപ്പിച്ചുകൊണ്ട് പാരിതോഷികങ്ങൾ നൽകണം.

കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിനോടനുബന്ധിച്ച് പണിതീർത്തിട്ടുള്ള ഡൈനിംഗ് ഹാളും, കിച്ചനും അതിനോടനുബന്ധിച്ചുള്ള വാട്ടർ സപ്ലൈ ഫിറ്റിംഗുകളും ചുറ്റുമതിലും പൂർത്തീകരിച്ച്, ഡൈനിംഗ് ഹാളിൽ ആവശ്യമുള്ള കസേരകളും മേശകളും പണിയിച്ചും, പാചകപ്പുരയിലേക്ക് കുക്കിംഗ് ഗ്യാസും അതിന്റെ അടുപ്പുകളും, പാചക പാത്രങ്ങളും വാങ്ങിയും കല്യാണ ആവശ്യങ്ങൾക്കുവേണ്ടി വാടകയ്ക്കു കൊടുക്കുവാനുള്ള സംവിധാനം വേണം.

നിലവിലുള്ള കമ്മ്യൂണിറ്റിഹാൾ അടിയന്തിരമായി റിപ്പയർ നടത്തി സൗണ്ട് എക്കോ പരിഹരിച്ച് സ്റ്റേജിനകത്ത് കർട്ടനും കട്ടൗട്ടുകളും മറ്റ് സെറ്റിംഗ് സൗകര്യങ്ങളും ഉണ്ടാക്കി നാടകാവതരണത്തിനും മറ്റ് കലാപരിപാടികൾക്കും ഉപയോഗിക്കുന്നതിനുവേണ്ടി സജ്ജമാക്കണം. ഈ കമ്മ്യൂണിറ്റിഹാളിന് മൊത്തത്തിൽ വേലുത്തമ്പി ദളവ മെമ്മോറിയൽ ആഡിറ്റോറിയം എന്ന് നാമകരണം ചെയ്യേണ്ടതാണ്.

ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണപദ്ധതിയായി രൂപംകൊടുത്ത് ഒരു ജനകീയ പദ്ധതിയായി നടപ്പാക്കുമ്പോൾ പഞ്ചായത്തുകമ്മിറ്റിയുടെ പൂർണ്ണ നേതൃത്വത്തോടുകൂടിയതും, നിയമപരമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതും ആയ ഓരോ വനിതാവികസന സേനകൾ ഓരോ വാർഡിലും ഉണ്ടാകണം.

പഞ്ചായത്തിൽ വികസനപ്രവർത്തനങ്ങളെക്കുറിച്ചും, ഏതെങ്കിലും പദ്ധതികളോ പരിപാടികളോ നടപ്പാക്കുന്നതിനെക്കുറിച്ചും ആലോചിച്ചു തീരുമാനിക്കുന്നതിനായി സന്നദ്ധ സംഘടനകളുടെയും, രാഷ്ട്രീയകക്ഷികളുടെയും യുവജന സംഘടനകളുടെയും പ്രതിനിധികളെ ക്ഷണിക്കുന്നതിനോടൊപ്പം ഓരോ വാർഡിലും പ്രവർത്തിക്കുന്ന മഹിളാസമാജങ്ങളുടെയും അങ്കണവാടികളുടെയും, രാഷ്ട്രീയകക്ഷികളുടെ മഹിളാവിഭാഗങ്ങളുടെയും പ്രതിനിധികളെക്കൂടി ക്ഷണിക്കേണ്ടതും പ്രവർത്തനങ്ങളിൽ അവരെ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതും ആണ്.

ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ

കശുവണ്ടി മേഖലയിലേയും, കാർഷികമേഖലയിലേയും, തീപ്പട്ടി നിർമ്മാണ വ്യവസായത്തിലേയും സ്ത്രീ തൊഴിലാളികൾ കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ അവർക്ക് ആവശ്യമായ ക്ഷേമപ്രവർത്തനങ്ങളും പാർപ്പിട സൗകര്യങ്ങളും ലഭിക്കുന്നതിനും വേണ്ട നടപടികൾ ഉണ്ടാകണം.

വൃദ്ധജനങ്ങളെ പുനരധിവസിപ്പിച്ച് സംരക്ഷിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കണം.

വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി സാങ്കേതികമായി പരിശീലനം നൽകുകയും, സ്വയം തൊഴിലിനുവേണ്ട സാമ്പത്തിക സഹായം, ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

എല്ലാ വാർഡുകളിലും ബാലവാടികളും മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം സ്ത്രീക്ഷേമത്തിനുവേണ്ടി പരമാവധി ഉപയോഗിക്കുവാൻ കഴിയുന്നില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനുവേണ്ടി മഹിളാ സമാജങ്ങളും ബാലവാടികളും പുനഃസംഘടിപ്പിക്കുകയും സ്ത്രീക്ഷേമത്തിന് ആവശ്യമായ പദ്ധതികൾ ഇവ വഴി നടപ്പാക്കുകയും ചെയ്യണം.

ചാരായനിരോധനം ഫലപ്രദമായ വിധത്തിൽ നടപ്പാക്കുന്നതിന് ജനകീയാസൂത്രണം വഴി പദ്ധതികൾ നടപ്പാക്കുക.

പഞ്ചായത്തിന്റെ മൂന്ന് വാർഡുകൾ വീതം ചേർത്ത് ഒരു കേന്ദ്രമാക്കിക്കൊണ്ട് 5 മാവേലിസ്റ്റോറുകൾ ഈ പഞ്ചായത്തിൽ അനുവദിക്കേണ്ടതാണ്.

വനിതകളുടെ തൊഴിൽ സാധ്യതകൾ കണ്ടെത്തി നടപ്പാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഇതിനാവശ്യമായ സാമ്പത്തിക സഹായം സ്വരൂപിക്കുന്നതിനും ഉല്പന്നങ്ങളുടെ വിപണി കണ്ടെത്തുന്നതിനും വേണ്ടി കേന്ദ്രീകൃത സ്വഭാവത്തോടുകൂടിയ ഒരു വനിതാ സഹകരണസംഘം കൊറ്റങ്കര പഞ്ചായത്ത് ആസ്ഥാനമാക്കി രൂപീകരിക്കേണ്ടതും വാർഡുതലങ്ങളിൽ ഇതിന്റെ ഓരോ ശാഖകൾ പ്രവർത്തിപ്പിക്കേണ്ടതുമാണ്.

പച്ചക്കറി തോട്ടങ്ങൾ വീടുകൾ തോറും നടത്തുന്നതിന് സൗജന്യനിരക്കിൽ വിത്തും വളവും കൃഷിഭവൻ മുഖാന്തിരം എല്ലാ വീടുകളിലെയും സ്ത്രീകൾക്ക് ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിലെ 15 വാർഡുകളിലും ഓരോ അങ്കണവാടികൾ വീതം ആരംഭിക്കണം.

ജനകീയാസൂത്രണം സംബന്ധിച്ച് പഞ്ചായത്തിൽ എല്ലാ വാർഡുകളിലും രൂപീകൃതമാകുന്ന കമ്മിറ്റികളിൽ സ്ത്രീകൾക്ക് കുറഞ്ഞത് മൂന്നിലൊന്ന് പ്രാതിനിധ്യം ലഭ്യമാക്കണം.

പഞ്ചായത്ത് പ്രദേശത്ത് എല്ലാ സ്ക്കൂളുകളിലും മാതൃസംഗമങ്ങൾ കാര്യമായി പ്രവർത്തിപ്പിക്കുകയും ആയതിന് പഞ്ചായത്തടിസ്ഥാനത്തിൽ നിന്നും വ്യക്തമായ നേതൃത്വം ഉണ്ടാകുകയും വേണം.

പഞ്ചായത്ത് പ്രദേശത്തെ രോഗികളിൽ കൂടുതലും സ്ത്രീകളാണം. സ്ത്രീകളായ രോഗികളുടെ പ്രത്യേക പരിചരണം ലക്ഷ്യമാക്കി എല്ലാ വാർഡുകളിലും ഓരോ ഹെൽത്ത് സെന്ററുകൾ പ്രവർത്തിപ്പിക്കണം.

പ്രായമായി വരുന്ന പെൺകുട്ടികളുടെയും സ്ത്രീകളുടെയും മേൽ മിക്കപ്പോഴും ഉണ്ടാകുന്ന ആക്രമണങ്ങൾ കുടുംബജീവിതങ്ങൾ തന്നെ തകർക്കുന്നതാണ്. ഇതിന് ശാശ്വതമായ ഒരുറുതി വരുത്തുന്നതിന്വേണ്ടി ശക്തമായ നിയമസംരക്ഷണവും ബോധവൽക്കരണവും ആവശ്യമാണ്.

സ്ത്രീധനത്തിന്റെ പേരിലും മദ്യപാനം തുടങ്ങിയ കാര്യങ്ങളുടെ പേരിലും വളരെയധികം കുടുംബങ്ങളിൽ സ്ത്രീപുരുഷന്മാർ രമ്യമല്ലാതെ പ്രവർത്തിക്കുന്നതിനെ തുടർന്ന് കുടുംബബന്ധങ്ങൾ താറുമാറായിക്കൊണ്ടിരിക്കുന്നു. തക്കസമയങ്ങളിലുള്ള ഇടപെടൽ മൂലം പല പ്രശ്നങ്ങളും പരിഹരിച്ച് കുടുംബാന്തരീക്ഷം രമ്യമാക്കാവുന്നതാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഗ്രാമസഭയുടെ കീഴിൽ വാർഡുമെമ്പർ കൺവീനറായി ഒരു ഉപസമിതി ഉണ്ടാകേണ്ടതാണ്.

സ്ത്രീകളുടെ അശ്ലീല പോസ്റ്ററുകൾ പ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കണം.

കുണ്ടറയിൽ ഒരു വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കണം.

സഹകരണ സംഘങ്ങൾ

ആഗോളവൽക്കരണവും കമ്പോളസംസ്കാരവും അരങ്ങ് കീഴടക്കാൻ നടത്തുന്ന മത്സരങ്ങൾക്കിടയിൽ പിടിച്ചു നിൽക്കുകയും ആശ്വാസം നൽകുകയും ചെയ്യുന്ന സേവന മേഖലയാണ് സഹകരണ പ്രസ്ഥാനം. മത്സരത്തിന്റെ ദോഷഫലങ്ങളില്ലാത്ത സവിശേഷ വ്യാപാര രീതിയാണ് സഹകരണം. സമൂഹത്തിലെ ദുർബലരുടെ സംഘടനായാണ് സഹകരണം. സമത്വത്തിലും ജനാധിപത്യത്തിലും സംഘടിത ശക്തിയിലും അധിഷ്ഠിതമാണ് അത്. മനുഷ്യൻ അഭിമുഖീ കരിക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് സഹകരണ രീതിയിലൂടെ ആശ്വാസം കണ്ടെത്താൻ കഴിയും. പരസ്പര സഹായത്തിൽ കൂടിയുള്ള സാശ്രയത്വം എന്ന ആശയമാണ് സഹകരണാധിഷ്ഠിതമായ എല്ലാ സംരംഭങ്ങൾക്കും അടിസ്ഥാനശിലയായി പ്രവർത്തിക്കുന്നത്. സഹകരണത്തിന്റെ പ്രധാനപ്പെട്ട ആശയങ്ങളിലൊന്നാണ് എല്ലാവരും ഒരുവന്, ഒരുവൻ എല്ലാപേർക്കും എന്നത്. പരസ്പര സഹായത്തിൽക്കൂടിയുള്ള സാശ്രയത്വം വിജയിക്കണമെങ്കിൽ ഏറ്റവും പ്രധാനപ്പെട്ടത് ആത്മനിഷ്ഠമായ ഘടകമാണ്. വ്യക്തികൾ സ്വാർത്ഥത വെടിയണം. സഹകരിക്കാനും സഹായിക്കാനും തയ്യാറാകണം.

കേരളത്തിലെ സഹകരണ മേഖല വളരെ വിപുലമാണ്. സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ തന്നെ പതിനാലായിരത്തോളം സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു ണ്ട്. രാഷ്ട്രീയ പരീക്ഷണങ്ങൾക്കും സർക്കാർ സംരംഭങ്ങൾക്കും അപ്പുറം സഹകരണ പ്രസ്ഥാനം പോയിട്ടില്ല എന്നത് വസ്തുതയാണ്. 1904 -ലെയും 1912- ലെയും ആദ്യ സഹകരണ നിയമങ്ങളിൽ നില നിന്ന ഗവൺമെന്റ് നിയന്ത്രണം മുഖ്യഘടകമായി തന്നെ തുടർന്നുള്ള നിയമങ്ങളിലും തുടർന്നുപോന്നു. സ്വന്തം കാലിൽ നിൽക്കുന്നതിന് പര്യാപ്തമാംവിധം സഹകരണനിയമങ്ങളിൽ ഭേദഗതി ആവശ്യമാണ്. നിരവധി കാര്യങ്ങളിൽ മാതൃകയായിട്ടുള്ള കേരളം തന്നെ സഹകരണ തത്വങ്ങൾക്കനുസരിച്ച് സംഘങ്ങളുടെ ഭരണവും പ്രവർത്തനവും ചിട്ടപ്പെടുത്തുന്നതിന് മാതൃകയാകുന്ന നിയമനിർമ്മാണം കൊണ്ടുവരണം. അന്താരാഷ്ട്ര സംഘടന 1995 -ലെ മാഞ്ചസ്റ്റർ കോൺഗ്രസിൽ പുതുക്കി നിശ്ചയിച്ച സഹകരണ തത്വങ്ങൾ താഴെ വിവരിക്കുന്നു.

സ്വമേധയായും തുറന്നതുമായ അംഗത്വം
ജനാധിപത്യനിയന്ത്രണം
അംഗത്തിന്റെ സാമ്പത്തിക പങ്കാളിത്തം
സ്വയം ഭരണവും സ്വാതന്ത്ര്യവും
വിദ്യാഭ്യാസം, പരിശീലനം, അറിവു പകരൽ
സംഘങ്ങൾ തമ്മിലുള്ള സഹകരണം
സാമൂഹ്യ പ്രതിബദ്ധത

പുത്തൻ സാമ്പത്തിക നയത്തിന്റെ പ്രീണനങ്ങൾ സഹകരണപ്രസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. സഹകരണമേഖലയുടെ സേവനമേഖലകളിൽ സഹകാര്യ സംരംഭങ്ങൾക്ക് യഥേഷ്ടം കടന്നുവരാനുള്ള സ്വാതന്ത്ര്യം നൽകിയത് കടുത്ത മത്സരം സൃഷ്ടിച്ചിരിക്കുകയാണ്. ബാങ്കിംഗ് മേഖലയിലും ക്ഷീരമേഖലയിലും സഹകാര്യസ്ഥാപനങ്ങളുടെ നിയന്ത്രണമില്ലാത്ത രംഗപ്രവേശം സഹകരണസംഘങ്ങളെ വിഷമസ്ഥിതിയിലാക്കിയിട്ടുണ്ട്.

കേരളത്തിലെ സഹകരണബാങ്കുകളിൽ സ്വരൂപിക്കുന്ന നിക്ഷേപങ്ങളിൽ 100% വും കേരളത്തിൽ തന്നെ വിനിയോഗിക്കുമ്പോൾ ഇതര ബാങ്കുകളും സഹകാര്യ സ്ഥാപനങ്ങളും നിക്ഷേപങ്ങൾ പുറത്തേക്ക് കൊണ്ടുപോവുകയാണ്.

ജനകീയാസൂത്രണം വിജയകരമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സഹകരണമേഖലയ്ക്ക് പ്രത്യേക പ്രസക്തിയും പ്രാധാന്യവുമുണ്ട്. സാമ്പത്തിക ആസൂത്രണത്തിന്റെ ജനാധിപത്യവൽക്കരണത്തിന് ഉത്തമമായ മാധ്യമങ്ങളാണ് സഹകരണസംഘങ്ങൾ. പഞ്ചായത്തുകൾ നടപ്പിലാക്കുന്ന വിവിധങ്ങളായ വികസനപ്രവർത്തനങ്ങളുടെ ഫൈനാൻസിങ്ങ് ഏജൻസിയാക്കി സഹകരണബാങ്കുകളെ മാറ്റാൻ സാധിക്കുന്നതാണ്. പക്ഷെ, വിഭവസമാഹരണത്തിന് അനുകൂലമായ സാഹചര്യങ്ങൾ സംഘങ്ങൾക്ക് ഒരുക്കിക്കൊടുക്കണം. കൂടാതെ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാനജീവിതമാർഗ്ഗങ്ങളുടെ മേഖലയിൽ സഹകരണാടിസ്ഥാനത്തിലുള്ള പുതിയ സംരംഭങ്ങളുണ്ടാക്കാനും സാധിക്കുകയാണെങ്കിൽ ഗ്രാമീണ മേഖലയെ ചൈതന്യവത്താക്കാൻ സാധിക്കും. വികസന മാതൃകളെക്കുറിച്ച് സജീവ ചർച്ച നടക്കുന്ന ഈ സംരംഭത്തിൽ സഹകരണരീതിയിലുള്ള സംരംഭങ്ങൾ കൂടുതലായി പരീക്ഷിക്കാവുന്നതാണ്.

ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണസംഘങ്ങൾ ഗ്രാമീണരുടെ കാർഷികവും കാർഷികേതരവുമായ സാമ്പത്തിക ആവശ്യങ്ങൾക്ക് പ്രധാനമായും വായ്പകൾ നൽകി സഹായിച്ചുപോന്നു. ഈ ആവശ്യങ്ങൾ പ്രധാനമായും നിർവഹിച്ചുവരുന്നത് വായ്പാസംഘങ്ങളാണ്. നമ്മുടെ പഞ്ചായത്തിൽ താഴെപറയുന്ന ക്രെഡിറ്റ് സംഘങ്ങൾ ഈ ആവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റിവരുന്നു. എന്നാൽ വിഭവസമാഹരണത്തിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ലാത്തതിനാൽ ഗ്രാമീണരുടെ 30%ത്തിലധികം വായ്പാവശ്യങ്ങൾ ഇവയ്ക്കു നിർവ്വഹിക്കുവാൻ കഴിയുന്നില്ല.

ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തനം ആരംഭിച്ചിട്ട് പ്രവർത്തിക്കാതെ കിടക്കുന്ന ധാരാളം സഹകരണസ്ഥാപനങ്ങൾ ഉണ്ട്. അവയിൽ ചിലതുമാത്രം താഴെകുറിക്കുന്നു.

1. രാജീവ്ഗാന്ധി മെമ്മോറിയൽ സൂപ്പർ സ്പെഷ്യാലിറ്റി സഹകരണ ആശുപത്രി
2. ക്ഷീരവ്യവസായ സഹകരണസംഘം, ചന്ദനത്തോപ്പ്.
3. ലേബർ കോൺട്രാക്ട് സൊസൈറ്റി, പുനുക്കന്നൂർ
4. ടൂ & ത്രീ വീലർ സൊസൈറ്റി, പുനുക്കന്നൂർ
5. പ്രിയദർശിനി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ സഹകരണസംഘം, പുനുക്കന്നൂർ.
6. പെരുമ്പുഴ ക്ഷീരവ്യവസായ സഹകരണസംഘം.
7. സെറികൾച്ചർ സൊസൈറ്റി.

പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ അംഗങ്ങൾക്ക് രണ്ടുതരം വായ്പകളാണ് നൽകിവരുന്നത്.

1. കാർഷിക വായ്പകൾ
2. കാർഷികേതര വായ്പകൾ

ഇവയെ തന്നെ പ്രധാനമായും തിരിച്ചടയ്ക്കാനുള്ള കാലയളവിന്റെ അടിസ്ഥാനത്തിൽ ഹ്രസകാല, മധ്യകാല, ദീർഘകാല വായ്പകൾ എന്നു മൂന്നു തട്ടുകളായി തിരിച്ചിരിക്കുന്നു.

ആകെ വിതരണം ചെയ്യുന്ന വായ്പകളിൽ 15%ൽ താഴെ മാത്രമേ കൃഷി ആവശ്യങ്ങൾക്കായി ഇപ്പോൾ സഹകരണസംഘങ്ങൾ വിതരണം ചെയ്യുന്നുള്ളൂ. അതുതന്നെ പലപ്പോഴും അതേ ആവശ്യത്തിനായി ഉപയോഗിച്ചുകാണുന്നുമില്ല. കൂടാതെ കൃഷിവായ്പ കിട്ടാനുള്ള ബുദ്ധിമുട്ടികൾ ഇത്തരം വായ്പകൾ എടുക്കുന്നതിൽ കൃഷിക്കാരെയും പിൻതിരിപ്പിക്കുന്നു.

കൃഷിവായ്പകൾ നൽകുന്നതിലുള്ള പ്രധാന പ്രശങ്ങൾ താഴെ പറയുന്നവയാണ്.

- കൈവശമുള്ള ഭൂമിയുടെ വിസ്തൃതി അനുസരിച്ച് സെന്റിന് 100 രൂപ ക്രമത്തിൽ മാത്രമേ വായ്പ നൽകുന്നുള്ളൂ.
- കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്കു നൽകിവന്നിരുന്ന പലിശ സബ്സിഡി പൂർണ്ണമായി നിർത്തലാക്കി.
- 10 സെന്റോ അതിൽ കുറവോ ഭൂമിയുള്ള കർഷകർ/കർഷകത്തൊഴിലാളികൾ എന്നിവർക്കു വായ്പ കിട്ടാനുള്ള സൗകര്യമില്ല. തൻമൂലം ചെറുതരത്തിലുള്ള പച്ചക്കറികൃഷി, വാഴക്കൃഷി തുടങ്ങിയവ നടത്തി ഉല്പാദനം വർദ്ധിപ്പിക്കാനുള്ള സൗകര്യം നഷ്ടമാകുന്നു.
- വിള ഇൻഷ്വറൻസ് കാര്യമായി നടപ്പാക്കിയിട്ടില്ല.
- ആട്, കോഴി, കറവമാടുകൾ എന്നിവയ്ക്കു നിലവിലുണ്ടായിരുന്ന നബാഡിന്റെ വായ്പകൾ പൂർണ്ണമായും നിർത്തലാക്കി
- സംഘം സമാഹരിക്കുന്ന നിക്ഷേപങ്ങൾക്ക് നിക്ഷേപകർക്ക് കൂടുതൽ പലിശ നൽകേണ്ടിവരുന്നതിനാൽ പ്രസ്തുത നിക്ഷേപ തുകകൾ കുറഞ്ഞ പലിശമാത്രം ഈടാക്കുന്ന കാർഷിക ലോണുകൾ കൊടുക്കാൻ സംഘങ്ങൾക്കു കഴിയാതെ വരുന്നു. ഈ പലിശ വ്യത്യാസം കാർഷിക വായ്പാവിതരണത്തെ പ്രതികൂലമായി ബാധിക്കുന്നു. കേരളത്തിലെ കർഷകരുടെ കൃഷിഭൂമികൾ വിസ്തൃതിയിൽ വളരെ കുറവായതിനാൽ പ്രോജക്ട് ലോണുകൾ കിട്ടാനുള്ള സാധ്യതയും ഇല്ലാതാകുന്നു.
- ഇക്കാരണങ്ങളാൽ താഴെപറയുന്ന നിർദ്ദേശങ്ങൾ കാർഷിക വായ്പകൾ വിപുലപ്പെടുത്താൻ നടപ്പാക്കേണ്ടതാണ്.
- നബാഡോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ഏജൻസികൾ വഴിയോ കുറഞ്ഞ പലിശയ്ക്ക് കാർഷിക ഹ്രസകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കണം. സംഘങ്ങൾ നൽകുന്ന വായ്പകളിൽ 50% എങ്കിലും കാർഷിക വായ്പയായി ഉയർത്തേണ്ടതാണ്.
- നിർത്തലാക്കിയ പലിശ സബ്സിഡി പുനസ്ഥാപിക്കേണ്ടതാണ്.
- സൈന്റിന് കുറഞ്ഞത് 250 രൂപ ക്രമത്തിൽ വായ്പ വ്യവസ്ഥ ഉദാരവൽക്കരിക്കേണ്ടതാണ്.
- ഇപ്പോൾ നിലവിലുള്ള വിളവായ്പകളുടെ വായ്പാപരിധി നിശ്ചയിക്കുന്ന രീതി മാറ്റി കാലാകാലങ്ങളിൽ വിളവായ്പകളുടെ കാർഷികപരിധി പഞ്ചായത്തു സമിതികൾ കൂടി നിശ്ചയിക്കേണ്ടതാണ്.
- കിണർ കുഴിക്കുക, പമ്പ്സെറ്റ് സ്ഥാപിക്കുക, കൃഷിഭൂമിയുടെ വികസനത്തിനും മറ്റും പ്രാഥമിക കാർഷികവികസന ബാങ്കുകൾ നൽകുന്ന വായ്പകൾ പ്രാഥമിക സഹകരണസംഘങ്ങൾ വഴി സബ്സിഡിയോടുകൂടി ലഭ്യമാക്കുക.
- കിണർ കുഴിക്കുന്നതിനും പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള കൃഷിഭൂമിയുടെ പരിധി ഇല്ലാതാക്കുക.
- കറവമാട്, ആട്, കോഴി, കൃഷികൾ എന്നിവയ്ക്കു വായ്പകൾ നൽകുന്നതിന് പുതിയതും ആദായകരമായതുമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക.
- കാർഷിക വായ്പകൾ അതേ ആവശ്യത്തിനുതന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
- കാർഷികേതര വായ്പകൾ
- സ്വയംതൊഴിൽ വായ്പകൾ
- സ്വർണ്ണപണയ വായ്പകൾ
- ഉപഭോക്തൃവായ്പകൾ
- വീട്ടുപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പകൾ
- വാഹനങ്ങൾ വാങ്ങുന്നതിനുള്ള വായ്പകൾ
- ഭവന നിർമ്മാണവായ്പകൾ
- വിദ്യാഭ്യാസ വായ്പകൾ
- സംഘങ്ങൾ ഇന്നു നൽകിവരുന്ന വായ്പതുകകളിൽ ഏതാണ്ട് 90% വായ്പകളും മേൽപ്പറഞ്ഞവയാണ്. ●

ഇത്തരം വായ്പകൾ നൽകുന്നതുകൊണ്ടു സംഘത്തിനു വായ്പയിന്മേൽ ഉയർന്ന നിരക്കിലുള്ള പലിശ ഈടാക്കാൻ കഴിയുന്നു. എന്നാൽ ആവശ്യമായ വായ്പകളുടെ 15 മുതൽ 20% വരെയുള്ള അപേക്ഷകളിൽ മാത്രമേ പണത്തിന്റെ കുറവുമൂലം വായ്പകൾ നൽകാൻ കഴിയുന്നുള്ളൂ.

നിർദ്ദേശങ്ങൾ

- സ്വയംതൊഴിൽ വായ്പകൾക്ക് കാഷ് ക്രഡിറ്റ് വ്യവസ്ഥ ഏർപ്പെടുത്തേണ്ടതാണ്.
- ഭവനവായ്പയ്ക്ക് എൽ.ഐ.സി., ഹഡ്കോ, നബാഡ് മുതലായ ഫൈനാൻസിംഗ് ഏജൻസികളിൽ നിന്നും വായ്പകൾ സ്വീകരിച്ചു ദീർഘകാല വായ്പകളായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം.
- സംഘം സമാഹരിക്കുന്ന നിക്ഷേപങ്ങൾ സ്വർണ്ണപണയം/വീട്ടുപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പകൾ/ഉപഭോക്തൃ വായ്പ, വിദ്യാഭ്യാസ വായ്പ എന്നിവയ്ക്ക് കൂടി പ്രാധാന്യം നൽകി വിതരണം ചെയ്യണം.
- വിഭവസമാഹരണം അഥവാ ഫണ്ടുകൾ കണ്ടെത്തൽ
- വായ്പയ്ക്കാവശ്യമുള്ള പണം സംഘങ്ങൾ കണ്ടെത്തുന്നത് പ്രധാനമായും രണ്ടുവിധത്തിലാണ്.

1. ജില്ലാ ബാങ്കുകളിൽ നിന്നും വാങ്ങുന്ന വായ്പകളും കാഷ് ക്രഡിറ്റുകളും.
2. അംഗങ്ങളിൽ നിന്നും അംഗങ്ങളല്ലാത്തവരിൽ നിന്നും സ്വീകരിക്കുന്ന കറന്റ്, സേവിംഗ്സ്, സ്ഥിരം നിക്ഷേപങ്ങൾ, കൂടാതെ ചിട്ടി, ഭണ്ഡാര നിക്ഷേപം (വഞ്ചി നിക്ഷേപങ്ങൾ) എന്നിവയും.

- പ്രാഥമിക സഹകരണസംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് 100% ഗവ. ഗ്യാരന്റി ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ പലിശ നിരക്ക് 1% കൂടുതലാണ്. ഇക്കാര്യങ്ങൾ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കി അവരുടെ നിക്ഷേപങ്ങൾ സംഘങ്ങളിൽ നിക്ഷേപിക്കാനുള്ള വഴികൾ കണ്ടെത്തേണ്ടതാണ്. ഗ്രാമീണ നിക്ഷേപങ്ങൾ ഏറിയപങ്കും ഇന്ന് ഗവ. ബാങ്ക്, നാഷണലൈസ്ഡ് ബാങ്ക്, കൊമേഴ്സിയൽ ബാങ്ക്, ബ്ലേഡ് കമ്പനികൾ എന്നിവ തക്കസമയത്ത് സമാഹരിക്കുന്നു. കൂടാതെ സർക്കാർ അർദ്ധസർക്കാർ നിക്ഷേപങ്ങൾ സംഘങ്ങളിൽ നിക്ഷേപിച്ചുകാണുന്നില്ല.
- വായ്പയുടെ സുരക്ഷിതത്വം, പലിശയിലുള്ള വർദ്ധന, സമാഹരിക്കുന്ന നിക്ഷേപങ്ങൾ അതതു പ്രദേശത്തിന്റെ വികസനത്തിനും വളർച്ചയ്ക്കുമായി ഉപയോഗിക്കൽ, വായ്പകൾ ലഭിക്കുന്നതിനുള്ള ലളിതവും ചെലവു കുറഞ്ഞതുമായ നടപടിക്രമങ്ങൾ എന്നിവയെപ്പറ്റി ഗ്രാമീണർക്ക് ആവശ്യമായ അവബോധം ഉണ്ടാക്കേണ്ടതും, ഗ്രാമങ്ങൾ സ്വരൂപിക്കുന്ന മുഴുവൻ തുകകളും സഹകരണബാങ്കുകളിൽ നിക്ഷേപിക്കാൻ കൂട്ടായി ശ്രമിക്കേണ്ടതുമാണ്.
- റെക്കറിംഗ്, വഞ്ചിപ്പെട്ടി നിക്ഷേപം എന്നിവ വ്യാപകമാക്കേണ്ടതും ഗ്രാമങ്ങളെ മുഴുവൻ ആകർഷണീയങ്ങളായ പരിപാടികൾ ആവിഷ്കരിച്ച് ഇതിൽ ഭാഗഭാക്കാക്കേണ്ടതാണ്.
- സെമി അർബർ പ്രദേശങ്ങളിൽ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ മാതൃകയിൽ മർക്കന്റയിൽ സഹകരണബാങ്കുകൾ സ്ഥാപിച്ചു ചെറുകിട വ്യാപാരികൾ, ചെറുതും വലുതുമായ തൊഴിലുടമകൾ എന്നിവർക്കു വായ്പകൾ ലഭ്യമാക്കണം.
- അംഗങ്ങളിൽ കാര്യമായ രീതിയിൽ സമ്പാദ്യശീലം വളർത്തിയെടുക്കണം.
- സർക്കാർ നടപ്പിലാക്കുന്ന നിക്ഷേപസമാഹരണ യജ്ഞത്തിനു പുറമെ ഗ്രാമപഞ്ചായത്ത് പ്രതിനിധികളും ബാങ്ക് ഭരണസമിതിയും ജീവനക്കാരും ആണ്ടിൽ രണ്ടോ അതിലധികമോ പ്രാവശ്യമോ രണ്ടാഴ്ചവീതം നീണ്ടുനിൽക്കുന്ന നിക്ഷേപസമാഹരണ യജ്ഞങ്ങൾ നടപ്പാക്കണം.
- ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ആ ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികളും തമ്മിൽ പരസ്പര സഹകരണവും, സമാഹരിക്കുന്ന തുകയുടെ 25% വരുന്ന തുക പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കും എന്ന് നിയമം മൂലം ഉറപ്പ് വരുത്തേണ്ടതുമാണ്.
- എല്ലാ സഹകരണസംഘങ്ങളിലും മാവേലി സ്റ്റോറിനു തുല്യമായി നിത്യോപയോഗ സാധനങ്ങളുടെ വിപണനം ഗുണത്തിലും അളവിലും കൃത്യതപാലിച്ച് നടപ്പിലാക്കണം.
- കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറ്, മദ്ധ്യം, കിഴക്ക് മേഖലകളിലായി ഓരോ പട്ടികജാതി വികസന സഹകരണബാങ്കുകൾ വീതവും ഓരോ വനിതാ സഹകരണബാങ്കുകൾ വീതവും ആരംഭിക്കുകയും അവയിൽക്കൂടി തൊഴിലില്ലാത്ത പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കും വനിതകൾക്കും തൊഴിൽ ലഭ്യമാക്കുന്നതിന് ഉപകരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യണം.
- മുടങ്ങിക്കിടക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളും അവയുടെ മെരിറ്റും ആവശ്യകതയും പരിഗണിച്ച് പ്രവർത്തിപ്പിക്കുന്നതിനു നടപടികൾ സ്വീകരിക്കണം.
- സഹകരണരംഗത്ത് പാരാ മെഡിക്കൽ കോഴ്സ് നടത്തുന്ന ഒരു സഹകരണസ്ഥാപനം ഈ പഞ്ചായത്തിൽ ആരംഭിക്കണം.
- പഞ്ചായത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളെ ഏകോപിച്ചുകൊണ്ടുപോകുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കൺവീനറും സഹകരണസ്ഥാപനങ്ങളുടെ പ്രസിഡന്റുമാരും സൈക്രട്ടറിമാരും അംഗങ്ങളുമായുള്ള ഒരു കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾക്ക് സ്വതന്ത്രഭാരതം രൂപം നൽകുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളെല്ലാം പൂർണ്ണമായി പരാജയപ്പെട്ടു പോയി എന്നു പറയാനാവില്ല. കഴിഞ്ഞ അരനൂറ്റാണ്ട് കാലത്തിനിടയ്ക്ക് സാമൂഹിക സാഹചര്യങ്ങളിൽ ഒട്ടും അവഗണിക്കാനാകാത്ത പുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിനു കഴിഞ്ഞിട്ടുണ്ട്. എന്നാൽ മറ്റു ജനവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവരുടെ നില ഇന്നും ശോചനീയമായി തുടരുന്നു. താരതമ്യേന പട്ടികജാതി പട്ടികവർഗ്ഗക്കാരിലാണ് പട്ടിണിയും രോഗങ്ങളും മറ്റു സാമൂഹിക പിന്നോക്കാവസ്ഥയും കൂടുതലായി കണ്ടുവരുന്നത്. ജാതിപരമായ ഉച്ചനീചത്വങ്ങൾ ഇന്നും അപൂർവ്വമായെങ്കിലും നിലനിൽക്കുന്നുണ്ട്. ഈ വിഭാഗങ്ങളെ സാമ്പത്തിക - വിദ്യാഭ്യാസ രംഗങ്ങളിൽ ഉയർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ പദ്ധതികൾക്കും പരിപാടികൾക്കും രൂപം നൽകേണ്ടിയിരിക്കുന്നു.

കൊറ്റങ്കര പഞ്ചായത്തിൽ ഏതാണ്ട് മൂവായിരത്തോളം പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. 1991 -ലെ സെൻസസ് പ്രകാരം പട്ടികജാതിക്കാരായ 4849 പുരുഷന്മാരും 4979 സ്ത്രീകളും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ ഭൂരിപക്ഷം വാർഡുകളിലും ഇവർ കോളനികളിലായി തിങ്ങിക്കൂടി കഴിയുന്നു. ഈ കോളനികളിൽ ഇപ്പോഴുള്ള അടിസ്ഥാന സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. കുടിവെള്ളക്ഷാമമാണ് ഏറ്റവും രൂക്ഷം. കക്കൂസുകളുടെ എണ്ണം പതിന്മടങ്ങു വർദ്ധിപ്പിച്ചേ തീരൂ. വൈദ്യുതി എല്ലായിടത്തും എത്തിയിട്ടില്ല. പ്രൈമറി വിദ്യാഭ്യാസം തന്നെ ഇടയ്ക്കുവച്ച് നിർത്തിക്കളയുന്നവരുടെ എണ്ണം ഇവരുടെ ഇടയിൽ കൂടുതലാണ്. കോളനികളിൽ വൈദ്യസഹായം വേണ്ടത്രയില്ല. ഈ പ്രശ്നങ്ങൾക്കെല്ലാം മുൻഗണനാക്രമത്തിൽ പരിഹാരം കാണേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ പട്ടികജാതി/വർഗ്ഗ ജനസംഖ്യയ്ക്ക് ആനുപാതികമായി വികസനപദ്ധതികൾക്കുള്ള തുക നീക്കിവയ്ക്കേണ്ടതാണ്. വരുമാന വർദ്ധനവിനായി കുടുംബാടിസ്ഥാനത്തിലുള്ള സ്ക്കീമുകൾക്ക് രൂപം നൽകണം. പ്രാദേശിക പശ്ചാത്തലസൗകര്യവികസനത്തിനായുള്ള സ്ക്കീമുകൾ (ചെറുകിട ജലസേചനം, ഗ്രാമീണ വൈദ്യുതീകരണം, മണ്ണുസംരക്ഷണം തുടങ്ങിയവ) തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്. ഒപ്പം ആരോഗ്യം, വിദ്യാഭ്യാസം, ദാരിദ്ര്യനിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിൽ ആവശ്യമായ പദ്ധതികളും വേണം. ക്ഷേമപ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കേണ്ടതുണ്ട്.

പട്ടികജാതിയിൽ ഒരു ചെറിയ ശതമാനമൊഴിച്ച് എല്ലാവരും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. അവരിൽ തന്നെ ഒരു വലിയ വിഭാഗം എഴുപതുകളിൽ കുടികിടപ്പുകിട്ടിയ 10 സെന്റ് ഭൂമി മാത്രം കൈവശമുള്ളവരാണ്. പിൽക്കാലത്ത് ആ തുണ്ടുപുരയിടം തന്നെ വീണ്ടും ഭാഗം ചെയ്തുപോയിട്ടുണ്ട്. എണ്ണത്തിൽ കുറവാണെങ്കിലും പട്ടികവർഗ്ഗക്കാർ എല്ലാംതന്നെ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. ദാരിദ്ര്യവും ഇല്ലായ്മകളും ഈ ജനസഞ്ചയത്തെ നിസ്സഹായതയിലും നിരാശാബോധത്തിലും കൊണ്ടെത്തിക്കുന്നു. ഇവരുടെ ക്രയശേഷി വർദ്ധിപ്പിക്കുന്ന, ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതികൾ വളരെ പ്രാധാന്യമർഹിക്കുന്നു. ഇപ്രകാരം നിർമ്മിക്കപ്പെടുന്ന സാമൂഹിക ആസ്തികൾ പ്രത്യുല്പാദനപരവും പിൽക്കാലത്ത് അധിക തൊഴിലവസരങ്ങൾക്ക് സാധ്യതയുള്ളതുമായിരിക്കണം. നിർഭാഗ്യവശാൽ നാം ശ്രദ്ധകേന്ദ്രീകരിച്ചു വന്നത് ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിലാണ്. ഗ്രാമവികസനത്തിൽ റോഡുകളുടെ പ്രാധാന്യം നിരാകരിച്ചുകൂടാ എങ്കിലും ദരിദ്രഗ്രനവിഭാഗങ്ങളെ ഉന്നംവച്ചുകൊണ്ടുള്ള പദ്ധതികളിൽ റോഡുകളുടെ പ്രസക്തി പരിമിതമാണ്. പാവപ്പെട്ടവർക്കു മാത്രം പ്രയോജനം ചെയ്യുന്ന റോഡുകൾ അത്യപൂർവ്വമായിരിക്കും. ദാരിദ്ര്യനിർമ്മാർജ്ജനം സാമൂഹികനീതിയുടെ പ്രശ്നമാണെന്നുള്ള ഉൾക്കാഴ്ചയോടുകൂടിയ സമീപനം പദ്ധതി രൂപീകരണത്തിൽ സ്വീകരിക്കണം.

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് തലങ്ങളിലായി നടത്തിയിട്ടുള്ള അധികാര വിഭജനം

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനത്തെ

സംബന്ധിച്ചിടത്തോളം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് തലങ്ങളിലായി നടത്തിയിട്ടുള്ള അധികാരവിഭജനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്

1. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമായി വയോജനവിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുക.
2. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഓലമേയുന്നതിനുള്ള ധനസഹായം നൽകുക.
3. പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും കോളനികളിൽ കിണറുകളും പൊതു ജല ടാപ്പുകളും തെരുവുവിളക്കുകളും ഏർപ്പെടുത്തുക.
4. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വിവാഹം, വൈദ്യചികിത്സ, ഉപരിപഠനം, ഇന്റർവ്യൂവിനു പോകുന്നതിനുള്ള യാത്രാബത്ത എന്നിവയ്ക്ക് സഹായധനം നൽകുക.
5. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് കോളനിരൂപീകരണ പദ്ധതികൾ നടപ്പിലാക്കുക.
6. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വിവേചനാധിഷ്ഠിത (ഡിസ്ക്രീഷനറി) ഗ്രാന്റുകൾ നൽകുക.
7. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
8. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ ക്ഷേമപരിപാടികൾ ആരംഭിക്കുക

ബ്ലോക്ക് പഞ്ചായത്ത്

1. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭവനനിർമ്മാണത്തിന് ധനസഹായം നൽകുക.
2. പട്ടികജാതി/വർഗ്ഗക്കാരായ ഭൂരഹിതരേയും ഭവനരഹിതരേയും പുനരധിവസിപ്പിക്കുക.
3. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭവനനിർമ്മാണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
4. സംയോജിത വാസസ്ഥല വികസന പരിപാടി നടപ്പിലാക്കുക.
5. പട്ടികജാതി/വർഗ്ഗ വ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
6. പട്ടികജാതി പട്ടികവർഗ്ഗകോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാടുചെയ്യുക.
7. കോളനിവാസികൾക്കുള്ള ആരോഗ്യപദ്ധതികൾ നടപ്പിലാക്കുക

ജില്ലാപഞ്ചായത്ത്

1. പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരുമായ വിദ്യാർത്ഥികളിൽ കൂടുതൽ സമർത്ഥരായവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകൽ.
2. പട്ടികജാതി/വർഗ്ഗക്കാർക്കായുള്ള ബാലവാടികൾ, നഴ്സറിസ്കൂളുകൾ, സീസൺ ഡേ കെയർ കേന്ദ്രങ്ങൾ, ഡോർമിറ്ററി എന്നിവയുടെ നടത്തിപ്പ്.
3. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടി സഹകരണസംഘങ്ങൾ സംഘടിപ്പിക്കുക.

നിർദ്ദേശങ്ങൾ

- ❑ സംയോജിത ഭവന നിർമ്മാണ ധനസഹായം, ഭൂരഹിത-ഭവനപദ്ധതി ധനസാഹയം തുടങ്ങി പട്ടികജാതിവികസനവകുപ്പ് നടപ്പിലാക്കുന്ന വിവിധതരം ധനസഹായത്തിന് അർഹതയുള്ളത് 8000 രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്കാണ്. എന്നാൽ മറ്റു പല വകുപ്പുകളിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (അതായത് പരമാവധി 11000 രൂപ വാർഷിക വരുമാനം) പട്ടികജാതിക്കാർക്ക് ടി ആനുകൂല്യത്തിന് അർഹതയുണ്ട്. ആയതിനാൽ വരുമാനപരിധി 8000 രൂപയിൽ നിന്നും 10000 രൂപയായി വർദ്ധിപ്പിക്കണം.
- ❑ ഗ്രാമ പഞ്ചായത്ത്/ഗ്രാമവികസന വകുപ്പിൽ നിന്നും പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന ഭവനനിർമ്മാണ ഗ്രാന്റിന്റെ തുക 22,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ പട്ടികജാതി വികസനവകുപ്പിൽ നിന്ന് 15,000 രൂപ മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരേ വിഭാഗത്തിന് തന്നെ രണ്ടുതരത്തിൽ ഗ്രാന്റ് നൽകുന്നതിന് പകരം രണ്ടും തുല്യമാക്കുന്നതാണ് ഉചിതം. ഗ്രാന്റ് തുക 25,000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.
- ❑ ഭൂരഹിത - ഭവനരഹിത പദ്ധതിക്ക് ഇപ്പോൾ 25,000 രൂപ (10,000 + 15,000) നൽകുന്നു. മിനിമം 4 സെന്റ് വസ്തു 10,000 രൂപയ്ക്ക് വാങ്ങിക്കേണ്ടിയിരിക്കുന്നു. വസ്തുവാങ്ങിക്കുന്നതിന് അനുവദിക്കുന്നതുക 10,000 രൂപയിൽ നിന്നും 15,000 - 16,000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്. കൂടാതെ വീട് വയ്ക്കുന്നതിന് മുൻപറഞ്ഞ 22,000 രൂപയോ 25,000 രൂപയോ ആക്കി വർദ്ധിപ്പിക്കേണ്ടതാണ്.

- പാർപ്പിട സൗകര്യം മെച്ചപ്പെടുത്താൻ പദ്ധതി പ്രകാരം കക്കൂസിന് 1000 രൂപ, കുളിമുറിക്ക് 800 രൂപ, അഴുക്കുചാൽ നിർമ്മിക്കുന്നതിന് 300 രൂപ, വീട് വൈദ്യുതീകരിക്കുന്നതിന് 400 രൂപ - ആകെ 25,000 രൂപ അനുവദിക്കുന്നുണ്ട്. ഇത് തികച്ചും അപര്യാപ്തമാണ്. ഇത് കക്കൂസിന് 2500 രൂപ, കുളിമുറിക്ക് - 2500 രൂപ, ഓട - അഴുക്കുചാൽ നിർമ്മാണത്തിന് 500 രൂപ, വൈദ്യുതീകരണത്തിന് 1500 രൂപ എന്ന നിരക്കിൽ വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്യേണ്ടതാണ്.
- ഓലമേച്ചിലിന് 500 രൂപയും ഓടുമേച്ചിലിന് 3000 രൂപയും ഇപ്പോൾ നൽകിവരുന്നു. അത് യഥാക്രമം 1000 രൂപയും, 5000 രൂപയും ആയി വർദ്ധിപ്പിക്കാവുന്നതാണ്.
- സാധുക്കളായ പട്ടികജാതി പെൺകുട്ടികലുടെ വിവാഹത്തിന് ധനസഹായമായി ഇപ്പോൾ 2000 രൂപ നൽകുന്നു. അത് മിനിമം 5000 രൂപയായെങ്കിലും വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്.
- പലിശരഹിത വ്യവസായ വായ്പ 15,000 രൂപയിൽ നിന്നും 30,000 രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കേണ്ടതാണ്.
- മിശ്രവിവാഹ ധനസഹായം 2000 രൂപയിൽ നിന്നും 5000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.
- സ്കൂൾ തലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് താമസിച്ചുപഠിക്കുന്നതിന് പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നത് ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കാവുന്നതാണ്.

പ്രശ്നങ്ങൾ

- കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
- ദാരിദ്ര്യം, പട്ടിണി
- വിദ്യാഭ്യാസ പിന്നോക്കാവസ്ഥ
- തൊഴിൽപരമായ പിന്നോക്കാവസ്ഥ
- അന്ധവിശ്വാസങ്ങൾ
- സാമൂഹികമായ ഉച്ചനീചത്വങ്ങൾ
- അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള തടസ്സങ്ങൾ
- ആനുകൂല്യങ്ങൾ ഇടത്തട്ടുകാർ തട്ടിയെടുക്കുന്ന അവസ്ഥ

സാധ്യതകൾ

- ഈ വിഭാഗത്തിലെ കുട്ടികളെ മുഴുവൻ സ്കൂളുകളിലെത്തിക്കണം. ആവശ്യമെങ്കിൽ ട്യൂഷൻ നൽകണം.
- സ്വന്തമായി വീടില്ലാത്തവർക്ക് ഭവനനിർമ്മാണത്തിനാവശ്യമായ സഹായങ്ങൾ നൽകണം.
- മാവേലിസ്റ്റോറുകളുടേയും പ്രൈമറി ഹെൽത്തുസെന്ററിന്റെയും സേവനം എല്ലാ കോളനികൾക്കും ലഭ്യമാക്കണം.
- വൈദ്യുതി - കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.
- പട്ടികജാതിക്കാർക്ക് സൗജന്യമായി നൽകപ്പെടുന്ന ഭൂമി കൈമാറ്റംചെയ്ത് വീണ്ടും ഭൂമിതട്ടിയെടുക്കുന്ന പ്രവണത തടയണം.
- പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുക.
- നിർദ്ധന യുവതികൾക്ക് വിവാഹാവശ്യത്തിന് പഞ്ചായത്തിൽ നിന്നും ലോൺ അനുവദിക്കുക.
- വാർദ്ധക്യകാല പെൻഷൻ വിതരണം ചെയ്യുക.
- ഈ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിലെ സാംസ്കാരിക സമിതികൾ പോഷിപ്പിക്കണം
- പട്ടികജാതി/പട്ടികവർഗ്ഗ അധിവാസമേഖലകളിൽ സർവ്വീസ് സഹകരണബാങ്കുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. അങ്ങനെ നാടിന് പ്രയോജനകരമാകുന്ന രീതിയിൽ സമ്പാദ്യശീലം വളർത്തുക.

വിഭവസമാഹരണം

കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി നിലവിലുള്ള വിഭവസമാഹരണം ഊർജ്ജിതപ്പെടുത്തുന്നതോടൊപ്പം പുതിയ വിഭവസ്രോതസ്സുകൾ കണ്ടെത്തേണ്ടതും അത്യന്താപേക്ഷിതമാണ്. വികസന പദ്ധതികളുടെ ആസൂത്രണത്തിൽ വിഭവ ചോർച്ചയ്ക്ക് സാധ്യതയില്ലാത്തവിധം പദ്ധതി നിർവ്വഹണം എങ്ങനെയെന്ന് വ്യക്തമായി പ്രതിപാദിച്ചിരിക്കണം. ഇടനിലക്കാരുടെ കടന്നുകയറ്റം വിഭവചോർച്ചയ്ക്ക് വഴിയൊരുക്കുന്നു. ഇടത്തട്ടുകാർക്കും കോൺട്രാക്ടർമാർക്കും മാത്രം വേണ്ടിയെന്നോണം പദ്ധതികൾ ആവിഷ്കരിക്കുന്നത് പൊതുജനനന്മയെ കരുതിയല്ലയെന്ന ബോധം ബന്ധപ്പെട്ടവർ മനസ്സിലാക്കുന്നത് നല്ലതാണ്. ജനകീയ ആസൂത്രണത്തിന്റെ അന്തസത്തയും പ്രചോദനവും ഉൾക്കൊണ്ട് ഉയിർത്തെഴുന്നേറ്റ ഒരു നവജനതയുടെ ആശയാഭിലാഷങ്ങൾ പൂർത്തീകരിക്കാൻ പോകുന്ന പ്രവർത്തനങ്ങൾ തീർച്ചയായും ഇതിനൊക്കെ കടിഞ്ഞാണിടാൻ പോകുന്നവയാണെന്ന് തെളിയിക്കുന്ന കാലം വിദൂരമല്ലെന്ന് നമുക്ക് പ്രത്യാശിക്കാം.

പഞ്ചായത്തിന്റെ തനതു വരുമാന മാർഗ്ഗങ്ങളിൽ പ്രധാനം കെട്ടിടനികുതി, തൊഴിൽ നികുതി, മാർക്കറ്റിൽ നിന്നുള്ള വരുമാനം, ലൈസൻസ് ഫീസ് എന്നിവയാണ്. സർക്കാർ ഗ്രാന്റ് ഇനത്തിൽ വസ്തുകൈമാറ്റം, അടിസ്ഥാനനികുതി, എസ്റ്റാബ്ലിഷ്മെന്റ്, വി.ആർ.എം., വി.റ്റി.സി. എന്നിവയാണ് പഞ്ചായത്തിനു കിട്ടുന്ന ഗ്രാന്റുകൾ.

ഉപാധിരഹിത ഫണ്ടും, ജെ.ആർ.വൈ. ഫണ്ടും പഞ്ചായത്ത് വിഹിതമായി ലഭിക്കുന്നുണ്ട്.

വിഭവസമാഹരണത്തിനുള്ള സാദ്ധ്യതകൾ

ഇളമ്പള്ളൂരിലുള്ള പഞ്ചായത്തുവക എ ടൈപ്പ് കമ്മ്യൂണിറ്റിഹാളിനോട് ചേർന്ന് 350 പേർക്ക് ഒരേ സമയം സദ്യവിളമ്പുന്നതിനുള്ള സൗകര്യങ്ങളേർപ്പെടുത്തിക്കൊണ്ട് നിർമ്മിച്ചിട്ടുള്ള ഡൈനിംഗ് ഹാൾ, കിച്ചൺ, സ്റ്റോർ, വാട്ടർ സപ്ലൈ മുതലായവ പൂർത്തീകരിക്കുന്നതിനും, നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ റിപ്പയറുകളും പരിഷ്കരണങ്ങളും നടത്തുന്നതുമായാൽ ഈ ആഡിറ്റോറിയം കല്യാണ സീസണുകളിൽ ഒരുദിവസം ഒഴിയാതെ വാടകയ്ക്ക് പോകുമെന്നത് ഉറപ്പാണ്. ഡൈനിംഗ്ഹാളിലേക്ക് ഇനി വേണ്ട ഫർണീച്ചറുകൾക്കും പാചക ആവശ്യത്തിനുവേണ്ട ഗ്യാസ് സ്റ്റൗകളും, പാചക പാത്രങ്ങളും വാങ്ങിക്കുന്നതിനും നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ റിപ്പയറുകൾക്കും പരിഷ്കരണപണികൾക്കുമായി മൊത്തത്തിൽ ഇനി 4 ലക്ഷം രൂപ ചെലവുചെയ്യേണ്ടിവരും. അങ്ങനെ ചെയ്യുന്നതായാൽ, ഒരു ദിവസം ആഡിറ്റോറിയം വാടകയ്ക്കു കൊടുക്കുന്ന ഇനത്തിൽ 4000 രൂപ വാടക പ്രതീക്ഷിച്ചുകൊണ്ട് ഒരുവർഷം കുറഞ്ഞത് 150 ദിവസം കല്യാണആവശ്യങ്ങൾക്ക് വാടകയ്ക്ക് കൊടുക്കുവാൻ സാധിക്കും. ആ ഇനത്തിൽ പ്രതിവർഷം 6 ലക്ഷം രൂപ ഇന്നുള്ളതിൽ നിന്നും അധികമായി പഞ്ചായത്തിനു ലഭിക്കും.

പെരുമ്പുഴ, കേരളപുരം, കരിക്കോട് എന്നിവിടങ്ങളിലെ പ്രൈവറ്റ് മാർക്കറ്റുകൾ പഞ്ചായത്തിലേക്ക് അകയർ ചെയ്ത് കേരളാ സ്റ്റേറ്റ് റൂറൽ ഡവലപ്മെന്റ് ബോർഡ് മുഖാന്തിരമോ, പഞ്ചായത്ത് ബാങ്കുകളിൽ നിന്നും നേരിട്ട് ലോൺ എടുത്തോ ആധുനികരീതിയിലുള്ള മാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതായാൽ പഞ്ചായത്തിന്റെ വരുമാനം വളരെയധികം വർദ്ധിപ്പിക്കാൻ കഴിയും.

ഇളമ്പള്ളൂരിൽ പഞ്ചായത്തിൽ നിന്നും ആരംഭിച്ചിട്ടുള്ള പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ പണി ഏറ്റവും നല്ലരീതിയിൽ ചെയ്ത് പൂർത്തീകരിച്ചാൽ കുണ്ടറയുടെ മുഖത്തിന് തന്നെ ഒരു മാറ്റം ഉണ്ടാക്കി പ്രൈവറ്റ് ബസ് സ്റ്റാന്റും പരിസരവും ഒരു വ്യാവസായിക കേന്ദ്രമാക്കി മാറ്റാൻ കഴിയും. ഇതുമൂലം പഞ്ചായത്തിന്റെ വരവിൽ കാര്യമായ വർദ്ധനവും ഉണ്ടാകും. അതുപോലെ ഇവിടെ വന്നുപോകുന്ന പ്രൈവറ്റ് ബസ്സുകളിൽ നിന്ന് കുറഞ്ഞത് ഒരു വർഷം മൂന്നരലക്ഷത്തോളം രൂപ പഞ്ചായത്തിന് അധികവരുമാനം ഉണ്ടാക്കാൻ കഴിയും.

മേൽപ്പറഞ്ഞ രണ്ടു പദ്ധതികളും പൂർത്തീകരിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള

അടിയന്തിര നടപടികൾ ഒന്നാമതായി സ്വീകരിക്കേണ്ടതാണ്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാകമാനം മാതൃകയായി സ്വീകരിക്കാവുന്ന വിഭവസമാഹരണം സംബന്ധിച്ചുള്ള ഒരു പദ്ധതിയാണ് താഴെ പറയുന്നത്.

മോട്ടോർ വാഹന രജിസ്ട്രേഷൻ നിയമങ്ങൾ അനുസരിച്ച് ഒരു മോട്ടോർ വാഹനം ഒരു റീജിയണൽ ട്രാൻസ്പോർട്ട് അതോറിട്ടിയുടെ ആഫീസിൽ രജിസ്റ്റർ ചെയ്യുന്നതിനു മുമ്പായി അതിന്റെ ഉടമയുടെ യഥാർത്ഥ വിലാസവും അദ്ദേഹം ഏത് തദ്ദേശസ്വയംഭരണാതിർത്തിക്കുള്ളിൽ താമസിക്കുന്നുവെന്ന് വ്യക്തമായ വിവരം ആധികാരികമായി ശേഖരിക്കുന്നതിനുവേണ്ടി ഒരു പ്രാഥമിക രജിസ്ട്രേഷൻ, വാഹന ഉടമ താമസിക്കുന്ന പ്രദേശം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നടത്തുകയും, അവിടെ നിന്നും ലഭിക്കുന്ന പ്രാഥമിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റീജിയണൽ ട്രാൻസ്പോർട്ട് അതോറിട്ടിയുടെ ആഫീസിൽ സ്വീകരിക്കുകയും, ആയത് അവിടെ ഒരു അവശ്യഘടകമായി നിയമം മൂലം രേഖപ്പെടുത്തുകയും, ഈ പ്രാഥമിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്തപക്ഷം ഒരു വാഹനത്തിന്റെ രജിസ്ട്രേഷൻ നടത്തുക സാധ്യമല്ലായെന്ന് നിയമം മൂലം ഉറപ്പുവരുത്തുകയും ചെയ്യണം.

ഇങ്ങനെ ഒരു വ്യവസ്ഥ നടപ്പിലാക്കുന്നതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായി ഒരു വരുമാനം ഉണ്ടാകുകയും മോട്ടോർ വാഹനങ്ങളുടെ ഉടമസ്ഥതയിൽ വ്യാജ ഉടമസ്ഥരേഖകൾ ഒഴിവാകുകയും ചെയ്യും. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഒരു പ്രത്യേക വരുമാനം ഉണ്ടാക്കുന്നതിനുവേണ്ടിയാണിത്. ആ പദ്ധതി ആസൂത്രണം ചെയ്തത് എന്നുള്ള ബോധം ഉൾക്കൊണ്ടുകൊണ്ട് പ്രാഥമിക രജിസ്ട്രേഷനുവേണ്ടി ഗ്രാമപഞ്ചായത്ത് നഗരസഭാ ഓഫീസുകളിൽ സമീപിക്കുന്ന മോട്ടോർവാഹന ഉടമകൾക്ക് ഈ വ്യവസ്ഥ ഒരു ഭാരമായി അനുഭവപ്പെടാതിരിക്കാൻ പ്രാഥമിക രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കുക.

പ്രാഥമിക രിജസ്ട്രേഷന് ബസ്, ലോറി മുതലായ വലിയവാഹനങ്ങൾക്ക് 500 രൂപ വീതവും, മിനലോറി, കാർ മുതലായ ഇടത്തരം വാഹനങ്ങൾക്ക് 300 രൂപ വീതവും മോട്ടോർ സൈക്കിൾ ഓട്ടോ മുതലായ ചെറിയ വാഹനങ്ങൾക്ക് 100 രൂപ വീതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫീസ് ഈടാക്കാവുന്നതും അതിനുശേഷം പ്രാഥമിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകാവുന്നതുമാണ്.

ഒരു വാഹനത്തിന്റെ ഉടമസ്ഥാവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുമ്പോഴും വാഹനം വാങ്ങിക്കുന്ന ആളിന്റെ മേൽവിലാസം സാക്ഷ്യപ്പെടത്തക്കവിധം ഈ പ്രാഥമിക രജിസ്ട്രേഷൻ അതിനും ബാധകമാക്കാവുന്നതും പുതിയ രജിസ്ട്രേഷൻ പോലെ തന്നെ ഫീസ് ഈടാക്കാവുന്നതുമാണ്.

പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് പ്രയത്നം സഹായകമായി ലഭ്യമാക്കുന്നതിനുവേണ്ടി ഓരോ വാർഡിലും കുറഞ്ഞത് 150 പേരുള്ള സന്നദ്ധ വികസനസേന രൂപീകരിക്കുക.

പഞ്ചായത്ത് അധീനതയിലുള്ള സ്ക്കൂളുകളുടെ വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി സ്ക്കൂൾ പി.റ്റി.എ. യും മാതൃസംഗമവും ശക്തിപ്പെടുത്തുന്നതിനും ബന്ധപ്പെട്ട പഞ്ചായത്ത് വാർഡ് മെമ്പറുടെയും പി.റ്റി.എ. യുടെയും നേതൃത്വത്തിൽ പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിക്കാവുന്നതാണ്. അതോടൊപ്പം മനുഷ്യപ്രയത്നം ലഭ്യമാക്കുന്നതിനുവേണ്ടി അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും, രക്ഷാകർത്താക്കളുടെയും നേതൃത്വത്തിൽ ഒരു വികസനസേന ഓരോ സ്ക്കൂളിലും രൂപീകരിക്കാവുന്നതാണ്.

കൃഷി വികസനത്തിന് ഗ്രൂപ്പ് ഫാമിംഗ് പോലുള്ള സഹകരണ കൃഷി ഇറക്കുന്നതിന് ഉടമസ്ഥരെ സഹായിക്കുന്നതിനും ധനകാര്യസ്ഥാപനങ്ങളെ സമീപിച്ച് പരമാവധി ധനം കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി സ്വരൂപിക്കുന്നതിനും കൃഷിഭവനുമായി ബന്ധപ്പെട്ട് മേൽത്തരം വിത്തുകളും വളവും വാങ്ങിക്കുന്നതിനും ഏലാ അടിസ്ഥാനത്തിൽ കർഷകരുടെ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

റോഡ്, തോട് ഇവകളുടെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു വാർഡിൽ നിന്നും ഒരു വർഷം കുറഞ്ഞത് 500 മനുഷ്യപ്രയത്നങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിനുവേണ്ട പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

പഞ്ചായത്ത് പ്രവർത്തനത്തിന് വേണ്ടിവരുന്ന ജനകീയ ആവശ്യങ്ങൾക്ക് പൊതു ഫണ്ടിനോടൊപ്പം പൊതുജനങ്ങളിൽ നിന്നും സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്.

വരൾച്ച പ്രദേശത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ചില പ്രത്യേക സ്ഥലങ്ങൾ എടുത്ത് അവിടുത്തെ ഗുണഭോക്താക്കളെ സംഘടിപ്പിച്ച് കിണറോ കുളമോ (ലഭ്യമായത്) നിർമ്മിക്കുന്നതിന് ആവശ്യമായ ധനം അവരിൽ നിന്നും സ്വരൂപിച്ച് മനുഷ്യപ്രയത്നവും സംഭാവനയായി സ്വീകരിച്ച് ചെയ്യാവുന്നതാണ്.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വികസനപദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ ഭരണപരമായ അനുവാദം ആയിക്കഴിഞ്ഞാൽ ഉടൻ തന്നെ അത് ജനകീയപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി ഗുണഭോക്താക്കളുടെയും വാർഡിലെ വികസനസേനയുടെയും ഒരു യോഗം വിളിച്ചുകൂട്ടി ഘട്ടംഘട്ടമായി നടപ്പാക്കുന്നതിനും പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനം സ്വരൂപിക്കുന്നതിനും മനുഷ്യപ്രയത്നം ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

ജനകീയ പങ്കാളിത്തത്തോടെ പദ്ധതി പ്രവർത്തനം നടപ്പിലാക്കുമ്പോൾ ആ പ്രദേശത്തെ ജനങ്ങളെ സഹകരിപ്പിച്ച് അവരിൽ നിന്നുള്ള ശ്രമദാനവും, ജനങ്ങളിൽ നിന്ന് പൊതുവായി ഉല്പന്നപ്പിരിവ് നടത്തിയും, സാമ്പത്തികമായി മുന്നിൽ നിൽക്കുന്നവരിൽ നിന്ന് ധനം സ്വരൂപിച്ചും മനുഷ്യപ്രയത്നം ദാനമായി തരുന്നവർക്ക് ആഹാരം സംഭരിച്ച് നൽകിയും പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. ഇവയിൽ നിന്ന് എല്ലാം സമാഹരിക്കുന്ന സംഭാവന കഴിച്ച് അടങ്കൽ പദ്ധതിയിൽ ബാക്കി വേണ്ടിവരുന്ന തുക പൊതു ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതുമാണ്.

പഞ്ചായത്തിൽ നിലവിലുള്ള നികുതി നിർണ്ണയ രീതി പുനഃപരിശോധിച്ച് കാലത്തിനും ആവശ്യങ്ങൾക്കും അനുസരണമായി പുനർനിർണ്ണയം നടത്തിയാൽ നിലവിലുള്ളതിൽ നിന്ന് പഞ്ചായത്തിന്റെ വരുമാനം ഉയർത്താൻ കഴിയും.

വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്പോൺസർ നടത്തി വിഭവം സമാഹരിക്കാവുന്നതാണ്.

വിദേശത്തു ജോലിയുള്ള മലയാളികളിൽ നിന്നും പരമാവധി സഹായങ്ങൾ സ്വരൂപിച്ച് അവർക്കുകൂടി അഭിമാനിക്കത്തക്കവണ്ണം എന്നും നിലനിൽക്കുന്നതായ സ്ഥാപനങ്ങൾ (ആതുര-സേവന സാംസ്കാരിക രംഗങ്ങൾക്കുവേണ്ടിയുള്ള) പഞ്ചായത്തിൽ നിന്ന് നിർമ്മിക്കാവുന്നതാണ്.

തിയേറ്ററുകളിൽ നിന്നുള്ള വരവ്

തിയേറ്ററുകൾ	1991-92	1992-93	1993-94	1994-95	1995-96
ദേവി തിയേറ്റർ	25,170	28,160	22,705	21,315	13,859
ന്യൂ തിയേറ്റർ	25,820	24,947	19,490	21,770	28,908
രാജാ തിയേറ്റർ	24,740	30,024	26,824	20,256	24,593
അഞ്ജലി	20,587	19,723	17,441	13,540	4,880
ആകെ	96,317	1,02,854	86,460	55,566	72,240

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്
1993 – 94 മുതൽ 1995 – 96 വരെയുള്ള നികുതി വരവ് വിരം

നമ്പർ	ഇനം	1993 – 94	1994 – 95	1995 – 96
1	കെട്ടിടനികുതി	5,08,349.35	7,81,452.20	6,77,592.05
2	തൊഴിൽ നികുതി	2,76,525.00	4,14,572.00	4,24,070.00
3	കാഴ്ച നികുതി	5402.00	7760.00	6540.00
4	സർചാർജ്ജ് & ഷോ ടാക്സ്	1360.50	1940.00	1672.50
5	പി.എഫ്.എ	2029.00	2267.50	2868.00
6	ഈ.റ്റി	54,530.50	47,009.16	46,892.00
7	എ.ഈ.റ്റി	34,119.50	28,479.56	28,231.00
8	കമ്മ്യൂണിറ്റി ഹാൾ	14,780.00	12,800.00	12,800.00
9	മാർക്കറ്റ്	1,61,189.00	1,55,039.00	2,24,186.00
10	ലൈസൻസ് ഫീസ്	19,004.65	–	27,481.50
11	ബിൽഡിംഗ് പെർമിഷൻ	71,981.00	1,13,437.00	1,41,263.00
12	ഇറച്ചി	1,36,765.00	2,33,080.00	1,70,892.00
13	ഡ്യൂട്ടി 75%	5,34,315.00	4,96,261.00	3,83,468.00
14	ഡ്യൂട്ടി 25%	2,00,000.00	2,02,134.00	5,36,826.00
15	അൺടൈഡ് ഫണ്ട്	2,03,150.00	2,74,140.00	3,04,705.00
16	വി.ആർ.എം. ഗ്രാന്റ്	50,799.00	50,426.00	46,970.00
17	എം.ഐ.ഗ്രാന്റ്	20,651.00	20,651.00	20.651.00
18	അടിസ്ഥാന നികുതി ഗ്രാന്റ്	1,22,973.00	24,186.00	38,364.00
19	വി.റ്റി.സി.	6,00,000.00	–	4,01,268.00
20	ഡിപ്പോസിറ്റ്	32,340.00	4,250.00	15,750.00
21	ഡി. & ഒ.	–	25,900.00	–
22	ഷോപ്പിംഗ് കോംപ്ലക്സ്	–	–	21,930.00
23	ലൈബ്രറി സെസ്	–	–	38,569.40
24	മറ്റിനം	28,712.55	46,387.16	48,121.40
	ആകെ	30,78,975.95	29,42,172.08	36,21,110.85

ഉപസംഹാരം

ഭാരതത്തിൽ ഗാന്ധിയൻ തത്വചിന്തകളിൽ നിന്ന് ഉത്തേജനം ഉൾക്കൊണ്ടുകൊണ്ടാണ് അടിത്തട്ടിൽ നിന്നുള്ള ആസൂത്രണം എന്ന ആശയം ഉരുത്തിരിഞ്ഞത്. അടിത്തട്ടിൽ നിന്നുയരുന്ന സ്വാതന്ത്ര്യം മാത്രമേ സാർഥകമാകുകയുള്ളൂവെന്ന് ഗാന്ധിജി അടിയുറച്ചു വിശ്വസിച്ചിരുന്നു. ഓരോ ഗ്രാമവും ആഭ്യന്തരകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക് ആയിരിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ജനങ്ങൾ വളരെയധികം ആശയോടെ കാത്തിരുന്നു. മഹാത്മാഗാന്ധി വിഭാവന ചെയ്തതുപോല പഞ്ചായത്ത് രാജ് സംവിധാനത്തിൽ ഓരോ പഞ്ചായത്തും ഓരോ ഗവൺമെന്റ് ആയി രൂപം കൊണ്ടു.

അധികാര വികേന്ദ്രീകരണത്തിന് വേണ്ടിയുള്ള മുറവിളിക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. പല ശ്രമങ്ങളും ഇക്കാര്യത്തിൽ നടന്നിട്ടുണ്ട്. പക്ഷെ ഇതിനായി ജനകീയ പ്രസ്ഥാനം രൂപം കൊണ്ടത് അദ്യമായാണ്. ജനകീയാസൂത്രണ പദ്ധതി ഈ ദിശയിലെ ആദ്യ ചുവടുവയ്പാണ്. അധികാര വികേന്ദ്രീകരണത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള സാധാരണക്കാരായ ജനങ്ങളെ വികസന പ്രക്രിയയിൽ പങ്കാളികളാക്കുക എന്നുള്ളതാണ്. ഗ്രാമീണ ജനങ്ങളിൽ വികസന പ്രവർത്തനങ്ങളിൽ താല്പര്യമുണ്ടാക്കാനും അവയിൽ പങ്കുകൊള്ളാനും അവസരം കിട്ടാതെ, ആവശ്യങ്ങളുടെ ഭണ്ഡാരവും പേറി കഴിയാനേ ഇത്രയും കാലം സാധിച്ചിരുന്നുള്ളൂ. എന്നാൽ ഉത്തരവാദിത്വം ജനങ്ങളെ തേടിയെത്തുമ്പോൾ പദ്ധതികളിൽ പങ്കാളികളാകുവാൻ അവർക്കുള്ള താല്പര്യം ശതഗുണീഭവിക്കും.

കുണ്ടറ - നെടുമൺകാവ് റോഡിൽ ആറുമുറിക്കട മുതൽ കൊല്ലം - കണ്ണനല്ലൂർ റോഡിൽ ഡീസന്റ്മുക്കുവരെ വ്യാപിച്ചുകിടക്കുന്നതാണ് കൊറ്റങ്കര ഗ്രാമപഞ്ചായത്ത്. ഇവിടെ ഉല്പാദനത്തിൽ വിപ്ലവാത്മകമായ ചലനങ്ങൾ ഉളവാക്കുക, തൊഴിലധിഷ്ഠിത പദ്ധതികൾക്ക് ഊന്നൽ നൽകുക, സാമൂഹിക നീതിയും സാമൂഹിക ക്ഷേമവും ഉറപ്പുവരുത്തുക, അസമത്വങ്ങൾ തുടച്ചുനീക്കുക, വരുമാനം വർദ്ധിപ്പിക്കുക തുടങ്ങി വികസനത്തിന്റെ എല്ലാ ഘടകങ്ങൾക്കും സമർഹമായ പ്രാധാന്യം നൽകിക്കൊണ്ട് ഈ കാലഘട്ടത്തിന്റെ ആവശ്യങ്ങളെ ശരിക്കും മനസ്സിലാക്കിക്കൊണ്ടുള്ള ഒരു സമഗ്രവികസനരേഖയാണ് അവതരിപ്പിച്ചിട്ടുള്ളത്. ഉപസംഗഹാരം ഇല്ല. പകരം ജനപങ്കാളിത്തത്തോടെ പുതിയൊരു വികസന സംസ്കാരത്തിന് തുടക്കം കുറിക്കാം. ജനശക്തി സജീവമാക്കുകയും ജനങ്ങളിൽ സുഷുപ്തമായ സർഗശക്തികളെ തട്ടിയുണർത്തുകയും ചെയ്യുവാൻ പര്യാപ്തമായ ജനമുന്നേറ്റത്തിനായി നമുക്ക് കൈകോർത്ത് പിടിക്കാം.

കെ. കുഞ്ഞയ്യപ്പൻ
(പ്രസിഡന്റ്)

1996 ഡിസംബർ 29 –ന്
ഇളമ്പള്ളൂർ കമ്മ്യൂണിറ്റി ഹാളിൽ വച്ചു നടന്ന
കൊറ്റങ്കര ഗ്രാമപഞ്ചായത്ത്
വികസന സെമിനാർ
അനുബന്ധ നിർദ്ദേശങ്ങൾ

ഗ്രൂപ്പ് 1
കൃഷിയും ജലസേചനവും

ജലസേചനം

1. പെരുമ്പുഴ ഏലാ, പുനുക്കന്നൂർ ഏലാ, മാമ്പുഴ ഏലാ, പേരൂർ ഏലാ എന്നിവയ്ക്ക് തലക്കുളം നിർമ്മിച്ച് ജല സേചന സൗകര്യം മെച്ചപ്പെടുത്തണം.
2. മേല്പറഞ്ഞ ഏലാകളിൽ ട്രാക്ടർ, ട്രില്ലർ തുടങ്ങിയവയും മറ്റു വാഹനങ്ങളും എത്തിച്ചേരുന്നതിന് റോഡുകൾ ഉണ്ടാകണം.
3. കല്ലട ജലസേചന പദ്ധതി ഉടനടി കമ്മീഷൻ ചെയ്യണം.
4. ഏലാ അടിസ്ഥാനത്തിൽ കർഷക സംഘങ്ങളും ഈ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഗ്രൂപ്പ് ഫാമിംഗും നടപ്പിലാക്കണം.
5. പേരൂർ ഏലായുടെ വികസനത്തിന് ഒരിക്കലും വറ്റാത്ത പണ്ടാരക്കുളം, പേരൂർ കൊച്ചുകുളത്തിനുസമീപമുള്ള വലിയകുളം, പുളിശ്ശേരികുളം, തെക്കടത്ത്കുളം എന്നിവ ആഴംകൂട്ടി ലിഫ്റ്റ് ഇറിഗേഷൻ സൗകര്യമുണ്ടാക്കണം. അങ്ങനെ ചെയ്താൽ പേരൂർ എ.ബി.സി. വാർഡുകളിലെ നെൽ കൃഷിക്ക് പ്രയോജനം ചെയ്യും.
6. കല്ലട ജലസേചന പദ്ധതിയുടെ പ്രയോജനം പേരൂർ എ.ബി.സി. വാർഡുകൾക്ക് ഇന്നത്തെ നിലയിൽ ലഭ്യമല്ല. അതിനാൽ കനാലിന്റെ ഒരു ശാഖ ഈ വാർഡുകൾ സ്പർശിച്ചുപോകത്തക്കവണ്ണം നിർമ്മിക്കണം.

തെങ്ങുകൃഷി

7. രോഗം വന്ന തെങ്ങുകൾ ഉടനെ വെട്ടിമാറ്റണം. അതിനു സാമ്പത്തിക സഹായം ലഭ്യമാക്കുകയും വേണം.
8. തെങ്ങിൻ തൈകൾ കൃഷിഭവൻ വഴി വിതരണം ചെയ്യുന്നത് നന്നല്ല. അതുകൊണ്ട് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നഴ്സറി സ്ഥാപിച്ച് നല്ല തൈകൾ വിതരണം ചെയ്യാൻ നടപടിയെടുക്കണം.
9. ട്രാക്ടർ, ടില്ലർ, പമ്പ്സെറ്റ് തുടങ്ങിയവ റിപ്പയർ ചെയ്യുന്നതിനുള്ള ഒരു കേന്ദ്രം പഞ്ചായത്തിൽ വേണം.

പച്ചക്കറി കൃഷി

10. അത്യുല്പാദനശേഷിയുള്ള വിത്തുകളും സബ്സിഡിയോടുകൂടി രാസവളവും ലഭ്യമാക്കണം.

മരച്ചീനി കൃഷി

11. ബ്ലോക്ക് വഴി നല്ലയിനം മരച്ചീനി കമ്പുകൾ ഇന്ന് ലഭ്യമാണ്. എന്നാൽ എലിശല്യം മൂലം കൃഷി വിജയപ്രദമാകുന്നില്ല. എലിനശീകരണത്തിന് അടിയന്തിര നടപടി വേണം.

കശുമാവ് കൃഷി

12. കല്ലട ജലസേചന പദ്ധതിപ്രദേശത്ത് തരിശായി കിടക്കുന്ന സ്ഥലത്ത് കശുമാവ് കൃഷിചെയ്യാൻ നടപടി വേണം.

കുരുമുളക് കൃഷി

13. വളരെ സമൃദ്ധമായി കുരുമുളക് ഈ പഞ്ചായത്തിൽ വളരുന്നു. അത്യുല്പാദനശേഷിയുള്ള വള്ളിയും വളവും കുരുമുളക് കൃഷിക്കാർക്ക് ലഭ്യമാക്കണം.
14. കുരുമുളക് സസ്യം സംരക്ഷിക്കുന്ന നടപടികൾ ഊർജ്ജിതമായി നടപ്പിലാക്കണം.

വാഴ കൃഷി

15. അത്യുല്പാദനശേഷിയുള്ള വിത്തുകൾ ലഭ്യമാക്കി വാഴ കൃഷി കൂടുതൽ വ്യാപകമാക്കണം. കാരണം വളരെ ആദായകരമായ ഒരു കൃഷിയാണ്.
16. തെങ്ങിൻതോപ്പിൽ വാഴ കൃഷി ചെയ്താൽ അത് രണ്ട് കൃഷിക്കും പ്രയോജനം ചെയ്യും.

കുമ്പ് കൃഷി

17. കുമ്പ്കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി വേണം. കുമ്പിന്റെ വിപണന സൗകര്യവും കണ്ടെത്തണം.

പുൽകൃഷി

18. ഇടവിളയായി പുല്ല് കൃഷിചെയ്യാവുന്നതാണ്. ഇതിന് പല്ലൻചോളം ഉപയോഗിക്കാവുന്നതാണ്. പുല്ലിന്റെയും പല്ലൻചോളത്തിന്റെയും വിത്തുകൾ ലഭ്യമാക്കണം.

അടയ്ക്കാ കൃഷി

19. നല്ലയിനം വിത്തുകൾ ലഭ്യമാക്കി അടയ്ക്കാ കൃഷിക്ക് വേണ്ടത്ര പ്രോത്സാഹനം നൽകേണ്ടതാണ്.

കൃഷിഭവൻ

20. ഇളമ്പള്ളൂർ വില്ലേജിൽ പെരുമ്പുഴ കേന്ദ്രമാക്കി ഒരു കൃഷിഭവൻ വേണം.

ടാസ്ക് ഫോഴ്സ്

1. അധ്യക്ഷൻ
   ശ്രീ. കെ. ജോർജ്ജ്കുട്ടി, പഞ്ചായത്ത് മെമ്പർ
2. കൺവീനർ
   ശ്രീമതി എ. ഗിരിജാകുമാരി, അഗ്രികൾച്ചറൽ ഓഫീസർ, കൊറ്റങ്കര കൃഷിഭവൻ, ചന്ദനത്തോപ്പ് പി.ഒ.
   ശ്രീ. എസ്. തിലകൻ, അസിസ്റ്റന്റ് എൻജിനീയർ, മൈനർ ഇറിഗേഷൻ, കുണ്ടറ പി.ഒ.

3. ജോയിന്റ് കൺവീനർ
ശ്രീ. കെ. ഉമാമഹേശ്വരൻ, ഡി.ആർ.പി., ചരുവിള വീട്, പേരൂർ, കൊല്ലം – 5
4. ശ്രീ. സി. സോമൻപിള്ള, വൈസ് പ്രസിഡന്റ്, കളയ്ക്കാട്ടുവീട്, പെരുമ്പുഴ പി.ഒ.
5. ശ്രീ. ജി. യോഹന്നാൻ, പ്ലാവിളപുത്തൻവീട്, എസ്.ബി.റ്റി.യ്ക്കു സമീപം, കുണ്ടറ പി.ഒ.
6. ശ്രീ. കെ. പവിത്രൻ, അമ്പിളി ഭവൻ, പേരൂർ, കൊല്ലം
7. ശ്രീ. കെ. വിക്രമൻ പിള്ള, ഭാഗ്യസദനം, ഇളമ്പള്ളൂർ,
8. ശ്രീ. ഡി. മോഹനൻപിള്ള, കണ്ണങ്കരപടിഞ്ഞാറ്റതിൽ, ചന്ദനത്തോപ്പ് പി.ഒ.
9. ശ്രീ. എസ്. ഗോപാലകൃഷ്ണപിള്ള, പണ്ടാരഴികത്ത് മേലതിൽ, പെരുമ്പുഴ, കുണ്ടറ പി.ഒ.
10. ശ്രീ. എസ്. ജയകുമാർ ഉണ്ണിത്താൻ, ജയാസദനം, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
11. ശ്രീ. എൻ. വിജയകൃഷ്ണൻ നായർ, ജ്ഞാനകി നിവാസ്, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
12. ശ്രീ. എം.റ്റി. വർഗ്ഗീസ്, മാവിലഴികം, ആലുംമൂട് പി.ഒ.

ഗ്രൂപ്പ് 2
മൃഗപരിപാലനം, മത്സ്യബന്ധനം, ക്ഷീരവികസനം

ക്ഷീരവികസനം

1. തീറ്റപ്പുൽ കൃഷി

1. കൊറ്റങ്കര ഗ്രാമ പഞ്ചായത്തിൽ തരിശായി കിടക്കുന്ന മുഴുവൻ ഭൂമിയിലും (ഡിപ്പാർട്ട്മെന്റ് വക ഭൂമി ഉൾപ്പെടെ) തെങ്ങുകളുടെ ഇടവിളയായി കൃഷിചെയ്യുകയും, പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ അതാതു വാർഡുകളിലെ ക്ഷീരസഹകരണസംഘങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും പ്രത്യേക താല്പര്യമുള്ള വ്യക്തികളുടെയും ചുമതലയിൽ ഉല്പാദനവും വിതരണവും നടത്തണം.
2. ചർച്ചാ ക്ലാസ്സുകളും സെമിനാറുകളും വർഷത്തിൽ രണ്ട് പ്രാവശ്യം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ അനുയോജ്യമായ സ്ഥലത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തണം.
3. കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ അർഹരായ കർഷകർക്ക് മാതൃകാ കാലിത്തൊഴുത്ത് പണിയുന്നതിനും നിലവിലുള്ള തൊഴുത്ത് മെയിന്റനൻസ് ചെയ്യുന്നതിനും ധനസഹായം ചെയ്യണം.
4. കൊറ്റങ്കര പഞ്ചായത്തിലെ ഓരോ വാർഡിലും ഒരു വർഷം രണ്ട് വീതം ഡയറി യൂണിറ്റുകൾ സബ്സിഡി നിരക്കിൽ സ്ഥാപിക്കണം.
5. ഈ പഞ്ചായത്തിൽ ഭൂ വിസ്തൃതി കൂടുതൽ ആയതിനാൽ കിഴക്കൻ മേഖലയിലും പടിഞ്ഞാറൻ മേഖലയിലും ഓരോ ചെറുകിട കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.
6. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ക്ഷീരസഹകരണസംഘങ്ങളുടെ സഹകരണത്തോടുകൂടി ഒരു പാൽ ശീതീകരണ കേന്ദ്രവും പാക്കറ്റിംഗ് വിതരണവും നടത്തുക.
7. പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി ക്ഷീരസഹകരണസംഘങ്ങൾ, സന്നദ്ധസംഘടനകൾ, മഹിളാ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ ക്ഷീരോല്പന്നയൂണിറ്റുകൾ നടപ്പിലാക്കുക.
8. ഈ പഞ്ചായത്തിൽ ക്ഷീരസഹകരണസംഘങ്ങൾ ഇല്ലാത്ത വാർഡുകളിൽ ക്ഷീരസഹകരണ സംഘങ്ങൾ സ്ഥാപിക്കുക. പ്രവർത്തിക്കാതെ കിടക്കുന്ന ക്ഷീര സഹകരണസംഘങ്ങൾ പ്രവർത്തിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുക.
9. കുണ്ടറ ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ പ്രവർത്തന മേഖലയിൽ നിന്നും കൊറ്റങ്കര പഞ്ചായത്തിലെ 9, 10 വാർഡുകൾ വിടുതൽ ചെയ്യുന്നതിന് കുണ്ടറ ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ ബൈലായിൽ ഭേദഗതി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.
10. കൊറ്റങ്കര ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ പരിധിയിൽ നിന്നും പേരൂർ എ, പേരൂർ ബി വാർഡുകൾ വിടുതൽ ചെയ്യുന്നതിന് പ്രസ്തുത സംഘത്തിന്റെ ബൈല ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.
11. ഈ പഞ്ചായത്തിലെ ഓരോ വാർഡും വിസ്തൃതിയിലും ജനസംഖ്യയിലും മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് വലിപ്പമുള്ളതാകയാൽ ഓരോ വാർഡിലും ഓരോ ക്ഷീര വ്യവസായ സംഘങ്ങൾ സ്ഥാപിക്കണം.
12. എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു ക്ഷീരവികസന ഓഫീസ് കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണം

സമഗ്രവികസന രേഖ 56-ാം പേജിൽ വരുത്തിയ തിരുത്ത് പട്ടിക -1 ലെ പശു സങ്കരം എന്നുള്ള കോളം

നാടൻ പശുവും, എരുമയുടെ കോളം പശുസങ്കരവും ആണ്. എഴുതാത്ത കോളം എരുമയുടേതുമാണ്.

നടപ്പു പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലനം

ഇപ്പോൾ നടപ്പിലാക്കുന്ന ഈ പദ്ധതി വളരെ പരിമിതമായതിനാൽ ഈ പഞ്ചായത്തിലെ എല്ലാ ക്ഷീരസഹകരണസംഘങ്ങളിലും നടപ്പിലാക്കണം.

2. പേ വിഷ നിയന്ത്രണപദ്ധതി

അലഞ്ഞുതിരിഞ്ഞു നടക്കുന്ന പ്പട്ടികളെയും പേ പിടിച്ച പട്ടികളെയും നശിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാകണം. അതുപോലെ വളർത്തുനായ്ക്കൾക്ക് പേവിഷബാധയ്ക്കുള്ള പ്രതിരോധ കുത്തിവയ്പ് സൗജന്യമാക്കണം.

3. കാലിവസന്ത നിർമ്മാർജ്ജന പദ്ധതി

എല്ലാ വാർഡുകളിലും നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

4. കോഴിവളർത്തൽ

മുട്ട സംഭരണവും വിതരണവും ചെയ്യുന്നതിന് എല്ലാ വാർഡുകളിലും രണ്ട് വീതം പ്രത്യേക മുട്ടസഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

പ്രശ്നങ്ങളും ആവശ്യങ്ങളും.

1. ഈ പഞ്ചായത്തിലെ എല്ലാ പശുക്കളെയും ആടുകളെയും ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തി പ്രീമിയം തുകയുടെ 50% സബ്സിഡിയായി നൽകുക.
2. കൃത്രിമ ബീജസങ്കലനം നടത്തുന്നത് ഒന്നിലധികം പ്രാവശ്യം വേണ്ടിവന്നാൽ അത് സൗജന്യമായി പുനസ്ഥാപിക്കുക.
3. പ്രീമിയം ബുൾ സെമൻ മാത്രം ഉപയോഗിച്ച് ബീജസങ്കലനം നടത്തിയാൽ പാലുല്പാദനം ഇപ്പോഴുള്ളതിന്റെ ഇരട്ടിയാക്കാൻ സാധിക്കും. അതിന് പ്രീമിയം ബുൾ സെമൻ 50% സബ്സിഡി നിരക്കിൽ നൽകുക.
4. ഈ പഞ്ചായത്തിലെ മൃഗാശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും ക്ലിനിക്, ലബോറട്ടറികൾ, ടെലിഫോൺ സൗകര്യം, സഞ്ചരിക്കുന്ന മൃഗാശുപത്രി എന്നിവയും ലഭ്യമാക്കുക.
5. പഞ്ചായത്തിൽ ഒരു ഹാച്ചറി യൂണിറ്റ് സ്ഥാപിക്കുക.
6. താറാവ് കൃഷി വ്യാപകമാക്കുക.
7. വിസ്തൃതി ഏറിയ ഈ പഞ്ചായത്തിൽ കിഴക്കൻ മേഖലയിലും പടിഞ്ഞാറൻ മേഖലയിലും ആധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് അറവ് ശാലകൾ സ്ഥാപിക്കുക.
8. മൃഗാശുപത്രികളിൽ രജിസ്റ്റർ ചെയ്യുന്ന കന്നുകുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ വിര മരുന്ന്, ധാതുമിശ്രിതം, മീനെണ്ണ ഇവ അടങ്ങിയ കിറ്റ് നൽകുക.

മത്സ്യബന്ധനം

1. പുനുക്കന്നൂർ എ വാർഡിലെ തലച്ചിറയിൽ മത്സ്യകൃഷി നടത്തുന്നതിനാവശ്യമായ വെള്ളം ലഭ്യമായതിനാൽ വ്യക്തികൾക്കോ ചാരിറ്റബിൾ സൊസൈറ്റികൾക്കോ, മറ്റ് ഏതെങ്കിലും ഏജൻസികൾക്കോ, പഞ്ചായത്ത് നേരിട്ടോ മത്സ്യകൃഷി നടത്തുന്നതിന് നടപടി സ്വീകരിക്കുക.
2. ജനകീയ മത്സ്യകൃഷി പദ്ധതി ഈ പഞ്ചായത്തിൽ നടപ്പിലാക്കണം.

ടാസ്ക്ഫോഴ്സ്

1. അധ്യക്ഷൻ
   ശ്രീ. ഈ.എ. ഖരീം, പഞ്ചായത്ത് മെമ്പർ
2. കൺവീനർ
   ഡോ. കെ.എച്ച്. ഇബ്നുസബീർ, വെറ്റിനറി സർജൻ, പുനുക്കന്നൂർ
3. ജോ. കൺവീനർ
   ശ്രീ. എം. സുരലാൽ, തോട്ടിൻകര വീട്, പേരൂർ, കൊല്ലം
4. ശ്രീ. എസ്. രഘുനാഥൻപിള്ള, വൈസ് പ്രസിഡന്റ്, തുരുത്തിൽ വീട്, റേഡിയോ ജംഗ്ഷൻ, പെരുമ്പുഴ
5. ശ്രീ. മധുസൂദനൻ പിള്ള, ഡി.ആർ.പി., കളിയ്ക്കൽ വീട്, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
6. ശ്രീ. ദിലീപ് കുമാർ വി., പ്രസന്നഭവനം, സെറ്റിൽമെന്റ് കോളനി, ബ്ലോക്ക് നമ്പർ 97, പെരുമ്പുഴ പി.ഒ.
7. ശ്രീ. എം. വിക്രമൻ, ജ്ഞാനകനഴികം, പേരൂർ, കൊല്ലം
8. ശ്രീ. സഹദേവൻ, ചിറവിള പുത്തൻവീട്, പുനുക്കന്നൂർ, മുണ്ടയ്ക്കൽ, പെരുമ്പുഴ പി.ഒ.
9. ഷെർളി അലക്സ്, ഡയറി ഫോം ഇൻസ്ട്രക്ടർ, മുഖത്തല ബ്ലോക്ക് (മഞ്ചാടിവിളാകം, പട്ടത്താനം, കൊല്ലം - 1)
10. ശ്രീ. കെ. അനിരുദ്ധൻ, തുഷാര, ഇളമ്പള്ളൂർ, കുണ്ടറ
11. ശ്രീമതി ഏലിയാമ്മ സി. തങ്കമ്മ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, മുഖത്തല ബ്ലോക്ക് (പരിക്കൂർ വീട്, പനവേലി പി.ഒ., കൊട്ടാരക്കര)
12. റ്റി.സി. വിജയൻ, ആർ.കെ. സദനം, കൊറ്റങ്കര, ചന്ദനത്തോപ്പ് പി.ഒ.

ഗ്രൂപ്പ് - 3
വിദ്യാഭ്യാസം

അംഗീകൃത ട്രെയിനിംഗ് സ്ക്കൂളിന്റെ ലിസ്റ്റിൽ പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് & മോഡൽ സ്ക്കൂൾ, സാരഥി മുക്കിനു സമീപം, ചന്ദനത്തോപ്പ് എന്ന സ്ഥാപനത്തിന്റെ പേരുകൂടി ചേർത്തിരിക്കുന്നു.

അംഗീകാരമുള്ള സ്ക്കൂളുകളുടെ ലിസ്റ്റിൽ താഴെ പറയുന്ന സ്ക്കൂളുകൾ ചേർത്തിരിക്കുന്നു.

1. സെന്റ് ആൻഡ്രൂസ് L.P.S., പള്ളിമുക്ക്, കുണ്ടറ – വാർഡ് – 14
2. സെന്റ് വിൻസന്റ് L.P.S., കേരളപുരം – വാർഡ് – 8

അംഗീകാരമില്ലാത്ത സ്ക്കൂളുകൾ

1. സെന്റ് മേരീസ് L.P.S., ആശുപത്രിമുക്ക്, കുണ്ടറ – വാർഡ് – 15
2. പെനിയേൽ L.P.S.., കേരളപുരം – വാർഡ് – 8
3. പ്രിയദർശിനി ഹൈസ്ക്കൂൾ, പേരൂർ – വാർഡ് – 2
4. സെന്റ് തോമസ് നേഴ്സറി സ്ക്കൂൾ, പള്ളിമുക്ക്, കുണ്ടറ – വാർഡ് – 14

തീരുമാനങ്ങൾ

1. പഞ്ചായത്തിൽ എല്ലാ സ്ക്കൂളുകളോടും അനുബന്ധിച്ച് പി.റ്റി.എ. യുടെ ആഭിമുഖ്യത്തിൽ പ്രീ-പ്രൈമറി സ്ക്കൂളുകൾ ആരംഭിക്കണം. ഇത്തരം സ്ക്കൂളുകൾ മലയാളം മീഡിയം ആയിരിക്കണം.
2. 1102 –ൽ ആരംഭിച്ച ആലുംമൂട് യു.പി.ജി.എസ്. അടിയന്തിരമായി ഹൈസ്ക്കൂളായി ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം.
3. മാതൃഭാഷാപഠനം പ്രോത്സാഹിപ്പിക്കുന്നതിനായി നിലത്തെഴുത്ത് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, കൂടുതൽ കുട്ടികളെ അവിടേക്ക് ആകർഷിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളണം.
4. ഇത്തരം പ്രീ-പ്രൈമറി സ്ക്കൂളുകൾ ഇല്ലാത്ത വാർഡുകളിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ക്കൂളുകൾ ആരംഭിക്കണം.
5. എൽ.പി. സ്ക്കൂളുകൾ ഇല്ലാത്ത വാർഡുകളിൽ വിദ്യാഭ്യാസ സർവ്വെയുടെ അടിസ്ഥാനത്തിൽ സ്ക്കൂളുകൾ ആരംഭിക്കണം.
6. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലെയും പ്രഥമ അധ്യാപകരും പി.റ്റി.എ. കളും അധ്യാപക സംഘടനാഭാരവാഹികളും അറിയപ്പെടുന്ന വിദ്യാഭ്യാസപ്രവർത്തകരും, ശാസ്ത്രസാഹിത്യപരിഷത്തിന്റെ പ്രതിനിധികളും മാനേജർമാരും പഞ്ചായത്ത് വാർഡ് മെമ്പർമാരും ഉൾപ്പെടുന്ന ഒരു പഞ്ചായത്ത് വിദ്യാഭ്യാസ-ഉപദേശക സമിതി രൂപീകരിക്കുകയും ഈ സമിതിയുടെ ആഭിമുഖ്യത്തിൽ ഓരോ ടേമിലും ഒരു പ്രാവശ്യമെങ്കിലും കൂടി ചർച്ചയും സെമിനാറും സംഘടിപ്പിക്കേണ്ടതാണ്.
7. ഓരോ വർഷവും ഓരോ പ്രൈമറി സ്ക്കൂൾ വീതം ദത്തെടുത്ത് മാതൃകാപരമായ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചു. ഈ പഞ്ചായത്തിലെ പെരുമ്പുഴ S.R.V.L.P.S. – ന് മുൻഗണന നൽകാനും തീരുമാനിച്ചു.
8. ഏറ്റവും കൂടുതൽ വിജയശതമാനം S.S.L.C. ക്ക് വാങ്ങുന്ന സ്ക്കൂളിന് റോളിംഗ് ട്രോഫി ഏർപ്പെടുത്തണം.
9. സ്ക്കൂളിലെ എല്ലാ തലത്തിലുമുള്ള നിലവാരം കണക്കിലെടുത്ത് എൽ.പി. യിലും യു.പി. യിലും ഓരോ ട്രോഫി ഏർപ്പെടുത്തണം.
10. സംസ്ഥാനതല യുവജനോത്സവത്തിൽ പങ്കെടുക്കാൻ അർഹതനേടുന്ന കലാകായിക പ്രതിഭകൾക്ക് സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.
11. എല്ലാ ഹൈസ്ക്കൂളിനോടും അനുബന്ധിച്ച് പ്ലസ് ടു ഉം വൊക്കേഷണൽ കോഴ്സുകളും (പാരാമെഡിക്കൽ ഉൾപ്പെടെ) തുടങ്ങണം.
12. ഒരു വനിതാ ഐ.റ്റി.ഐ. തുടങ്ങണം.
13. എല്ലാ പ്രൈമറി വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണം നൽകുന്നതിനാവശ്യമായ മാച്ചിംഗ് ഗ്രാന്റ് നൽകുക. പാചകത്തിനാവശ്യമായ പുരയും പാത്രങ്ങളും ലഭ്യമാക്കുക.
14. കേരളപുരം ഗവ. എച്ച്.എസ്. –ൽ ഒരു നൈറ്റ് വാച്ചറെ നിയമിക്കുക.
15. അച്ചടിച്ച സമഗ്രവികസന റിപ്പോർട്ടിൽ 109–ാം പേജിൽ 9–ാമത്തെ തീരുമാനമായി കേരളപുരത്ത് പ്രവർത്തിക്കുന്ന പെനിയേൽ നഴ്സറി & പ്രൈമറി സ്ക്കൂളിന് ഗവ. അംഗീകാരം നൽകണം എന്ന ശുപാർശ റദ്ദ്ചെയ്ത് തീരുമാനിക്കുന്നു.
16. 107–ാമത്തെ പേജിൽ നാലാം ഖണ്ഡികയിൽ ആറാമത്തെ വരിയിൽ ശ്രീനാരായണഗുരുവിന്റെയും ചട്ടമ്പി സ്വാമികളുടെയും എന്നതിനോടൊപ്പം കൃസ്ത്യൻ മിഷനറിമാരുടെയും മറ്റ് സാമൂഹ്യ സംഘടനകളുടെയും എന്നു കൂടി ചേർത്ത് തീരുമാനിക്കുന്നു.

ടാസ്ക്ഫോഴ്സ്

1. അധ്യക്ഷൻ
   ശ്രീ. പി.വി. രണദിവെ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
2. കൺവീനർ
   പ്രൊ. ജി. തുളസീധരൻപിള്ള, ഡി.ആർ.പി., ചാങ്ങയിൽ, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
3. ജോ. കൺവീനർ
   ശ്രീ. എൻ. തുളസീദാസൻ പിള്ള, നാരായണവിലാസം, പെരുമ്പുഴ പി.ഒ.
4. ശ്രീ. ഒ. ബാലചന്ദ്രൻപിള്ള, വൈസ് പ്രസിഡന്റ്, പുതിയവീട്ടിൽ കിഴക്കതിൽ, പെരുമ്പുഴ പി.ഒ.
5. പ്രൊ. ജെ. അബ്ദുൽ സലാം, മുള്ളംകോട്ട്, ചന്ദനത്തോപ്പ്
6. ശ്രീ. എൻ. ബാലകൃഷ്ണൻ, ബാലസരസ്സ്, പെരുമ്പുഴ
7. ശ്രീമതി. കെ. ജാനമ്മ, എസ്.കെ.വി. മന്ദിരം, കൊറ്റങ്കര, ചന്ദനത്തോപ്പ് പി.ഒ.
8. ശ്രീ. ജി. ഗീവർഗ്ഗീസ് പണിക്കർ, കളീലിൽ വീട്, അമ്പിപൊയ്ക പി.ഒ., കുണ്ടറ.
9. ശ്രീ. കെ. ശശിധരൻപിള്ള, തോട്ടുംമുഖത്ത് വീട്, കൊറ്റങ്കര, കേരളപുരം, ചന്ദനത്തോപ്പ് പി.ഒ.
10. ശ്രീ. എം. എ. വാഹിദ്, കോടിയാട്ട് പുത്തൻവീട്, കുരീപ്പള്ളി, പെരുമ്പുഴ പി.ഒ.
11. ശ്രീ. ജി. അനിൽകുമാർ, അനിൽഭവനം, ഇളമ്പള്ളൂർ,

ഗ്രൂപ്പ് - 4
പൊതുജനാരോഗ്യവും കുടിവെള്ളവും

പൊതുജനാരോഗ്യം

സമഗ്രവികസന റിപ്പോർട്ടിൽ 96-ാം പേജിൽ 5 -ാം ഖണ്ഡികയിൽ പ്രകൃതിചികിത്സ സംബന്ധിച്ച ഭേദഗതി - സർക്കാർ നിയമം അനുസരിച്ച് പ്രകൃതിചികിത്സ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡിപ്പാർട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്, അതിനാൽ ഈ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പഞ്ചായത്തിലെ 15 വാർഡുകളിലും സാർവത്രികമായി നടപ്പാക്കുന്നതിന് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ട്രെയിനിംഗ് ലഭിച്ച ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തണം.

സമഗ്രവികസന റിപ്പോർട്ട് പേജ് 98-ൽ രണ്ടാമത്തെ ഖണ്ഡികയിൽ 10 കിടക്കകൾ ഉള്ള ഒരു ആശുപത്രികെട്ടിടവും എന്നുള്ളത് 20 കിടക്കകൾ ഉള്ളത് എന്ന് ഭേദഗതി ചെയ്തു.

പേജ് 98-ൽ ഖണ്ഡിക മൂന്നിനോട് ചേർത്ത് - ഹോളിസ്റ്റിക് സിസ്റ്റം നടപ്പിലാക്കുന്നതിന് നിലവിലുള്ള ഹോമിയോ-ആയുർവ്വേദ-അലോപ്പതി സ്ഥാപനങ്ങളുടെ സേവനം ക്രോഡീകരിച്ച് പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് സാമ്പത്തിക ചിലവ് ഉണ്ടാവുകയില്ല.

കൊറ്റങ്കര : പേജ് 98-ൽ ഖണ്ഡിക 1-ൽ നിലവിലുള്ള ആയുർവേദ ഡിസ്പെൻസറി 20 കിടക്കകളുള്ള സ്പെഷ്യലിസ്റ്റ് ക്ലിനിക്കായി ഉയർത്തണമെന്നും, മർമം, നേത്രം, പഞ്ചകർമ്മം, വിഷം, ശിശുരോഗം എന്നിവ കൂടി ഉൾപ്പെടുത്തി. 24 മണിക്കൂറും പ്രവർത്തിക്കുന്ന മിഡ്വൈഫറി സെന്റർ ആവശ്യമാണ്.

ചന്ദനത്തോപ്പ് : നിലവിലുള്ള ഹോമിയോ ആശുപത്രിക്ക് 20 കിടക്കകളോടുകൂടിയ കെട്ടിടം നിർമ്മിക്കണം. ബാലവാടിക്ക് ഒരു കക്കൂസ് ആവശ്യമാണ്.

മാമ്പുഴ : ലക്ഷംവീട്, ഇ.എം.എസ്. കോളനികൾ, മിച്ചഭൂമി കോളനി, ഐ.എച്ച്.ഡി.പി. കോളനി, മറ്റ് പട്ടികജാതി സങ്കേതങ്ങൾ ഉൾപ്പെടെ ഏറ്റവും താഴ്ന്ന ജീവിത നിലവാരങ്ങൾ പുലർത്തുന്ന സാധുക്കളും പട്ടികജാതിയിൽ പെട്ടവരുമായ ആൾക്കാർ തിങ്ങിപാർക്കുന്ന മാമ്പുഴ വാർഡിൽ വ്യാപകമായി മഞ്ഞപ്പിത്തം, ചെങ്കണ്ണ്, വയറിളക്കം, വൈറസ് ഫീവർ തുടങ്ങിയ പകർച്ചവ്യാധികൾ വ്യാപകമായി ഉണ്ടാകാറുണ്ട്. ഇവിടെനിന്നും മൂന്ന് കിലോമീറ്റർ ദൂരെയാണ് ഒരു പ്രൈമറി ഹെൽത്ത്സെന്റർ പ്രവർത്തിക്കുന്നത്. ആയതിനാൽ ഈ വാർഡിൽ ഒരു ഹെൽത്ത് സെന്റർ കൊച്ചാലുംമൂട് കേന്ദ്രമാക്കി സ്ഥാപിക്കണം. വളരെയധികം കോളനികൾ ഉൾപ്പെടുന്ന ഈ പ്രദേശത്ത് സാധുക്കളായ 500 ഓളം വീട്ടുകാർക്ക് സ്വന്തമായി കക്കൂസില്ലാത്ത അവസ്ഥയാണുള്ളത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. ഏറ്റവും കൂടുതൽ പട്ടികജാതിക്കാരും സാധുക്കളും തിങ്ങിപ്പാർക്കുന്ന ഈ വാർഡിൽ പ്രത്യേക പോഷകാഹാരപദ്ധതിപ്രകാരം കുട്ടികൾക്കും ഗർഭിണികൾക്കും ആഹാരം കൊടുക്കുന്നതിന് അപ്പൈഡ് ന്യൂട്രിഷ്യൻ പ്രോഗ്രാം അനുസരിച്ച് ഒരു സെന്റർ സ്ഥാപിക്കണം. കോളനി നിവാസികളായ ഹരിജനങ്ങളും സാധുക്കളും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് ഒരു പൊതുശ്മശാനം ഉണ്ടാകേണ്ടത് ഏറ്റവും പരമപ്രധാനമായ ഒരാവശ്യമാണ്. അതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

ആലുംമൂട് : അറവുശാലയിലെ മാലിന്യങ്ങൾ ആലുംമൂട് പബ്ലിക് മാർക്കറ്റിൽ നിക്ഷേപിക്കുന്നത് നിർത്തലാക്കണം.

പുനുക്കന്നൂർ ബി : കൊതുകു നിവാരണം, പേപ്പട്ടി ശല്യം ഒഴിവാക്കൽ എന്നിവയ്ക്ക് അടിയന്തിര നടപടികൾ സ്വീകരിക്കണം. സാധുക്കളും പട്ടികജാതിയിൽ പെട്ടവരുമായ കക്കൂസില്ലാത്ത എല്ലാ കുടുംബങ്ങൾക്കും പഞ്ചായത്തിൽ നിന്ന് സൗജന്യമായി കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

പുനുക്കന്നൂർ എ : ഡാൽമിയ ഫാക്ടറിയിൽ നിന്നും ഒഴുകിവരുന്ന മാലിന്യങ്ങൾ ചിറയിൽ വന്നുചേർന്ന് വെള്ളം മലിനമാക്കുന്നത് തടയുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. കുളപ്പുറ കലുങ്കിനു സമീപം വാഹനങ്ങൾ കഴുകി ജലം മലിനമാക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കണം.

കുണ്ടറ എ : ഈ വാർഡിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കണം. ഈ വാർഡിലെ സാധുക്കളായ കുടുംബങ്ങളിൽ കക്കൂസില്ലാത്ത എല്ലാവർക്കും പഞ്ചായത്തിൽ നിന്നും സൗജന്യമായി കക്കൂസ് നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണം,

കുണ്ടറ ബി : ഈ വാർഡിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കണം. കുണ്ടറ ആശുപത്രിമുക്ക്, മുക്കട ജംഗ്ഷൻ എന്നിവിടങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം. ചപ്പുചവറുകളും മാലിന്യങ്ങളും അപ്പോഴപ്പോൾ നശിപ്പിക്കുന്നതിന് സ്ഥിരമായ ഒരു സംവിധാനം ഉണ്ടാകണം. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം വേണം.

കുടിവെള്ളം

പേരൂർ എ, ബി, സി വാർഡുകൾക്കുവേണ്ടി ഒരു വാട്ടർ ടാങ്ക് നിർമ്മിക്കണം. പേരൂർ എ വാർഡിൽ മൂപ്പർമുക്കുമുതൽ അയ്യർ മുക്കുവരെ പൈപ്പ് ലൈൻ ഇട്ട് കണക്ഷൻ കൊടുക്കുകയും ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യണം.

പേരൂർ ബി : കൊല്ലന്റയ്യത്ത് മുക്കുമുതൽ വടക്കോട്ട് ബ്രദേഴ്സ്സ്റ്റോർ മുക്കുവരെ പൈപ്പ്ലൈൻ ഇട്ട് ടാപ്പുകൾ ഫിറ്റ് ചെയ്യണം. കുറ്റിച്ചിറ കേരളോദയം വായനശാല മുക്കുമുതൽ വടക്കോട്ട് പൈപ്പ്ലൈൻ നീട്ടി ടാപ്പ് കൊടുക്കണം. ഉപ്പൂട്ടിൽ മുക്കുവരെ ലൈൻ നീട്ടണം. നാലുമുക്കിൽ നിന്നും തെക്കോട്ട് മുല്ലവനം വരെ ലൈൻ നീട്ടണം.

കൊറ്റങ്കര : ദേശാഭിമാനി വായനശാലയ്ക്ക് സമീപ പ്രദേശങ്ങളിൽ വാട്ടർ സപ്ലൈജലം ലഭ്യമല്ല

ചന്ദനത്തോപ്പ് : കേരളപുരം ജയന്തികോളനി, ഹൈസ്ക്കൂൾ ജംഗ്ഷൻ മുതൽ താഴോട്ട് ഉള്ള വഴി എന്നിവിടങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കണം. കേരളപുരം ഹൈസ്ക്കൂൾ ഗ്രൗണ്ടിലുള്ള കിണർ അടിയന്തിരമായി റിപ്പയർ ചെയ്യണം.

മാമ്പുഴ : വരൾച്ചക്കാലത്ത് മാമ്പുഴ വാർഡ് മൊത്തത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടാറുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയ്ക്ക് കുടിവെള്ളം കൊടുക്കുന്നതിന് ഇന്ന് നിലവിലുള്ള വാട്ടർ ടാങ്ക് മാമ്പുഴ വാർഡിൽ നാലുമുക്കിലാണ്. എന്നാൽ കുടിവെള്ളം സപ്ലൈ ചെയ്യുന്നതിനുള്ള പൈപ്പ്ലൈൻ ഈ വാർഡിലെ കോളനി പ്രദേശങ്ങളിലേക്ക് എല്ലാം തന്നെ എത്തിയിട്ടില്ല. ആയതിനാൽ അടിയന്തിരമായി കുടിവെള്ളം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ആലുംമൂട് : കുറ്റിയിൽ മുക്കുമുതൽ വലിയകുളം വരെയും, തുണ്ടിൽ മുക്കു മുതൽ തെക്കേവിള ജംഗ്ഷൻ വരെയും വൈദ്യർമുക്കുമുതൽ എല്ലുകുഴി കോളനി വരെയും പുതുതായി പൈപ്പ് ലൈൻ സ്ഥാപിക്കണം.

പുനുക്കന്നൂർ ബി : കോവിൽ മുക്കിന് വടക്കുമാറി കിഴക്കോട്ട് ചെക്കാലകിഴൂട്ട്വരെയുള്ള ഭാഗത്ത് പുതുതായി പൈപ്പ്ലൈൻ സ്ഥാപിക്കണം.

പുനുക്കന്നൂർ എ : ഡാൽമിയായ്ക്ക് പിറകുവശം ഒമ്പതാം വാർഡിനും പത്താംവാർഡിനും ഇടയ്ക്കുകൂടിയുള്ള റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കണം.

പെരുമ്പുഴ ബി : കുരിശ്ശടിമുക്കുമുതൽ കല്ലുവിളക്കടമുക്ക് വരെ പൈപ്പ്ലൈൻ സ്ഥാപിക്കണം.

കുണ്ടറ എ : ആശുപത്രിമുക്കുമുതൽ ആറുമുറിക്കട വരെയും ആറുമുറിക്കട മുതൽ അമ്പിപൊയ്ക വരെയും പൈപ്പ്ലൈൻ സ്ഥാപിക്കണം.

ടാസ്ക്ഫോഴ്സ്

1. അധ്യക്ഷൻ
   ശ്രീ. പേരൂർ ജി. അപ്പുക്കുട്ടൻപിള്ള, വൈസ് പ്രസിഡന്റ്
   ശ്രീ. ഈ. സെയ്നുലബ്ദീൻ, പഞ്ചായത്ത് മെമ്പർ
2. കൺവീനർ
   ഡോ. സി.സുധാകരൻ, മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ഡിസ്പെൻസറി, കൊറ്റങ്കര, ചന്ദനത്തോപ്പ് പി.ഒ.
3. ജോ. കൺവീനർ
   ശ്രീ. എൻ. വാസുദേവൻ, ഡി.ആർ.പി., കരാകോണത്ത് വീട്, പെരുമ്പുഴ പി.ഒ.
4. ശ്രീ. ജി. ശിവദാസൻ, ഡി.ആർ.പി., കളീക്കൽ വീട് പേരൂർ, തട്ടാർകോണം പി.ഒ.
5. ശ്രീ. എം. ദാമോധരൻപിള്ള, വൈസ് പ്രസിഡന്റ്. ദിലീപ് സദനം, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
6. ശ്രീ. കെ. ജനാർദ്ദനൻപിള്ള, ലക്ഷ്മി ഭവനം, അമ്പിപൊയ്ക, കുണ്ടറ പി.ഒ.
7. ശ്രീ. ആർ.രാജപ്പൻ, ശ്രീരംഗം, പുനുക്കന്നൂർ, പെരുമ്പുഴ
8. ശ്രീ. എസ്. ശശിധരൻപിള്ള, അനുഭവൻ, പുനുക്കന്നൂർ.
9. ശ്രീ. ജി. ജനാർദ്ദനൻപിള്ള, ചരുവിളവീട്, പുനുക്കന്നൂർ.
10. ശ്രീമതി റ്റി.കെ. സുമതിക്കുട്ടി, തിരുവാതിര, അമ്പിപൊയ്ക പി.ഒ.
11. ശ്രീ. എം. ഗോപാലകൃഷ്ണൻ, ഓവർസിയർ, പി.എച്ച്. സെക്ഷൻ, കൊല്ലം. ഗോപിക വില്ല, കേരളപുരം, ചന്ദനത്തോപ്പ് പി.ഒ.

ഗ്രൂപ്പ് - 5
വ്യവസായം

കശുവണ്ടി വ്യവസായം

കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ പ്രധാന വ്യവസായം കശുവണ്ടി വ്യവസായമാണ്. ഏതാണ്ട് പതിനായിരത്തോളം തൊഴിലാളികളാണ് ഈ മേഖലയിലുള്ളത്. യന്ത്രവത്കൃതമേഖലയിലേക്ക് കടന്നിട്ടില്ലാത്ത ഈ വ്യവസായം ഒരു കൈത്തൊഴിലുകൂടിയാണ്. ആഗോളപ്രശസ്തിയാർജ്ജിച്ച കശുവണ്ടിവ്യവസായം ഇന്ന് പല പ്രതിസന്ധികളെയും നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഈ വ്യവസായത്തിന്റെ അസംസ്കൃത പദാർത്ഥത്തിന്റെ ദൗർലഭ്യമാണ്. ഇത് പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ കശുമാവിൻ തൈകൾ പൊതുസ്ഥലങ്ങളിലും പാതവക്കുകളിലും എല്ലാവീടുകളിലും വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അതുപോലെ കശുമാവിൻ പഴ സംസ്കരണകേന്ദ്രവും സ്ഥാപിക്കാവുന്നതാണ്.

ബീഡിതെറുപ്പ് വ്യവസായം.

പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ കുടിൽ വ്യവസായം പോലെ നടക്കുന്ന ഒന്നാണ് ബീഡിതെറുപ്പ് വ്യവസായം. ധാരാളം സ്ത്രീകൾ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നുവെങ്കിലും കൂടുതൽ പേരും പാർശ്വവത്കരിക്കപ്പെടുകയാണ് ചെയ്യുന്നത്. അതുകൊണ്ട് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ബീഡിതെറുപ്പ് സഹകരണസംഘം സ്ഥാപിച്ചാൽ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ സേവനം ലഭിക്കുകയും അവരുടെ സേവനവേതനവ്യവസ്ഥകൾ മെച്ചപ്പെടുത്താ

നും കഴിയും. ഇതിന്റെ വിപണനം ഇവിടെത്തന്നെ നടത്താവുന്നതാണ്. ഈ വ്യവസായവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ സ്ത്രീകൾ അധിവസിക്കുന്നത് പെരുമ്പുഴ ബി വാർഡിൽ ആയതിനാൽ ഈ ബീഡിതെറുപ്പ് സഹകരണ സംഘം ബി വാർഡ് കേന്ദ്രീകരിച്ച് നടത്തുന്നതാണ് ഉചിതം.

കൂൺ വ്യവസായം

വളരെ ചെലവ് കുറഞ്ഞ രീതിയിൽ നടത്താവുന്ന ഒരു കുടിൽ വ്യവസായമാണ് കൂൺ വ്യവസായം. കുറഞ്ഞത് 5000 രൂപ ഉണ്ടെങ്കിൽ ഇതിന്റെ ഒരു ചെറിയ യൂണിറ്റ് തുടങ്ങാവുന്നതാണ്. പത്തുരൂപമുതൽമുടക്കിയാൽ 45 രൂപവരെ ലാഭം കിട്ടുന്ന വ്യവസായമാണ്. ഇതിന്റെ വിപണന സാധ്യത വളരെ വലുതാണ്. അതുകൊണ്ട് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇതിന്റെയൊരു യൂണിറ്റ് തുടങ്ങാവുന്നതാണ്. ഇതിന്റെ വേസ്റ്റ് കാലിത്തീറ്റയായും ഉപയോഗിക്കാം. കൂൺ കൃഷി സംബന്ധിച്ച പരിശീലനം കൃഷിഭവനിൽ നിന്നും ലഭിക്കുന്നതാണ്.

റെഡിമെയ്ഡ് വ്യവസായം

റെഡിമെയ്ഡ് വ്യവസായത്തിന് നമ്മുടെ പഞ്ചായത്തിൽ വളരെ സാധ്യതയുണ്ട്. ഇതിനോട് ആഭിമുഖ്യം പുലർത്തുന്നവർ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ധാരാളമായി ഉണ്ട് എന്നാണ് ഗ്രാമസഭാറിപ്പോർട്ടുകളിൽ നിന്നും മനസ്സിലാകുന്നത്. റെഡിമെയ്ഡ് വ്യവസായ യൂണിറ്റുകൾ സംബന്ധിച്ച് വിദഗ്ദ്ധന്മാരുടെ ഉപദേശം സ്വീകരിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തിലെ തൊഴിലില്ലാത്ത യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി സഹകരണാടിസ്ഥാനത്തിൽ റെഡിമെയ്ഡ് വ്യവസായത്തിന്റെ ഒരു വലിയ യൂണിറ്റ് സ്ഥാപിക്കണം.

കമ്പോസ്റ്റ് വള നിർമ്മാണ വ്യവസായ യൂണിറ്റ്

നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ പൊതുസ്ഥലങ്ങളിലും വഴിവക്കിലും കുന്നുകൂടുന്ന ചപ്പുചവറുകളും പ്ലാസ്റ്റിക് ഒഴിച്ചുള്ള ഉപയോഗശൂന്യമായ വസ്തുക്കളും മൊത്തത്തിൽ ശേഖരിച്ച് ഒരു കമ്പോസ്റ്റുവള നിർമ്മാണയൂണിറ്റ് തുടങ്ങാവുന്നതാണ്. നമ്മുടെ നാട് ഇന്ന് അഭിമുഖീകരിക്കുന്ന മലിനീകരണഭീഷണികളിൽ നിന്നും പകർച്ചവ്യാധികളിൽ നിന്നും രക്ഷനേടുന്നതിന് ഇതുമൂലം സാധിക്കും.

കരകൗശലവ്യവസായ യൂണിറ്റ്

കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിനും വിപണനത്തിനും നമ്മുടെ പഞ്ചായത്തിൽ വളരെ സാധ്യതകളാണുള്ളത്. കൈത, ചിരട്ട, പുല്ല്, തടി തുടങ്ങിയ സാധനങ്ങൾ സമാഹരിച്ച് കരകൗശലവ്യവസായ യൂണിറ്റ് തുടങ്ങാവുന്നതാണ്.

മിനറൽവാട്ടർ നിർമ്മാണവ്യവസായം

ആധുനിക ജീവിതത്തിൽ പ്രത്യേകിച്ചും പട്ടണപ്രദേശത്ത് വളരെ വിപണനസാധ്യതയുള്ള ഒന്നാണ് മിനറൽ വാട്ടർ. നമ്മുടെ പഞ്ചായത്ത് മേഖലയെ ലഭ്യമാകുന്ന ശുദ്ധജലം ഉപയോഗിച്ച് ശാസ്ത്രീയാടിസ്ഥാനത്തിൽ ഒരു മിനറൽ വാട്ടർ വ്യവസായ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

തേനീച്ച വളർത്തൽ

ഖാദിബോർഡിന്റെ സഹായത്തോടുകൂടി പഞ്ചായത്ത് അടിസ്ഥാനത്തിൽ തേനീച്ചവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

പപ്പായ കായ് സംസ്കരണവും കറി പൗഡർ നിർമ്മാണവും

പപ്പായ കായ് സംസ്കരിച്ച് ബേക്കറി ആവശ്യത്തിനുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. അതുപോലെ കറിപൗഡറുകൾ നിർമ്മിക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകളും സ്ഥാപിക്കാവുന്നതാണ്.

ടെക്സ്റ്റൽ യൂണിറ്റ്

പരമ്പരാഗത കൈത്തറി തൊഴിലാളി കേന്ദ്രമായ പേരൂർ എ,ബി,സി വാർഡുകൾ കേന്ദ്രീകരിച്ച് ഒരു ടെക്സ്റ്റൈൽ യൂണിറ്റ് ആരംഭിക്കണം.

ടാസ്ക്ഫോഴ്സ്

1. അധ്യക്ഷ
   ശ്രീമതി. എൽ. ഗീതാകുമാരി, പഞ്ചായത്ത് മെമ്പർ
2. കൺവീനർ
   ശ്രീ. കെ. ബി. മുരളീകൃഷ്ണൻ, ഡി.ആർ.പി., കൃഷ്ണ വിലാസം, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
3. ജോ. കൺവീനർ
   ശ്രീ. ജോർജ്ജ് പട്ടത്താനം, നിഷാഭവൻ, പുനുക്കന്നൂർ.
4. ശ്രീ. റ്റി.എം. മജീദ്, വൈസ് പ്രസിഡന്റ്, തോട്ടത്തിൽ വീട്, മാമ്പുഴ, പെരുമ്പുഴ പി,ഒ.
5. ശ്രീ. എൻ. ബാലകൃഷ്ണപിള്ള, പി.ബി. നിവാസ്, പെരുമ്പുഴ പി.ഒ.
6. ശ്രീ. ജീസസ് ജോൺ, താഴാംപണവീട്, പെരുമ്പുഴ
7. ശ്രീ. എം.ആർ. ജ്യോതിഷ് കുമാർ, തയ്യിൽ പുത്തൻവീട്, പള്ളിമുക്ക്, കുണ്ടറ പി.ഒ.
8. ശ്രീ. ആർ. ഗോപിനാഥൻ നായർ, ആരതി, പെരുമ്പുഴ
9. ശ്രീ. എം. ഷംസുദീൻ, ചരുവിള പുത്തൻവീട്, കേരളപുരം, ചന്ദനത്തോപ്പ് പി.ഒ.

ഗ്രൂപ്പ് - 6
ഗതാഗതം ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

പേരൂർ എ, ബി, സി വാർഡുകളിൽ കൂടിയുള്ള പേരൂർ ഏലായുടെ നടുത്തോടിന് സമാന്തരമായി ഇലിപ്പിക്കോണം മുതൽ ആമക്കോട് വരെ മൂന്നു വാർഡുകളെയും

തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുകയും അതിൽ വൈദ്യുതി ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

പേരൂർ ബി. : കോടംവിള മുക്കിൽ നിന്നും പടിഞ്ഞാറ് പേരൂർ കാവ് വരെ റോഡ് സൈഡിൽ ഓട നിർമ്മിച്ച് കോടംവിള മുക്കിൽ വെള്ളംകെട്ടിനിൽക്കുന്ന പ്രശ്നം പരിഹരിക്കുക.

പേരൂർ സി : പുതുവീട്ടിൽ മുക്ക് – ഇലിപ്പിക്കോണം റോഡ് പുനരുദ്ധാരണപണി നടത്തണം (400 മീ.). ശിവരാം ഹൈസ്ക്കൂളിന് തെക്കുവശംകൂടി തേമ്പ്രവയൽ വഴി ഇലിപ്പിക്കോണം വരെയുള്ള റോഡിന്റെ ഉദ്ധാരണപണി (1 കി. മീ.). ശ്രുതി ജംഗ്ഷൻ മുതൽ വടക്കോട്ട് കുമ്മായപ്പുര മുക്ക് (മേക്കോൺ ജംഗ്ഷനു തെക്കുവശം) വരെയുള്ള ഉദ്ധാരണ പണി (1 കി. മീ.).

കൊറ്റങ്കര : മനയ്ക്കര ക്ഷേത്രം മുതൽ തട്ടാർകോണത്ത് ചെന്നുചേരുന്ന വയലിൽകൂടിയുള്ള റോഡ് നിർമ്മാണം (500 മീ.)

ചന്ദനത്തോപ്പ് : കൊച്ചുവീട്ടിൽ മുക്കുമുതൽ കല്ലുവിളകട ജംഗ്ഷൻ വഴി കൊച്ചാലുംമൂട്ടിലേക്കുള്ള റോഡിന്റെ നിർമ്മാണം നടത്തണം (ഈ റോഡ് 4,5,6 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ്). കല്ലുവിളകട ജംഗ്ഷന് പടിഞ്ഞാറ് തുടങ്ങി ശബരി ബ്രിക്സിന്റെ പിറകിൽകൂടി ആമ്പല്ലൂർ ജംഗ്ഷനിലേക്കുള്ള റോഡിന്റെ നിർമ്മാണ വേല.

ആലുംമൂട് : പി.എച്ച്. സെന്ററിന് പടിഞ്ഞാറ്വശം സന്തോഷ് മുക്കുമുതൽ ചാത്തൻപറ വരെയുള്ള റോഡ് രണ്ട് റോഡുമായി ബന്ധിപ്പിക്കണം. ഏഷ്യാഡ് മുക്കുമുതൽ ഉള്ള റോഡ് അണ്ണാച്ചിമുക്കുമായുള്ള റോഡുമായി ബന്ധിപ്പിക്കണം.

പുനുക്കന്നൂർ ബി : അഞ്ചുമുക്ക് കുന്നേൽ റോഡ് (അഞ്ചുമുക്കിൽ നിന്നും പടിഞ്ഞാറോട്ട്) പുനരുദ്ധാരണ വേല. അഞ്ജലി തിയേറ്ററിന് കിഴക്കുനിന്നും എഴുത്താണി ഭാഗം വഴി കരിമ്പിൻ വയൽ കിഴക്കേകരയുമായി ബന്ധിപ്പിക്കുന്നതിന് കരിമ്പിൻ വയലിൽ ഒരു കലുങ്ക് നിർമ്മിച്ച് കോവിൽ മുക്ക് റോഡുമായി ബന്ധിപ്പിക്കണം. എട്ടും ഒമ്പതും വാർഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ചെക്കാല കിഴുട്ട് ഇറ ഭാഗത്തുനിന്നും കുളപ്പറ ക്ഷേത്രത്തിന് കിഴക്കുവശം വന്നുനിൽക്കുന്ന റോഡ് പെരുമ്പുഴ റോഡുമായി ബന്ധിപ്പിക്കണം. കണ്ണിയാന്റയ്യം നരിപ്ര ഏലാ തോടിന്റെ ഇരു കരകളിലും സൈഡ്വാൾ നിർമ്മിച്ച് ഈ പ്രദേശത്തുള്ള താമസക്കാർക്കും നില ഉടമകൾക്കും സഞ്ചാരയോഗ്യമാംവിധം റോഡ് നിർമ്മിക്കണം. കോവിൽ മുക്ക് – ഇളമ്പള്ളൂർ റോഡ് റീ–ടാർ ചെയ്യണം. കോണത്ത് ക്ഷേത്രത്തിന്റെ അടുത്തുനിന്നും വയലിൽ ഭാഗത്തെ റോഡ് നിർമ്മിച്ച് കോണത്ത് കിഴക്കേകര കോവിൽമുക്ക് റോഡുമായി ബന്ധിപ്പിക്കണം. കേരളപുരം ചന്തയ്ക്ക് കിഴക്കുവശത്തുകൂടിയുള്ള ഇടവഴി വീതികൂട്ടി എഴുത്താണി റോഡുമായി ബന്ധിപ്പിക്കണം.

പുനുക്കന്നൂർ എ : ഹരിപ്പാടൻ മുക്കിൽ നിന്നും മുണ്ടയ്ക്കൽ വരെയുള്ള റോഡിൽ ഓട നിർമ്മിച്ച് ബംഗ്ലാവിന്റെ മുമ്പിലുള്ള കലങ്ക് തീർത്ത് ടാറിടാത്ത ഭാഗം ടാർ ചെയ്യണം. പെരുമ്പുഴ ഗവ. എൽ.പി.എസ്. ന് പിടഞ്ഞാറ് കുളപ്പറ റോഡ് മുൻഗണനാക്രമത്തിൽ ഒന്നാമതായി ചെയ്യുകയും അതിനോടൊപ്പം ഹെൽത്ത് സെന്ററിന്റെ മുന്നിലൂടെ കോളനിയിൽ എത്തുന്ന റോഡിന് മുൻഗണന നൽകണം. കുളപ്പറയിൽ നിന്നും എട്ടാം വാർഡുമായി ബന്ധിപ്പിക്കുന്നതിന് ചെക്കാലമുക്കിൽ ചെല്ലുന്ന ഏലായ്ക്ക് മധ്യത്തുകൂടി റോഡ് പുതുതായി ഉണ്ടാക്കുകയും ആയത് മെറ്റലിംഗും ടാറിംഗും നടത്തുകയും വേണം. പെരുമ്പുഴ എസ്.ജി.എൻ. ഫാക്ടറിക്ക് വടക്കുനിന്നും പടിഞ്ഞാറോട്ട് ഊറ്റുകുഴിയിൽകൂടി ചിറയടി ജയന്തിയിൽ എത്തുന്ന റോഡ് രണ്ടാം പരിഗണനയിൽ ഉൾപ്പെടുത്തുകയും മെറ്റലിംഗും ടാറിംഗും നടത്തുകയും വേണം. കുരിശടിക്ക് തെക്ക് ശാഖാ ജംഗ്ഷന് പടിഞ്ഞാറ് മൂലവാരം ചിറയടി റോഡ് സൈഡ്വാൾ കെട്ടി സംരക്ഷണവേല ചെയ്യണം. കേരളപുരം – പെരുമ്പുഴ റോഡിന്റെ ഉറപ്പിനായി കോളനി ജംഗ്ഷന് പടിഞ്ഞാറോട്ടും കിഴക്കോട്ടും കോൺക്രീറ്റ് ഓട നിർമ്മിക്കണം. പെരുമ്പുഴ വടക്ക് ഹരിപ്പാടൻമുക്കുമുതൽ മുണ്ടയ്ക്കൽ വരെയുള്ള റോഡിന്റെ പണിതീർക്കുക.

ഇളമ്പള്ളൂർ : ഊത്താംപള്ളി – ചാങ്ങയിൽ ജംഗ്ഷനിൽ നിന്നും ചോലയ്ക്കൽ പാറ്റുവാരത്ത് തൊടി കുഴി അയ്യം വഴി വയലിന് പടിഞ്ഞാറുള്ള പടിറ്റുവിള റോഡിന് വടക്കുവശം എത്തുന്നതിന് ഒരു പുതിയ റോഡ് നിർമ്മിക്കണം.

കുരീപ്പള്ളി : മോതീൻമുക്കിൽ നിന്നും ആരംഭിച്ച് എൽ.എം.എസ്. വഴി ഈച്ചാടിമുക്കിൽ അവസാനിക്കുന്ന റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്തെങ്കിലും ഇപ്പോൾ അത് ക്യാൻസലായ മട്ടിലാണ്. ആയതിനാൽ ഈ റോഡ് പി.ഡബ്ല്യു.ഡി. യെകൊണ്ട് ഏറ്റെടുപ്പിച്ച് പണിചെയ്യിക്കുന്നതിനോ അല്ലാത്തപക്ഷം പഞ്ചായത്തിൽ നിന്നും മുൻഗണനാ ലിസ്റ്റിൽ ഉൾക്കൊള്ളിച്ച് പണി നടത്തുന്നതിനോ നടപടി സ്വീകരിക്കണം.

പെരുമ്പുഴ എ : ഗ്രാമസഭാ തീരുമാനം അനുസരിച്ച് റോഡുകൾക്ക് മുൻഗണന നൽകണം.

പെരുമ്പുഴ ബി. : എസ്.ആർ.വി.എൽ.പി.എസ്. –ന് വടക്കോട്ട് മേലേകുന്നത്ത് ഏലാവരെയുള്ള റോഡ് പണി. റേഡിയോ ജംഗ്ഷന് തെക്കോട്ട് അറ്റോൺമെന്റ് ആശുപത്രിവരെയുള്ള റോഡ് (പെരുമ്പുഴ എ, ബി വാർഡുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ്). S.R.V.L.P.S. ന് തെക്കോട്ട് പാർവതി കോവിലിന് കിഴക്കുവശത്തുകൂടി മേലേടത്ത് ഇറവരെയുള്ള റോഡ് പണി. കൊപ്പാറ മുക്കുമുതൽ

കുരിശ്ശടി മുക്കുവരെയുള്ള റോഡ് (പെരുമ്പുഴ എ,ബി വാർഡുകളിൽക്കൂടിയുള്ളത്). കല്ലുവിള ജംഗ്ഷന് കിഴക്ക് പുതുതായി ആരംഭിച്ച കാഷ്യൂഫാക്ടറിക്ക് പടിഞ്ഞാറ് വാച്ചർ ജംഗ്ഷന് വടക്കോട്ട് ഏലായിൽ ഇറങ്ങുന്ന പുതുതായി വെട്ടിയ റോഡ്. പി.കെ.പി. കവല ലക്ഷ്യം വീടിന് സമീപം വയലിലേക്ക് ഇറങ്ങുന്ന റോഡ്.

കുണ്ടറ എ : കന്നുകാലി ചന്തമുക്കുമുതൽ തെങ്ങുവിള മുക്കുവരെയുള്ള റോഡ് ടാർ ചെയ്യുക. അമ്പിപൊയ്ക സ്ക്കൂൾ മുക്കുമുതലുള്ള റോഡും, പി.ഡബ്ല്യു.ഡി. റോഡുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് നിർമ്മിക്കുക.

കുണ്ടറ ബി : പെരിഞ്ഞേലിൽ ജയന്തി കോളനിയിൽ നിന്നും തട്ടാർകോണം ജംഗ്ഷനിലേക്കുള്ള റോഡ് നിർമ്മിക്കുക. മാടൻകാവ് മൂലവിള ജംഗ്ഷൻ റോഡ് വയലിൽക്കൂടി നിർമ്മിക്കുക.

പുതുതായി ബസ് സർവ്വീസുകൾ അനുവദിക്കുന്നത് സംബന്ധിച്ച്

1. കൊല്ലം – കേരളപുരം – പെരുമ്പുഴ വഴി ആയൂർ ഭാഗത്തേക്ക് കൂടുതൽ ട്രാൻസ്പോർട്ട് സർവ്വീസുകൾ ആരംഭിക്കുക.
2. എല്ലാ വാർഡിൽ നിന്നും മെഡിക്കൽ കോളേജ് വഴി തിരുവനന്തപുരത്തേക്ക് ട്രാൻസ്പോർട്ട് സർവ്വീസുകൾ ആരംഭിക്കുക.
3. കുണ്ടറ മുക്കട ജംഗ്ഷൻ വരെവന്നു നിൽക്കുന്ന എല്ലാ ബസ്സുകളും ഇളമ്പള്ളൂർ വരെ നീട്ടുക.
4. അഞ്ചാലുംമൂട് മുതൽ പെരിനാട് വഴി സെഞ്ചറി ഫാക്ടറി വഴി മാമൂട് സത്യൻ മെമ്മോറിയലിന് മുന്നിൽക്കൂടി മാമ്പുഴ വഴി കൊട്ടിയത്തേക്ക് ബസ് സർവ്വീസ് അനുവദിക്കുക.
5. കൊട്ടിയം, മോതീൻമുക്ക് വഴി ആലുംമൂട്, കേരളപുരം, കുണ്ടറ, ഭരണിക്കാവ് ബസ് സർവ്വീസ് ആരംഭിക്കണം.
6. കൊട്ടിയത്തുനിന്നും കണ്ണനല്ലൂർ, കുരീപ്പള്ളി, മൃഗാശുപത്രിമുക്ക്, ചിറയടി കോളനി, കുരിശ്ശടി, കോവിൽമുക്ക്, ഇളമ്പള്ളൂർ വഴി കുണ്ടറയ്ക്കുള്ള ബസ് സർവ്വീസുകൾ അനുവദിക്കണം.
7. ചവറയിൽ നിന്നും ഇളംപള്ളൂരിലേക്ക് വരുന്ന രണ്ടു ബസ്സുകൾ ത്രിവേണിമുക്ക്, മുണ്ടയ്ക്കൽ ഭാഗം, ഹരിപ്പാടൻമുക്കു വഴി പെരുമ്പുഴവരേയ്ക്ക് നീട്ടണം.
8. ഇളമ്പള്ളൂർ ക്ഷേത്രത്തിൽ നിന്നും കേരളത്തിന്റെ ചരിത്രപ്രസിദ്ധമായ ക്ഷേത്രങ്ങളിലേക്ക് K.S.R.T.C. ഫാസ്റ്റ്പാസഞ്ചർ സർവ്വീസ് വേണം (ഉദാ. ഇളമ്പള്ളൂർ – ഗുരുവായൂർ, ഇളമ്പള്ളൂർ ചോറ്റാനിക്കര).
9. കൊട്ടാരക്കര നിന്നും പളനി ക്ഷേത്രത്തിലേക്കുള്ള K.S.R.T.C. ബസ് സർവ്വീസ് ഇളമ്പള്ളൂർ ക്ഷേത്രത്തിൽ നിന്നും ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.
10. ഇളമ്പള്ളൂർ – പുന്നമുക്ക് – പി.കെ.പി. കവല വഴി വെളിയത്തേക്ക് ബസ് സർവ്വീസ് വേണം.
11. ഇളമ്പള്ളൂർ – കുണ്ടറ ആശുപത്രിമുക്ക് – പുന്നമുക്ക് – പി.കെ.പി. കവല വഴി നെടുമൺകാവിലേക്ക് ബസ് സർവ്വീസ് വേണം.
12. ഇളമ്പള്ളൂർ – പുന്നമുക്ക് – റേഡിയോ ജംഗ്ഷൻ – കല്ലുവിളകട – ദേശീയകലാസമിതി വഴി വെളിയത്തേക്ക് ബസ് സർവ്വീസ് വേണം.
13. ഇളമ്പള്ളൂർ – കുണ്ടറ ആശുപത്രിമുക്ക് – അമ്പിപൊയ്ക വഴി – വെളിയത്തേക്ക് ബസ് സർവ്വീസ് വേണം.
14. ശക്തികുളങ്ങര – ഇളമ്പള്ളൂർ ബസ്സുകൾ കുണ്ടറ എ, ബി വാർഡുകൾക്കുകൂടി പ്രയോജനപ്പെടത്തക്കവിധം കുണ്ടറ ആശുപത്രിമുക്ക് – അമ്പിപൊയ്ക – കുഴിമതിക്കാട് വഴി നെടുമൺകാവിലേക്ക് നീട്ടണം
15. കൊല്ലം – കല്ലുംതാഴം – കുറ്റിച്ചിറ – പേരൂർ – തട്ടാർകോണം – മോതീൻമുക്ക് – കുണ്ടറ വഴി കൊട്ടാരക്കര വരെയുണ്ടായിരുന്ന ട്രാൻസ്പോർട്ട് സർവ്വീസ് പുനഃസ്ഥാപിക്കുക.
16. കൊട്ടാരക്കര നിന്നും തിരിച്ച് കുണ്ടറ വഴി മോതീൻമുക്ക് – തട്ടാർകോണം – പേരൂർ – കരിക്കോട് – കൊല്ലം വരെയുള്ള ബസ് സർവ്വീസ് പുനഃസ്ഥാപിക്കുക.
17. കൊല്ലം – കരിക്കോട് – പേരൂർ – തട്ടാർകോണം – കുരീപ്പള്ളി – കണ്ണനല്ലൂർ വഴി തിരുവനന്തപുരത്തേക്കുള്ള ഫാസ്റ്റ് പാസഞ്ചർ ആരംഭിക്കണം.

ഊർജ്ജം

1. വീറക് ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാനുള്ള സഹായങ്ങൾ പഞ്ചായത്തിന് കിട്ടത്തക്കരീതിയിൽ നടപടി സ്വീകരിക്കുക.
2. അനർട്ട് ഉപകരണങ്ങൾ പഞ്ചായത്തിൽ എല്ലാവർക്കും കിട്ടത്തക്കരീതിയിൽ നടപടി സ്വീകരിക്കുക.
3. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുക.
4. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അടുത്തില്ലാത്ത സ്ഥലത്ത് കളക്ഷൻ സെന്ററും ഓവർസിയർ ഓഫീസും സ്ഥാപിക്കുക.
5. കൊറ്റങ്കര പഞ്ചായത്തിൽ 15 വാർഡുകളെയും ഉൾപ്പെടുത്തി ഒരു കുക്കിംഗ് ഗ്യാസ് ഏജൻസി അനുവദിപ്പിക്കാൻ നടപടി സ്വീകരിക്കുക.
6. ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ റോഡിന്റെ സൈഡിലേക്ക് മാറ്റുക.
7. പഞ്ചായത്തിലെ എല്ലാ പട്ടികജാതി കോളനികളും ജില്ലാകളക്ടറുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി വൈദ്യുതീകരണം നടത്തുകയും ആവശ്യമായ മിനിമം ഗ്യാരണ്ടി ഗ്രൂപ്പായി അടയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കുക യും ചെയ്യുക.
8. പഞ്ചായത്തിൽ നിന്നും സൗജന്യമായി വയറിംഗ് കണക്ഷൻ ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുക. ഇവയിൽ ഇലക്ട്രിക് പോസ്റ്റ്ലൈൻ എക്സ്റ്റൻഷനും ആവശ്യമുള്ള ഭാഗങ്ങളിൽ ആയതുകൂടെ പരിഗണിച്ച് ചെയ്യുക.

പേരൂർ ബി വാർഡിൽ ഏലായുടെ കിഴക്കേ കരയോട് ചേർന്ന് താമസിക്കുന്നവർക്ക് വൈദ്യുതി ലഭിക്കുന്നതിന് അവിടംവരെ വൈദ്യുതിലൈൻ നീട്ടണം. പേരൂർ കൊച്ചുകാവിന് തെക്കുവശംവരെ വൈദ്യുതിലൈൻ നീട്ടണം. പേരൂർകാവിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറിന് കൂടുതൽ ശക്തിയുള്ളതാക്കണം.

9. കോവിൽമുക്കിന് താഴെയുള്ള വളവിൽ, എലിഞ്ഞേലി കാവിന് മുകൾവശം എന്നിവിടങ്ങളിൽ ഒരു മെർക്കുറി വേപ്പർ ലാമ്പ് സ്ഥാപിക്കുക.
10. കരിമ്പിൻ വയലിന് പടിഞ്ഞാറ് ഭാഗത്ത് ഉദ്ദേശം അര കിലോമീറ്റർ ദൂരത്തിൽ പുതിയ ലൈൻ പിടിച്ച് വഴിവിളക്ക് സ്ഥാപിക്കുക.
11. അഞ്ചുമുക്ക് – കരിമ്പിൻ വയൽ വഴി കോവിൽ മുക്കിലേക്കുള്ള ലൈനിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുക.
12. കേരളപുരം മാർക്കറ്റിനു സൈഡിലുള്ള ഇടവഴിയിൽ മാർക്കറ്റിന് അഭിമുഖമായി ട്യൂബ്ലൈറ്റ് സ്ഥാപിക്കുക,
13. പെരുമ്പുഴ ഗവ. L.P.S. –ന് പടിഞ്ഞാറുവശത്ത് ഡാൽമിയായ്ക്ക് പിറകുവശംവരെ വെട്ടിയ പുതിയ റോഡിൽ ലൈൻപിടിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
14. കുളപ്പറ ക്ഷേത്രത്തിന് വടക്കുഭാഗത്തും, കോളനി കുരിശ്ശടി തെക്കുഭാഗം ശാഖാമുക്കുകമുതൽ ചിറയടിവരെയും, ചോറ്റാനിക്കര ജംഗ്ഷൻ മുതൽ ചിറയടി ജയന്തി കോളനിവരെയും പുതിയതായി സ്ട്രീറ്റ്ലൈൻ പിടിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുക.
15. വടവൂർ ജംഗ്ഷനിൽ കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
16. മാമൂട് സത്യൻ മെമ്മോറിയൽ മുതൽ നാലുമുക്കുവരെയുള്ള റോഡിൽ സ്ട്രീറ്റ് ലൈൻപിടിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
17. കല്ലുവിള ജംഗ്ഷൻ മുതൽ ആമ്പല്ലൂർ ദേവസ്വം ക്ഷേത്രംവരെ ലൈൻപിടിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
18. പുത്തൻകുളങ്ങര ക്ഷേത്രം മുതൽ വേലംകോണംവരെയുള്ള പ്രദേശത്ത് ലൈൻപിടിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും പട്ടികജാതിക്കാരും സാധുക്കളുമായവരുടെ കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്യുക.
19. ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടി മാമ്പുഴ വാർഡിൽ നിലവിലുള്ള കപ്പാസിറ്റികുറഞ്ഞ ട്രാൻസ്ഫോർമറുകൾ മാറ്റി കപ്പാസിറ്റികൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
20. ആലുംമൂട് വാർഡിൽ വൈദ്യർമുക്കുമുതൽ പടിഞ്ഞാറോട്ട് വയൽവരെയും, ചെറുകര ജംഗ്ഷനിൽ നിന്നും ചിറയടിഅമ്പലം വരെയും ലൈൻ നീട്ടി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
21. പുനുക്കന്നൂർ യു.പി.ജി.എസ്.–ന് പടിഞ്ഞാറോട്ട് ചിറഭാഗത്തും പരിസരത്തും ഉള്ള വീടുകളും, റൂറൽ ജയന്തികോളനി വീടുകളും വൈദ്യുതീകരിക്കുക.
22. ചാങ്ങയിൽ മുക്കുമുതൽ പയറ്റുവിളമുക്കുവഴി കെ.ഐ.പി. കനാൽ വരെ ലൈൻ പിടിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
23. കാമ്പിയിൽ കടയ്ക്ക് തെക്കുവശം കുരീപ്പള്ളി ഏലായ്ക്ക് മുകൾവശം ലൈൻ പിടിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
24. മോതിൻമുക്ക് – എൽ.എം.എസ്. റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
25. തൃക:കോയിക:കല•അന:പലത:തിന് സമീപ് കപ്പാസിറ്റികൂടിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
26. പെരുമ്പുഴ എ യിൽ പുന്നമുക്കിന് താഴ്വശം പെരിഞ്ഞേലിൽ ഭാഗത്ത് മണ്ണാറ്റുഴികത്ത് ജംഗ്ഷൻവരെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
27. പെരുമ്പുഴ ബി യിൽ കളരി ജംഗ്ഷൻ മുതൽ താഴോട്ട് തൃക്കോയിക്കൽ കല്ലുപാല കടവരെയുള്ള തോടിന്റെ സൈഡിൽ ലൈൻ പിടിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
28. റേഡിയോമുക്കിന് തെക്കോട്ട് നല്ലൂർ ഭാഗംവരെയും ചെറിയ ഇടവഴികളിലും വൈദ്യുതിലൈൻ പിടിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
29. കുണ്ടറ എ യിൽ മാർത്തോമാ സ്ക്കൂൾ ഗ്രൗണ്ട് (ഇണ്ടിളയപ്പൻ ക്ഷേത്രത്തിനു സമീപം) മുതൽ കളരിമുക്ക് വരെയുള്ള റോഡിൽ വായനശാല മുക്കുമുതൽ മൂഴി വരെയും, മുള്ളൻചാണ്ടി മുക്കുമുതൽ ആശാരിവിള ഭാഗം വരെയും വൈദ്യുതിലൈൻ പിടിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
30. പനംകുറ്റി വയലിന്റെ കിഴക്കേകരയ്ക്ക് കുരിശ്ശടി മുതൽ വടക്കോട്ട് ലോണിസ്വാമിൽ മുക്ക്വരെയുള്ള റോഡിൽ വൈദ്യുതിലൈൻ പിടിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

മാർക്കറ്റ്

1. പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ മാർക്കറ്റുകളും പഞ്ചായത്തിൽ നിന്നും നേരിട്ട് എല്ലാദിവസവും ശുചീകരണപ്രവർത്തനം നടത്തുന്നതിന് ബ്ലീച്ചിംഗ് പൗഡർ, ലോഷൻ എന്നിവ കൃത്യമായും തളിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക. അതുപോലെതന്നെ പ്രൈവറ്റ് മാർക്കറ്റുകൾ എല്ലാം തന്നെ കൃത്യമായി ശുചീകരണപ്രവർത്തികൾ നടത്തുന്നുണ്ടോയെന്ന് അന്വേഷിക്കാനും അങ്ങനെ ചെയ്യാത്തപക്ഷം അവരെക്കൊണ്ട് അത് കൃത്യമായി ചെയ്യിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം.
2. പേരൂർ ബി വാർഡിൽ കോടംവിള മുക്കിൽ ആഴ്ചയിൽ മൂന്ന് ദിവസം വീതം (തിങ്കൾ, വ്യാഴം, ശനി) പ്രവർത്തിക്കുന്ന കോടംവിളമുക്ക് പ്രൈവറ്റ് മാർക്കറ്റ് കൂടി പ്രൈവറ്റ് മാർക്കറ്റുകളുടെ ലിസ്റ്റിൽ ചേർത്ത് തീരുമാനിക്കുന്നു. ഈ മാർക്കറ്റ് ആഴ്ചയിൽ എല്ലാദിവസവും പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
3. മാമൂട് മാർക്കറ്റ് പഞ്ചായത്ത് ഏറ്റെടുത്ത് ഒരു പബ്ലിക് മാർക്കറ്റ് ആരംഭിക്കണം എന്നതിനോടൊപ്പം അവിടെ ഒരു കന്നുകാലി ചന്ത കൂടി പ്രവർത്തിപ്പിക്കണം എന്നുകൂടി തീരുമാനിക്കുന്നു.
4. ആലുംമൂട് പബ്ലിക് മാർക്കറ്റിന് ചുറ്റുമതിൽ കെട്ടുകയും വ്യാപാരത്തിനുള്ള സ്റ്റാളുകൾ കെട്ടുകയും പൊതുകിണർ ഉപയോഗപ്രദമാക്കി പരിഷ്കരിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.
5. ഇളമ്പള്ളൂർ വാർഡിൽ മുണ്ടയ്ക്കൽ ഭാഗത്തിനും ഉത്താംപള്ളി ക്ഷേത്രത്തിനും ഇടയിലുള്ള പഞ്ചായത്ത് കിണറിനോട് ചേർന്നുള്ള പൊതുസ്ഥലത്തോ കെ.ഐ.പി. വക

കട്ട് & കവർ ഉള്ള സ്ഥലത്തോ പഞ്ചായത്തിൽ നിന്നും ഒരു പബ്ലിക് മാർക്കറ്റ് ആരംഭിക്കണം.

7. പെരുമ്പുഴ ബി വാർഡിൽ പഞ്ചായത്തിൽ നിന്നും ഒരു പബ്ലിക് മാർക്കറ്റ് ആരംഭിക്കണം.
8. കുരിപ്പള്ളി വാർഡിൽ പഞ്ചായത്തിൽ നിന്നും ഒരു പബ്ലിക് മാർക്കറ്റ് അനുവദിക്കണം.
9. പനംകുറ്റി ഏലായുടെ കിഴക്കേകരയ്ക്കും പുന്നമുക്കിനും ഇടയ്ക്ക് പഞ്ചായത്തിൽ നിന്നും ഒരു പബ്ലിക് മാർക്കറ്റ് അനുവദിക്കണം.

ടാസ്ക്ഫോഴ്സ്

1. അധ്യക്ഷൻ
   ശ്രീ. സി. മണിയൻപിള്ള, പഞ്ചായത്ത് മെമ്പർ
2. കൺവീനർ
   ശ്രീ. ഗോപാലകൃഷ്ണപിള്ള, ഡി.ആർ.പി., അപ്പിലഴികത്ത് വീട്, കൊറ്റങ്കര, ചന്ദനത്തോപ്പ് പി.ഒ.
3. ജോ. കൺവീനർ
   ശ്രീ. എം. രാമകൃഷ്ണപിള്ള, ലതികാഭവനം, പുനുക്കന്നൂർ, ആലുംമൂട് പി.ഒ..
4. ശ്രീ. റ്റി.സി. അനിൽകുമാർ, വൈസ് പ്രസിഡന്റ്, വിജയഭവനം, പെരുമ്പുഴ പി.ഒ.
5. ശ്രീ. ജി. മുരളീധരൻപിള്ള, ഐശ്വര്യ, ചാങ്ങയിൽ, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
6. എ, മുഹമ്മദ്കുഞ്ഞ്, നാസിർ മൻസിൽ, വേലംകോണം.
7. ശ്രീ. എം. ചന്ദ്രൻപിള്ള, ധന്യാഭവൻ, പുനുക്കന്നൂർ.
8. ശ്രീ. എസ്. രാധാകൃഷ്ണപിള്ള, കൊച്ചുവീട്ടിൽ പുത്തൻവീട്, കൊറ്റങ്കര, ചന്ദനത്തോപ്പ് പി.ഒ.
9. ശ്രീ. റ്റി. ശിവൻകുട്ടി, കാഞ്ഞിരംതുണ്ടിൽ വീട് (ശ്രീഭവനം), പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
10. ശ്രീ. സി.ഐ. അലക്സാണ്ടർ, ചിങ്ങംപള്ളിൽ, അമ്പിപൊയ്ക പി.ഒ. കുണ്ടറ.
11. ശ്രീ. കെ. സുരേഷ്ബാബു, കളയ്ക്കാട്ട് വീട്, പെരുമ്പുഴ
12. ശ്രീ. ജി. ബലഭദ്രൻ, കളീയ്ക്കൽ വീട്, പേരൂർ, കൊല്ലം
13. ശ്രീ. എ. അബ്ദുൽ ലത്തീഫ്, കരിപ്പായിൽ ഹൗസ്, കേരളപുരം, പെരുമ്പുഴ പി.ഒ.

ഗ്രൂപ്പ് - 5
പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

1. പഞ്ചായത്തിൽ നിന്നോ ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ, മറ്റ് വിവിധ ഏജൻസികളിൽ നിന്നോ വീട്, കക്കൂസ് മുതലായ വിവിധയിനം ധനസഹായങ്ങൾക്ക് അർഹതയുള്ളവരെ കണ്ടെത്തുന്നതിനുവേണ്ടി പഞ്ചായത്ത് പ്രദേശമാകെ വാർഡുതലത്തിൽ സർവ്വെ നടത്തി മുൻഗണനാക്രമം നിശ്ചയിച്ച് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
2. ചിലവ് കുറഞ്ഞ ഭവനനിർമ്മാണത്തിന്റെ സാങ്കേതികവിദ്യ കൂടുതൽ പ്രചരിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും വേണ്ടി നിർമ്മിതി കേന്ദ്രത്തിന്റെ ഒരു ബ്രാഞ്ച് കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.
3. കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി ആരംഭിക്കണം.
4. ഐ.ആർ.വൈ, അൺടൈഡ്, മറ്റ് വിവിധ പദ്ധതികൾ പ്രകാരം കക്കൂസുകൾ നിർമ്മിക്കുന്നതിൽ 1500/- രൂപ വീതമാണ് ഇപ്പോൾ നൽകിവരുന്നത്. ഒരു കക്കൂസ് നിർമ്മാണത്തിന് വേണ്ടിവരുന്ന ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് വളരെ അപര്യാപ്തമാണ്. ആയതിനാൽ മേല്പറഞ്ഞ പദ്ധതികളിൽ കക്കൂസ് നിർമ്മാണത്തിന് 4000/- രൂപ വീതം അനുവദിക്കണം.

സാമൂഹ്യക്ഷേമം

1. ആരോഗ്യകരമായി പിന്നോക്കം നിൽക്കുന്ന വാർഡുകളിൽ സബ് സെന്ററുകൾ ആരംഭിക്കേണ്ടതും സബ് സെന്ററുകൾ ഉള്ളയിടങ്ങളിൽ അവ വിപുലീകരിക്കേണ്ടതുമാണ്.
2. മൃഗാശുപത്രിയുടെ ഓരോ സബ്സെന്ററുകൾ കിഴക്കും പടിഞ്ഞാറും മേഖലകളിൽ ആരംഭിക്കേണ്ടതാണ്.
3. എല്ലാ വാർഡിലും നിലവിലുള്ള ബാലവാടികൾക്ക് ചുറ്റുമതിലും കളിസ്ഥലവും കുട്ടികൾക്ക് ഇരിക്കാൻ ഇരിപ്പിടങ്ങളും ഉണ്ടാകണം.
4. ഐ.ആർ.ഡി.പി., പി.എം.ആർ.വൈ. തുടങ്ങിയ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾക്ക് വായ്പകൾ നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ധനകാര്യസ്ഥാപനങ്ങൾ വായ്പകൾ കൊടുക്കുന്നില്ല. ആയതിനാൽ സഹകരണസ്ഥാപനങ്ങൾ വഴി വായ്പാപദ്ധതികൾ കൊടുക്കുകയും ആയതിന് വ്യവസ്ഥകൾ ഉദാരവൽക്കരിക്കേണ്ടതുമാണ്.
5. ബലവാടികൾ ഇല്ലാത്ത വാർഡുകളിൽ ബാലവാടികൾ ആരംഭിക്കേണ്ടതാണ്.
6. ഐ.ആർ.ഡി.പി. സർവ്വേയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹതയുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തുവാനുള്ള നടപടി ആരംഭിക്കേണ്ടതാണ്.
7. പെൻഷൻ പദ്ധതികളിൽ കുടുംബവാർഷിക വരുമാനം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ എന്ന പരിധിയിൽ ഉൾപ്പെടുത്തണം.
8. പെരുമ്പുഴ കേന്ദ്രീകരിച്ച് ഒരു ദേശസാൽകൃതബാങ്കിന്റെ ശാഖ ആരംഭിക്കേണ്ടതാണ്.

ടാസ്ക്ഫോഴ്സ്

1. അധ്യക്ഷൻ
   ശ്രീ. ബി. വിക്രമൻ, പഞ്ചായത്ത് മെമ്പർ

2. കൺവീനർ
ശ്രീ. തങ്കപ്പനാചാരി, ഡി.ആർ.പി, വി.ഇ.ഒ, പുനുക്കന്നൂർ.
3. ജോ. കൺവീനർ
ശ്രീ. പി. കൊച്ചുനാരായണൻ, ഡി.ആർ.പി., ചാലുവിള പുത്തൻവീട്, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
4. ശ്രീ. ഇ. മുരളീധരൻപിള്ള, വൈസ് പ്രസിഡന്റ്, എം.ജി. ഭവനം, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
5. ശ്രീ. എൻ. തങ്കപ്പൻപിള്ള, പ്രശാന്തഭവനം, പെരുമ്പുഴ, അമ്പിപൊയ്ക പി.ഒ.
6. ശ്രീ. എം. രാമചന്ദ്രൻ, മിനിഭവനം, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
7. ശ്രീ. ഡി. തോമസ്, തെക്കേവിള വീട്, അമ്പിപൊയ്ക
8. ശ്രീ. എസ്. ശ്രീധരൻപിള്ള, ശ്രീദിവ്യഭവൻ, പുനുക്കന്നൂർ, തത്തമുക്കിന് സമീപം, പെരുമ്പുഴ പി.ഒ.
9. ശ്രീ. ജി. സുരേന്ദ്രൻപിള്ള, അജിതാമന്ദിരം, കൊറ്റങ്കര, ചന്ദനത്തോപ്പ് പി.ഒ.
10. ശ്രീ. വൈ. ജോൺപണിക്കർ, പറങ്കിമാംവിള വീട്, കുണ്ടറ ഈസ്റ്റ് പി.ഒ.
11. ശ്രീ. ആർ. ശശിധരൻ, മണത്തറ പുത്തൻവീട്, പെരുമ്പുഴതാഴം, പെരുമ്പുഴ പി.ഒ.
12. ശ്രീ. എ. എസ്. ഹമീദ്, ജമീലാ മൻസിൽ, പേരൂർ, കൊല്ലം

ഗ്രൂപ്പ് - 8
സംസ്കാരം

1. ദേശസേവക ഗ്രന്ഥശാല & വായനശാല, പേരൂർ; വൈ.എം.എ. ഗ്രന്ഥശാല, കോവിൽമുക്ക്; നേതാജി ഗ്രന്ഥശാല & വായനശാല, പുന്നമുക്ക്, കുണ്ടറ എന്നീ ഗ്രന്ഥശാലകളുടെ പേരുകൾ സമഗ്രവികസനരേഖയിൽ വിട്ടുപോയിട്ടുള്ളതാണ്. ഇതിൽ ദേശസേവക ഗ്രന്ഥശാലയ്ക്ക് സ്വന്തമായി കെട്ടിടമില്ല.
2. പഞ്ചായത്തിലെ മുഴുവൻ വായനശാലകളിലും, ആർട്ട്സ് ക്ലബ്ബുകളിലും പഞ്ചായത്തിൽ നിന്നും റ്റി.വി. സെറ്റുകൾ സ്ഥാപിക്കണം. പ്രദേശത്തിന്റെയും പ്രവർത്തനത്തിന്റെയും പ്രാധാന്യം മനസ്സിലാക്കി വാർഡിൽ കുറഞ്ഞത് ഒരു റ്റി.വി. സെറ്റെങ്കിലും സ്ഥാപിക്കേണ്ടതാണ്.
3. പഞ്ചായത്ത് പ്രദേശത്ത് കനാൽപ്രദേശത്ത് ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലങ്ങളും, പുറംപോക്ക് ഭൂമികളും വായനശാലകൾക്കും ക്ലബ്ബുകൾക്കും വികസനത്തിനായി പഞ്ചായത്ത് നിയമങ്ങൾക്കു വിധേയമായി നൽകേണ്ടതാണ്.
4. പഞ്ചായത്ത് അധീനതയിൽ കുട്ടികൾക്കുവേണ്ടിയുള്ള ചിൽഡ്രൻസ് ലൈബ്രറി സ്ഥാപിക്കേണ്ടതാണ്.

ടാസ്ക്ഫോഴ്സ്

1. അധ്യക്ഷ
ശ്രീമതി. ലീലാമ്മ പ്രഭാകരൻ, പഞ്ചായത്ത് മെമ്പർ
2. കൺവീനർ
ശ്രീ. കെ.ആർ.വി. സഹജൻ, ഡി.ആർ.പി., ആശ്രയം, ചന്ദനത്തോപ്പ് പി.ഒ.
3. ജോ. കൺവീനർ
ശ്രീ. ജി. ശിവശങ്കരപിള്ള, തോട്ടത്തിൽ പുത്തൻവീട്, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
4. ശ്രീ. ജി. സുധാകരൻ, മുണ്ടയ്ക്കൽ ജയന്തി കോളനി, പ്ലോട്ട് നമ്പർ 19, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
5. ശ്രീ. കെ. അശോകൻ, കൈപ്പള്ളിവടക്കതിൽ, ആലുംമൂട്
6. ശ്രീ. ബി.അജയകുമാർ, കല്ലുവിള പുത്തൻവീട്, പേരൂർ, തട്ടാർകോണം പി.ഒ.
7. ശ്രീ. സി. സുനിൽ ദത്ത്, ഇന്ദുനിലയം, പേരൂർ, കൊല്ലം
8. ശ്രീ. ബി. വിനയകുമാർ, വിനയഭവൻ, ഇളമ്പള്ളൂർ,
9. ശ്രീ. എസ്. ത്വദീപ്, സുധാമന്ദിരം, പേരൂർ, കൊല്ലം
10. ശ്രീ. കെ.വി. കൃഷ്ണൻകുട്ടി, കുറ്റിയിൽ തൊടിയിൽ കിഴക്കതിൽ വീട്, പേരൂർ, കൊല്ലം - 5.
11. ശ്രീ. സി.എസ്. ശിവരാജൻ, സരസ്സുവിലാസം, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.

ഗ്രൂപ്പ് - 9
വനിത

1. മുയൽ വളർത്തൽ യൂണിറ്റുകൾ ഉണ്ടാകണം.
2. പഞ്ചായത്തിൽ ഒന്നോ രണ്ടോ പന്നിവളർത്തൽ യൂണിറ്റുകൾ ഉണ്ടാകണം.
3. എല്ലാ വീടുകളിലും പച്ചക്കറി കൃഷിചെയ്യുവാനുള്ള സഹായം പഞ്ചായത്തിൽനിന്നുമുണ്ടാകണം.
4. കുറഞ്ഞത് ഒരു കൺസ്യൂമർ സ്റ്റോർ വീതം ഓരോ വാർഡിലും വേണം.
5. വാർഡുതലത്തിലുള്ള കൺസ്യൂമർ സ്റ്റോറുകൾക്ക് പഞ്ചായത്ത് തലത്തിൽ ഒരു ഫെഡറേഷൻ ഉണ്ടായിരിക്കണം.
6. പൊതുജനങ്ങളുടെ സൗകര്യാർത്ഥം ആശുപത്രികളുടെ (പി.എച്ച്. സെന്റർ, ആയുർവ്വേദ - ഹോമിയോ ഡിസ്പെൻസറികൾ) പ്രവർത്തനം വൈകുന്നേരം വരെ ആക്കണം.
6. ഗ്രന്ഥശാലകളിലും വായനശാലകളിലും ഒരു പ്രത്യേക ദിവസം അല്ലെങ്കിൽ പ്രത്യേക സമയം വനിതകൾക്ക് വായിക്കുവാനുള്ള സൗകര്യം ഉണ്ടാക്കണം.
7. ഗ്രന്ഥശാലയും വായനശാലയും ഇല്ലാത്ത പ്രദേശത്ത് ഇത്തരം സംരംഭം ഉണ്ടാക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.
8. പത്തുവയസ്സിനുമുകളിലുള്ള അനാഥരായ പെൺകുട്ടികൾക്ക്വേണ്ടി ഒരു സംരക്ഷണകേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കണം.
9. പുകയില്ലാത്ത അടുപ്പ് പഞ്ചായത്തിൽ വ്യാപകമാക്കണം
10. കോളനികൾ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളുണ്ടാകണം.

11. പഞ്ചായത്തിലെ തരിശുഭൂമിയിൽ കൃഷിചെയ്യുന്നതിനുള്ള സൗകര്യം വിധവകളായ സ്ത്രീകളുടെ കൂട്ടമുണ്ടാക്കി അവർക്ക് പ്രയോജനപ്പെടുത്തണം.
12. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ അധിവസിപ്പിക്കുന്നതിന് ഒരു കേന്ദ്രം ഉണ്ടാകണം.
13. ഹെൽത്ത് വിസിറ്റേഴ്സിന്റെ സേവനം മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കണം.
14. ചിപ്സ്, അച്ചാർ, മിക്സ്ചർ തുടങ്ങിയവയുടെ യൂണിറ്റുകൾ ഓരോ വാർഡിലും സ്ഥാപിക്കണം.
15. പാവപ്പെട്ട സ്ത്രീകളെ തയ്യൽപഠിപ്പിക്കുന്നതിന് പഞ്ചായത്തിൽ ഒരു തയ്യൽ പരിശീലനകേന്ദ്രം സ്ഥാപിക്കണം.
16. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ഹോം നഴ്സിംഗ് കേന്ദ്രം ഉണ്ടാകണം.
17. പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ത്രീകളുടെ സമഗ്രമായ സർവെ നടത്തണം.
18. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനമാക്കി ഓരോ വനിതാ സഹകരണസംഘം വീതം ഉണ്ടാകണം.
19. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി ഓരോ വാർഡിലും ഡേ കെയർ സെന്റർ സ്ഥാപിക്കണം.

ടാസ്ക്ഫോഴ്സ്

1. അധ്യക്ഷ
   ശ്രീമതി. എൽ. ഉഷാകുമാരി, പഞ്ചായത്ത് മെമ്പർ.
   കുമാരി സി. ഷീല, പഞ്ചായത്ത് മെമ്പർ.
2. കൺവീനർ
   ശ്രീമതി ബി. ഗിരിജാകുമാരി, ഡി.ആർ.പി., കൈലാസ്, പെരുമ്പുഴ പി.ഒ.
3. ജോ. കൺവീനർ
   ശ്രീമതി. കെ. ഓമനയമ്മ, രാജേഷ് ഭവൻ, പുനുക്കന്നൂർ
4. ശ്രീമതി എ. സുബൈദാബീവി, വൈസ് പ്രസിഡന്റ്, സുജീർ മൻസിൽ, ഇളമ്പള്ളൂർ, കുണ്ടറ പി.ഒ.
5. ശ്രീമതി. രത്നാഭായി, കരിങ്ങോട്ട്വീട്, പേരൂർ, കൊല്ലം
6. ശ്രീമതി ബി. രാധാമണി, സുജയ് ഭവൻ, പുനുക്കന്നൂർ.
7. ശ്രീമതി ഇ. ഭവാനിയമ്മ, എം.ജി. സദനം, പുനുക്കന്നൂർ,
8. ശ്രീമതി. ജി. മിനിമോൾ, സുനിതാ നിവാസ്, കൊറ്റങ്കര, മാമൂട്, ചന്ദനത്തോപ്പ് പി.ഒ.
9. ശ്രീമതി ആബിദാബീവി, ഷൈൻ വില്ല, പേരൂർ, കൊല്ലം
10. ശ്രീമതി അനിലകുമാരി, കുമ്പുക്കാട്ട് വീട്, കോവിൽ മുക്ക്, പെരുമ്പുഴ പി.ഒ.
11. ശ്രീമതി. കെ. ഇന്ദിര, ഹരിത, പുനുക്കന്നൂർ, പെരുമ്പുഴ

ഗ്രൂപ്പ് - 10
സഹകരണം

കൊറ്റങ്കര പഞ്ചായത്തിൽ ഏഴ് സർവ്വീസ് സഹകരണ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നു. ഈ ബാങ്കുകളിൽ ഒട്ടാകെ ഏകദേശം 20,000 അംഗങ്ങൾ ഉണ്ട്. 1996 ഡിസംബറിലെ കണക്കനുസരിച്ച് നിക്ഷേപമായി മൂന്നരക്കോടി രൂപ ബാക്കി നിൽപ്പുണ്ട്. അതുപോലെ വായ്പാബാക്കി നാലേമുക്കാൽ കോടിരൂപയിലധികമാണ്. താഴെപറയുന്ന സർവ്വീസ് സഹകരണസംഘങ്ങളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്.

1. പുനുക്കന്നൂർ സർവ്വീസ് സഹ. സംഘം നം. 2722 (സ്ഥാ. 19-3-1123)
2. പെരുമ്പുഴ ഗ്രാമോദ്ധാരണ സഹ. സംഘം നം. 2533 (സ്ഥാ. 1129)
3. കൊറ്റങ്കര സർവ്വീസ് സഹ. ബാങ്ക്. നം. കൃ്യ. 132 (സ്ഥാ. 27-9-1959)
4. പെരുമ്പുഴ സർവ്വീസ് സഹകരണബാങ്ക്. നം. 2368. (സ്ഥാ. 24-6-1119)
5. പുനുക്കന്നൂർ ദേശാഭിവർദ്ധിനി സർവ്വീസ് സഹ. ബാങ്ക് നം. 2745 (സ്ഥാ. 21-4-1123)
6. പേരൂർ സർവ്വീസ് സഹ. സംഘം നം. 1222 (സ്ഥാ. 20-7-1995)
7. കുണ്ടറ പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്ക് നം. കൃ്യ. 401 (സ്ഥാ. 4-8-1098)

ഇതുകൂടാതെ കൊറ്റങ്കര പഞ്ചായത്ത് ഹരിജൻ എസ്.സി.എസ്., കൊറ്റങ്കര ക്ഷീരവ്യവസായ സഹകരണ സംഘം, കുരീപ്പള്ളി ക്ഷീരവ്യവസായ സഹകരണസംഘം എന്നിവയും നല്ലരീതിയിൽ പ്രവർത്തിക്കുന്നു.

കൊറ്റങ്കര ഗ്രാമപഞ്ചായത്ത് സമഗ്രവികസനരേഖയിൽ സഹകരണസംഘങ്ങളെകുറിച്ച് പ്രതിപാദിക്കുന്ന ഭാഗത്ത് താഴെപറയുന്ന നിർദ്ദേശങ്ങൾ കൂടി ചേർത്തുകൊള്ളുന്നു.

1. പഞ്ചായത്ത് മെമ്പറന്മാർ പ്രതിനിധീകരിക്കുന്ന വാർഡുകളിൽ സഹകരണസംഘങ്ങൾ ഉണ്ടെങ്കിൽ ആ മെമ്പർ ടി സംഘത്തിലെ നോമിനേറ്റഡ് ഭരണസമിതി അംഗമായിരിക്കണം.
2. ഒരു കുടുംബത്തിൽ നിന്നും കുറഞ്ഞത് ഒരാളെങ്കിലും സർവ്വീസ് സഹകരണബാങ്കുകളിൽ അംഗമായിരിക്കേണ്ടതും അയാൾ ടി സംഘത്തിൽ സജീവ ഇടപാടുകാരനായിരിക്കേണ്ടതുമാണ്.
3. കൃഷിഭൂമിയുടെ വലിപ്പം കണക്കാക്കാതെ ഏറ്റവും കുറഞ്ഞ കാർഷിക വായ്പാപരിധി 2500 രൂപയായി നിശ്ചയിക്കേണ്ടതാണ്.
4. സെന്റിന് 250 രൂപ ക്രമത്തിൽ വായ്പ വിതരനം ക്രമീകരിക്കേണ്ടതാണ്.
5. നബാഡും മറ്റ് കാർഷിക ഏജൻസികളും കൃഷിക്കാർക്ക് നൽകിവരുന്ന കാർഷികവായ്പകളും പലിശ സബ്സിഡികളും പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടതാണ്.
6. കറവമാടുകൾക്ക് 25% സബ്സിഡിയോടുകൂടി വായ്പ സർവ്വീസ് സഹകരണസംഘങ്ങൾ വഴി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.
7. ഗ്രാമീണ മേഖലയിൽ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിനും, ബാങ്കുകൾക്ക് കൂടുതൽ വിഭവസമാഹരണം ആർജ്ജിക്കുന്നതിനും ഇപ്പോൾ നിലവിലുള്ള ചിട്ടി/കുറികൾ/ നടത്തുന്നതിനുള്ള പരിധി 25000 രൂപയിൽ നിന്നും 1,00,000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്. സർക്കാർ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കണം.
8. എല്ലാ വിളകൾക്കും ഇൻഷ്വറൻസ് പൂർണ്ണമായും നടപ്പിലാക്കേണ്ടതാണ്.
9. പ്രൈമറി സംഘങ്ങൾ സൂക്ഷിക്കുന്ന തരളധനത്തിന് ഏറ്റവും കുറഞ്ഞത് നിക്ഷേപകന് കൊടുക്കപ്പെടേണ്ട പലിശനിരക്ക് എങ്കിലും അപ്പെക്സ് സംഘങ്ങളിൽ നിക്ഷേപിക്കുമ്പോൾ നൽകേണ്ടതാണ്.

10 പഞ്ചായത്തിന്റെ എല്ലാ ധനകാര്യഇടപാടുകളും സർവീസ് സഹകരണബാങ്കുകൾ വഴി നടത്തേണ്ടതാണ്.
11. സ്വർണ്ണപണയത്തിന്റെ ഉറപ്പിന്മേൽ കാർഷിക വായ്പകൾ കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ ബാങ്കുകൾ സ്വീകരിക്കണം.
12. സഹകരണസ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന് പഞ്ചായത്ത് ഭരണസമിതിയും ബാങ്ക് ഭരണസമിതിയും പൂർണ്ണമായി യോജിച്ച് പ്രവർത്തിക്കുകയും പ്രാദേശിക നിക്ഷേപങ്ങൾ അതതു പ്രൈമറി ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുവേണ്ട കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യണം.
13. മാവേലിസ്റ്റോറിന് തുല്യമായി നിത്യോപയോഗസാധനങ്ങളുടെ വിപണനം നിർദ്ദിഷ്ടരൂപത്തിൽ നടപ്പാക്കാൻ ആവശ്യമായ ഭക്ഷ്യസാധനങ്ങളും മറ്റും സിവിൽ സപ്ലൈസ് കോർപറേഷൻ വഴി ലഭ്യമാക്കണം.
14. വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പ നൽകുന്നതിലേക്ക് വനിതാ ക്ഷേമ സഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.
15. കൊറ്റങ്കര ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു പട്ടികജാതി സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിക്കണം.

ടാസ്ക്ഫോഴ്സ്

1. അധ്യക്ഷൻ
   ശ്രീ. എം. ബഷീർ, പഞ്ചായത്ത് മെമ്പർ.
2. കൺവീനർ
   ശ്രീ. എം. മുഹമ്മദ്കുഞ്ഞ്, ഉപാസന, കൊറ്റങ്കര,
3. ജോ. കൺവീനർ
   ശ്രീ. പി. ദിവാകരൻ, ചരുവിള വീട്, കുണ്ടറ പി.ഒ.
4. ശ്രീ. കെ. ചന്ദ്രബാബു, വൈസ് പ്രസിഡന്റ്, കരാകോ ണത്ത് വീട്, പെരുമ്പുഴ പി.ഒ.
5. ശ്രീ. ജി. സുനിൽകുമാർ, വല്ലൂകുന്നിൽ പുത്തൻവീട്,
6. ശ്രീ. ആർ.ശിവശങ്കരപ്പിള്ള, പ്ലാവിള വീട്, പുനുക്കന്നൂർ,
7. ശ്രീ. രാജീവ് ഉണ്ണിത്താൻ, ജയസദനം, പുനുക്കന്നൂർ.
8. ശ്രീ. ജി. പ്രസന്നൻ, പാലോട്ട്വീട്, പെരുമ്പുഴ താഴം.
9. ശ്രീ. എം.എ. താഹ, തെങ്ങുവിളവീട്, ചന്ദനത്തോപ്പ്.

ഗ്രൂപ്പ് - 11
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

1. പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും മേഖലകളിൽ രണ്ട് പൊതുശ്മശാനങ്ങൾ ഉണ്ടാകണം.
2. പഞ്ചായത്തിൽ ഒരു ആംബുലൻസ് വാങ്ങി ആവശ്യക്കാർക്ക് വാടകയ്ക്ക് നൽകണം.

വിദ്യാഭ്യാസം

1. നേഴ്സറി സ്കൂളുകൾ, കോളനി മേഖലകളിൽ ആരംഭിക്കുകയും കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.
2. എസ്.എസ്.എൽ.സി., പി.ഡി.സി. എന്നീ കോഴ്സുകളിൽ തോൽക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് തുടർന്ന് പരീക്ഷ എഴുതാൻ 25% മാർക്ക് ലഭിച്ചിട്ടുള്ളവർക്ക് മാത്രമേ ഇപ്പോൾ സർക്കാർ ആനുകൂല്യം നൽകുന്നുള്ളൂ. അത് തോക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കണം.
3. പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന പഠനോപകരണങ്ങൾ (മേശയും കസേരയും) ഗ്രാമപഞ്ചായത്ത് മുഖേന വിതരണം ചെയ്യണം.
4. നാലാം സ്റ്റാൻഡേർഡ് വരെയുള്ള പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യണം.

തൊഴിൽ

1. പട്ടികജാതി - പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനകേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കണം.
2. ട്രൈസം തുടങ്ങിയ പരിശീലനം പൂർത്തിയാക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിൽ ആരംഭിക്കുന്നതിനുവേണ്ടി പലിശരഹിത വായ്പ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യണം.
3. സഹകരണ മേഖലയിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുകയും ഉല്പന്നങ്ങൾ സഹകരണസ്ഥാപനങ്ങളിൽക്കൂടി വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാകുകയും വേണം.

ഭവനപദ്ധതി

1. നിലവിലുള്ള പട്ടികജാതി സങ്കേതങ്ങളിലെ വീടുകളും പഞ്ചായത്തിലെ മറ്റു ഭാഗങ്ങളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗങ്ങളുടെ വീടുകളും മെയിന്റനൻസ് നടത്തുകയും എല്ലാവർക്കും വൈദ്യുതിയും കക്കൂസും സൗജന്യമായി നൽകുകയും വേണം.
2. പട്ടികവിഭാഗത്തിൽ പെട്ടവർ എടുത്തിട്ടുള്ള ഭവന വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവരുടെ വരുമാനം പരിശോധിച്ച് വായ്പ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കണം.
3. ഭൂരഹിത കർഷകതൊഴിലാളികൾക്ക് പാർപ്പിടസൗകര്യത്തിനായി നാല്സെന്റ് ഭൂമി വീതം സൗജന്യമായി നൽകുന്ന പദ്ധതിയിൽ ആയത് പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് 5 സെന്റായി വർദ്ധിപ്പിക്കണം.
4. വികസനരേഖയിലെ നിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ള ഭൂരഹിത ഭവനപദ്ധതിയുടെ ധനസഹായ അർഹതയ്ക്കുള്ള വാർഷികവരുമാനം 8,000 രൂപയുള്ളവർക്ക് അത് 10,000 രൂപയായി വർദ്ധിപ്പിക്കണമെന്നുള്ളത് 11,000 രൂപയാക്കണമെന്ന് നിർദ്ദേശിക്കുന്നു.
5. ഭൂരഹിതർക്ക് ഭൂമി നൽകുമ്പോൾ എല്ലാവിഭാഗം ആളുകൾക്കും ഇടകലർത്തി നൽകണം.

സംസ്കാരം

1. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട കുട്ടികളെ കലാകായിക രംഗത്ത് പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
2. കോളനി പ്രദേശങ്ങളിൽ ഇവരുടെ ഉന്നമനത്തിനുവേണ്ടി സാംസ്കാരിക നിലയങ്ങളും ലൈബ്രറികളും സ്ഥാപിക്കുക.

ആനുകൂല്യങ്ങൾ, ധനസഹായങ്ങൾ

1. മിശ്രവിവാഹധനസഹായവും, സാധുക്കളായ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായവും 10,000 രൂപയായി വർദ്ധിപ്പിക്കുക.
3. മാരകരോഗങ്ങൾ പിടിപെട്ട പട്ടികജാതി-വർഗ്ഗ വിഭാഗത്തിലെ കർഷകത്തൊഴിലാളികളുടെ പെൻഷൻ പ്രായം 50 വയസ്സ് ആക്കുക.
4. പട്ടികജാതി – വർഗ്ഗ വിഭാഗത്തിൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾ കൃത്യമായും കാലവിളമ്പരം കൂടാതെയും ഈ വിഭാഗങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി – വർഗ്ഗ വികസന സെൽ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.

ടാസ്ക്ഫോഴ്സ്

1. അധ്യക്ഷ
   ശ്രീമതി. എൻ. പൊന്നമ്മ, പഞ്ചായത്ത് മെമ്പർ
2. കൺവീനേഴ്സ്
   ശ്രീ. ബി. സുജീന്ദ്രൻ, ഡി.ആർ.പി., ചെമ്പകശ്ശേരിൽ വീട്, പെരുമ്പുഴ പി.ഒ.
3. ശ്രീ. വേണുഗോപാലൻപിള്ള, മുഖത്തല ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ (പട്ടികജാതി വികസനം)
4. ജോ. കൺവീനർ
   ശ്രീ. ജി. സഹദേവൻ, അശ്വതി, മേലൂട്ട്കാവിനു കിഴക്ക്, പേരൂർ,
5. ശ്രീ. പെരുമ്പുഴ പ്രഭാകരൻപിള്ള, വൈസ് പ്രസിഡന്റ്, പണയിൽ വീട്, പെരുമ്പുഴ.
6. ശ്രീ. കെ. മണി, സെറ്റിൽമെന്റ് കോളനി ബി. നമ്പർ 141, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
7. ശ്രീ. പി. രാജേഷ്, പുത്തൻപുരയിൽ വീട്, കോവിൽ മുക്ക്, പെരുമ്പുഴ പി.ഒ.
8. ശ്രീ. ജി. അശോകൻ, തൊടിയിൽ വീട്, പേരൂർ, കൊല്ലം
9. ശ്രീ. എൻ. സുന്ദരേശൻ, പനവിളവീട്, പെരുമ്പുഴ പി.ഒ.
10. ശ്രീ. കെ. ശശിധരൻ, പറങ്കിമാംവിള വീട്, പുനുക്കന്നൂർ,
11. ശ്രീ. കെ.ആർ. നാരായണൻ, പുത്തൻവിളവീട്, മാമ്പുഴ, ആലുംമൂട്
12. ശ്രീ. കെ.പി. ഗോപാലൻ, ശാന്താഭവൻ, പുനുക്കന്നൂർ, പെരുമ്പുഴ
13. ശ്രീ. എസ്. സോമൻ, ചമ്പക്കോട്ടുവിള കിഴക്കതിൽ, പെരുമ്പുഴ.

ഗ്രൂപ്പ് – 12
വിഭവ സമാഹരണം

1. വികസനഅതോറിറ്റി മുഖാന്തിരം അപേക്ഷ സമർപ്പിച്ച് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പൂർത്തീകരിക്കുന്ന കെട്ടിടങ്ങൾക്ക് അവ പൂർത്തീകരിക്കുമ്പോൾ പഞ്ചായത്തിൽ നിന്നും ഇപ്പോൾ കെട്ടിടകരം ഈടാക്കുന്നതോതിൽ തന്നെ പഴയ വലിയ കെട്ടിടങ്ങൾക്കും തതനുസരണമായ വർദ്ധനവു വരുത്തി കരം ഈടാക്കുക.
2. പഞ്ചായത്ത് അതിർത്തിയിലുള്ള ആഡിറ്റോറിയത്തിൽ നിന്നും അവർക്കുകിട്ടുന്ന വരവിന്റെ ഒരു നിശ്ചിതശതമാനം പഞ്ചായത്ത് സെസ് ആയി ഈടാക്കുക.
3. കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ലൈസൻസിനുവേണ്ടി വികസനഅതോറിറ്റിമുഖാന്തിരം അപേക്ഷകൾ സമർപ്പിക്കുന്ന രീതി ഒഴിവാക്കി പഞ്ചായത്ത് ആഫീസിൽ തന്നെ അപേക്ഷകൾ സ്വീകരിക്കുകയും ഫീസുകൾ ഈടാക്കുകയും ചെയ്യുക.
4. പഞ്ചായത്ത് അതൃത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസും തൊഴിൽ നികുതിയും വസൂലാക്കുക.
5. ഈ പഞ്ചായത്ത് അതൃത്തിയിലുള്ള തിയേറ്ററുകളിൽ നിന്നും ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന വരുമാന ചോർച്ച തടയാനുള്ള നടപടികൾ സ്വീകരിച്ച് വരുമാനം വർദ്ധിപ്പിക്കുക.
6. ആശുപത്രിമുക്ക്, മുക്കട ജംഗ്ഷൻ, ആറുമുറിക്കട, കേരളപുരം, കരിക്കോട്, കുറ്റിച്ചിറ, പെരുമ്പുഴ തുടങ്ങിയ എല്ലാ ടാക്സി ആട്ടോ സ്റ്റാന്റുകളിലും പാർക്കുചെയ്യുന്ന വാഹനങ്ങൾക്ക് ടാക്സിസ്റ്റാന്റ് കരം ഈടാക്കുക.
7. പഞ്ചായത്തുവഴി നടത്തുന്ന എല്ലാ പദ്ധതികൾക്കും ആവശ്യമായ സാമ്പത്തികം സാധ്യമായിടത്തോളം പദ്ധതി ഉപഭോക്താക്കളിൽ നിന്നും സംഭാവനയായി സംഭരിക്കേണ്ടതാണ്.
8. ഈ പഞ്ചായത്തിലെ പുതിയ വീടുകൾക്ക് റവന്യൂഡിപ്പാർട്ട്മെന്റ് ഈടാക്കിവരുന്ന അസെസ്മെന്റ് ടാക്സിൽ ഒരുവിഹിതം പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കുകയും ചെയ്യുക.
9. വിദ്യാഭ്യാസ പരിഷ്കരണത്തിനുവേണ്ടി എൽ.പി. സ്ക്കൂളുകൾ കേന്ദ്രീകരിച്ച് പി.റ്റി.എ. യുമായി ചേർന്നുകൊണ്ട് അതാതു പ്രദേശത്തെ വിദ്യാസമ്പന്നരുടെ ലിസ്റ്റ് എടുത്ത് അവരെ അധ്യാപന സമയം കഴിഞ്ഞ്, തരംതിരിച്ച് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പ്രവർത്തിക്കുക.
10. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടനിർമ്മാണ ലൈസൻസിന് ഇന്ന് പഞ്ചായത്തിൽ ഈടാക്കിവരുന്ന ഫീസ് കാലോചിതമായി പരിഷ്കരിക്കണം.

ടാസ്ക്ഫോഴ്സ്

1. അധ്യക്ഷൻ
   ശ്രീ. തോമസ് ഇടിക്കുള, പഞ്ചായത്ത് മെമ്പർ.
2. കൺവീനർ
   ശ്രീ. കെ. സുരേന്ദ്രൻ, മാട്ടേൽ വീട്, റെയിൽവേസ്റ്റേഷന് സമീപം, കുണ്ടറ പി.ഒ.
3. ജോ. കൺവീനർ
   ശ്രീ. ആർ. അപ്പുക്കുട്ടൻ ഉണ്ണിത്താൻ, വടവൂർ വീട്, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ.
4. ശ്രീ. എം. ബാലകൃഷ്ണപിള്ള, വൈസ് പ്രസിഡന്റ്, വിനയ ഭവനം, മുണ്ടയ്ക്കൽ, പുനുക്കന്നൂർ, പെരുമ്പുഴ.
5. ശ്രീ. പി. വിക്രമൻ നായർ, ഗിരീഷ് ഭവനം, മാമൂട്, ചന്ദനത്തോപ്പ്
6. ശ്രീ. പി. രമേചന്ദ്രൻനായർ, വട്ടവിള പുത്തൻവീട്, പേരൂർ, കൊല്ലം – 5 (സാരഥിമുക്ക്).
7. ശ്രീ. ജെ. യോഹന്നാൻ, പുത്തൻവിളവീട്, പുനുക്ക ന്നൂർ, പെരുമ്പുഴ പി.ഒ.
8. ശ്രീ. പി. തമ്പി, വടക്കേവിള വീട്, പേരൂർ, മേക്കോൺ, കൊല്ലം.
9. ശ്രീ. കെ. അയ്യപ്പൻപിള്ള, കിഴക്കേക്കര പിള്ളവീട്, പുനുക്കന്നൂർ, മുണ്ടയ്ക്കൽ, പെരുമ്പുഴ പി.ഒ.

4212